2601



# ണ്ടു
# തണ്ടികൾ

മാന്തൂർ. എൻ. കേശവൻ

J

287
16/7/09

no

2601

782

# രണ്ടു തെണ്ടികൾ

എം. എസ്. ബുക്കുഡിപ്പോ, കൊല്ലം

# RANDU THENDIKAL

(NOVEL)

By

KILIMANOOR N. KESAVAN

First Impression May 1963

Copies 1000

RIGHTS RESERVED BY

K. V. MRUDULA DEVI

DISTRIBUTERS

M. S. BOOK DEPOT

QUILON.

Pries Rs. 2-25

# രണ്ടു തെണ്ടികൾ

N|782

കിളിമാനൂർ എൻ. കേശവൻ

വില 2-25

## കിളിമാനൂർ കേശവന്റെ കൃതികൾ

വാസന്തികം (കവിത)

ജയക്കൊടി ,,

ശ്രീനാരായണൻ (ബാലസാഹിത്യം)

കണ്ണീരിന്റെ കഥകൾ (കഥകൾ)

രണ്ടു തെണ്ടികൾ (നോവൽ)

ആശാന്റെ കാവ്യപ്രപഞ്ചം (ലേഖനങ്ങൾ)

# രണ്ടു തെണ്ടികൾ

## അനാഥക്കുട്ടികൾ

സുന്ദരമായ ഒരു ഗാനം അന്തരീക്ഷത്തിൽ അലകളിളക്കി വിലയം പ്രാപിച്ചുകൊണ്ടിരുന്നു. നഗരത്തിൽ നിന്നും അധികം അകലത്തല്ലാത്ത ഊടുപാതയുടെ അരികിലുള്ള ചെറുഭവനത്തിൽ നിന്നാണു് ആ ആലാപത്തിന്റെ ചിറേറാളങ്ങളിളകുന്നതു്.

നിശയുടെ രണ്ടാംയാമം പകുതികഴിഞ്ഞതേയുള്ളു. തെരുവുവിളക്കുകൾ അണഞ്ഞുകഴിഞ്ഞു. മിക്കവീടുകളിലും ആളനക്കമില്ലാതായി. തെരുവീഥികളും നിശബ്ദമായി. മഞ്ഞണിഞ്ഞ പൂമൊട്ടുകൾ സഞ്ചലിച്ചു് പുഞ്ചിരിക്കുമ്പോൾ പുറപ്പെടുന്ന സൗരഭ്യവും കുളർതെന്നലും സമ്മേളിച്ചു ചില മർമ്മരങ്ങൾ മാത്രം ഉളവാകുന്നു. ആ മർമ്മരങ്ങളെ കൂടുതൽ ഇക്കിളിപിടിപ്പിക്കാനെന്നവണ്ണം പൂർവ്വാപരബന്ധമില്ലാത്ത ഗാനശകലങ്ങൾ സുഖകരമായി കേൾക്കാനുണ്ടു്. ശാന്തവും ഏകാന്തവുമായ ദിക്കിൽ പൂങ്കുയിലിനെ പോലെ പാടുന്നതു് ആരാണു് എന്നാരും ശ്രദ്ധിക്കാറില്ല. നട്ടപ്പാതിരാവരെ ആ പാട്ടു് അങ്ങിനെ അന്തരീക്ഷത്തെ കോൾമയിർ കൊള്ളിക്കാറുണ്ടു്. എന്നും നേരിയനാദത്തിലുള്ള ആ ഗാനം കേൾക്കാം. പരിസരനിവാസികളിൽ പലരും കേട്ടിട്ടുണ്ടു്. ആ നാദബ്രഹ്മത്തിൽ മനസ്സലിഞ്ഞു് സുഖ

സുഷുപ്തിയിൽ ലയിക്കാൻ ചിലർക്കെങ്കിലും ഭാഗ്യം സിദ്ധിക്കുന്നു. വളരെ സന്തോഷത്തോടുകൂടി, ആ ഗാന സരിത്തിൻെറ നൃത്തം വെയ്ക്കലിൽ കാത്തിരിക്കുന്നവരും കണ്ടേക്കാം. ഇന്നും ഇന്നലെയും ആരംഭിച്ചതല്ല ആ പാട്ട്. കുറെഏറെനാളായി ആഗാനത്തിൻെറ നീരുറവ പൊട്ടി ഒഴുകുവാൻ തുടങ്ങിയിട്ട്. സംഗീതശാസ്ത്രത്തി ൻെറ നൂലാമാലകളൊന്നും ആ പാട്ടിലില്ലെന്നുവരി കിലും അതു് കാതിനും കരളിനും ഇമ്പം നൽകുന്ന താണു്. പാട്ടിനെപ്പററിവളരെ മതിപ്പാണു് കേട്ടി ട്ടുള്ളവർക്കെല്ലാം. പക്ഷെ, ആ പാട്ടുകാരിയെക്കുറിച്ചു്, വെറുപ്പും. ലോകത്തിൻെറ ഒരു വൈരുദ്ധ്യമാണിതു്. കുയിലിൻെറ നാദം ആനന്ദപ്രദവും രൂപംഅനാകർഷ കവുമാണല്ലോ.

ഒരു ഭ്രാന്തിയാണു് പാടുന്നതു്. അവൾക്കുഭ്രാന്തി ല്ലെങ്കിലും ലോകം അവളെ ഭ്രാന്തിയായി ചിത്രീകരിച്ചു കഴിഞ്ഞു. പകൽ വേളയിൽ ആ തെരുവിൻെറ എല്ലാ ഭാഗത്തും അവളെ കണ്ടെത്താം. എന്തെല്ലാമോ പുലമ്പി ക്കൊണ്ടു് ആരേയും കൂട്ടാക്കാതെ വ്യഗ്രതയോടെ നടന്നു പോകുന്നതു കാണാം. അംഗഭംഗിക്കുറവൊന്നുമില്ല. പക്ഷെ അവളുടെ വികൃതമായ വേഷവും ആരെയും ചൊടിപ്പിക്കുന്ന വർത്തമാനവും അവളെ ഒററയാക്കിക്ക ഴിഞ്ഞിരുന്നു.

ഒരു മുപ്പത്തഞ്ചുകാരിയാണവൾ എങ്കിലും കാഴ്ച യിൽ അത്രമതിക്കുകയില്ല. വെളുത്തുപൂർണ്ണിച്ചശരീരം. ചുവന്നു വീർത്തകവിളിണകൾ. ചുരുണ്ടുനീണ്ടതലമുടി. വലിയരണ്ടുകണ്ണുകൾ; എഴുന്നമൂക്കു്; ഒതുങ്ങിയ അര ക്കെട്ടു്, എങ്കിലും സാമാന്യം പൊങ്ങിയ മാർവ്വിടം.

അവളെരു ക്ലിയോപാട്ര അല്ലെന്നിരിക്കിലും സാമാന്യം സൗന്ദര്യമുണ്ടു്. കുലീനത്വമുള്ള നടത്തയും, മുഖഭാവവു മുണ്ടു്. പക്ഷെ അതെല്ലാം കഴിയുന്നതും മറയ്ക്കാനുള്ള ചിലകുസൃതിത്തരങ്ങൾ പ്രകടിപ്പിക്ക പതിവാണു്. അവൾക്കൊരു പ്രത്യേകതയുണ്ടു്. നെററിയിൽ എപ്പോൾനോക്കിയാലും സിന്ദൂരപ്പൊട്ടുണ്ടായിരിക്കും.

കീറിപ്പറിഞ്ഞ സാരി അലക്ഷ്യമായി ചുററി ക്കൊണ്ടു് ചിലദിവസം നടക്കുന്നതുകാണാം. ചിലപ്പോ ഴാകട്ടെ മുഷിഞ്ഞ മുണ്ടും ബ്ളൗസിന്മീതെ ഉത്തരീ യവുംധരിച്ചിരിക്കും. ആംഗ്ലോ-ഇൻഡ്യൻ നാരിമാരെ പ്പോലുള്ള വേഷമായിരിക്കും ചില ദിവസങ്ങളിൽ.

ആരോടെന്നില്ലാതെ സ്വയം വർത്തമാനം പറഞ്ഞു് കാഥികന്മാരെപ്പോലെ ഇടയ്ക്കിടക്കു് പാട്ടുപാടി വീഥി തോറും അലഞ്ഞുതിരിയുന്നതിലാണു് അവൾക്കു് ഒരു രസം. യാചന വളരെ ചുരുക്കമാണു്. യദൃച്ഛിക മായി വല്ലതും ആവശ്യപ്പെട്ടുന്നെങ്കിൽ അതു് സ്ത്രീകളോ ടായിരിക്കും. പുരുഷന്മാരെ നേരേനോക്കുകയില്ല. പക്ഷേ അപ്രസ്തുതമായി അവരെ കളിയാക്കുന്നതിൽ അതീവതല്പരയാണു്. തന്നിമിത്തം അന്നാട്ടിലെ പുരുഷ ന്മാരാരും അവളെ തലപൊക്കിക്കണ്മിഴിച്ചു നോക്കാൻ ധൈര്യപ്പെടുകയില്ല. അബദ്ധത്തിൽ ഒന്നു കണ്ണോടിച്ചു പോയാൽ കരൾ വിള്ളുന്ന കൊള്ളിവാക്കുകൾ കൊണ്ടു് അഭിഷേകം ചെയ്യും. അയാളെ സ്ഫടം വെളുത്തേട്ട ത്തവണ്ണം നീററിച്ചുവപ്പിച്ചുകളയും.

സാമാന്യം ഭേദപ്പെട്ടനിലയിൽ ദാമ്പത്യജീവിതം നയിച്ച ഒരു യുവതിയാണവൾ. രണ്ടു സന്താനങ്ങൾക്കു ജന്മമരുളിയശേഷം ഭർത്താവു് മസൂരിരോഗംപിടിപെട്ടു്

മൃതനായി. ജീവിതവൃത്തിക്കുവേണ്ട സമ്പാദ്യമൊന്നും അയാൾ കരുതിയിരുന്നില്ല. പക്ഷെ അയാൾ മരിക്കുന്നതുവരെ ആ കൊച്ചു കുടുംബം സുഖവും സംതൃപ്തിയുമറിഞ്ഞിരുന്നു. അന്നെല്ലാം അവൾ ഒരു ഗൃഹലക്ഷ്മിയായി വിളയാടി. ദാമ്പത്യവല്ലരിയിൽ മുളച്ച രണ്ടു് ഓമനമൊട്ടുകളെ ദുർവിധിയാകുന്ന ഖരാംശുക്കളേല്പാൻ നിറുത്തിയിട്ടു് ഭർത്താവു് മൺമറഞ്ഞതോടെ ആ യുവതി നിരാശ്രയുടെ നീക്കയത്തിലേക്കു നിപതിച്ചു. പൈദാഹാർത്തിയോളം വലുതായി ലോകത്തൊന്നുമില്ലല്ലോ. ഗതികെട്ടാൽ പുലി പുല്ലുംതിന്നും. ഇതൊരു നിതാന്ത സത്യമാണു്.

അടുത്തുള്ള ഒരു മരാമത്തു കൺട്രാക്ടറുടെ വീട്ടിൽ അടുക്കളജോലിചെയ്തു് പൈതങ്ങളെ പോററിവന്നു. കിഴക്കു വെള്ളകീറുമ്പോൾതന്നെ എഴുന്നേററു്, ഐശ്വര്യം നൃത്തംവെച്ചിരുന്ന ആ കൊച്ചുവീടും അങ്കണവും അടിച്ചുവാരും. തലേന്നാളത്തെ ഭക്ഷണത്തിൽ ബാക്കി അല്പം നിക്ഷേപിച്ചിട്ടുള്ളതു് കുട്ടികൾക്കു് വിളമ്പിക്കൊടുക്കും. ഇളയ ബാലനെ മൂത്തപെൺകുട്ടിയെ ഭാരമേല്പിച്ചിട്ടു് കൺട്രാക്ടറുടെവീട്ടിലേയ്ക്കുപോകും. നടക്കുകയല്ല ഓടുകയായിരിക്കും. അവിടെ വീട്ടുണരും മുൻപു് ചെന്നെത്തണം. മുററംതൂക്കണം, പാത്രങ്ങൾ തേയ്ക്കണം. കുട്ടികൾക്കും കുടുംബനാഥനും കുളിക്കുവാൻ വെള്ളം കോരണം; ഇതിനിടയിൽ പ്രാതലിനു വേണ്ടതൊക്കെ ഒരുക്കണം. അങ്ങിനെ നൂറുനൂറു ജോലികൾ. അന്തിമയങ്ങുമ്പോൾ കിട്ടുന്ന പ്രതിഫലമോ? കഷ്ടിച്ചു് നാഴി അരി. രാത്രിയിലേയ്ക്കു്, തനിക്കായി നൽകിയ ഭക്ഷണം, ഒരു പാത്രത്തിലാക്കി വീട്ടിൽ കൊണ്ടുചെന്നു് കുഞ്ഞുങ്ങൾക്കു കൊടുക്കും. പാറിപ്പറ

ക്കുന്ന പക്ഷികൾ ചേക്കേറുമ്പോൾ, കൊക്കിൽ കുറെ തീററികൊണ്ടുപോയി വിശന്നുവലഞ്ഞിരിക്കുന്ന ചിറകു നോററാത്ത കിളിക്കുഞ്ഞുങ്ങൾക്കു് കൊടുക്കുംപോലെ. ഗൃഹനായികയുടെ പങ്കായി ഭാരിച്ച ഒരു ഭാണ്ഡക്കെട്ടു് നിത്യവുംകൊടുക്കാറുണ്ടു്. ആട്ടും ശകാരങ്ങളും; ഇങ്ങനെ വിശപ്പും വേദനയും നിറഞ്ഞാണു് ആ വേലക്കാരി സ്വന്തം കുട്ടികളെ സമീപിക്കുന്നതു്. ആർത്തിയോടു കൂടി കുഞ്ഞുങ്ങൾ ആഹാരം കഴിക്കുന്നതു് കണ്ണീരൊഴുക്കിക്കൊണ്ടാണു് അവൾനോക്കിയിരിക്കാറുള്ളതു്. ചിലപ്പോൾ മൂത്തപെൺകുഞ്ഞു ചോദിക്കാറുണ്ടു്. "അമ്മ എന്തിനാ കരയുന്നേ?" അതുകേൾക്കുന്നമാത്രയിൽതന്നെ മുണ്ടിൻെറ തുമ്പുംകൊണ്ടു കണ്ണീരൊപ്പിയശേഷം വെളുക്കെ ചിരിക്കും. പ്രേതത്തിൻെറ ചിരിപോലെ. ലോകത്തിലെ കാപട്യങ്ങളിൽ അജ്ഞാതരായ പൈതങ്ങളുണ്ടോ ചിരിയുടെ മറുപുറം മനസ്സിലാക്കുന്നു.

ചിമ്മിനിവിളക്കും കൊളുത്തിവെച്ചു്, വളരെ വേഗം ആഹാരം പാകംചെയ്തു് മൂവരുംചേർന്നിരുന്നു് ഭക്ഷിക്കും. കുട്ടികളെ ഉറക്കപ്പായിൽ കിടത്തിയശേഷം താനും ശയിക്കും. പരിപുഷ്കലമായിരുന്ന ഭാഗ്യത്തിൻെറ ആ പൊയ്പ്പോയ നാളുകളോർത്താണു് അവൾ മയങ്ങുന്നതു്. നാളുകൾ ആരുടേയും ശൊൽപടിക്കുനില്ക്കാറില്ലല്ലോ. ഓണവുംഉത്സവങ്ങളുംവരുമ്പോൾ നാടൊട്ടുക്കു ആഹ്ലാദത്തിൻെറ വേലിയേററമായി. അയൽപക്കത്തുള്ള ബാലികാബാലന്മാർ പുത്തൻവേഷവിധാനങ്ങളോടുകൂടി ഓടിച്ചാടിത്തിമിർക്കുമ്പോൾതൻെറ മക്കളും അങ്ങനെ ആയാൽ കൊള്ളാമെന്നു് ഏതൊരു തള്ളയ്ക്കും കൊതിയുണ്ടാകാമല്ലോ. അതു് ലോകസ്വഭാവവുമാണു്. കൺട്രാക്ടരെ സമീപിച്ചു വേണ്ടുന്നപണം ഓണം

ഘോഷിക്കാനും ഉത്സവങ്ങൾ കൊണ്ടാടാനും അവരം വാങ്ങാറുണ്ടായിരുന്നു. വീട്ടുവേല ചെയ്യുന്നതി നുള്ള കൂലിയായിരിക്കാമെന്നാണ് അവരം കരുതിയതു്. നാലഞ്ചുകൊല്ലം ഇങ്ങനെ കഴിഞ്ഞപ്പോൾ കിടപ്പാടം തീറെഴുതി കൊടുക്കേണ്ടതായി വന്നുകൂടി. പക്ഷെ ആ നല്ലമനുഷ്യൻ ആ കുട്ടികളേയും തള്ളയേയും അവിടെ നിന്നും വഴിയാധാരമാക്കിവിട്ടില്ല. അഹോ! എന്തൊരു ഔദാര്യം. അവൾക്കതിൽ അളവററ നന്ദിയുണ്ടുതാനും.

മുററത്തുനിന്ന തൈമാവു് കായ്ക്കാൻതുടങ്ങി. പച്ച ക്കിളിയുടെ ചുണ്ടുപോലെ ചുവന്ന മാങ്കനികൾ തൂങ്ങു മ്പോൾ ആ കുട്ടികൾ എന്തുമാത്രം ആനന്ദിക്കാറുണ്ടു്. പകൽ മുഴവനും അവളുടെ ആ രണ്ടുകുട്ടികളും അതിൻെറ ചുററും ഓടിക്കളിച്ചു പുളയ്ക്കാറുണ്ടു്. ഇപ്പോൾ അവർ അയൽവീടുകളിലും പോയി സമപ്രായക്കാരോടുചേൎന്നു ക ളിയ്ക്കാറുണ്ടു്. വിദേശീയനായ ഒരു യുവാവും അവളുടെ സുന്ദരിയായ ഭാര്യയും, ഒരു കുട്ടിയുമാണു് തൊട്ടടുത്ത ഭവനത്തിൽ. അതൊരു വിടുതിവീടാണു്. അവരുടെ കുഞ്ഞിനെ താരാട്ടുപാടി ഉറക്കുന്നതും, ഉണൎന്നിരിക്കു മ്പോൾ കളിപ്പിക്കുന്നതും ഈ കുട്ടികളാകുന്നു. അതി ലേക്കു അവൎക്കു വിശപ്പടങ്ങുവാൻ വല്ലതും കൊടുക്കു കയുംചെയ്യും. കൺട്രാക്ററർ ഒരു റേഷൻവ്യാപാരി യുംകൂടിയാണു്. കടയുംപൂട്ടി വീട്ടിലേക്കുപോകുമ്പോൾ ഇടയ്ക്കൊന്നുവിശ്രമിക്കാറുണ്ടു്, അടുക്കളജോലിക്കാരിയു ടെവീട്ടിൽ. വീടും പറമ്പും ഇപ്പോൾ അയാളുടേതാ ണല്ലോ. ഉടമാവകാശം സ്ഥാപിക്കയ്യുംവേണം. പണം കൊണ്ടുവീൎത്ത തോൽസഞ്ചി കക്ഷത്തിലിടുക്കി, വലത്തു കയ്യിലെ ടാർച്ചുലൈററുംമിന്നിച്ചു് ഇടവഴിയേ നടന്നു പോകാറുള്ള കൺട്രാക്ടർ ഒരു ദിവസം ആ വീടിൻെറ

ഉമ്മറത്തുകയറി, അല്പനേരം അവിടെ നിന്നു. കാൽ പെരുമാററം കേട്ട് ആ വിധവ വാതിൽ തുറന്ന് ചിമ്മിനിവിളക്കുമായി പുറത്തുവന്നു. ഇരുട്ടകീറുന്ന വെള്ളിനക്ഷത്രംപോലെ ആഗതനെ അവൾ തിരിച്ചറിഞ്ഞു. ആദരവോടെ ഒരു കീറപ്പായ് എടുത്ത് അദ്ദേഹത്തിന് ഇരിക്കാൻ വിരിച്ചുകൊടുത്തു. വിളക്കു കതകിൻെറ പടിമേൽവെച്ചു കതകിൻെറമറവിൽ പകുതി ശരീരം മറച്ചുകൊണ്ടു അങ്ങനെ നില്പായായി പല കാര്യങ്ങളും സംസാരിച്ചുകൊണ്ടു അയാൾ കുറേനേരമിരുന്നശേഷം സ്വന്തം ഗൃഹത്തിലേയ്ക്കുപോയി. പിറേറന്നുമുതൽ കൺടാക്ടർ മുടങ്ങാതെ അവിടെ ചെന്നുകൊണ്ടിരുന്നു.

ഇടവപ്പാതി കാലം. വിണ്ടലം വീണ്ടും കാറുകൊണ്ടിരുണ്ടു, കാററുവീശി. നക്ഷത്രങ്ങൾ ഓരോന്നായി മറഞ്ഞു. ആഭരണങ്ങൾഒന്നൊന്നായിഅഴിച്ചുവെച്ച മോഹിനിയെപ്പോലായി നിശ. മഴയ്ക്കു ഒരു അറുതിയുമുണ്ടായില്ല. ഭയാനകമായ ഇടിമുഴക്കവും മിന്നലും. ആറും തോടും മാത്രമല്ല, റോഡും പറമ്പുമെല്ലാം ജലപ്രളയമായി. ആളുകളാരും അത്യാവശ്യകാര്യങ്ങൾക്കല്ലാതെ പുറത്തിറങ്ങിയില്ല. തെരുവുവിളക്കുകൾ പ്രകാശിച്ചില്ല വൈദ്യുതയന്ത്രങ്ങൾക്കു തകരാറുപററിയതാവാം. അന്നു നേരത്തേതന്നെ റേഷൻകടയുംപൂട്ടി കൺടാക്ടർ വീട്ടിലേക്കു പോയി. ശീതക്കാററും പെരുമാരിയും. അയാൾഅന്നും അവളുടെ വീട്ടിലെത്തി. അവൾ പതിവിൻപടി വിളക്കുകൊളുത്തി. കാററണച്ചു. വീണ്ടും കത്തിച്ചു കാററണച്ചു ഫലമില്ല. ഒടുവിൽ അയാൾ വീട്ടിനുള്ളിൽ ഇരുപ്പുറപ്പിച്ചു. വിളക്കു കത്തുന്നുണ്ട്. കതകടച്ചു. ധാരമുറിയാത്ത പെരുമാരി. കൂരിരുട്ടും അന്തികാറിനം. ശീത

ക്കാററിൻെറകാര്യം പറയാനുമില്ല. പക്ഷെ മുറിക്കകെത്തു് അയാൾ നിർബാധം ഇരിക്കുകയാണു്. അവൾ വല്ലാതെ വിഷമിച്ചു. പരിസരം തണുത്തുറഞ്ഞ ഒരു ക്രൂരിരുൾപിണ്ഡമായിമാറി. കുട്ടികൾ രണ്ടും സുഖമായ ഉറക്കം. തഴപ്പായുടെ അരികിലായി ആ മാതാവു് ഇരിക്കുന്നു. അവൾക്കായി വിരിച്ച പായ് അപ്പോഴും ചുളി വീഴാതെ കിടക്കുകയാണു്. സമയം കുറെ ഏറെയായിട്ടും മഴമാറിയില്ല; മാനം വെളുത്തില്ല. അയാൾ പോകാനുള്ള ഭാവവുമില്ല. അവളുടെ കൺപോളകളിൽ ഉറക്കത്തിൻെറ ഘനം തൂങ്ങിനിൽക്കുന്നുണ്ടായിരുന്നു. അവൾ കൂടെക്കൂടെ കോട്ടുവായിട്ടു. ഇതൊന്നും കണ്ടിട്ടും അയാൾക്കൊരു കൂസലുമില്ല. സ്വാർത്ഥമതികളായ കാമുകന്മാക്കു് വിവേകം ഉദിക്കാറില്ലല്ലോ. അയാൾ കതകുതുറന്നു പുറത്തേക്കൊന്നുനോക്കി. ചുററിയടിച്ച ഒരു ഊററൻകാററു് വിളക്കു് ഊതിയണച്ചു. അടുത്തനിമിഷം കതകു ശക്തിയായി അടഞ്ഞു. സാക്ഷ ഒരു പൊട്ടിച്ചിരിയോടെ വിലങ്ങനെ നീങ്ങി.

പതിവുപോലെ നേരം വെളുത്തു. പക്ഷെ പുലരിയും പകലോനും മ്ലാനവദനരായിട്ടാണു് ഉദയാചലോപരി ഉയന്നതു്. കിളികൾ പറന്നില്ല എങ്കിലും കൂട്ടിലിരുന്നുകൊണ്ടുതന്നെ അവ പുലമ്പിക്കൊണ്ടിരുന്നു.

പാവപ്പെട്ട അവൾ ഒരു നീണ്ട കദളിഇല മുറിച്ചെടുത്തു മഴനനയാതെ പിടിച്ചുകൊണ്ടു് പതിവുപോലെ ജോലിക്കുപോയി. അവളുടെ മിഴികൾ ചാമ്പിമയങ്ങിയിരുന്നു. കവിളുകൾ വിളർത്തുപോയി. മുഖം പ്രസന്നമാണെന്നിരുന്നാലും മനസ്സു വേദനാ നിർഭരമായിരുന്നു. ജോലിത്തിരക്കുകൾക്കിടയിലും ചിന്താരുന്തുദയായി കുററീവാഴപോലെ നിൽക്കുകയാണു്.

പതിവുപോലെ സൂര്യൻ ഉദിക്കുകയും അസ്തമിക്കയുംചെയ്തു. മാസങ്ങൾ പലതുപോയി. അവളിൽ ഗർഭചിഹ്നങ്ങൾ കണ്ടുതുടങ്ങി. ഗൃഹസ്ഥയുടെ ഗൃദ്ധ്രദൃഷ്ടികൾ അതും കണ്ടുപിടിച്ചു. അവൾ നിഷ്കാസിതയായി. പട്ടിണികിടന്നും കൂലിവേലചെയ്തും നാളുകൾ തള്ളിനീക്കി. അവൾ മൂന്നാമതൊരു ആൺകുഞ്ഞിനെ പ്രസവിച്ചു. കനകക്കട്ടപോലുള്ള ഒരു ശിശു. അപ്പനില്ലാത്ത കുഞ്ഞു്!

അവൾ തെരുവിലിറങ്ങി തെണ്ടാൻതുടങ്ങി. അന്തിയാകുമ്പോൾ കിട്ടിയതു കാച്ചി കുട്ടികളും താനുമായി കഴിച്ചു് ആ പഴയ വീട്ടിൽതന്നെ കിടന്നുറങ്ങും. ജീവിതവൈഷമ്യം അവളെ ഭ്രാന്തുപിടിപ്പിച്ചു. അവൾക്കൊന്നിനോടും ഒരു മമതയില്ല. വിശ്വാസവുമില്ല തന്നെ പിഴപ്പിച്ചു വഴിയാധാരമാക്കിയ വ്യവസായിയുടെ പീടികയുടെ അരികിൽ ചെന്നുനില്ക്കും. ആവേശത്തോടും വൈരാഗ്യത്തോടുംകൂടി എന്തൊക്കെയോ വിളിച്ചുപറയും. അയാൾ അന്നത്തെ അഷ്ടിക്കു് എന്തെങ്കിലും കൊടുത്തയയ്ക്കും. രാത്രിയാകുമ്പോൾ കുഞ്ഞുങ്ങളുമൊത്തു് പിടക്കോഴിയെപ്പോലെ വീട്ടിലൊതുങ്ങിക്കൂടും. പാട്ടാണു് അവൾക്കിഷ്ടം. ആ ഗാനത്തെക്കുറിച്ചാണു് ഈ അദ്ധ്യായത്തിന്റെ തുടക്കത്തിൽ വിവരിച്ചതു്.

ഇന്നു് അവളൊരു ഭ്രാന്തിയാണു്. പക്ഷെ അവൾ പറയുന്നതൊന്നും ഭ്രാന്തല്ല. വിലപ്പെട്ട കാര്യങ്ങളാണു്. ലോകത്തോടൊരു വെറുപ്പാണവൾക്കു്. എന്നാൽ സ്വന്തം കുഞ്ഞുങ്ങളോടു് അതിരററ വാത്സല്യവും.

ഓണം അടുത്തു. എങ്ങും പൂക്കൾ വിരിഞ്ഞു. ഇളം കുളിർകാററു് വൃക്ഷലതാദികളെ ഇക്കിളിപ്പെടുത്തിക്കൊണ്ടു് ലോകപര്യടനം തുടങ്ങി. ഓണനിലാവു് പരന്നു. എങ്ങും ആഹ്ളാദത്തിൻെറ വേലിയേററമാണു്. ഒരു നാൾ സന്ധ്യയ്ക്കു് അവൾ ഓമനസന്താനങ്ങളുമൊന്നിച്ചു് ആററുകടവിലേയ്ക്കു പോയി. കുട്ടികൾ മണൽത്തിട്ടകളിൽ ഓടിച്ചാടിക്കളിച്ചു. പൂഴിമണ്ണുവാരി അവർ ആകാശത്തു പറത്തി. അവരുടെ ഉടുതുണികൾ കഴുകി വൃത്തിയാക്കുന്നതിൽ മാതാവു് വ്യാപൃതയായിരിക്കുന്നു. അനന്തരം അവരെ കുളിപ്പിച്ചു കരയ്ക്കുനിറുത്തി. അവൾ ആററിലേയ്ക്കിറങ്ങി മുങ്ങിക്കുളിച്ചു കൗമാരകാലത്തെന്നപോലെ ലീലാവിനോദങ്ങളും ജലക്രീഡകളും തുടങ്ങി. നീന്തിത്തുടിച്ചും മുങ്ങിയും, പൊങ്ങിയും കുളിക്കുകയാണു്. കമിഴ്ന്നും മലർന്നും നീന്തി. അക്കരനില്ക്കുന്ന ഒരു കാട്ടുപൂവിൽ ആവളുടെ കണ്ണുകൾ പറന്നെത്തി. അതിനെ ഉന്നംവെച്ചു നീന്തുകയാണു്. കുട്ടികൾ കൈകൊട്ടിച്ചിരിച്ചു "പൂവു്, പൂവു്" എന്നു് അവർ ആർത്തുവിളിച്ചു പന്ത്രണ്ടുവയസ്സായ സതിപോലും പൊങ്ങിച്ചാടുകയാണു്. ആറുവയസായ മധു ഓളമടിക്കുന്ന മണൽപ്പുറംവരെ ഓടിച്ചെന്നു നിൽക്കുന്നു. പൂവു വാങ്ങുവാൻ. ആററിൻെറ മറുകരയിൽ നിന്ന ഒരു ക്രൂരൻ വെള്ളത്തിലിറങ്ങി. "അയ്യോ" എന്നൊരു നിലവിളി. മാതാവിൻെറ കൈ തളരുന്നു. നീന്തലിൻെറ ശക്തി കുറഞ്ഞു. ഇപ്പോൾ കൈ വെള്ളത്തിലിട്ടു് അടിക്കുകയാണു് അമ്മ. മുടി അഴിഞ്ഞു് ജലപ്പരപ്പിൽ പൊങ്ങിപ്പരന്നു. മുഖം കാണാൻകഴിയാതായി. അവളൊന്നുതാണു ഒരു ചുഴിയിൽ. ഓളംമാത്രം അവശേഷിച്ചു. കുട്ടികൾ വാതോരാതെ നിലവിളിച്ചു അവരുടെ

അമ്മ ജലോദരത്തിലേക്കു് താണു. ഏതാനും കുമിളകൾ ജലപ്പരപ്പിൽ പരന്നു വിലയംപ്രാപിച്ചു. കണ്ണീരും കയ്യുമായി ആ പിഞ്ചുകുഞ്ഞുങ്ങൾ ആററിൻകരയിൽ നിന്നു വാവിട്ടു കരഞ്ഞു. വെള്ളത്തിലിറങ്ങിയ പുരുഷൻ അതിവേഗം മടങ്ങി. ഒന്നുരണ്ടു മേഘശകലങ്ങൾ ഓണനിലാവിൽ അല്പം മങ്ങലുണ്ടാക്കി.

# 2

## ലേഡീക്ലാർക്ക്

ഇടത്തേതോളിൽ ഒരു ചുവന്നവാനിററി ബാഗും തൂക്കി മറുകരത്തിലെ പുത്തൻ കുട മാറോട്ടുചേർത്തുപിടിച്ചു് ഒരു ഇരുപത്തഞ്ചുകാരി ആഫീസിനകത്തു പ്രവേശിച്ചു. ചെരിപ്പിൻെറ കരകര ശബ്ദംകേട്ട ഹാളിൻെറ ഇരുവശത്തും ജോലിയിലേർപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാർ തല ഉയർത്തിനോക്കി. നൈലോൺ സാരിയിൽ പൊതിഞ്ഞ ആ യുവതി. പുലരിയിൽ വിരിഞ്ഞ ചെമ്പനീർ സുമംപോലെ ചെറുതായൊന്നു പുഞ്ചിരിതൂകി. മങ്ങിയ കറുപ്പുള്ള നേരിയ ശ്മശ്രുക്കൾ. മയ്യെഴുതിയ കണ്ണും, പൗഡറിട്ട മുഖവും, ഞങ്ങളെ ഒന്നു സൂക്ഷിച്ചുനോക്കൂ. എന്നുയാചിക്കും മാതിരി ദ്രഷ്ടാക്കളെ ആകർഷിച്ചു. അവളുടെ വളർകൂന്തലിൽ അണിഞ്ഞിരുന്ന ഒന്നു രണ്ടു കുരുക്കുത്തിമുല്ലപ്പൂക്കൾ അനുഭവംകഴിഞ്ഞ കന്യകമാരെപ്പോലെ അല്പം വാടിയിരുന്നു. വന്നപാടെ അറച്ചൊന്നുനിന്നശേഷം, മുറിയുടെ ഒരു ഭാഗത്തു ഉപവിഷ്ടനായിരുന്ന അസി: ഇഞ്ചിനീയരുടെ അരികിലേക്കു മന്ദംമന്ദം അടിവെച്ചു നടന്നുപോയി. ആ നടത്തയിൽ എന്തോ ഒരു പ്രത്യേകത ദർശിക്കാമായിരുന്നു. അരയ്ക്കുമേൽ അനക്കംവെക്കാതെ നിതംബം കുലുക്കിയുള്ള നടത്ത സാധാരണസ്ത്രീകളിൽ കണ്ടുവരാറില്ല. അര വരെ ഉയരംകൂടിയും അരയ്ക്കുമേൽ നീളംകുറഞ്ഞുമുള്ള

ശരീരഘടന ഒരു പ്രത്യേകത ആയിരുന്നു. അതായിരിക്കണം ഗുമസ്തന്മാർ, സിനിമാശാലയിലെന്നപോലെ നിന്നിമേഷരായി നോക്കി ഇരുന്നുപോയതു്. ആഫീസറുടെ മുൻപിലുള്ള മേശയുടെ ഒരു കോണിൽ അവൾ ചാരിനിന്നു. സാവധാനം ബാഗിനുള്ളിൽനിന്നും ഒരു കവർ പുറത്തെടുത്തു മേശപ്പുറത്തുവെച്ചു. ആഫീസർ മെല്ലെ തലപൊക്കിനോക്കി. വെളുക്കെ ഒന്നു ചിരിച്ചു. കുളിർകാററററു പൊട്ടിവിരിഞ്ഞു പുളകംപൂണ്ടാടുന്ന ആമ്പൽപൂമാതിരി അവളുടെ മുഖം പ്രസന്നമായി. അദ്ദേഹം കസേരയിൽനിന്നും ചെറുതായൊന്നിളകി. കുലുങ്ങി ഇരുന്നു.

"കലാവതി എന്താ വരാൻ താമസിച്ചതു് ഇന്നലെവരുമെന്നാണു വിചാരിച്ചതു്." അസി: ഇഞ്ചി: ഉദ്വേഗത്തോടും സന്തോഷത്തോടും ചോദിച്ചുകൊണ്ടു അവളുടെ മുഖത്തേക്കു ഉററുനോക്കിക്കൊണ്ടിരുന്നു.

"ഇന്നു രാവിലെ എത്തണമെന്നായിരുന്നു ഉദ്ദേശിച്ചതു്. ബസ്സ്സ്റ്റാൻഡിൽവന്നപ്പോൾ കുറെ അമാന്തിച്ചുപോയി. വന്ന ബസ്സുകളിലെല്ലാം വല്ലാത്ത തിരക്കു്." അവൾ കൊഞ്ചിക്കുഴഞ്ഞു് ഒരു ബാലികയുടെ ശാലീനതയോടെ പറയുകയാണു്. "എന്നിട്ടു്" അസി:ഇഞ്ചി: ജിജ്ഞാസുവായി.

"ഒരു ടാക്സിപിടിച്ചുവരികയായിരുന്നു" കലാവതി പ്രത്യുത്തരം നൽകി. "അപ്പോൾ പണം ഒത്തിരി മുടക്കി എന്നു പറയൂ! അത്ര ധിറുതിപ്പെടേണ്ടതില്ലായിരുന്നു." അമ്പലപ്പുഴ പാല്പായസം മോന്തിയ പ്രതീതി അവളുടെ മുഖത്തു ദർശനീയമായി. മാംസളമായ

ചുണ്ടിൽ അവളുടെ രസന ഒന്നു തടവിനോക്കി. മധുര പലഹാരം കഴിച്ചവൻെറ ചിറിയിൽ സഞ്ചരിക്കുന്ന തെരുവുതെണ്ടിയെപ്പോലെ. ആഫീസർ അവളുടെ മുഖത്തു ദൃഷ്ടി ഉറപ്പിച്ചു. ഗൃഹസ്ഥന്മാരുടെ ഇടയിൽ കുശുകുശുപ്പും ചിരിയും ആരംഭിച്ചു. ഫയലുകൾ മേശപ്പുറത്തു പൊങ്ങിവീഴുന്ന ശബ്ദം! ഒന്നുരണ്ടുപേർ എഴുന്നേററു് കൈകൾ കുടഞ്ഞു് വിരലിൻെറ ഞൊട്ടഒടിക്കുന്നതിൽ വ്യാപൃതരായി. ആഫീസർ സാവധാനം കവർ കയ്യിലെടുത്തു പൊളിച്ചുനോക്കി. അനന്തരം ആ കവർ ഒന്നു ഊതിവീർപ്പിച്ചു. അതിനുള്ളിൽനിന്നും ഒരു കടലാസു തുണ്ടു പുറത്തെടുത്തു് അതിന്മേൽ ഒന്നു കണ്ണോടിച്ചു. മേശപ്പുറത്തു വിശ്രമംകൊണ്ടിരുന്ന പേന എടുത്തു ആ കടലാസിൽ എന്തോ എഴുതി അടുത്തിരുന്ന ക്ലാർക്കിനെ ഏൽപ്പിച്ചു.

"കലാവതി അൽപ്പം ക്ഷീണിച്ചിരിക്കുന്നല്ലോ" എന്നായി അസി: ഇഞ്ചിനീയർ. അവൾ നന്ദിപൂർവ്വം അദ്ദേഹത്തെ ഒന്നു കടാക്ഷിച്ചു; പിറകേ ഒരു പുഞ്ചിരിയും, ഇത്രയുമായപ്പോൾ ഒരു ശിപായി ഒഴിഞ്ഞുകിടന്ന ഒരു മേശ തുടച്ചു വെടിപ്പാക്കി. ഒരു കസാല കൊണ്ടുവന്നു് അതിന്നരികിലിട്ടു കലാവതിയെ അവിടെചെന്നിരിക്കാമെന്നു് ക്ഷണിച്ചു. അവൾ എല്ലാപേരേയും ഒന്നു നോക്കി. അരയന്നപ്പിടപോലെ നടന്നുചെന്നു് ഇരുപ്പുറപ്പിച്ചു. തോളത്തു തൂക്കിയിരുന്ന തുകൽസഞ്ചി മേശയ്ക്കുള്ളിലാക്കി കുട മേശപ്പുറത്തും.

സ്ഥലംമാറിവന്ന ഒരു ലേഡീക്ലാർക്കാണു കലാവതി. സ്ഥലംമാററ ഉത്തരവു കിട്ടിയതുമുതൽ അവളുടെ ആഗമനത്തെ ആകാംക്ഷയോടെ കാത്തിരിക്കയായിരുന്നു

അസി:ഇഞ്ചിനീയർ. മററു ഗൃമസ്തന്മാരും അങ്ങനെ ആയിരിക്കാനാണെളുപ്പം. ഒരു ലേഡീക്ലാക്ക് വരുന്നെന്നറിഞ്ഞതോടെ അവളുടെ പൂർവ്വചരിത്രങ്ങൾ ഓരോരുത്തരും അന്വേഷിച്ചിട്ടുണ്ടാവും. അസി: ഇ. കിട്ടിയ അറിവിൻെറ തോതുവച്ചുകൊണ്ടുള്ള സംഭാഷണരീതി മേലുദ്ധരിച്ചുവല്ലോ. ഒരു വേള അവളൊരു സുന്ദരി അല്ലാതിരിക്കുമോ; മൂക്കററത്തു കെറുവുള്ളവളാണോ, വല്ലതും ചോദിച്ചാൽ മുഖത്തടിക്കുന്ന വർത്തമാനം പറയുന്നവളായിരിക്കുമോ, എന്നിങ്ങനെ നൂറുനൂറായിരംസംശയങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷെ ആൾ വന്നു്, ഭാവഹാവാദികൾ ദർശിച്ചപ്പോൾതന്നെ മനസ്സിനു ഒരു ആഹ്ളാദമുണ്ടായി. വൻപിച്ച ഒരു ഭാരം തലയിൽനിന്നിറങ്ങിയമട്ടായിത്തീൎന്നു. ഒരു അത്ഭുതവസ്തുവെന്നവണ്ണം എല്ലാപേരും കലാവതിയെത്തന്നെ കണ്ണിമവെട്ടാതെ നോക്കുകയാണു്. സ്വന്തം സൗന്ദര്യത്തിൽ മററുള്ളവൎക്കു മതിപ്പുണ്ടെന്നു മനസ്സിലായാൽ യുവതികൾക്കുള്ള ആനന്ദം ചില്ലറയല്ലല്ലോ.

അസി: ഇഞ്ചിനീയർ സ്വന്തം ഇരിപ്പിടംവിട്ടു കലാവതിയുടെ മേശയ്ക്കരുകിലേക്കുപോയി. അവൾ വാതോരാതെ ചിരിച്ചുകൊണ്ടു എഴുന്നേററു. "ഇരിക്കു ഇരിക്കു! കലാവതി യാത്രചെയ്തു ക്ഷീണിച്ചുവന്നതല്ലേ." എന്നായി ഇഞ്ചിനീയർ. അവൾ അല്പം ശങ്കയോടെ തന്നെ ഇരുന്നു. ഉരസിജങ്ങളിൽ പററിച്ചേൎന്നുകിടന്നിരുന്ന നീലച്ചേലാഞ്ചലം അല്പാല്പം ഇഴിഞ്ഞുമാറിക്കൊടുത്തു. ചുവപ്പു ബ്ളൗസ് അതിൻെറ മിനുമിനുപ്പും ഭംഗിയും പുറത്തുകാട്ടി.

ഒരു അഭ്യുദയകാംക്ഷിയുടെ നിലയിൽ അസി:ഇഞ്ചിനീയർ അവളോടു കുശലപ്രശ്നങ്ങൾ ആരംഭിച്ചു.

പരിചയക്കാരും ബന്ധുക്കാരുമില്ലാത്ത ആ സ്ഥലത്തു ഒരു താമസസൗകര്യമുണ്ടാക്കിക്കൊടുക്കാൻ താൻബാദ്ധ്യസ്ഥനാണെന്നരീതിയിൽ അവളോടു സംസാരിക്കയായി. ആഫീസിലെ ക്ലാർക്കന്മാർ അസൂയാകലുഷിതമായ കണ്ണുകഠം അവരുടെനേരേ അയയ്ക്കുകയാണു്. ചിലർ ചിരിക്കുന്നു. ചിലർ മുറുമുറുക്കുന്നു. ചിലർപല്ലിറുമ്മുകയാണു്.

"ഇവളൊരു കുഴപ്പക്കാരിയെന്നാണു തോന്നുന്നതു്. വന്നുകേറിയതേയുള്ളു. അതിനുമുൻപു ആട്ടവും നോട്ടവുമായി" എന്നൊരാഠം.

പെൺപിള്ളേരെക്കാണുമ്പോഠം ഈ ശനിയനെന്താണിത്ര ചാട്ടം, വയസ്സും കുറെ ആയല്ലോ." എന്നായി മറെറാരാഠം.

"പുള്ളിക്കാരി സ്വല്പം വിലസും. അതിനു പേരു പിടിച്ചിട്ടുള്ളതാ. ആനക്കാരനെ ആട്ടിപ്പുറത്താക്കിയിട്ടാ എഴുന്നള്ളത്തു്." ഒരു ചെറുപ്പക്കാരൻ അല്പം അമർഷത്തോടെ അങ്ങു പറഞ്ഞുപോയി. നിമിഷം ഒന്നുകഴിഞ്ഞില്ല അതിനുമുമ്പു അയാളെ കയ്യിൽപിടിച്ചുവലിച്ചുകൊണ്ടു അടുത്തിരുന്നരണ്ടുപേർപുറത്തേക്കുനടന്നു. അവർ മൂവരുമായി അങ്കണത്തിൻെറ അററത്തുള്ള ഒരു തൈമാവിൻചോട്ടിലേക്കുപോയി. പടന്നുപന്തലിച്ചുനില്ക്കുന്ന ആ വനമഹോത്സവത്തിൻെറ സന്തതിയുടെ തണലിൽ അവർ പററിനിന്നു.

"ഇവളൊരു ഭയങ്കരിയാണെന്നു തോന്നുന്നല്ലോ, വന്നുകേറുംമുമ്പു തുടങ്ങി ആട്ടവും കുഴച്ചിലും." എന്നു രണ്ടുപേരും ഒപ്പം പറഞ്ഞുനിറുത്തി.

“പരദൂഷണം നന്നല്ല. അതുകൊണ്ടു ഞാനൊന്നും പറയുന്നില്ല.” അപരൻ തുടർന്നു. “വിശേഷിച്ചും ഒരു പെണ്ണിനെപ്പററി.”

അവർ:—പറയൂ! ഫേ!! തനിക്കും നോട്ടമുണ്ടെന്നു തോന്നുന്നു.

അയാരം:—എന്നെ ഈ ശുലുമാലിലൊന്നും പിടിച്ചിടാതിരുന്നാൽമതി. അല്ലെങ്കിൽ എല്ലാവക്കുമറിയാവുന്നകാര്യമാ.

അവർ ജിജ്ഞാസുക്കളായി.

അയാരം പറയാൻതുടങ്ങി. കലാവതി സ്കൂരംഫൈനൽ ജയിച്ചു. അധികകാലംകഴിയുംമുമ്പു് ക്ലാക്കുപണി കിട്ടി. ജോലിസ്ഥലത്തിനടുത്തുതാമസവുമായി. നിങ്ങരം ഇനി ഒന്നു സൂക്ഷിച്ചുനോക്കണം. ആ കടക്കണ്ണിൻെറ വെട്ടലും മുഖത്തെ പുഞ്ചിരിയും കാഴ്ചക്കാരെ ക്ഷണിക്കുന്നമട്ടിലല്ലേ? ആഫീസു സമയംകഴിഞ്ഞു വീട്ടിലെത്തിയാൽ കുശലമന്വേഷിച്ചു എത്രപേരെന്നോ അവിടെ പോകുന്നതു്. ഒടുവിൽ ഒരു വിവാഹാലോചനവന്നു. വൃദ്ധനായ പിതാവുംകൂട്ടരും ചെറുക്കൻെറ വീടുകാണാൻ പോയി. അവനൊരു കൊച്ചുമിടുക്കനായിരുന്നു. അവൻ അവിടെ കണ്ട പാടവും പറമ്പുമെല്ലാം കാണിച്ചുകൊടുത്തു. വീട്ടിൽ മടങ്ങിയെത്തിയ പിതാവു് ഒരു നിശാവേളയിൽ പറകയാണു്, “മോളെ ഈ ബന്ധം നടക്കുകയാണെങ്കിൽ അതു നിൻെറ ഭാഗ്യമായിരിക്കും.”

ചെറുക്കൻ അവിടത്തെ സന്തതസഹചാരിയായി, കല്യാണവും നടന്നു. എന്നിട്ടും കൂട്ടുജോലിക്കാരുടെ

വരവും വെടിപറച്ചിലും ചിരിയും അനസ്യൂതംനടന്നു. ഭത്താവിന്ന ഇതു രുചിച്ചില്ല. ഭത്താവിൻെറ മോശമായ സാമ്പത്തികനിലയുംമററും മനസ്സിലായതോടെ ഇവരംകും വിഷമമായി. പ്രസവത്തിന്നു വീട്ടിൽവന്ന കലാവതി തിരിച്ചു ഭർത്തൃഗൃഹത്തിൽപോയില്ല. ഒരു ദിവസം ഇവരം ആഫീസിൽ പോയിരുന്ന തക്കം നോക്കി അവൻ, ആ ദാമ്പത്യവല്ലരിയിൽ മുളച്ച ആ കുരുന്നുമൊട്ടിനെ തട്ടിക്കൊണ്ടുപോയി. അവരം കോടതി കേറി. അങ്ങനെ ഈ ലേഡീക്ലാക്ക് അവളുടെ കണവനെ കൈവെടിഞ്ഞു. അയാരംകഥതുടന്നു. അവളുടെ വാച്ചിനും പേനയ്ക്കും വളയ്ക്കും മാലയ്ക്കുംപോലും കഥകരംകാണും ഓമ്മിക്കുവാൻ.

"അസി: ഇഞ്ചിനീയർ ഇതെല്ലാമറിഞ്ഞിരിക്കും. അല്ലെങ്കിൽ ചിരപരിചിതരെന്നവണ്ണം പെരുമാറില്ലല്ലോ."

"അദ്ദേഹമറിഞ്ഞിരിക്കുമെന്നുള്ളതിനെന്താ സംശയം. കമിഴ്ന്നുപറക്കുന്ന കാക്കയ്ക്കുമറിയാം കലാവതിയുടെ കാര്യം. അട്ടയ്ക്കു കുറ്റപ്പയാണിഷ്ടം......"

താമസസൗകര്യത്തെപ്പററി അസിസ്റ്റൻറ് ഇഞ്ചിനീയർ തലപുകഞ്ഞാലോചിക്കയാണ്. ശിപായിയെ വിളിച്ച് എന്തെല്ലാമോ ചട്ടംകെട്ടി അയയ്ക്കുന്നു; അയാരം തിരിച്ചുവരുന്നു; വീണ്ടും പോകുന്നു. ഇതിനിടയിൽ ഹോട്ടലിൽനിന്നും ചോറു വരുത്തി പ്രൈവററു റൂമിൽ പോയിരുന്നുണ്ണുവാൻ ഏർപ്പാടു ചെയ്തുകഴിഞ്ഞു.

ഇഞ്ചിനീയരുടെ മേശപ്പുറം അന്നു പതിവിന്നു വിപരീതമായി ഫയലുകരംകൊണ്ടു നിറഞ്ഞു.

അവ ഒന്നുംതന്നെ പരിശോധിക്കാനോ ഒപ്പിടാനോ അദ്ദേഹം മിനക്കെട്ടുന്നില്ല. ശ്രദ്ധ മുഴുവനും കലാവതിയുടെ താമസക്കാര്യത്തിൽതന്നെ. കലാവതി മററു ക്ലാർക്കന്മാരുടെ ചരിഞ്ഞനോട്ടത്തിനു ശരവ്യമായി, ഏതോ ആനന്ദലോകത്തു അധിവാസമുറപ്പിച്ച വണ്ണം ഇരിപ്പാണു്. കറങ്ങുന്ന പങ്കയുടെ കീഴിൽ ആഫീസറുടെ തൊട്ടടുത്തുള്ള ഒരുമേശയും കസാലയുമാണു് അവൾക്കായി ഒരുക്കിയിട്ടുള്ളതു്. ചുവരിൽ സ്ഥാപിച്ചിരുന്ന മണി അഞ്ചുവട്ടം ശബ്ദിച്ചു. ക്ലാർക്കന്മാർ ഓരോരുത്തരായി ഫയലുകൾ അടുക്കിവെച്ചു് മേശ പൂട്ടി എഴുന്നേററു. അവർ പുറത്തേക്കു പോയി ത്തുടങ്ങി. വാതലിനു പുറത്തിറങ്ങുമ്പോൾ ഓരോരുത്തരും കലാവതിയെ ഒന്നു കടാക്ഷിക്കുവാൻ മറന്നു പോയില്ല. അവർക്കെല്ലാം ഓരോ പുഞ്ചിരിപ്പൂവു സമ്മാനിക്കാൻ അവൾ വൈമനസ്യം കാണിച്ചുമില്ല.

ഇഞ്ചിനീയർ നിർദ്ദേശിച്ചപ്രകാരം മുൻ അദ്ധ്യായത്തിൽ പരാമർശിച്ച റേഷൻ വ്യാപാരിയെ ശിപായി കൂട്ടിക്കൊണ്ടുവന്നു. കലാവതിയെക്കൂടി തല്ക്കാലം അയാളുടെ വീട്ടിൽ താമസിക്കുന്നതിനു അയാൾ സമ്മതിച്ചു മടങ്ങി. കടയിലെ ജോലിക്കാരൻ വന്നു് കലാവതിയെ കൂട്ടിക്കൊണ്ടു പോകാൻ പിന്നെ സമയം വേണ്ടിവന്നില്ല. കലാവതി അവളുടെ വാനിററിബാഗും കുടയുമെടുത്തു് നന്ദിപൂർവ്വം അസിസ്റ്റൻറു് ഇഞ്ചിനീയറെ ഒന്നു നോക്കിയശേഷം നടന്നുപോയി. അദ്ദേഹം എന്തോ നഷ്ടപ്പെട്ടുപോയാലെന്നവണ്ണം വിഷണ്ണനായി ആഫീസുമുറിയുടെ മുൻവശംവരെ ചെന്നു് അങ്ങനെ അനങ്ങാതെ നിന്നു.

തിരക്കിട്ട തെരുവിൽക്കൂടി അവരം പോവുകയായിരുന്നു. വൈകുന്നേരം റോഡരുകിലും ബസ്സ്റ്റാൻറിലും നിന്നു് വിലസുന്ന ഒരുതരം ചെറുപ്പക്കാർ ആ പുതുമുഖത്തെ നോക്കി മീശ തടവിക്കൊണ്ടിരുന്നു. വില്ലാ നിറക്കിവെച്ചിട്ടുള്ള പുല്ലുകെട്ടുകളുടെ പിന്നിൽ നിലയുറപ്പിച്ചിരുന്ന സാധു പുലപ്പെണ്ണുങ്ങരം ഈ കൊച്ചു മദാമ്മയുടെ കാലടിവെയ്പുകളെ സശ്രദ്ധം നോക്കുന്നുണ്ടു്. യാത്രക്കാരെ കയററുവാൻ റോഡരികിൽ മാററിയിട്ടിരിക്കുന്ന ബസ്സുകളിലെ കൺഡക്ടറന്മാർ അവരുടെ തോൽസഞ്ചിയും കക്ഷത്തിലിടുക്കിക്കൊണ്ടു വണ്ടിയുടെ ഹാറൺ അടിച്ചു. "യാത്രക്കാരാണെങ്കിൽ ഇതിലേ ഇതിലേ" എന്നറിയിക്കുന്നമട്ടിൽ. പൂക്കടയിലെ പൂകെട്ടുകാർ തല പൊന്തിച്ചുനോക്കി. ഇതിനിടയിൽ കലാവതിയേയും കൂട്ടിക്കൊണ്ടു് ജോലിക്കാരൻ പയ്യൻ പീടികയുടെ മുമ്പിൽ എത്തി. അവനോടു് റേഷൻവ്യാപാരി എന്തോ പറഞ്ഞയച്ചു. അവർ വീണ്ടും നടന്നുതുടങ്ങി. രാജപാതവിട്ടു ഇടവഴിയിൽക്കൂടെ അവർ പോവുകയാണു്.

ചന്തപ്പെണ്ണുങ്ങരം സാമാനംവാങ്ങാൻ പോകുന്ന സമയമാണല്ലോ. മുഖത്തുവേണ്ടതിലധികം പൗഡറുമിട്ടു നെററിയിൽ വട്ടത്തിലുള്ള പൊട്ടുംതൊട്ടു, കറുത്ത ബാഡീസിനു മീതെ നിറപ്പകിട്ടുള്ള ബ്ളൗസും, അതിൻെറ മീതെ നേര്യതു ഏത്താപ്പുമാതിരി ചുടി, ഒരു കയ്യിൽ വട്ടിയുംപേറി, മറേറകയ്യ് ചന്തത്തിലാട്ടി പോകുന്ന യുവതികരം തിരിഞ്ഞുതിരിഞ്ഞു നോക്കി തമ്മിലെന്തോ പറഞ്ഞു ചിരിച്ചുകൊണ്ടു കടന്നുപോയിക്കൊണ്ടിരുന്നു. അസൂയ സ്ത്രീകളുടെ കൂടെപ്പിറപ്പാണല്ലോ.

കലാവതി ആനന്ദഭവനത്തിൻെറ ഗേററിലെത്തി. വേലക്കാരൻ കൺട്രാക്ടരുടെ ഭാര്യയോടു വിവരം പറ

ഞ്ഞശേഷം മടങ്ങിപ്പോയി. ട്യൂഷൻ പഠിച്ചുകൊണ്ടിരുന്ന രണ്ടു കുട്ടികൾ ഓടി മുററത്തിറങ്ങി ആഗതയെസമീപിച്ചു. വീണ്ടും മാതൃസവിധത്തിലേക്കു പാഞ്ഞുപോയി.

"നിങ്ങളിങ്ങനെ ഓടിച്ചാടി നടന്നാൽ തല്ലുകൊള്ളും. മര്യാദയ്ക്കു പോയിരുന്നു പഠിക്കണം." എന്നു അടുക്കളതളത്തിൽനിന്നു ഒരു ശകാരം."പഠിച്ചുകൊണ്ടിരുന്നതിന്നിടയ്ക്കു വന്നിരിക്കുന്നു കൊച്ചുകാര്യം പറയാൻ!"

ആ ഗൃഹനായിക വീണ്ടും അടുക്കളയിലേക്കു പോയി കാപ്പി തയാറാക്കുന്നതിൽ വ്യാപൃതയായി. ആരേയും പുറത്തു കാണാതിരുന്നതുകൊണ്ടു കലാവതി പൂമുഖത്തിൻെറ വരാന്തയിൽ കാലുകുത്താതെ അങ്കണത്തിൽ തന്നെ നില്ക്കുകയായിരുന്നു. അവൾ ആകപ്പാടെ നാണിച്ചു വിവശയായി കൺട്രാക്ടരുടെ ഭാര്യയാകട്ടെ, കുറച്ചുനേരത്തേക്കു പുറത്തുവന്നതേ ഇല്ല. ചെറുപ്പക്കാരിയെ അവിടെ താമസിപ്പിക്കുന്നതു കുഴപ്പങ്ങൾക്കു നിദാനമാണെന്നു അവർ തീരുമാനിച്ചു. ഓർക്കുന്തോറും വിഷമവും വ്യസനവും അവർക്കുണ്ടായി. ദേഷ്യം മുറുകിയപ്പോൾ വേലക്കാരി കൊച്ചുപെണ്ണിനു രണ്ടു തല്ലുകൊടുത്തു. അടുക്കളയ്ക്കുള്ളിൽ ഒരു കൊടുങ്കാററ് അലയടിച്ചുയർന്നു.

ട്യൂഷൻ പഠിച്ചുകൊണ്ടിരുന്ന കുട്ടികൾ ക്രുടെക്കൂടെ മുറിക്കുള്ളിൽനിന്നു പുറത്തേക്കു തലനീട്ടി നോക്കുന്നുണ്ടായിരുന്നു അവരുടെ അമ്മ പുറത്തുവന്നു, "കയറിവരാമല്ലോ. അവിടെത്തന്നെ നില്ക്കുകയാണോ" എന്നൊരുവിധം പറഞ്ഞൊപ്പിച്ചു അവരെ തുടൻ കലാവതി അടുക്കളത്തളത്തിലേക്കു നടന്നുപോയി.

---

# 3

## മധുവിനെക്കണ്ടില്ല

ഉടയതമ്പുരാനൊഴിച്ചു ഉടയവരില്ലാത്ത മൂന്നു പിഞ്ചുപൈതങ്ങൾ വിശാലമായ ലോകത്തു ജീവിക്കുവാൻ തീരുമാനിച്ചു. ലോകമഹായുദ്ധത്തിൻെറ കെടുതികൾ പണക്കാരെപ്പോലും ക്ലേശിപ്പിച്ചുകൊണ്ടിരുന്ന കാലം. നിത്യോപയോഗത്തിനുള്ള സാധനങ്ങളുടെവില കുതിച്ചുകയറി. അരിയും തുണിയും അങ്ങാടിനിൽ കിട്ടാതായി. പട്ടിണിയും പരിവട്ടവുമായി ആളുകൾ പരവശരായിത്തീൎന്നു. അതിനിടയിൽ ക്രനിന്മേൽ കുരുവെന്നവണ്ണം സാംക്രമികരോഗങ്ങളും പടൎന്നുപിടിച്ചു.

ആററിൽവെച്ചു മരണപ്പെട്ട ഭ്രാന്തിയുടെ മക്കൾക്കു് തെല്ലൊരു താങ്ങെന്നുപറയാൻ, അയൽവീട്ടിലെ വിട്ടുതിക്കാരായ ടൈപ്പിസ്ററും ഭൎത്താവും മാത്രമാണു്. കല്ലും കൃമിയും കീടങ്ങളും അടിഞ്ഞുകിടക്കുന്ന നാററം വെച്ച അരി പാകംചെയ്യുന്ന ചോററിൽ പങ്കു് ഈ കുട്ടികൾക്കും അവർ കൊടുത്തുവന്നു.

മൂത്തപെൺകുട്ടി സതിക്കു വയസ്സു പന്ത്രണ്ടായി. രണ്ടാമത്തേതു രവി. അവനും ആയി വയസ്സുപത്തു്. കുസൃതിക്കുടുക്കയാണവൻ. മധുവിനും വയസ്സു് 6നു് അടു

ത്തായി. ദീനാനുകമ്പമാത്രമാണു് ഒരു സൊസൈററി യിലെ പെയിഡ്സെക്രട്ടറിയായ രമാകാന്തനും ടൈപ്പി സ്റ്റായ ഭാര്യ സുലേഖയ്ക്കും ഈ കുട്ടികൾക്കു് അഭ യംകൊടുക്കാൻതോന്നിയതു്. സതിയെക്കൊണ്ടു അല്പം പ്രയോജനമുണ്ടു്. കുഞ്ഞിനെ നോക്കുവാനും ചില്ലറ വീട്ടുജോലികൾ ചെയ്യുവാനും അവളെ നിയോ ഗിച്ചു. പരുപരുത്ത പുള്ളിത്തുണിയിൽ തയ്പിച്ച ഇറ ക്കംകുറഞ്ഞ പാവാടയും, സുലേഖയുടെ പഴകിക്കീറിയ ബ്ളൗസും ധരിച്ചു് അവൾ നടക്കും. കുഞ്ഞിനെ ഒക്ക ത്തുവെച്ചുകൊണ്ടു മുററത്തും പറമ്പിലും ചുററിനടന്നു് പാട്ടുപാടി ഉറക്കാൻ ബഹുവിരുതാണവൾക്കു്. ഉമ്മറത്തു തൂക്കിയിട്ടിട്ടുള്ള ചൂരൽതൊട്ടിലിൽ സാവധാനം കുഞ്ഞി നെക്കിടത്തി മാറിനിന്നു ഒന്നുനോക്കും. മുറിക്കുള്ളിൽ നിന്നു കൊച്ചുതലയണകൊണ്ടുവന്നു് ഉണരാതെ തല ഉയർത്തി തൊട്ടിലനങ്ങാതെവെച്ചു വീണ്ടും കിടത്തും. തൊട്ടിലിൻെറ കയററിൽ ഇരുകൈകൊണ്ടും പിടിച്ചു് ആട്ടി ഉറക്കുവാൻ എന്തൊരു ചുണയാണവൾക്കു്. സുലേഖ ഇതെല്ലാം സൂക്ഷിക്കാറുണ്ടു്. “പാവപ്പെട്ട പെൺകുട്ടി” എന്നവളറിയാതെ സ്വയം പറഞ്ഞു പോകും.

ബാലന്മാർ ഓടിനടന്നു കൊച്ചു കമ്പുകളും ഇല കളും സംഭരിച്ചു് മുററത്തുവീടുണ്ടാക്കിക്കളിക്കും. കുഞ്ഞു് ഉറങ്ങിക്കഴിഞ്ഞാൽ സതി, സുലേഖയെ അടുക്കള ജോലിക്കു സഹായിക്കുകയായി. മുട്ടാതേയുംമുഴക്കാതേയും ആ ചെറുകുടുംബം നാൾ പോക്കി. സന്ധ്യയ്ക്കുമുമ്പു് മുററവും മുറികളും തൂത്തുവൃത്തിയാക്കി ശുദ്ധജലംകൊടുത്തു് തലപ്പത്തു പൂവുവെച്ചുകെട്ടിയ വിളക്കുകൊളുത്തും. കുറേ സമയത്തേക്കു സതിയെപ്പിന്നെ അവിടെക്കാണുകയില്ല.

അവൾ നേരേ തൻെറ വീട്ടിലേക്കു ഓടും. സഹോദരന്മാരായ-രവിയും മധുവും അവളെ പിന്തുടരും. അവൾ വേഗം മുറിതുറന്ന് വിളക്കുവെളിക്കെടുത്തു ദീപംകൊളുത്തിവയ്ക്കും. ശോകമൂകയായിഅതിൻെറ മുമ്പിൽ മുകുളിതപാണിയായിഅവളിരിക്കും. തൻെറ അമ്മയെപ്പോലെ ഇരുന്നു പ്രാത്ഥിക്കാൻ. ചോദിക്കയും കൊടുക്കുകയുംചെയ്യുന്ന കലയാണല്ലോ പ്രാത്ഥന.

നേരം ഇരുട്ടിയാൽമാത്രമേ രമാകാന്തൻ സൊസൈററി ആഫീസിൽനിന്നു മടങ്ങിവരുകയുള്ളൂ. വന്നാലുടൻ സതിയേയും മററുകുട്ടികളേയുമാണ് അന്വേഷിക്കുന്നതു്. കുടയുംബാഗും മേശപ്പുറത്തുവെക്കുന്നതു പിന്നീടാണ്. അപ്പോൾ കേൾക്കാം അടുത്തവീട്ടിൽ സന്ധ്യാനാമത്തിൻെറ ഒച്ച. അയാൾ അങ്ങോട്ടുചെന്ന് അവരെ കൂട്ടിക്കൊണ്ടുപോരും.

അത്താഴമൂണും കഴിഞ്ഞു് സുശീലയും ഭത്താവും ഉറക്കറയിലേക്കു പോകാറാകുമ്പോൾ, സതി എണ്ണയിൽ മുക്കിയതിരി കൊളുത്തിക്കൊണ്ടുപറയും, “ഞാൻ വീട്ടിൽ പോയി കിടന്നുകൊള്ളാം.” ആശ്ചര്യത്തോടെ രമാകാന്തൻ അവളെ നോക്കിനില്ക്കും: “നീ പോകണ്ട: പേടിക്കും.” അവൾ കരയുന്ന ഭാവത്തോടെ സുശീലയെ നോക്കും.

“സതി, നീ എന്തിനവിടെപ്പോകുന്നു ഇവിടെ കിടക്കാം. കുട്ടികൾ തനിച്ചു കിടക്കാൻ പാടില്ല.”

സതി പിന്നെ ഉരിയാടുകയില്ല, വിങ്ങിവിങ്ങിക്കരയും.

രവി—ചേച്ചീ, ഞാൻകൂടെ.

അവൻ മുൻപേ ഇറങ്ങും. സഹോദരബന്ധത്തിൻെറ ദാർഢ്യം. അതിനു മുമ്പിൽ രമാകാന്തൻ നിശ്ചേഷ്ടനായിപ്പോകാറുണ്ട്. ഇത്രയുമാകുമ്പോഠം, സുലേഖ, "എന്നാലവർ പോകട്ടെ. പിന്നെ ഒരു കാൎയ്യം. സതി, വല്ല പേടിയോ മറേറാ തോന്നുന്നെങ്കിൽ ഇങ്ങു പോരണം കേട്ടോ" എന്നു സമ്മതം മൂളും.

സതിയും രവിയും കൊച്ചു ദീപത്തിൻെറ അകമ്പടിയോടെ പോയി മുറി തുറന്നു് പാവിരിച്ചു കിടന്നുറങ്ങും. നേരം വെളുക്കുന്നതിനുമുമ്പു് മുററം തൂത്തുവൃത്തിയാക്കിയശേഷം മടങ്ങിയെത്തും.

*　*　*　*　*　*

അന്നും പതിവുപോലെ രമാകാന്തൻ പത്തു മണിക്കുമുമ്പു് ആഫീസിൽ പോയി. ടൈപ്പിസ്റ്റായ സുലേഖ അന്നു് അവധിക്കപേക്ഷിച്ചിരുന്നു. കുറേക്കഴിഞ്ഞപ്പോഠം അഞ്ചെട്ടാളുകഠം വന്നു് ഭ്രാന്തിയുടെ വീടു പൊളിക്കുവാൻ തുടങ്ങി. പഴയ ഓല പൊളിച്ചുടക്കി. സുലേഖയും അതു കണ്ടു. സതിയും കാണുകയുണ്ടായി. ഓല മേയാനാണെന്നു് അവർ കരുതി. പക്ഷെ കഴുക്കോലും മററും അടിച്ചിളക്കുകയാണു്. കൊച്ചുസതി വാവിട്ടു കരഞ്ഞു. അവഠം നെഞ്ചത്തറഞ്ഞുകൊണ്ടു അങ്ങോട്ടോടി. രാജൻ കൺട്രാക്ടരുമുണ്ടു്. അയാളുടെ അടുത്തുചെന്നു് അവരുടെ കൂര നശിപ്പിക്കരുതെന്നു് അവഠം കേണപേക്ഷിച്ചു. അയാൾ നിഷ്കരുണം അവളെ ആട്ടിപ്പായിച്ചു. വീണ്ടും അവഠം അടു

ത്തുചെന്നു. കൺട്രാക്ടർ അവളെ ഒററക്കയ്യിൽ തൂക്കിയെടുത്തു, ഒരു വവ്വാൽ പോലെ സതി തൂങ്ങിക്കിടന്നു.

“ദേ, മുതലാളി! നിങ്ങൾ ആ കൊച്ചിനെ ഉപദ്രവിക്കാതിരിക്കിൻ.” സുലേഖ അല്പം അമർഷത്തോടെ പറഞ്ഞു. അയാൾ രൂക്ഷമായൊന്നു നോക്കി. സുലേഖ സന്ദർഭത്തിൻെറ ഗൗരവം മനസ്സിലാക്കിക്കൊണ്ടു് മുറിക്കകത്തു കയറി ജന്നലിൽക്കൂടി നോക്കിക്കൊണ്ടേനിന്നു.

“സതി! നീയിങ്ങുപോരു” സുലേഖ വിളിച്ചുപറഞ്ഞു. എന്നിട്ടും സതി വന്നില്ല. അയാൾ അവളെ തൂക്കിയെടുത്തു് ചൂണ്ടയിൽ കുരുങ്ങിയ മത്സ്യത്തെയെന്നവണ്ണം വീണ്ടും ദൂരത്തെറിഞ്ഞു. അവൾ ഉരുണ്ടുപിരണ്ടെഴുന്നേററു് സുലേഖയുടെ വീട്ടിലേക്കു ഓടിപ്പോന്നു. രവി കണ്ണീരൊഴുക്കി ഇതെല്ലാം കണ്ടു. മധു നിലവിളിച്ചു

മേൽക്കൂര പൊളിച്ചു മാററിയതോടെ ജോലിക്കാർ താഴെയിറങ്ങി. “ഇടിച്ചു നിരത്തിൻ” കൺട്രാക്ടർ ആക്രോശിച്ചു. കുന്താലിയും കയ്യിലേന്തി അവർ നിരന്നുനിന്നു ഭിത്തി ഇടിച്ചുവീഴ്ത്താൻ തുടങ്ങി. രണ്ടു നാഴികയ്ക്കുള്ളിൽ അവിടെ വാഴയും ചീനിയും നട്ടുകഴിഞ്ഞു. വേലക്കാർ പോയി കൺട്രാക്ടർ ഇടവഴിയിലിറങ്ങിനിന്നു പറമ്പിലേക്കു കണ്ണോടിച്ചു. സംതൃപ്തനായി, കുട്ടികളോടായി വിളിച്ചുപറഞ്ഞു.

“ഇനിമേൽ ഇതെൻെറ വകയാണു്, ഓർമ്മവേണം. ഇതിനകത്തു കാലൂന്നിയാൽ കുഴിച്ചു

മൂടിക്കളേയും." അയാൾ രാജ്യം പടവെട്ടിപ്പിടിച്ച ഒരു ജേതാവിനെപ്പോലെ നടന്നകന്നു. രമാകാന്തൻ ആഫീസിൽനിന്നു വന്നപ്പോൾ സതിവാവിട്ടു കരഞ്ഞു കൊണ്ടു വീടിടിച്ച കാര്യം പറഞ്ഞു. ഗദ്ഗദത്താൽ അവൾ വിങ്ങിപ്പൊട്ടുകയായിരുന്നു.

അപ്പനും പോയി, അമ്മയും പോയി. പിന്നെ ആണോ വീടുപോയതിൽ ഖേദിക്കാൻ. എല്ലാം വിധി പോലെ വരും കുഞ്ഞേ, കരഞ്ഞതുകൊണ്ടു് ഫലമില്ല. സമാധാനിക്കു!" എന്നുമാത്രം രമാകാന്തൻ ഒരു വിധം പറഞ്ഞൊപ്പിച്ചു.

ആ കുട്ടികൾ അവർക്കാരുമല്ല, എങ്കിലും, അവരുടെ ദയനീയാവസ്ഥയിൽ ആ ദമ്പതികൾ ശോകാകുലരായി. ഈച്ചയെ വെട്ടാൻ ഈർച്ചവാളെടുത്ത കൺട്രാക്ടരുടെ മനോഭാവത്തിൽ രമാകാന്തനു് അതിരററ അമർഷമുളവായി. പണത്തിൻേറയും പ്രതാപത്തിൻേറയും പേരിൽ മനുഷ്യൻ മൃഗത്തേക്കാൾ അധഃപ്പതിക്കുന്നതോർത്തു് അയാൾ ചിന്താകുലനായി. അനാഥക്കുട്ടികളോടു കാണിച്ച കടുംകയ്. നീതിക്കും നിയമത്തിനും ഇതിലൊന്നും ചോദിക്കുവാനില്ലല്ലോ എന്നു് അയാൾ കുണ്ഠിതപ്പെട്ടു.

അടുത്ത പ്രഭാതം. രജതാഭമായ നിരപ്പാൻവന്നു. സൂര്യൻ വിളറിയ മുഖത്തോടെ ഉയൻു. രാത്രി അധികമാകുംവരെ ഉല്ലാസങ്ങളിൽ പങ്കുകൊണ്ടു ക്ഷീണിതനായ ഭർത്താവു പുലർച്ചയ്ക്കു മനശ്ചാഞ്ചല്യത്തോടെ ഭാര്യയെ

നോക്കപോലെ. ഊതി വീർത്ത കൺപോളകൾ തിരു മ്മികൊണ്ടു സതി, പുലരുന്നതിനുമുമ്പുതന്നെ വഴിവക്കിൽ നിലകൊണ്ടു തലേന്നാൾവരെ നിലനിന്ന ഭവനം ഇന്നവിടെ ഇല്ല, കിഴക്കു വെള്ളവീശി. ഫലവൃക്ഷങ്ങളിൽനിന്നും കണ്ണീർക്കണം കണക്കു മഞ്ഞുതുള്ളികൾ ചൊരിഞ്ഞുകൊണ്ടിരുന്നു. തുഷാരശീകരങ്ങളായ പളുങ്കുമണികൾ അണിഞ്ഞുകൊണ്ടു ചെമ്പനീർ പൂക്കൾ വിരിഞ്ഞു. എട്ടുകാലികൾ തങ്കനൂൽകൊണ്ടു നെയ്തെടുത്ത വലകൾ ഉദയാരുണൻെറ ചെങ്കതിരുകൾ തട്ടി തിളങ്ങി. കുളുർമാരുതൻ ആശ്വസിപ്പിക്കാനെന്നമട്ടിൽ മന്ദം മന്ദം വീശി. കർമ്മസാക്ഷി തൻെറ അധികാരച്ചെങ്കോൽ ലോകത്തൊരുപോലെ നടത്തുകയായി. കുളുർമാററാൻ ഉടുതുണികൊണ്ടു മൂടിപ്പുതച്ചു രവിയും സതിയുടെ പാർശ്വത്തിലെത്തി. വിശ്വത്തിൻെറ ഇരുട്ടറയിൽനിന്നു പുറത്തുവരുന്ന പുലരിയെപ്പോലെ സുരലേഖ ശയ്യാഗാരംവിട്ടു മുററത്തിറങ്ങിയപ്പോൾ ആ കൊച്ചുകുട്ടികൾ വീർപ്പുവിട്ടുനില്ക്കുന്ന കാഴ്ചയാണു കണ്ടതു്. "ഇതെന്തൊരു ധർമ്മസങ്കടം" എന്നവൾ അറിയാതെ പറഞ്ഞുപോയി. ഉടനെ അകായിൽ ചെന്നു്, ഉണന്നെങ്കിലും കണ്ണുംപൂട്ടി അലസമായിക്കിടന്ന ഭർത്താവിനോടു് "ഉണർന്നില്ല്യോ ഇങ്ങോട്ടൊന്നു വന്നാട്ടെ, ഇതൊന്നു കാണണ്ടേ" എന്നു ചോദിച്ചു. രമാകാന്തൻ ഉറക്കപ്പായയിൽനിന്നു പിടഞ്ഞെഴുന്നേററു ജനാലയ്ക്കരികിലേക്കു നടന്നു. ജനാലയുടെ പാളികൾ സാവധാനം തുറന്നു് വെളിയിലേക്കു നോക്കി സതിയും രവിയും അനങ്ങാതെ ഇടവഴിയിൽതന്നെ നില്ക്കയാണു്. കരളുരുന്ന കാഴ്ച!!

"സതീ" അയാൾ വാത്സല്യപൂർവ്വം വിളിച്ചു.

"എന്തോ!" "ഇങ്ങു വരുകുഞ്ഞേ!" അവൾ ഒരു നിമിഷം പിന്നെ അവിടെ നിന്നില്ല. മടങ്ങിവന്നു ചൂലെടുത്തു. അയഞ്ഞുപോയ കെട്ടു മുറുക്കിക്കെട്ടി. വള്ളിയുടെ തുഞ്ചത്തുപിടിച്ചുകൊണ്ടു് വട്ടത്തിൽ കറക്കി വീശി. അരയ്ക്കുതാഴെ തട്ടി അതിന്റെ മൂട്ട് ഒതുക്കി. മുററം തൂക്കാൻ ആരംഭിച്ചു.

നേരം പുലർന്നതോടെ ദിനകൃത്യങ്ങൾ കഴിഞ്ഞു് കുളിയും കാപ്പികുടിയും നടത്തിയശേഷം രമാകാന്തൻ നേരത്തേ ആഫീസിലേക്കു പോയി. കുട്ടികൾക്കു പ്രഭാത ഭക്ഷണം നൽകി ഉള്ളതുകൊണ്ടു് സുലേഖയും കഴിച്ചു. ഉച്ചയ്ക്കുള്ള ആഹാരം പാകംചെയ്യുന്നതിൽ വ്യാപൃതയായി. ആ ജോലി ഏതാണ്ടു മുഴുവനാക്കിയിട്ടുവേണം അവൾക്കു ആഫീസിലേയ്ക്കു പോകാൻ.

സതി പെട്ടെന്നൊരു ചെറിയ ചുഴലിക്കാററുപോലെ കറങ്ങി ഓടി. അവൾക്കൊരു അമ്പരപ്പുതന്നെ. വീട്ടിനുള്ളിൽ നോക്കുന്നു. മുററത്തു്, പറമ്പിൽ, ഇടവഴിയിൽ എന്നുവേണ്ട സർവത്ര തിരയുകയാണു്. എങ്ങും കാണ്മാനില്ല. സതിക്കൊരു വെപ്രാളംതന്നെ.

"രവീ! രവീ!" വിളികേൾക്കാനാരുമില്ല. അവൾ വീണ്ടും വീണ്ടും വിളിച്ചുനോക്കി. ഫലമില്ല. അടുക്കളയിൽനിന്നും സുലേഖ ഉദ്വേഗത്തോടെ വിളിച്ചുചോദിച്ചു.

"സതീ! എന്താണു്? ആരെ വിളിക്കുന്നു."

സതി—രവിയെ. അവനെക്കാണുന്നില്ല. മധുവും ഇല്ല. എടാ രവീ. എടാ മധു! എടാ...

സു—അവനെവിടെപ്പോയി. എടീ ആ ഇടവഴിയിൽ ചെന്നുനോക്ക്. കുറേ നേരത്തിനുമുമ്പ് അവർ അവിടെ നില്ക്കുന്നതു കണ്ടല്ലോ. റോഡിലും നോക്ക്. വല്ല പിള്ളേരോടുംചേൎന്ന് കൂട്ടുകളിക്കയായിരിക്കും.

ബസ്സും കാറും ഇടതടവില്ലാതെ ഇരമ്പിപ്പായുന്ന റോഡിലേയ്ക്ക് സതി രാമാസ്ത്രംപോലെ പാഞ്ഞുപോയി. അവിടെ എങ്ങുമില്ലെന്നു കണ്ടു് അവൾ കരയാൻ തുടങ്ങി. സതി സാവധാനം മടങ്ങിവന്നു. അവളുടെ തണുത്ത കവിൾത്തടങ്ങളിൽക്കൂടി ചുടുബാഷ്പം ധാരമുറിയാതെ ഒഴുകിക്കൊണ്ടിരുന്നു. ഇടനെഞ്ചുപൊടിഞ്ഞ ആ ബാലിക ഒരു നിസ്സഹായതയോടെ സുലേഖയെ പരവശയായി നോക്കി. അവളും വല്ലാതെ വിഷമിച്ചു. കിണററിൻകര ഉന്നംവെച്ചു സുലേഖ നടന്നു. സതിയും നിഴലെന്നവണ്ണം പിന്തുടൎന്നു. കുട്ടികൾ കളിച്ച ലക്ഷണമെന്നും അവിടെ കാണാനില്ലാ. എങ്കിലും ഒരുൾക്കിടിലത്തോടുകൂടി കിണററിൽ സൂക്ഷിച്ചുനോക്കി ഉച്ച സൂൎയ്യൻെറ ഉഗ്രകിരണങ്ങൾ ജലപ്പരപ്പിൽ പ്രതിബിംബിപ്പിച്ചു് ഒരു രണ്ടാം തേജോഗോളം അവിടെ തങ്ങി. കണ്ണു മഞ്ചിപ്പോയി. അവൾ വീണ്ടും സൂക്ഷിച്ചുനോക്കി. ഒന്നുമില്ല. സുലേഖ പറമ്പിൻെറ അത്തുററ ഒരു കല്ലുമലയിൽ ഇറങ്ങിനോക്കി. കളിഭ്രാന്തരായ കുട്ടികൾ അവിടെ എങ്ങാനും പതുങ്ങിയിരിക്കുന്നോ എന്നറിയാൻ. നെഞ്ചിടിപ്പു് അവൾക്കു് സ്വയം കേൾക്കാമായിരുന്നു. സുലേഖ അല്പനേരം ആലോചിക്കുന്ന മട്ടിൽ സ്തംഭിച്ചു നിന്നു! അതിവേഗം വീട്ടിലേയ്ക്കു മടങ്ങി. സതി അപ്പോഴും പിന്തുടരുകയാണു്. ആഫീസുജോലിക്കു പോകാൻ സുലേഖയ്ക്കു അവസരം ലഭിച്ചില്ല.

ഉച്ചഭക്ഷണം തയ്യാറാക്കി. പതിവുപോലെ സതിയെ വിളിച്ചേല്പിച്ചു. ആ കൊച്ചുകുഞ്ഞു ഓടിപ്പോയി മുഖവുംകാലും കഴുകി, തലമുടി ഒതുക്കി, വെളുത്ത ഒരു പുള്ളിപ്പാവാടയും ജമ്പറും ധരിച്ചു് ചോററുപാത്രവുംപേറി സൊസൈററിആഫീസിലേയ്ക്കു നടന്നുപോയി.

റോഡിൻെറ ഇരു വശങ്ങളിലും അവർ കണ്ണോടിച്ചു. രവിയും മധുവും അവിടെയെങ്ങാനും ഉണ്ടോ എന്നറിയാൻ കുട്ടികൾ കൂടിനിന്നു കളിക്കുന്നേടത്തും, പീടികമുമ്പിലും കവലയിലും എല്ലാം അവർ നോക്കി. രമാകാന്തനെക്കണ്ടപ്പോൾ അവൾക്കു കരയണമെന്നു തോന്നി അവിടെ, വിശേഷിച്ചും പല ആളുകളും ഉള്ള സ്ഥലത്തുവെച്ചു കരയുന്നതു് അനുചിതമാണെന്നവർക്കറിയാം. പക്ഷെ കരച്ചിലടക്കുംതോറും ചൂടേററ ബലൂൺപോലെ വിങ്ങിപ്പൊട്ടിപ്പോകുമോ എന്നവർ സംശയിച്ചു. രമാകാന്തൻ ഉണ്ടുതീൻ്റു കൈ കഴുകി, കൈലേസിൽ കയ്യും മുഖവും തുടച്ചു. പരുങ്ങിനിൽക്കയാണു് സതി അപ്പോഴും. പതിവിനെതിരായി അവളിൽ ഭാവഭേദം കണ്ടപ്പോൾ, ഒരുവേള സുലേഖ ശകാരിക്കയോ മറേറാചെയ്തിരിക്കാമെന്നു് അയാൾ അഭ്യൂഹിച്ചു. അസാധാരണമായ ഒന്നും നടന്നില്ലെന്ന മട്ടിൽ അയാൾ തൻെറ ഇരിപ്പിടത്തിലേയ്ക്കു നടന്നു. ഒഴിഞ്ഞ ഭക്ഷണപാത്രവുമെടുത്തു അവൾ പോകുവാനൊരുങ്ങി. എങ്കിലും നടക്കാതെ പരുങ്ങിനിന്നു. അപ്പോഴേയ്ക്കും പാത്രത്തിൽ നിന്നെടുത്തു പായ്ക്കററിൽ സൂക്ഷിച്ചിരുന്ന ഒരു തുണ്ടു കടലാസും വായിച്ചുകൊണ്ടു് രമാകാന്തൻ തിരിച്ചുവന്നു.

"സതി! അവർ രണ്ടാളും എപ്പോഴം പോയി?"

സതി — എപ്പോഴാണെന്നറിഞ്ഞുകൂടാ. ഞങ്ങഠം തെരക്കാൻതുടങ്ങിയിട്ടു ഒരു നാഴികയ്ക്കുമേലാകും.

ര: കാ—എന്നിട്ട് കണ്ടുമില്ല, കണ്ടവരും ആരും മില്ലേ?"

സതി—ആരോടും ചോദിച്ചില്ല.

ര: കാ—എവിടെയെല്ലാം നോക്കി.?

സതി—വീടും പുരയിടവും ഇടവഴിയും റോഡു മെല്ലാം,

ര: കാ—എന്നാൽ വല്ല തെണ്ടിപ്പിള്ളേരുടെകൂടെ ച്ചേൎന്നു കളിക്കാൻപോയിരിക്കും.

സതി—ഞാൻ വഴിനീളെനോക്കി. അവിടെങ്ങും കണ്ടില്ല.

ഇത്രയും പറഞ്ഞപ്പോഠം അവളുടെകലങ്ങിയ നേത്ര ങ്ങളിൽനിന്നും അശ്രുക്കഠം പൊഴിഞ്ഞുകൊണ്ടേ ഇരുന്നു.

ര: കാ—നീ പോകൂ. അവൎക്കു വിശക്കുമ്പോഠം വീട്ടിൽചെല്ലും.

അവഠം അതിശീഘ്രം നടന്നുപോയി. ആശ്വാസ ത്തോടുകൂടിത്തന്നെയാണു്. റോഡുവിട്ടു ഇടവഴിയിൽ കയറിയതോടെ അവഠം മുറുകിനടന്നു. നടത്ത ഓട്ടമായി കലാശിച്ചു. സതിയുടെ വരവുംകാത്തു സുലേഖ വാതി ല്ക്കൽ നില്ക്കയായിരുന്നു: അവളുടെ കുഞ്ഞു് സ്വൈര മായി തൊട്ടിലിൽ കിനാവിന്റെ മധുരിമയിൽ മയങ്ങി. പുഞ്ചിരിക്കയായിരിക്കണം.

"പിള്ളേരു വന്നില്ലേ" സതി ഉദ്വേഗപൂർവ്വം ചോദിച്ചു

"റോഡിലെങ്ങും കണ്ടില്ല സതിഅവരെ" സുലേഖ അത്യാർത്തിയോടെ തിരക്കി. സതി കരയുവാൻതുടങ്ങി. "നീ എന്തിനു കരയുന്നു? അവരിപ്പോൾ വരും വന്നില്ലെങ്കിൽ എവിടെനിന്നായാലും കൊണ്ടുവരും"

സുലേഖയുടെ നാവിൽനിന്നു് ഇത്രയും വാക്കുകൾ ബഹിർഗമിച്ചു എങ്കിലും അവളും വല്ലാതെ വിഷമിച്ചു. ഇതുകേട്ട സതി ആശ്വസിച്ചെന്നുവരികിലും വിശ്വാസം വന്നില്ല. കുട്ടികൾക്കു വല്ല ആപത്തും പിണഞ്ഞിരിക്കുമോ? അതോ വല്ല കോടങ്കികളും മയക്കി വിളിച്ചു കൊണ്ടുപോയിരിക്കുമോ? ഈ ചിന്ത സുലേഖയെയാണു കൂടുതൽ ബാധിച്ചതു്. പതിവിനുവിപരീതമായി രമാകാന്തൻ അന്നു നേരത്തെവന്നുചേന്നു. കുട്ടികൾ മടങ്ങി വരാത്തവിവരം അറിഞ്ഞതോടെ അയാൾക്കും അമ്പരപ്പുണ്ടായി. സന്ധ്യമയങ്ങി പക്ഷികൾ ചേക്കേറാൻ ആഞ്ഞുപറന്നുപോയി. തെരുവുവിളക്കുകൾ തെളിഞ്ഞു. മുററത്തെ കുടമുല്ലമൊട്ടുകൾ ആടിയലഞ്ഞു, വിരിയാൻ തുടങ്ങി. ഇളംതെന്നൽവീശി പകലത്തെ പര്യടനം മതിയാക്കി പകലവൻ പടിഞ്ഞാറെ ചക്രവാള സീമയിലെ കൂടാരത്തിലേക്കു കുനിഞ്ഞുകയറുവാൻ ഒരുങ്ങുകയാണു്. വസന്തശ്രീയോടിണങ്ങിയ പൂവാടി പോലെ അന്തിവാനം ചെമ്മുകിൽ പാളികളാൽ പരിശോഭിച്ചു. എങ്കിലും പൂർവ്വാംബരത്തിൻെറ പരപ്പിൽ ഇരുൾ താവളമടിച്ചു.

രമാകാന്തൻ കുട്ടികളെ അന്വേഷിക്കാനായി പുറത്തിറങ്ങി. അടുത്ത തിയേററിൻെറ മുൻഭാഗത്തു

അയാൾ ചെന്നുനിന്നു. ടിക്കററുവില്പന സ്ഥലത്തെങ്ങു മില്ല. കമ്പോളം വിജനമായിരുന്നു. പീടികത്തിണ്ണക ളിൽ നോക്കി. അവിടെയുമില്ല. ബസ്സ്റ്റാൻറിലേക്കു വന്നു. മാടക്കടകളുടെ അരികിലും മറവിലും പരിശോ ധിച്ചു. ഇല്ല. തെരുവുവിളക്കിൻെറ കുറച്ചകലത്തിൽ മൂന്നുനാലു തെരുവുതെണ്ടികൾ നില്ക്കുന്നു. രമാകാന്തൻ അങ്ങോട്ടുനടന്നു. അക്കൂട്ടത്തിൽ നിന്നൊരുവൻ അതാ ഇരുളിലേക്കു നടന്നകലുകയാണ്. അയാൾ അല്പം മുറു കിനടന്നു. മുൻപേപോയ ബാലൻ ഓട്ടവുമല്ല നടത്ത യുമല്ല എന്നമട്ടിൽ അകലുകയാണ്. രമാകാന്തൻ നോട്ടം മാററാതെ വേഗം നടന്നുപോയി. ബാ ലനും നടന്നു. അവനറിയാതെ ഒരു വിളക്കുമരത്തിൻെറ അരുകിലെത്തി. അതേ, രവിയാണ്. രമാകാന്തൻ കാലുനീട്ടിവച്ച് മുന്നോട്ടുനടന്നു.

"രവി! നില്ക്കവിടെ," ആജ്ഞാസ്വരം കേട്ടു രവി ഒന്നുഞെട്ടി, അവൻെറ പാദങ്ങൾ ചലിച്ചില്ല. രമാകാ ന്തൻ, അടുത്തുചെന്ന് അവൻെറഇടത്തേ കരത്തിൽ അമർത്തിപ്പിടിച്ചുകൊണ്ടു മധുഎവിടെ എന്നന്വേ ഷിച്ചു. സമാധാനം പറയാതെ അവൻ വാവിട്ടു കരയു കയാണ്.

ര: കാ—എന്ത്? രവി! എന്തിനു കരയുന്നു, മധു എവിടെ ?

രവി:—എനിക്കറിഞ്ഞുകൂടാ. നേരം ഒത്തിരിയാ യി, അവനെക്കാണുന്നില്ല. ആ ബസ്സുകൾ നില്ക്കുന്നിട ത്തായിരുന്നു ഞങ്ങൾ. ഒരു കാർ ഇതിലേ ഓടിവന്നു നിന്നു. അവൻ അതിനടുത്തേക്കുപോയി. ഞാൻ, അതാ, അവിടെനിന്ന ഒരു ബസ്സിൻെറ അരുകിലായിരുന്നു.

തിരിച്ചുവന്നപ്പോഠം കാറുമില്ല, മധുവുമില്ല. ഇവിടെ നോക്കാനിനി സ്ഥലമില്ല.

രവി വിക്കി വിക്കിപ്പറകയാണു്. ഒരു കുററബോധം അവനുണ്ടായിരിക്കണം. രമാകാന്തൻ രവിയേയും പിടിച്ചുകൊണ്ടു തിരിച്ചുപോന്നു. അവരെ കാത്തിരുന്ന കണ്ണുകഠം ബാഷ്പം കൊണ്ടു തുളുമ്പി. അതുകണ്ടപ്പോഠം രവി വാവിട്ടുകരഞ്ഞുപോയി. രമാകാന്തനും വല്ലാതെ വിഷണ്ണനായ്ത്തീൎന്നു. ആ കുടുംബം അന്നു ശോകമൂകമായി കഴിഞ്ഞുകൂടി.

---

# 4

## അതിഥി

ഒരു ഉദ്യോഗസ്ഥ താമസത്തിന്ന വരുന്നു എന്ന് വേലക്കാരനിൽ നിന്നറിഞ്ഞപ്പോൾതന്നെ രാജൻകൺ ഡാക്ടറുടെ ഭാര്യ വിശാലാക്ഷിയുടെ മുഖം കറുത്തു. അവൾ വിരൂപിയാണോ, സുന്ദരിയാണോ, കന്യകയാണോ, ഭർത്തൃമതിയാണോ എന്നീ നൂറന്നൂറായിരം സന്ദേഹങ്ങൾ കൂട്ടുവിട്ടിളകിയ കടന്നൽമാതിരി വിശാലാക്ഷിയെ കുത്തി നൊമ്പരപ്പെടുത്തി. ആ ചിന്താവിഹംഗമം അന്തരീക്ഷത്തിന്റെ അന്തരാളത്തിൽ ചിറകുവിരിച്ച് ആലിആലിപ്പറക്കാൻ പൊങ്ങുന്നതിനുമുമ്പ് കലാവതി അടുക്കളത്തളത്തിലെത്തിക്കഴിഞ്ഞു. ആ കാഴ്ചയിൽ അവൾ വൈദ്യുതാഘാതമേററപോലെ നിശ്ചലയായി നിന്നു. ഹൃദ്യമായി സ്വാഗതംചെയ്യണമോ, അററകൈ പ്രയോഗിച്ച് പുറത്താക്കണമോ എന്നായി അടുത്ത ചിന്ത. പക്ഷെ ഉരിയാടാൻപോലും ശക്തയായില്ല. സംഭാഷണംതന്നെ എങ്ങനെ ആരംഭിക്കണമെന്ന് അവൾക്കു നിശ്ചയമില്ല. വല്ലാത്ത കുഴപ്പംപിടിച്ച രംഗം. എങ്കിലും അടുപ്പിന്നരികത്തുനിന്നും സാവധാനം പുറന്തളത്തിലെത്തി, മുഖത്തുനോക്കാതെ, കലാവതിയോടായി,

"വന്നപാടെ നില്ക്കയാണോ? ഇരിക്കാമല്ലോ" എന്നൊരുവിധം പറഞ്ഞൊപ്പിച്ചു. ആ വർത്തമാനത്തിൽ

ഗദ്ഗദവും അമ്പരപ്പും ഉണ്ടായിരുന്നു. പക്ഷെ അതെല്ലാം മറയ്ക്കാനെന്നവണ്ണം "ഇരുന്നാട്ടെ ഞാനിതാ വന്നുകഴി ഞ്ഞു. അസാരം ധിറുതിയുണ്ടു്." ഇത്രയും ഒരുവിധം പറ ഞ്ഞൊപ്പിച്ചുകൊണ്ടു് വിശാലാക്ഷി വീണ്ടും അടുക്കളയു ടെ ഉള്ളിലേക്ക വലിഞ്ഞു. ചുടലത്തീയുടെ അടുത്തുനി ന്നും മൃതദേഹംകിടന്നമുറിയിലേറിയ ഒരു പ്രതീതി വിശാ ലാക്ഷിക്കുണ്ടായി. എന്താണൊരു പോംവഴി എന്തെ ല്ലാമേടാക്രൂടമാണുണ്ടാകാൻ പോകുന്നതു് എന്നൊന്നും ഒരു നിശ്ചയവുമില്ലാതെ കുഴങ്ങുകയാണു്. ഇതിനിട യിൽ യാന്ത്രികമായി ജോലി നടക്കുന്നുമുണ്ടു്.

കലാവതി അവിടെ കണ്ട കസാലയിലിരുന്നു് കുട അടുത്തുള്ള അരച്ചുവരിന്മേൽ വച്ചു. വാനിററിബാഗ്ഗ് തോളിൽനിന്നൂരി എടുത്തു് കുടയ്ക്കടുത്തു നിക്ഷേപിച്ചു. ഒരു കലാശില്പംപോലെ ഇരിക്കുകയാണവൾ.

കൊച്ചുവേലക്കാരിപ്പെണ്ണു് ഒരു മുറി അടിച്ചുവാരി വൃത്തിയാക്കി. മേശവിരിപ്പെടുത്തു് വെളിക്കുകൊണ്ടു പോയി കുടഞ്ഞശേഷം തിരിച്ചുകൊണ്ടുവന്നു് ചുളിവീ ഴാതെ വിരിച്ചു ഒഴിഞ്ഞുകിടന്ന കട്ടിലിൽ മെത്തകൊ ണ്ടു വച്ചു. തട്ടും ചുവരുമെല്ലാം ഒന്നുകൂടി ചൂലോടിച്ച ശേഷം അവൾ അടുക്കളയിൽ എത്തി.

ട്യൂഷൻമാസ്റ്റർക്കും കുട്ടികൾക്കും കാപ്പികൊടുത്തയ ച്ചശേഷം ഒരു ഗ്ലാസ്സു നിറയെ കാപ്പിയുമായി കലാവതി യെ സമീപിക്കയാണു ഗൃഹാധിപ. വിദൂരതയിലെ ക്കോ നോട്ടമയച്ചുകൊണ്ടിരുന്ന കലാവതി തൻെറ അടു ത്തു ഒരാൾ നില്ക്കുന്ന വിവരംപോലുമറിഞ്ഞില്ല.

വി:—കാപ്പികുടിക്കാം. അത്ര ചൂടില്ലെന്നു തോന്നു ന്നു.

കലാ:—ഇപ്പോൾ വേണ്ടായിരുന്നു.

വി:—ചൂടുകാപ്പി കുടിച്ചതുകൊണ്ടു് ദോഷമൊന്നുമില്ല.

ഇത്രയും പറഞ്ഞുകൊണ്ടു് ഗ്ലാസ് അരച്ചുവരിന്മേൽ വെച്ചശേഷം മടങ്ങിപ്പോയി. അതിൽനിന്നും ആവി പറന്നു് വായുവിൽ വിലയംപ്രാപിക്കുന്നതുതന്നെ, കലാവതി കുറെസമയം നോക്കിക്കൊണ്ടേയിരുന്നു. അതെടുത്തു ചുണ്ടോടടുപ്പിച്ചു മുത്തിമുത്തിക്കുടിച്ചു. അപ്പോഴേയ്ക്കും വേലക്കാരിപ്പെണ്ണു വന്നു. "ആ മുറി ഒഴിച്ചിട്ടിരിക്കുകയാണു് കുടയുംമററും അവിടെവെയ്ക്കാം" എന്നു പറഞ്ഞു് ഒഴിഞ്ഞ ഗ്ലാസും കയ്യിലെടുത്തുകൊണ്ടു് മുററത്തേയ്ക്കു നടന്നു.

തനിക്കായി ഒഴിച്ചിട്ട മുറിയിൽ കയറി കുടയും വാനിററിബാഗും മേശപ്പുറത്തു വച്ചു. സാവധാനം കുളിത്തോർത്തും തോളിലിട്ടു് അവൾ പുറത്തിറങ്ങി. കുളിപ്പുരയിലേക്കു അടിവെച്ചു നടന്നുപോയി.

വിശാലാക്ഷി സ്വന്തം കിടക്കറയിൽ പ്രവേശിച്ചു് കട്ടിലിൽ, ചിന്താഭാരം താങ്ങാനാവാതെ കിടക്കുകയാണു്. ഇരുൾ പരന്നുതുടങ്ങി. ഭൂതകാലങ്ങളിലേക്കു ചുഴിഞ്ഞിറങ്ങുകയായിരുന്നു അവളുടെ ചിന്തകൾ. ഭർത്താവിന്റെ ചെയ്തികൾ അവൾ ഒന്നൊന്നായി ഓർത്തു. ആയിരം മധുരസ്വപ്നങ്ങളുമായി കല്യാണവേദിയിൽ കയറിയതുമുതൽ ആനന്ദിക്കാനല്ല ആതങ്കപ്പെടാനാണു് അവൾക്കു സംഗതിയായിട്ടുള്ളതു്. താനെത്ര ഒതുക്കത്തിലും ഒരുമയിലും കഴിഞ്ഞാലും ഭർത്താവിന്റെ

പെരുമാററം അവളെ വളരെ വേദനിപ്പിക്കുന്നതരത്തിലായിരുന്നു.

* * * * * .

എത്ര നല്ലവനും നാട്ടുകാരുടെ കണ്ണിലുണ്ണിയുമായിരുന്നു ആ ചായക്കടക്കാരൻ. ജീവിതവൃത്തിക്കുവേണ്ട വക അദ്ദേഹം സമ്പാദിച്ചു തൻെറ കുഞ്ഞുങ്ങളുടെ ഭാവി ഭാസുരമാക്കാൻവേണ്ടി അയാൾ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടാവും ഒരു രാത്രി ഉറങ്ങാൻ കിടന്നു. പിന്നെ അദ്ദേഹം ഉണൎന്നിട്ടില്ല ആളുകൾ ആ സംഭത്തിൻെറ പിന്നിൽ എന്തെല്ലാം പറയുന്നു. പക്ഷെ ആ ആകസ്മികസംഭവം കഴിഞ്ഞു് ഏതാനും കാലം തൻെറ ഭത്താവു് എന്തോ അപകടത്തിൽ പെട്ടപോലാണു് കഴിഞ്ഞുകൂടിയതു്. വിശാലാക്ഷിയുടെ ചിന്ത കടിഞ്ഞാൺവിട്ട കുതിരയെപ്പോലെ കുതിച്ചുപായുകയാണു്. അവൾ എല്ലാം മറക്കാൻ ശ്രമപ്പെട്ടു. വീണ്ടും പഴയ പാതയിലേക്കുതന്നെ.

രണ്ടുനാലു മാസം കഴിഞ്ഞപ്പോൾ അവളുടെ വീട്ടിൽ പരസ്യമായിത്തന്നെ പോയിത്തുടങ്ങി തൻെറ ഭത്താവു്. ആ വിധവ, അവളെ എന്തിനുപറയുന്നു. യൗവനത്തിൻെറ മാദകത്വം മുററിനില്ക്കുമ്പോൾ മധുരചിന്തകളും, അതു ആസ്വദിക്കാനുള്ള ആസക്തിയും സാധാരണയാണു്. എനിക്കു പകയില്ല. പക്ഷെ നിൻെറ ഉദരത്തിൽ ഒരു കുട്ടി ജനിച്ചപ്പോൾ രാജൻ കൺട്രാക്ടരെ നീ അനുമോദിച്ചോ ശപിച്ചോ എന്നെനിക്കറിവാൻ മേലാ, പക്ഷെ, നിൻെറ ചാരിത്ര്യവും യൗവനവും

നിൻെറ ഭർത്താവു് നേടിത്തന്ന സ്വത്തും ഇവിടത്തെ ആറം സ്വായത്തമാക്കിയപ്പോഴെങ്കിലും നീ ഓർത്തിരിക്കും നിന്നെ ഇദ്ദേഹം വഞ്ചിച്ചതായിരിക്കുമെന്നു്. കൊഞ്ചികുഴഞ്ഞു നൂറായിരം ശപഥങ്ങളുമായിവരുന്ന പുരുഷന്മാരുടെ ആന്തരോദ്ദേശ്യം മനസ്സിലാക്കിയിരിക്കും. പക്ഷെ അതു് മനസ്സിലാക്കിയതു് എല്ലാം നശിച്ചവേളയിലാണ്. നിൻെറ സകലതും നഷ്ടപ്പെട്ടതിനുശേഷം. വിശാലാക്ഷി ചിന്തിക്കുകയാണു്.

അന്ധകാരത്തിൻെറആവരണം ആ മുറി നിശ്ശേഷം മറച്ചുകളഞ്ഞു. വിശാലാക്ഷി അല്പമൊന്നു മയങ്ങി. അവൾ തിടുക്കത്തിൽ എഴുന്നേററു് ആലക്തികദീപം കൊളുത്തി. വീണ്ടും കിടക്കയിലേക്കു മറിഞ്ഞു.

തൻെറ ഭർത്താവു തനിക്കു മനസ്സമാധാനം വരുത്തിയിട്ടേ ഇല്ല. ഒന്നിനു പിറകേ ഒന്നായി അങ്ങനെ വേദനകൾ നിരത്തിവെക്കുകയാണു്. പാവപ്പെട്ട വേലക്കാരി അവളും ഒരു വിധവയായിരുന്നു. അവളെ ഭ്രാന്തിയാക്കി ലോകത്തിൻെറ കൗടില്യങ്ങൾ അധികം കണ്ടറിവാൻ ദൈവം അവളെ അനുവദിച്ചില്ല. അവൾ മുങ്ങിമരിച്ചു അല്ല, മുക്കിക്കൊന്നതാണു്. അവളുടെ പിഞ്ചുകുട്ടികൾ അനുഭവിക്കേണ്ട വീടും പുരയിടവും അപഹരിച്ചു. വിധവകളെ വ്യഭിചാരത്തിനു നയിക്കുന്ന തന്ത്രവും, അവരുടെ സ്വത്തു കൈക്കലാക്കുന്ന നിഷ്ഠുരതയും. ഈ മനുഷ്യൻ എന്തെല്ലാം വിനകളാണു വരുത്തിവെക്കുന്നതു്!!

ഇപ്പോഴിതാ ഒരു ഉദ്യോഗസ്ഥയെ വരുത്തിയിരിക്കുന്നു. ഈ ധൂമകേതുവിനെ എവിടെനിന്നു കിട്ടി.

എന്തിന് ഈ സത്വത്തെ ഇവിടെ കൊണ്ടുവന്നു. ഇവളെ നാളെത്തന്നെ പറഞ്ഞയച്ചാലെന്താണ്? എൻെറ ബുദ്ധിമോശമാണ് ഈ ഏടാകൂടങ്ങൾക്കൊക്കെ നിദാനം. പുരുഷനെ കുറെഒക്കെ നേർവഴിക്കു നയിക്കാൻ പെണ്ണുങ്ങൾക്കു കഴിയും. ഇല്ല ഇവളെ ഇവിടെവെച്ചു വാഴിക്കാൻ ഞാൻ തയാറല്ല. എന്തായാലും വരുന്നതു വരട്ടെ" എന്നിങ്ങനെ വിവിധങ്ങളായ ചിന്തയാകുന്ന ചുഴലിയിലകപ്പെട്ടു വട്ടം കറങ്ങുകയാണു വിശാലാക്ഷി.

കുളികഴിഞ്ഞു് ഈറൻ മാറി തലമുടിയും വിരൽ കൊണ്ടു ചീകി ഉടക്കറുത്തു കലാവതി മുറിയിലേയ്ക്കു കടന്നുപോകുന്നതു വിശാലാക്ഷി വാതിക്കൽനിന്നു കാണുകയായിരുന്നു അങ്ങോട്ടുചെന്നു മുടിക്കു ചുററിപ്പിടിച്ചു വട്ടംകറക്കി ചെകിട്ടിൽ രണ്ടു കൊട്ടുത്താലെന്തെന്നു അവൾക്കു തോന്നി കലാവതി മുറിക്കുള്ളിൽ കയറി കതകടച്ചു. കണ്ണാടിനോക്കിമുഖത്തു പൗഡർ തേച്ചു. വിരിഞ്ഞ വെള്ളാമ്പൽപൂമാതിരി ആ ഉള്ളറ പ്രശോഭിച്ചു.

വിശാലാക്ഷി തളത്തിലിറങ്ങി. കാലും മുഖവും കഴുകി. അനന്തരം കുട്ടികൾക്കു ആഹാരം കൊടുക്കുന്ന ജോലിയിലേർപ്പെട്ടു.

"അമ്മേ ഇന്നു് വന്ന ആളാരാണ്? നമുക്കു വല്ലവരുമാണോ? അമ്മയ്ക്കു വല്ല സ്വന്തവുമാണോ? അവരിങ്ങോട്ടൊന്നും വരാത്തതെന്തു്? എന്നീ ചോദ്യങ്ങൾക്കൊന്നും ഒരു സമാധാനവും പറഞ്ഞില്ല. കുട്ടികളുടെ നിർബന്ധം കലശലയപ്പോൾ "നിങ്ങൾ നിങ്ങളുടെ കാര്യം നോക്കിൻ" എന്നു ശാസിച്ചൊഴിയുകയാണു ചെയ്തതു്. ഒരേ കാര്യത്തിൽ ഉന്നംവെച്ചു പോലീസുദ്യോഗസ്ഥ

ന്മാർ കള്ളം തെളിയിക്കുന്നമാതിരി ചോദ്യങ്ങൾകൊണ്ടു കുഴയ്ക്കുന്ന സമ്പ്രദായം കുട്ടികൾക്കില്ലല്ലോ. അവർ ചോറൂണും കഴിഞ്ഞു് ഉറക്കറയിലേക്കു പോയി.

അധികസമയം കഴിയുംമുമ്പ് രാജൻ കൺടാക്ടർവന്നുചേർന്നു. വൈദ്യുത വിളക്കിന്റെ വെളിച്ചം പാൽപ്പുഴ ഒഴുകിയിരുന്നഅങ്കണവും കടന്നു് അയാൾ പൂമുഖത്തിന്റെ വാതില്ക്കലെത്തി. ചെരുപ്പിന്റെ ഖരഖരശബ്ദം കേട്ടു്, ആരോഅകത്തുനിന്നു കതകു തുറന്നു. അയാൾ കുട ഒരു മൂലയിൽ ചാരിവച്ചശേഷം ഉൾമുറിയിലേക്കു കടന്നു. അലമാരി തുറന്നു് ബാഗു് അതിനുള്ളിൽ നിക്ഷേപിച്ചു. മുണ്ടും ഉടുപ്പും മാറി പൂമുഖത്തു തിരിച്ചുവന്നു് ഒരു സെററിയിൽ കുറേനേരമിരുന്നു. അയാൾ ഒരു സിഗററു കത്തിച്ചു വലിച്ചു. അലസമായി അതിന്റെ പുകച്ചുരുളുകൾ അന്തരീക്ഷത്തിലേക്കുയർന്നു മറയുന്നതു നോക്കിക്കൊണ്ടിരിക്കുകയാണു്. അന്നത്തെ സായാഹ്നപ്പത്രം നിവർത്തു് അങ്ങുമിങ്ങും കണ്ണോടിച്ചുകൊണ്ടിരുന്നു. താൻ വന്നുകഴിഞ്ഞാലുടനെ മുൻവശത്തെത്തി കുളിക്കാനും ഉണ്ണാനും ക്ഷണിക്കാറുള്ള പത്നിയെ കാണാത്തതുകൊണ്ടുള്ള ഉൾശങ്ക അയാളെ വല്ലാതെ പിടിച്ചു കുലുക്കി. കുറേ അധികസമയം കഴിഞ്ഞു് തന്റെ സംശയം പരീക്ഷിക്കാനെന്നവണ്ണം കൺടാക്ടർ സാവധാനം ഭക്ഷണമുറിയലേക്കു കടന്നു. ഭാര്യയെ അവിടെക്കണ്ടില്ല. പാത്രങ്ങൾ ചോറും കറിയുമെല്ലാം യഥാസ്ഥാനത്തിരിക്കുന്നു. ക്ഷണനേരം ഊണുകഴിച്ചു് വീണ്ടും പൂമുഖത്തേക്കുപോയി. വിശാലാക്ഷി കോപംകൊണ്ടു അരുണമായ മുഖഭാവത്തോടും വിഷാദമഗ്നമായ നേത്രങ്ങളോടുംകൂടി ഭർത്താവിനെ നോക്കി. ആ

നോട്ടത്തിന്റെ ആഴവും പരപ്പും അയാൾ നേരിൽകണ്ടു. പക്ഷെ, പുതുതായി ഒന്നുംസംഭവിച്ചിട്ടില്ലെന്ന മട്ടിൽ കണ്ടക്ടർ ഇരിക്കുകയാണു്. രണ്ടുപേരും ഒന്നും ഉരിയാടിയില്ല.

ഭാര്യ അവിടെനിന്നും ശയനമുറിയിൽ കടന്നു. ചഞ്ചലഹൃദയത്തോടെ അവൾ എന്തുവേണ്ടു എന്നാലോചിക്കുകയാണു്. ഒരു കരിങ്കല്ലു കഴുത്തിൽ കെട്ടിത്തൂക്കിയിട്ട ഭാരമുണ്ടു് ഹൃദയത്തിനു്. എത്രനേരം അങ്ങനെ കഴിഞ്ഞുവെന്നു് അവൾക്കറിവില്ല.

എല്ലാ വീടുകളുമുറക്കമായി. ആനന്ദഭവനത്തിലും ഒന്നുരണ്ടു മുറികളൊഴികെ എല്ലാം ഇരുണ്ടു. പുറത്തോട്ടുള്ള ജന്നൽവാതിലുകൾ അടച്ചുപൂട്ടി കണ്ടക്ടർ സാവധാനം അകായിലേക്കു കടന്നു. അയാൾ മെത്തവിരിച്ചു് കട്ടിലിൽ തെല്ലുനേരമിരുന്നു. ഒരു ശിലാപ്രതിമപോലെ അടുത്ത കട്ടിലിലിരുന്ന വിശാലാക്ഷി തിടുക്കത്തിലെഴുന്നേററു് കതകു് കടുത്ത ശബ്ദത്തോടെ വലിച്ചടച്ചു സാക്ഷാ നീക്കി. ഒപ്പവെച്ചു ലക്ഷ്യമില്ലാതെ മുറിയിലങ്ങോട്ടുമിങ്ങോട്ടും നടന്നു. വെള്ളപ്പാച്ചിലിൽ നിറഞ്ഞുതുളുമ്പിനിന്ന ചിറ പൊട്ടിഒഴുകുംമാതിരി വാക്പ്രവാഹം തുടങ്ങി.

വി—ഇത്രഒക്കെ ആയിട്ടും ഇതൊന്നും മതിയാക്കാറായില്ല, അല്ലേ? ഏടാകൂടങ്ങളൊക്കെ ഉണ്ടാക്കാനാണൊരുക്കം. നിങ്ങളൊരു കാര്യം ചെയ്യു:

രാ: ക—എന്താണു നിന്റെ കാര്യം.

വി—ഒന്നു ഞാൻ പറയാം. ഇവിടത്തെ കാര്യങ്ങൾ നോക്കാൻതന്നെ ആളില്ലാതിരിക്കുന്നു. പിന്നെയാണോ നാട്ടിലുള്ളവരുടെ കാര്യം നോക്കാൻ.

രാ—അതുകൊണ്ടു്.

വി—ഇവളുമാരുടെ പിറകേ കുളിത്തോർത്തുപിഴിഞ്ഞുംകൊണ്ടു നടക്കാൻ എനിക്കു മനസ്സില്ല.

രാ—താമസിക്കാൻ ഇടമില്ലാതെ അന്യസ്ഥലത്തുകാരാരെങ്കിലും വന്നാൽ പിന്നെ ഒക്കില്ലെന്നുപറയാമോ?

വി—എന്താ പറഞ്ഞാൽ. ഇതു വല്ല വഴിയമ്പലവുമാണോ?

രാ—നിനക്കെന്താ ചേതം?

വി—എനിക്കല്ലാതെ പിന്നെ ആർക്കാണു് ചേതം? എന്തായാലും ഇവിടെ ഇതു ഒക്കുകയില്ല

രാ—നീ നിൻെറ കാര്യം നോക്കു്. ആവശ്യമില്ലാത്തിടത്തു് തലയിടേണ്ട.

വി—തലയിടാതെതന്നെ ഇരുന്നതാണു്. അതിൻെറഭവിഷ്യത്തുകൾ ഞാൻ കണ്ടുകഴിഞ്ഞു. ഒന്നുകിൽ വിളമ്പുന്ന അച്ചി അറിയണം, അല്ലെങ്കിൽ ഉണ്ണുന്ന നായരറിയണം.

രാ—ആവശ്യമില്ലാത്തിടത്തു കടന്നാലുണ്ടല്ലോ.

വി—ആവശ്യമുള്ളിടത്താണു് കടക്കുന്നതു്. അങ്ങിനെ കടക്കരുതെന്നുപറയാൻ.

രാ—ഞാനാണു് പറയുന്നതു്.

വി—നാളെ നേരംപരപരാന്നു വെട്ടംവയ്ക്കുമ്പോൾ ഇവിടെനിന്നു കടത്തിക്കൊള്ളണം ഈ വിദ്യയൊന്നും

വേണ്ട. എങ്ങാണ്ടുകിടന്ന......വലിച്ചുകൊണ്ടുവന്നിരിക്കുന്നു. ഇനി അവളുടെ താറുതാങ്ങലാണു് എനിക്കു ജോലി.

രാ—നീ കടന്നുസംസാരിക്കുന്നു. അത്രയൊന്നും വേണ്ടാ. വല്ല പെൺപിള്ളേരും വന്നുപോയാൽ അതു വേറെ എന്തോന്നിനോ ആണെന്നാണു്.

വി—ഓഹോ, എനിക്കറിയാം. വേലക്കാരിയെ പൊറുപ്പിച്ചവരാ വേദാന്തവുംകൊണ്ടുവരുന്നതു്.

രാ— അക്കഥയൊന്നും പറയാതിരിക്കായാണു് ഭേദം നിൻെറ കഥയൊന്നും എനിക്കറിഞ്ഞുകൂടെന്നാണു്.

വി—അങ്ങനെയെങ്കിൽ അതു നിങ്ങളുടെ പിടിപ്പുകേടുകൊണ്ടാണു്.

എന്തു പറഞ്ഞെടീ പറപ്പട്ടീ എന്നു ആക്രോശിച്ചുകൊണ്ടു് കോപാകുലനായകൺട്രാക്ടർ ചാടിയെഴുന്നേററു് തലമുടിക്കു ചുററിപ്പിടിച്ചു് ആ മുറിമുഴുവനും വലിച്ചിഴച്ചു. കൂട്ടത്തിൽ ചില തൊഴികളും. ശബ്ദബഹളങ്ങഠം കലാവതി ശ്രദ്ധിച്ചുകൊണ്ടു കിടക്കുകയായിരുന്നു. പക്ഷെ അവഠംക്കൊന്നും മനസ്സിലായില്ല.

കൺട്രാക്ടരുടെ താണ്ഡവം അവസാനിച്ചതു തന്നെ കതകുതുറന്നു് ഭാര്യയെ കഴുത്തിൽ കുത്തിപ്പിടിച്ചു് ഊക്കോടെ പുറത്തേയ്ക്കു തള്ളിയതിനുശേഷം മാത്രമാണു്. ആ തള്ളിൻെറ ഊക്കുനിമിത്തം വിശാലാക്ഷി പൂമുഖത്തിട്ടിരുന്ന സെററിയുടെ പുറത്തു കമിഴ്ന്നുവീണു. അവിടെയുംനിന്നില്ല. വാഴവെട്ടിയിട്ടമാതിരി നെഞ്ചടിച്ചു സിമൻറു തറയിൽ വീണു. മുഖം

നിലത്തു ശക്തിയോടെ ഇടിച്ചു. നിശ്ചലമായി അവർ അവിടെ കിടന്നു. ലഹളയുടെ ശബ്ദം പുറംതളത്തിൽ ചുരുണ്ടുകൂടി കിടന്ന നായുടെ ചെവിയിൽ ചെന്നലച്ചു. അതു് അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു കുരച്ചു.

വൃക്ഷങ്ങളുടെ ശാഖാഞ്ചലങ്ങളിൽനിന്നും മഞ്ഞിൻ കണികകൾ വീണുകൊണ്ടിരുന്നു. കൊച്ചുമിന്നാമിനുങ്ങുകൾ അന്ധകാരപ്പരപ്പിൽ ദൈവദത്തമായ കൈവിളക്കുമേന്തി സർവ്വത്ര സഞ്ചരിക്കുകയാണു്. പക്ഷേ താരകാരത്നഖചിതമായ പരവതാനി ആകാശവേദിയിൽ ആരും വിരിച്ചില്ല.

# 5

## ഒരു കുട്ടുകാരൻ

ചെമ്പട്ടിൽവെച്ച വജ്റസൂചികാം പോലെ ഉദയാരുണൻെറ കിരണാവലി പ്രശോഭിച്ചു. പൂർവ്വാംബരത്തിൽ ചെമ്പഞ്ഞിച്ചാറൊഴുകി. പറവക്കൂട്ടം പററം ചേൎന്ന് പാടിപ്പറന്നു. മരച്ചില്ലകഠം മഞ്ഞിൻകണികകഠം ഇററിററു വീഴ്ത്തിക്കൊണ്ട് ആടിയാടി നിന്നു. അല്ലിൻെറ അന്ധകാരമായ ജലപ്രവാഹം ഒലിച്ചൊലിച്ച് മുഴവൻ വററിപ്പോയി.

രവി ഉറക്കമുണൎന്നെങ്കിലും കുരങ്ങു ചത്ത കാക്കാനെപ്പോലെ പ്രസന്നതയില്ലാതെ മുററത്തും, വൃക്ഷമൂലങ്ങളിലും അലഞ്ഞുനടന്നു. പററം ചേൎന്ന് പക്ഷികഠം പറന്നുപോയതു കണ്ടപ്പോഠം രവിക്കും ആകുലതയുമുണ്ടായി. പക്ഷെ എത്ര വലിയ ഹൃദയാസ്വാസ്ഥ്യത്തേയും മായിച്ചു കളയാൻ നിദ്രയ്ക്കു സാധിക്കുമല്ലോ. അനുജൻ കൈവിട്ടുപോയതിൽ അവന് അളവററ കുണ്ഠിതമുണ്ടായി. താൻ നിമിത്തമാണല്ലോ അങ്ങനെ സംഭവിച്ചതെന്നുകൂടി ഓൎക്കുവാൻ ആ കുരുന്നു ഹൃദയത്തിന്നു കഴിഞ്ഞു.

ഉറക്കപ്പായിൽനിന്നും കണ്ണും തിരുമി സതി പുറത്തുവന്നു. വാഴച്ചുവട്ടിലിരുന്ന മൺകുടം ചെരിച്ചു കൈക്കുമ്പിളിൽ ജലം പകൎന്നു മുഖം കഴുകി മുററത്തു

വിരിഞ്ഞുലഞ്ഞുനിന്ന റോസാപ്പൂക്കളിൽ അവളുടെ ദൃഷ്ടികൾ പറന്നുപററി എന്നുവരികിലും അങ്ങോട്ടു ചെല്ലുവാനോ ഇറുത്തെടുത്തു തലമുടിയിൽ തിരുകാനോ അവൾ ഇഷ്ടപ്പെട്ടില്ല. പതിവുപോലെ ചൂലെടുത്തു് അങ്കണം തൂക്കാനായിട്ടുപ്പോയി. പുഞ്ചിരിച്ചുകൊണ്ടു് കാററിലാടിനിന്ന ചെമ്പനീർപ്പൂക്കളിലെ ദളങ്ങളിലും അവളുടെ ശോണിത ശോണിമയാൎന്ന കവിൾത്തടങ്ങളിലും അരുണകിരണങ്ങൾ തലോടിക്കൊണ്ടിരുന്നു.

മധു എങ്ങനെ കാണാതായി എന്നുള്ള ചിന്ത രമാകാന്തനെ അലട്ടിക്കൊണ്ടിരുന്നു. അച്ഛനമ്മമാരുമില്ലാത്ത ആ കുട്ടി അന്യസ്ഥലത്തകപ്പെട്ടുപോയാൽ എങ്ങനെ ജീവിക്കും. വിശന്നുവലഞ്ഞു് വല്ല വഴിവക്കിലും വീണുപോയിരിക്കയില്ലേ? മാത്രമല്ല യാചകരായ വല്ല കോടേങ്കികളുടേയും കയ്യിലകപ്പെട്ടതാകുമോ? അങ്ങനെ വന്നാൽ ഓമനത്തം തുളുമ്പുന്ന ബാലന്റെ അംഗങ്ങൾക്കു ഭംഗം വരുത്തി യാചനയ്ക്കായി അവർ കൊണ്ടുനടക്കില്ലേ?......ചിന്ത ഇത്രത്തോളമായപ്പോൾ രമാകാന്തൻ വല്ലാതെ വിഷമിച്ചുപോയി. ചിലർ പൊടിയിട്ടു് കുട്ടികളെ മയക്കി തങ്ങളുടെ കൂടാരത്തിൽ കൊണ്ടുപോകുന്നതായി കഥകൾ കേട്ടിട്ടുണ്ടു്. അങ്ങനെ ലഭിക്കുന്ന നിർഭാഗ്യരായ കുട്ടികളുടെ കണ്ണു പൊട്ടിക്കുകയും കാലുകൾ ഛേദിച്ചുകളയുകയും ചെയ്യാൻ ഈ കോടേങ്കികൾക്കു യാതൊരു മടിയുമില്ല. പലയിടത്തും അങ്ങിനെ സംഭവിച്ചിട്ടുമുണ്ടു്. മധുവിനു് ഒരു അപകടവും സംഭവിക്കാതിരുന്നെങ്കിൽ! രമാകാന്തൻ ആശംസിച്ചു.

ഈ കാര്യങ്ങളെല്ലാം ഭാര്യയോടു സംസാരിച്ചു. സുലേഖയും വിഷാദമൂകയായി. അവർ മുറിതുറന്നു

പുറത്തിറങ്ങി. അപ്പോൾ മഞ്ഞുമാററി; വൃക്ഷലതാദികൾ കൂടുതൽ ശക്തിയോടെ കാററിലാടി. വൃക്ഷങ്ങളുടെ തലപ്പുകളിലും വീടുകളുടെ മുകൾ ഭാഗങ്ങളിലും ഛായാതലങ്ങളില്ലാത്ത വെളിസ്ഥലങ്ങളിലും വെള്ളവസനങ്ങൾ സൂര്യൻ ഉണങ്ങാൻ വിരിച്ചുകഴിഞ്ഞിട്ട് ഏറെ നേരമായി.

പെട്ടെന്ന് കുളിയും കാപ്പികുടിയും കഴിഞ്ഞു് പതിവുപോലെ രമാകാന്തൻ ആഫീസിലേയ്ക്കുപോയി പോകാൻ കുടയും ചെരിപ്പുമെടുത്തു് മുററത്തേയ്ക്കിറങ്ങിയപ്പോൾ, സതി പരവശമായ മുഖഭാവത്തോടെ നോക്കിനില്ക്കുന്നതു കണ്ടെങ്കിലും കണ്ടില്ലെന്നു ഭാവിച്ചു. സുലേഖയെ വിളിച്ചു് മധുവിനെ അന്വേഷിക്കാൻ പോകയാണെന്നു് പ്രത്യേകം പറഞ്ഞു. അതുകേട്ട സതി അല്പം ആശ്വസിച്ചു.

സു—അപ്പോൾ ഉച്ചയ്ക്കു് ഉണ്കൊടുത്തയയ്ക്കണ്ടെ ആഫീസിൽ.

ര: കാ—ഒരുവേള ഞാനെളുപ്പം മടങ്ങിവരികയാണെങ്കിലോ. സതീ, ചോറുകൊണ്ടുവരണം കേട്ടോ? എന്നെ കണ്ടില്ലെങ്കിൽ നീ എന്തുചെയ്യും.

സതി—കണ്ടില്ലെങ്കിൽ......ഞാൻ തിരിച്ചു കൊണ്ടുപോരാം

രമാകാന്തൻ വേഗത്തിൽ നടന്നുപോയി.

ഉച്ചയാകുന്നതിനുമുമ്പു് രവി അവിടംവിട്ടു പുറത്തിറങ്ങി. അവൻ നേരെ തെരുവിലേയ്ക്കു നടന്നു. അതികഠിനമായ വെയിൽ. സൂര്യൻ ഉച്ചസ്ഥനായിനിന്നു് ഉഗ്രമായ നീണ്ട രശ്മികൾ കിഴക്കാംതൂക്കായി അന്തരീക്ഷത്തേയും തുളച്ചുകൊണ്ടു് ഭൂതലത്തേയ്ക്കു അയച്ചുതുടങ്ങി. ആളുകൾ വിയർത്തൊലിച്ചു കാര്യവ്യഗ്രരാ

യി നടന്നുപോയി ഫാക്ടറിയിൽനിന്നും ഉച്ചഭക്ഷണത്തിനായി തൊഴിലാളിപ്പെണ്ണുങ്ങൾ പുറത്തേയ്ക്കു് പൊയ്ക്കൊണ്ടിരുന്നു. രവി, അവരെയുംകടന്നു് സാവധാനം നടക്കുകയാണു്. ഇരമ്പിപ്പാഞ്ഞുവരുന്ന ബസ്സുകളിൽനിന്നു് കൂലിക്കാർ സാധനങ്ങൾ ഇറക്കുകയും കയററുകയും ചെയ്യുന്നു. ചിലർ കൂലിക്കു വഴക്കടിക്കുകയാണു്. കൂലി കുറഞ്ഞുപോയി എന്ന കാരണത്താൽ ചില ചുമട്ടുകാർ റൗഡികളെപ്പോലെ മാന്യന്മാരായ ആളുകളെ ആക്ഷേപിച്ചു സംസാരിക്കുന്നു. രവി ഇതെല്ലാം കണ്ടും കേട്ടും വൃഥാ നടക്കുകയാണു്. അവനു് അവൻെറ മധുവിനെ കാണണം. ഒരു ചായപ്പീടികയുടെ മുമ്പിൽചെന്നു് അവൻ കുടിക്കുവാൻ കുറെ വെള്ളം ചോദിച്ചു. ചായക്കടയിലെ ജോലിക്കാരൻ പരിഹാസമായി ചിരിച്ചുകൊണ്ടു് "പോടാ പോ! നിൻെറ തൊഴിലിനു പോടാ" എന്നാക്രോശിച്ചു. രവി വല്ലാതെ ചൂളിപ്പോയി. ഇതിനിടയിൽ എച്ചിൽപ്പാത്രത്തിൽനിന്നും കുറെ വെള്ളം ഒരു ഗ്ലാസ്സിൽ്കോരി രവിയുടെ മുഖത്തും നെഞ്ചിലും വീഴത്തക്കവണ്ണം ഊക്കോടെ ഒഴിച്ചുകൊടുത്തു. അവനു് വല്ലാത്ത അരിശമുണ്ടായി. കുനിഞ്ഞൊരു കല്ലെടുത്തു് യന്ത്രക്കപ്പിപോലെ അവൻ നിവന്നു. അടുത്തക്ഷണത്തിൽ ഓങ്ങി ഒരേറു്. ചായക്കടക്കാരൻെറ ഒരു ചെവിയെ ഉരസി മൂളലോടെ മുന്നോട്ടുപോയ കല്ലു് അലമാരിയുടെ കണ്ണാടി തകർത്തുകളഞ്ഞു. രവി അന്തംവിട്ടോടി ആൾക്കൂട്ടത്തിനിടയിൽ മറഞ്ഞു. കണ്ണാടി ഉടഞ്ഞുവീഴുന്ന കിലുകിലുശബ്ദം കേട്ട അങ്ങിങ്ങുനിന്നവർ വിശേഷമറിയാൻ പീടികയിലേക്കു തള്ളിക്കയറി. രവിക്കു ഓടി മറയാൻ ഇതുപകരിച്ചു. അവൻ അതിവേഗം നടന്നു് അകലത്തൊരു വൃക്ഷത്തണലിൽ ചെന്നു് ഇരിപ്പായി.

സംഭവങ്ങളെല്ലാം കണ്ടുകൊണ്ടുനിന്ന മററൊരു ബാലൻ രവിയെ അനുഗമിക്കുന്നുണ്ടായിരുന്നു. അവനും ആ പീടികത്തൊഴിലാളിയിൽനിന്നും ഇതുപോലൊരു അനുഭവം കിട്ടിയവനാണു്. അങ്ങനെ തുല്യദുഃഖിതർ ഒരുമിച്ചുകൂടി. അവർ തോഴരായിത്തീർന്നു. മധുവിനെ കണ്ടുപിടിക്കുന്നതിൽ രവിയെ സഹായിക്കാമെന്നു അവൻ ഏററു; എങ്കിലും അവിടെ നിൽക്കുന്നതു പന്തിയല്ലെന്നു് അവർ തീരുമാനിച്ചു.

പൂത്ത കൊന്നമരത്തിൻെറ കുടക്കീഴിൽ അവർ വളരെനേരം ഇരുന്നു. രവി, അവൻെറ കഥമുഴുവനും സലിമിനോടു പറയുകയാണു്. ഹൃദയാരുന്തുദമായ ആ കഥ അവനെ കലശലായി വേദനിപ്പിച്ചു. പ്രായത്തിൽ രവിയേക്കാളും നാലഞ്ചുവയസ്സിനു മൂപ്പവരും. പ്രായത്തിൽ കവിഞ്ഞ ശരീരപുഷ്ടിയും ദാർഢ്യവും സലിമിനു് ഉണ്ടായിരുന്നു. സാമാന്യം വെളുത്തുനീണ്ട ഒരു ക്രൂററനായിരുന്നു സലിം. കുററിമുടിയും തിളങ്ങുന്ന കണ്ണുകളും ആണു് അവനുള്ള സവിശേഷത. കീറിയ ഒരു ബനിയനും, നീലക്കയിലിയുമാണു് അവൻെറ വേഷം. കറുത്ത ഒരു മൽമൽ മുണ്ടു രണ്ടായിമടക്കി, വീണ്ടും അതു ത്രികോണാകൃതിയാക്കി തലയിൽ കെട്ടിയിരുന്നു. തുടുത്ത മുഖത്തു് കുനുകുനെയുള്ള ചെറുരോമങ്ങൾ മുളച്ചുതുടങ്ങിയതേയുള്ളു. അവൻെറ വാക്കിലും നോക്കിലും നടത്തയിലും എല്ലാം ചില കവലച്ചട്ടമ്പിമാരുടെ ഭാവമുണ്ടായിരുന്നു. ചുമടെടുത്തു ദൃഢമായ കണ്ഠവും, ഭാരവണ്ടിവലിച്ചു കരുത്തേറിയ കൈകളും, കനത്തകാലുകളും ആകെക്കൂടി അവൻ കൗമാരത്തിൽനിന്നും യൗവനത്തിലേക്കു കടന്ന ലക്ഷണങ്ങൾ കാണിക്കുന്നുണ്ടു്. ഏതായാലും രവിക്കു സലിമിൻെറസാമീപ്യം

വലിയൊരു ഭാഗ്യമാണെന്നു അവൻ കരുതിയിരിക്കണം. മാത്രമല്ല, അവൻ പൂർവ്വകാലചെയ്തികളുടെ ഒരു പട്ടിക നിരത്തിക്കഴിഞ്ഞപ്പോൾ രവി പൂർവ്വാധികം സന്തോഷിക്കുകയും ചെയ്തു.

സലിം—രവി നമുക്കു നടക്കാം.

രവി—എങ്ങോട്ട്,

സ—എങ്ങോട്ടെങ്കിലും. നമുക്കുംജീവിക്കണമല്ലോ. ലോകം ഇങ്ങനെ പരന്നുകിടക്കുകയല്ലേ? എവിടെയെങ്കിലുംപോയി ജീവിക്കാം സ്നേഹിതാ. നിൻെറ അനുജനെ കണ്ടുപിടിക്കയും ചെയ്യാമല്ലോ.

രവി അപ്പാടെ വിശ്വസിച്ചു. മററൊന്നും ചിന്തിക്കാതെ സമ്മതം മൂളി. സലിം തൻെറ ബനിയൻ പൊക്കിമടിക്കുത്തിൽനിന്നും ഒരു മുറിബീഡി എടുത്തു ചുണ്ടിൽചേർത്തു. ഒരു പഴയതീപ്പെട്ടിയിൽ, ഒരു കോലെടുത്തു ഉരച്ചു തീകത്തിച്ചു ബീഡിവലിച്ചു. അതിൻെറ പുകച്ചുരുളുകൾ ആകാശത്തേയ്ക്കു വട്ടംവട്ടമായിപറത്തി. ആ വൃത്തങ്ങൾ ഒന്നിനുപിറകേ ഒന്നായി വികസിച്ച് വായുവിൽ വിലയംപ്രാപിക്കുന്നതു് അവൻ നോക്കിയിരുന്നു. അവസാനം എരിഞ്ഞടങ്ങാറായ ബീഡിക്കുററി വിരലുകൾകൊണ്ടു അമർത്തിപ്പിടിച്ച് കറുത്തചുണ്ടുകൾക്കിടയിൽ ചേർത്ത് സീൽക്കാരത്തോടെ വലിച്ചശേഷം വലിച്ചെറിഞ്ഞു. ഉള്ളിൽനിന്നും ബീഡിപ്പുകമൂക്കിൻെറ ദ്വാരങ്ങളിൽക്കൂടി ബഹിർഗമിച്ചു. അനന്തരം അവൻ എഴുന്നേററു തലപ്പാവുപോലെ കെട്ടിയിരുന്ന തോർത്തെടുത്തു കയിലിയിലെ പൊടി തട്ടിക്കളഞ്ഞു് തോളത്തിട്ടു. സലിം മുൻപേയും രവി പിൻപേയും അങ്ങനെ നടക്കുകയാണവർ.

ഉച്ചസൂര്യൻ പടിഞ്ഞാറെ പകുതിയിലേക്കു മാറി യതേയുള്ളൂ. ചൂടു ഒട്ടും കുറഞ്ഞിട്ടില്ല. വൃക്ഷങ്ങളും റോഡരികിലെ വിളക്കുതൂണുകളും മററും അവയുടെ കറുത്തനിഴലുകൾ കഴിവതും ചുരുക്കിയിരുന്നു. അവർ രണ്ടുപേരും റോഡിലെ ചുട്ടുപഴുത്ത പൊടിമണ്ണുവിട്ടു് പാർശ്വഭാഗത്തുള്ള പുൽപ്രദേശത്തുകൂടെ നടന്നു. ബസ്സുകളും സൈക്കിളുകളും ഇളക്കിവിടുന്ന പൊടിപടലങ്ങൾ പൊങ്ങിപ്പറന്നു. രവി സലിമിൻെറ നിഴലെന്നവണ്ണം തണൽ പററി തളരാതെ പോയി. കുറേനേരം വർത്തമാനങ്ങളും പറഞ്ഞു് അവർ സഞ്ചരിക്കും. പിന്നീടു കാണുന്ന വൃക്ഷച്ഛായാതലങ്ങളിൽനിന്നു തളർച്ചമാററും. വീണ്ടും നടക്കും. ഇങ്ങനെ സന്ധ്യയോടടുത്തപ്പോൾ അവർ ഒരുചെറു പട്ടണത്തിലെത്തിച്ചേർന്നു

തെരുവുവിളക്കുകൾ വഴിനീളെ കത്തി. അവ പ്രഭാപൂരം പൊഴിച്ചു. പാലൊളിപോലുള്ള പ്രകാശധോരണി വിതറുന്ന ട്യൂബ്ലൈററുകൾ കടകളിൽ പ്രശോഭിച്ചു. കാര്യവ്യഗ്രരായി സ്ത്രീപുരുഷന്മാർ അങ്ങോട്ടുമിങ്ങോട്ടും പൊയ്ക്കൊണ്ടിരുന്നു. കണ്ണാടിഅലമാരകളിലിരുന്നു് മിന്നമിന്നുന്ന തുണികൾ വെളിച്ചത്തിൽ പകിട്ടേറി. കാർത്തികമാസത്തിലെ ആകാശമണ്ഡലത്തിൻെറ സാഗ്രഹരൂപമായിസ്വർണ്ണക്കടകൾ പ്രശോഭിച്ചു. തൂങ്ങുന്ന പഴുത്ത വാഴക്കുലകളാലും മധുരപലഹാരങ്ങൾ സംഭരിച്ചുവെച്ചിട്ടുള്ള കണ്ണാടിഅലമാരകളാലും ചായപ്പീടികകൾ ദീപ്തമായി. അതു കണ്ടപ്പോൾ പൈദാഹാർത്തരായ അവരുടെ നാവിൽ വെള്ളമൂറിയിരിക്കും. രവി വിശപ്പും ക്ഷീണവും കൊണ്ടു തളർന്നു ഈ കാഴ്ചകളൊന്നും അവനെ വശീകരിച്ചില്ല. അവൻ വേച്ചുവേച്ചു് നടക്കുകയാണു്. സലിം കൂട്ടുകാരനുമൊന്നിച്ചു് ഒരു ഭക്ഷണ

ശാലയിൽ കയറി ഊണുമേശയ്ക്കരികിൽ ഇരിപ്പുറപ്പിച്ചു ഇരുവരും മൃഷ്ടാന്നഭോജനം കഴിച്ചു. സലിം സൂക്ഷിച്ചിരുന്ന കടലാസുപൊതിയെടുത്തു് ഊണുകൂലി കൊടുത്തു പുറത്തിറങ്ങി അനന്തരം അവർ അങ്ങുമിങ്ങും ചുററിനടന്നു. നേരം വൈകി. കടകൾ പൂട്ടി. വണ്ടിയുടെ ഗതാഗതങ്ങൾ നിലച്ചു. പട്ടണം മിക്കവാറും വിജനമായി. തെരുവുവിളക്കുകൾ മാത്രം കണ്ണടയ്ക്കാതെ ചുടലബ്ഭ്രതം കണക്കെ നിലകൊണ്ടു. അവർ അടുത്തുള്ള ഒരു വെയിററിംഗ്ഷെഡിലേയ്ക്കു നീങ്ങി അവിടെ ഇരുന്നു. ഇരുവരും ഒന്നും ഉരിയാടിയില്ല. സമയം കുറേ അധികമായി. വിളക്കുകൾ അണഞ്ഞു. റോഡുനീളെ നായ്ക്കൾ അങ്ങോട്ടുമിങ്ങോട്ടുമോടുകയും കുരയ്ക്കുകയും കടിക്കൂടുകയും ചെയ്തുകൊണ്ടിരുന്നു. ചുററുപാടും ഇരുണ്ടു വെയിററിംഗ്ഷെഡ്ഡിലെ തണുത്ത സിമിൻറുതറയിൽ സലിം അവൻെറ ഉത്തരീയം നീട്ടിവിരിച്ചു. ഇരുവരും കിടപ്പായി. യാത്രാക്ലേശം രവിയെ അതവേഗം നിദ്രാധീനനാക്കി സലിം അവനോടു് ഒട്ടിച്ചേർന്നു കിടന്നു. സമയം കുറെ ഏറെയായി.

# 6

## വൈരം ഉടലെടുക്കുന്നു

ശബളാഭമായ ആടകളുമണിഞ്ഞു് ലാവണ്യവതിയായ കലാവതി നടനകുലാവിലാസത്തോടെ നടന്നു് ആഫീസിലേക്കു പോവുകയാണു്; ആകാശത്തുനിന്നു അടർന്നുവീണ മാരിവില്ലുപോലെ. കുളിർ കോരുന്ന വാതപോതത്തിന്റെ കിക്കിളിയേററിളകി കൂലത്തെ ലക്ഷ്യമാക്കിവരുന്ന ഓളംപോലെയായിരുന്നു അവളുടെ പദവിന്യാസം. അതിൽ ഒരു സംഗീതാത്മകത്വവും മാദകത്വവുമുണ്ടെന്നാണു് പലരും പറയാറുള്ളതു്. നിവർത്തുപിടിച്ച കുടക്കീഴിൽ പൗഡറും സ്നോയും കൊണ്ടു കുങ്കുമച്ചുവയാർന്ന കവിളിണകളിൽ കുറുനിരകൾ തത്തിക്കളിക്കുന്നു. നെറുകയിൽ പൊടിച്ചുവന്ന വേർപ്പിൻകണികകൾ സൂര്യരശ്മിയേററു് ഒരു ചെറുമുത്തുപോലെ വിലസി.

ആ ആഫീസിലെ ചെറുപ്പക്കാരായ ഉദ്യോഗസ്ഥന്മാർ അവളുടെ ആഗമനം ആവേശത്തോടെ നോക്കിയിരുന്നു. ചിലർ സാവധാനം ഇരിപ്പിടത്തിൽനിന്നെഴുന്നേററു് പുറത്തെ വരാന്തയിൽ നിലയുറപ്പിച്ചു. ഇതെല്ലാം കണ്ടതോടെ താനൊരു കിന്നരാംഗനയെന്ന ഭാവത്തിലാണു് അവളുടെ പോക്കു്. ചന്ദ്രമസ്സുപോലെ എല്ലാവരിലും കനിഞ്ഞു് പുഞ്ചിരിപ്പൂനിലാവു പൊഴിച്ചു വരാന്തയിലേക്കുള്ള പടി കയറിയപ്പോൾ

ഒന്നു കുണുങ്ങി. താമരത്താരിൽ പററിച്ചേൎന്നിരിക്കാൻ വെമ്പൽകൊള്ളുന്ന അരയന്നപ്പിട ചിറകുകളൊതുക്കു മ്പോലെ അവൾ കുട മടക്കി. നിതംബത്തെ ഉരുമ്മിക്കൊണ്ടു ആടിയാടിക്കിടന്ന സാരിത്തുമ്പു വലതുകൈ കൊണ്ടു ഒരു താളലയത്തോടെ പിടിച്ചു് സാവധാനത്തിൽ വക്ഷോജങ്ങൾക്കു മുഖാവരണംപോലെ ചാൎത്തി. സകലരുടേയും ആരോമലുണ്ണിയും ആരാധനാനികേതനവും ആനന്ദഭാജനവുമാണെന്ന ഭാവത്തിലാണു് ആഫീസിലേക്കു കാലൂന്നിയതു്.

കുട ഒരു മൂലയിൽ ചാരിവച്ചശേഷം മടങ്ങിവന്നു് മേശയ്ക്കരുകിൽ അല്പസമയം മററുള്ളവരുടെ ഗാഡ് ആഫ് ആണർ സ്വീകരിക്കാനെന്നവണ്ണം നിലയുറപ്പിച്ചു. ബ്ളൗസിനടിയിൽ തിരുകിവച്ചിരുന്ന പട്ടുതൂവാല എടുത്തു നിവൎത്തു് കസേരയിലെ പൊടിപോകാനെന്നവണ്ണം തട്ടിത്തൂത്തു വെടിപ്പാക്കി. അനന്തരം സാരി സ്വല്പമൊന്നു ഒതുക്കി ഇരുപ്പുറപ്പിച്ചു. ഭൃക്കുലത്തിൽ പൊതിഞ്ഞ വിദ്യുല്ലതയാണവളെന്നു് അസിസ്റ്റൻറു് എഞ്ചിനീയർ പറഞ്ഞ മുഖസ്തുതി കേട്ടപ്പോൾ ആമ്പൽപ്പൂപോലെ അവളുടെ മുഖം പ്രസാദതുന്ദിലമായി. നിമിഷനേരം കഴിഞ്ഞു് അവൾ അസിസ്റ്റൻറു് ഇഞ്ചിനീയരുടെ മേശയ്ക്കുമുമ്പിൽ ഒരപ്സരസ്സുപോലെ ചെന്നുനിന്നു. അദ്ദേഹമാകട്ടെ, വലതുകരം കൊണ്ടു കഷണ്ടിയേറിയ തലയിൽ അങ്ങിങ്ങു പാറിപ്പറന്നു കിടന്ന തലമുടി നേരേ ഒതുക്കുന്നതിൽ ബദ്ധശ്രദ്ധനായി. പല്ലു മുഴുവൻ വെളിയിൽ കാണത്തക്കവണ്ണം ചിരിച്ചു്, ഒന്നുകൂടി മുന്നോട്ടാഞ്ഞു കൈമുട്ടു മേശമേൽ കുത്തി താടിക്കു കയ്യുംകൊടുത്തിരുന്നുപോയി.

മാദകമായ ഒരു സൗരഭ്യത്തിൻെറ അലമാലകൾ

അവിടമെങ്ങും പ്രസൃമരമായി. കലാവതി ഹാജർ പുസ്തകം നീവത്തു തൻെറ പേരിനുനേരെ അടയാളം വെച്ചു. പുസ്തകം മടക്കിയപ്പോൾ അസിസ്റ്റൻറ് ഇഞ്ചിനീയർ വാങ്ങി, ഒപ്പു ഒന്നു പരിശോധിച്ചു പുഞ്ചിരിതൂകി.

"ഒപ്പും മനോഹരമായിരിക്കുന്നു. എന്തു സുന്ദരമായ വടിവ്" എന്ന് ഒരു പ്രശംസ ഇതു കേട്ടതോടെ, കലാവതി തൻെറ ചുണ്ടിൽ സ്വയം വിരിഞ്ഞ വെള്ളപ്പൂവ് അദ്ദേഹത്തിനായിസമ്മാനിച്ചു. മയ്യെഴുതി കരിങ്കുവളദളംപോലെ ശ്യാമകോമളമായ കണ്ണുകൾ കോണോടുകോൺ തുറന്ന് സുഖപ്രദമായ ഒരു കടാക്ഷവും, വെട്ടിത്തിരിഞ്ഞൊരു നാണംകുണുങ്ങലും. ഇതെല്ലാം നൊടിയിടയിൽ കഴിഞ്ഞു അടപ്പാഴേയ്ക്കും ഒന്നിനുപുറകെ ഒന്നായി ആഫീസ് സ്റ്റാഫ് മേശയ്ക്കുചുററും കൂടി ഹാജർ പതിക്കുന്നതിൽ വ്യാപൃതമായി. കലാവതിയാകട്ടെ തിരിഞ്ഞൊരു നടത്ത. അസി: ഇഞ്ചിനീയർ ചെരിപ്പിൻെറ സംഗീതസാന്ദ്രധ്വനിയിൽ കാതും കരളുമർപ്പിച്ച് ഏതോ അവാച്യമായ സ്വർഗ്ഗാനുഭൂതിയിൽ ലയിച്ചു.

ശിവൻെറ സർപ്പാഭരണംപോലെ കഴുത്തിനു ചുററും വളഞ്ഞുകിടന്ന നേര്യതു് അസി: എഞ്ചിനീയർ എടുത്തു കസേരയുടെ ചാരിൽ മടക്കിയിട്ടശേഷം എഴുന്നേററു കലാവതിയുടെ സമീപത്തേയ്ക്കു അലസമായിപ്പോയി. അവിടെ അനാഥമായി അധികപ്പറെറന്നനിലയിൽ കിടന്ന കസാലയിൽ ആസനസ്ഥനായി.

എന്താ പുതിയ താമസമെല്ലാം സുഖമാണോ?

കലാ—ഒരുവിധം.

അ: ഇ—ഇവിടത്തെ എണ്ണപ്പെട്ട ഒരു പണക്കാരനാണു് രാജൻകൺട്രാക്ടർ.

കലാ—താമസക്കാര്യത്തെ ഓർത്തു വിഷമിക്കയായിരുന്നു. ആ അല്ലൽ ഇനി ഇല്ല

അ: ഇ— അന്യസ്ഥലത്തുകാൎക്കു പാർപ്പിടത്തിനുള്ളപ്രശ്നം ഇവിടെ ഗുലുമാലുപിടിച്ചതു തന്നെ. ഈ ഒരേഒരു വീട്ടതന്നേയുള്ളു.

കലാ—അവരുടെ ഒരു കുടുംബാംഗംപോലെയാണു ഞാൻ കഴിയുന്നതു്.

അ: ഇ—ഞാനാവീട്ട കണ്ടിട്ടില്ല. ധാരാളം മുറികളെല്ലാമുണ്ടോ?

കലാ—ഉണ്ടെന്നോ? അംഗങ്ങൾ കുറവെന്ന കാര്യമേയുള്ളു. രണ്ടു കുടുംബക്കാൎക്കു താമസിക്കാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ടു്.

അ: ഇ—മി. രാജൻ പലപ്പോഴും എന്നെ. അങ്ങോട്ടു ക്ഷണിച്ചിട്ടുണ്ടു്. എപ്പോഴാ പോകാൻ നേരം? വൈകുന്നേരമെന്നുവെച്ചാൽ, വീട്ടിലെത്താനുള്ള ധൃതി കൊണ്ടു വണ്ടികാത്തു നിലയല്ലേ?

കലാ—എന്നും പോയിവരികയാണോ? അപ്പോൾ ബസ് ചാർജ്ജ് കുറെ വേണ്ടിവരുമല്ലോ.

അ: ഇ—പണത്തെ നോക്കാൻപററുമോ? വീട്ടുകാര്യങ്ങളും ഗവണ്മെൻറു ജോലിയുമായി ഒരിക്കലും പൊരുത്തപ്പെടുകയില്ല. അല്ലെങ്കിൽ സ്വദേശത്തായിരിക്കണം. പക്ഷെ നിങ്ങളെപ്പോലുള്ളവൎക്കു ചുമ്മാതിറങ്ങിപ്പോയാൽമതിയല്ലോ.

കലാ—ഇല്ലെന്നാരെങ്കിലും പറഞ്ഞോ?

ഇ—ഹോ! ഉടനെതന്നെ അങ്ങു കെറുവിച്ചുകള ഞ്ഞല്ലോ. ഈ പെണ്ണുങ്ങളെല്ലാം ഇങ്ങനെതന്നെ. കേട്ടോ മി......അവർക്കിഷ്ടമുള്ളതേ പറയാവൂ. അല്ലെ ങ്കിൽ മുഖം കറുപ്പിക്കും. ഇക്കൂട്ടങ്ങളെ മെരുക്കിക്കൊ ണ്ടുപോകുന്ന കാര്യമാണു ബഹു കഷ്ടം.

സുലേഖ തലപൊക്കി ഒന്നു നോക്കുകമാത്രംചെ യ്തിട്ടു തൻെറ ടൈപ്പുജോലി തുടൻ.

കലാ—എനിക്കു് സെക്‌ഷൻ ഏതാണു്. വലിയ ജോലിയും വിഷമവുമുള്ളതു എന്നെക്കൊണ്ടാവില്ല.

അ: ഇ—പെണ്ണുങ്ങളെ വിഷമിപ്പിച്ചു അവരെ ക്കൊണ്ടു ജോലിചെയ്യിക്കണമെന്നു് ആൎക്കെങ്കിലും വിചാരമുണ്ടോ? ഉണ്ടെങ്കിൽത്തന്നെ—

അ: ഇ—ഏതെങ്കിലും എളുപ്പമുള്ളതുനോക്കി ത്തരാം. അല്ലെങ്കിലും കലാവതി ജോലിക്കു വളരെ മിടു ക്കിയാണെന്നറിയാം. ആ നിലയ്ക്കു് നല്ലൊരു സെക് ഷൻതന്നെ ഇരിക്കട്ടെ. അറിയാൻപാടില്ലാത്തതുണ്ടെ ങ്കിൽ ഫയൽ ഇങ്ങേല്പിച്ചാൽമതി. ഞാനെഴുതി ക്കൊള്ളാം.

കലാവതി കുടുകുടെ ചിരിച്ചു. ക്ലാൎക്കന്മാർ തല പൊന്തിച്ചു കൂടക്കൂടെ ഏറുകണ്ണിട്ടു നോക്കി. കൂട്ട ത്തിൽ സുലേഖയും.

അസ്: എഞ്ചിനീയർ ഒരു കള്ളച്ചിരിയുമായി എ ഴുന്നേററു് അകമുറിയിലേയ്ക്കു പോയി. ഒരഞ്ചുനിമിഷം

കഴിഞ്ഞപ്പോൾ ഒരു ശിപായി വന്ന് കലാവതിയെ അകത്തേയ്ക്കു വിളിക്കുന്നതായി പറഞ്ഞു. കടലാസ്സിൽ വൃഥാ ഒപ്പിട്ടും വരച്ചുംകൊണ്ടിരുന്ന അവൾ പേന മേശപ്പുറത്തു വച്ചശേഷം എഴുന്നേററു് സാരിയുടെ മടക്കും ചുളിവുമെല്ലാം നേരെയാക്കി പൂവൻ കോഴിയെപ്പോലെ തലയുംപൊക്കിപ്പിടിച്ചു് അകത്തേയ്ക്കുപോയി. ക്ലാർക്കന്മാർ ചെവി വട്ടംപിടിക്കുന്നതും പരസ്പരം ആമന്ത്രണംചെയ്യുന്നതും അവൾ ഒളികണ്ണാൽ സൂക്ഷിച്ചു. കലാവതിക്കതിൽ ക്രൂസലും വെറുപ്പും തോന്നിയില്ല തിരിച്ചുവരുമ്പോൾ ഒരു ജേതാവിൻെറ തലയെടുപ്പും പ്രൗഢിയും അവൾക്കുണ്ടായിരുന്നു. പിന്നാലെ ഇഞ്ചിനീയരും വന്നു സ്വസ്ഥാനത്തിരുന്നു. അല്പസമയം അവർ എന്തോ പരസ്പരം അടക്കിയസ്വരത്തിൽ സംസാരിക്കുന്നുണ്ടായിരുന്നു. അടുത്തിരുന്ന ടൈപ്പിസ്റ്റ് ശ്രദ്ധിച്ചു എങ്കിലും ഒന്നും മനസ്സിലാക്കാൻ സാധിച്ചില്ല.

ഒരു ആഫീസ്ഓർഡർ ശിപായി കൊണ്ടുവന്നു. ക്ലാർക്കന്മാർ, ചക്കരയിലീച്ചകളെന്നപോലെ മേശയ്ക്കു ചുററും കൂടി. വായിച്ചവരെല്ലാം പിന്നോക്കം മാറി. അങ്ങുമിങ്ങും കൂട്ടംകൂടിനിന്നു കമൻറടിതുടങ്ങി. താനൊന്നുമറിഞ്ഞില്ലെന്ന ഭാവത്തിൽ അസി: ഇഞ്ചിനീയർ ഫയലിൽ കണ്ണോടിച്ചുകൊണ്ടിരുന്നു കലാവതി കാണാതായ ഏതോ ഫയൽ തേടുന്നമാതിരി ജാഗ്രതയായി തെരഞ്ഞുകൊണ്ടിരുന്നു.

"കണ്ടില്ലെ, നല്ലനേരത്തു കാലെടുത്തു കുത്തിനാലുള്ള ഫലം. നാലഞ്ചുനാളായില്ലവന്നിട്ടു്; അതിനുമുൻപു പുള്ളി കോളടിച്ചല്ലോ."

"ഞാനന്നേ പറഞ്ഞതാണു്, ബിൽസെക്ഷൻ ക്ലാർക്കിനോടു് താനീ കിടന്നു പാട്ടുപാടേണ്ടകാര്യമില്ല; സർക്കാർകാര്യങ്ങൾ മുറപോലെ നടക്കുമെന്നു്."

"ജോലി ചെയ്യാതെ ജോലിതീരുമോ?"

കലാവതി ബിൽസെക്ഷൻ ചാർജ്ജേറ്റതോടെ ആഫീസിലെ അന്തരീക്ഷം ഒന്നു മാറി മുൻപു് ആ സെക്ഷൻ ജോലി ചെയ്തിരുന്ന ആൾ യാതൊരു പരാതിക്കും ഇടം നൽകിയിരുന്നില്ല. അഴിമതികൾ കാണിച്ചിരുന്നില്ല. എന്നിട്ടും അയാളെ അവമതിക്കാനെന്ന വണ്ണം കരുതിക്കൂട്ടിചെയ്ത ഈ പ്രവൃത്തിയിൽ ഏവർക്കും അമർഷമുണ്ടായി. പക്ഷെ ആരുംതന്നെ അതു പ്രകടിപ്പിച്ചില്ല.

അങ്ങനെ രണ്ടാമത്തും അസി:ഇഞ്ചിനീയരുടെ കാരുണ്യവർഷംകലാവതിയിൽചൊരിഞ്ഞു.

"കൊച്ചു് ഇരയിട്ടു വലിയ മീൻ പിടിക്കുകയാണു്." ഒരു ക്ലാർക്കു ചിരിച്ചുകൊണ്ടുപറഞ്ഞു:—

ദിവസങ്ങൾ കഴിഞ്ഞതോടെ ആഫീസിനകത്തും പുറത്തും ഇതൊരു സംഭാഷണവിഷയമായി സംഭവങ്ങൾ പലതും പൊടിയും തൊങ്ങലും വെച്ചു് പുറത്തു പരന്നു. നേരിൽ പറ്റിയനുണകളും നിറം പിടിച്ചനുണകളും നിമിഷം പ്രതി പ്രചരിച്ചു ഇതിനെല്ലാം കാരണക്കാരി സുലേഖയാണെന്നു് അസി:ഇഞ്ചിനീയർ വിശ്വസിച്ചു. പോരെങ്കിൽ കലാവതി സന്ദർഭവശാൽ പലതും പറഞ്ഞു കേൾപ്പിക്കയും ചെയ്തു.

പുതിയ സെക്ഷനിൽ ജോലി ആരംഭിച്ചതോടു കൂടി ആഴ്ചയിൽ രണ്ടു സാരിവീതം മാറിക്കൊണ്ടിരുന്ന

കലാവതി ദിവസവും നേർത്തു മിനുത്ത വിലകൂടിയ സാരികൾ ധരിക്കാൻ തുടങ്ങി. അസി: ഇഞ്ചിനീയരുടെ കഴുത്തിൽ ദിവസം പ്രതി നവനവങ്ങളായ നേർച്ചുകൾ കണ്ടു.

ആഫീസുകാര്യങ്ങൾക്കായി കലാവതിയെ സമീപിക്കുന്ന പൊതുജനങ്ങൾ നിരാശരായും ഹതാശരായും മടങ്ങേണ്ടിവന്നു. അവളാണെങ്കിൽ മേലാഫീസറുടെ ചിറകിനടിയിൽ സുരക്ഷിതയായിക്കഴിയുന്നു. വേലി തന്നെ വിളവുതിന്നുന്ന കാലമായാൽ പോം വഴി ഇല്ലല്ലോ. ആഫീസിൽ കലാവതിയുടെ സ്വാധീനശക്തി വിജയശ്രീലാളിതമായി വിരാജിച്ചു. പൊതുജന മദ്ധ്യത്തിലും വല്ലാത്ത കോളിളക്കമുണ്ടായി. പക്ഷേ പാനപാത്രത്തിലെ കൊടുങ്കാററാണതെന്നു് കലാവതി അസിസ്റ്റൻറു ഇഞ്ചിനീയറെ ധരിപ്പിച്ചു.

എല്ലാ ക്ലാർക്കന്മാരും ടൈപ്പിസ്റ്റ് സുലേഖയും പോയശേഷം മാത്രമേ കലാവതി ആഫീസുവിടുകയുള്ളൂ.

ഒരു ശനിയാഴ്ച മണി ഒന്നരകഴിഞ്ഞു. ക്ലാർക്കന്മാർ ഒന്നൊന്നായി പോയി. വിദേശികളായവർ നേരത്തേ ഭാണ്ഡം മുറുക്കി കലാവതിഫയലുകൾ അടുക്കികെട്ടി അലമാരയിൽ നിക്ഷേപിച്ചശേഷം കുറേനേരം അവിടെത്തന്നെ ഇരുന്നു.

“എന്താ പോകുന്നില്ലേ?” ഇഞ്ചിനീയർ സംഭാഷണത്തിൻെറ താക്കോൽ തിരിച്ചു.

കലാ:-എനിക്കൊരു കാര്യം പറയുവാനുണ്ടു്.

ഇഞ്ചി- അതു പറയാൻ നേരത്തേക്കൂട്ടി അനുവാദം വാങ്ങണമോ? പറയാമല്ലോ.

കലാ-ഞാൻ ഇവിടെ വന്നിട്ടു മാസങ്ങൾ പലതു കഴിഞ്ഞു. ഞാനിരുന്ന ആഫീസിലെങ്ങും എന്നെപ്പററി ഒരു പരാതിയുമുണ്ടായിട്ടില്ല.

ഇ-തെളിച്ചു പറയൂ കലാവതി ഞാനുമറിയട്ടെ,

കലാ-പറയാം. പറയാൻ തന്നെയാണുതുടങ്ങുന്നതു്. ഞാൻ ആവശ്യപ്പെട്ടിട്ടല്ല ഈ സെക്ഷൻ എനിക്കുതന്നതു്.

ഇ-അല്ല, ഞാൻ തന്നെയാണു്. അതിനുള്ള അധികാരം എനിക്കുള്ളതുകൊണ്ടു്.

കലാ-ആരും ചോദ്യം ചെയ്യുന്നില്ല. പക്ഷെ ഫലത്തിൽ അങ്ങനെയാണു്.

ഇ-തെളിച്ചു പറയൂ.

കലാ—എന്നെപ്പററി എന്തെല്ലാം അപവാദങ്ങളാണു പരത്തുന്നതു്. എല്ലാം ഈ സെക്ഷനാണു അടിസ്ഥാനം.

ഇ—എന്താണു്?

കലാ— കൊള്ളക്കാരിയെന്നും കൈക്കൂലിക്കാരിയെന്നും. എന്നുവേണ്ട; നൂറന്നൂറായിരം ആരോപണങ്ങൾ.

ഇ—ആരാണിതെല്ലാം പറയുന്നതു്, അല്ലെങ്കിൽ ദുർജ്ജനങ്ങളുടെ വാമൂടാൻ പ്രയാസമാണു്.

കലാ—വാമൂടണമെന്നല്ല. എങ്കിലും സ്ത്രീയെന്നുള്ള ഒരു പരിഗണനയെങ്കിലും വേണ്ടേ. ഇന്നാട്ടുകാർക്ക് അതുപോലുമില്ല.

ഇ—ഇന്നാട്ടുകാർ പറയുന്നതിൽ നമുക്കെന്തുചെയ്യാൻ കഴിയും. വിശേഷിച്ചും അപവാദത്തെ എതിർത്താൽ തറയിൽ ആഞ്ഞടിക്കുന്ന പന്തുപോലെ വീണ്ടും കൂടുതൽ ഉയരത്തിൽ പൊങ്ങുകയേയുള്ളൂ. കേട്ടില്ലെന്നു ഭാവിക്കൂ! അതാണുത്തമം.

കലാ-എത്രനാളങ്ങനെ ഭാവിക്കും. ക്ഷമയ്ക്കും സഹനശക്തിക്കും ഒരതിരില്ലേ? പുറത്തിറങ്ങി നടക്കാൻ മേലാ.

ഇ—അത്ര കഷ്ടത്തിലാണോ?

കലാ—അതെ.

അവളുടെ മുഖം ചുവന്നു. കണ്ണുകൾ കലങ്ങി. ചുണ്ടുകൾ വിറച്ചു. ഗദ്ഗദംകൊണ്ടു ആ സംഭാഷണം പൂർത്തിയാക്കുവാൻ അവൾക്കു കഴിഞ്ഞില്ല ആ രംഗം അവൾ ശരിയായി അഭിനയിച്ചു, ശോകമൂകമായ ചുററുപാട്, അതുകാണുവാൻ അസിസ്റ്റൻറു ഇഞ്ചനീയർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷെ അദ്ദേഹം മാത്രമായി കാണണമെന്നേ അവളും ആഗ്രഹിച്ചുള്ളൂ. എന്തോ ഗൗരവതരമായ സംഗതികളുണ്ടെന്നും അതു വെളിവാക്കാൻ അവൾക്കു വൈഷമ്യമുണ്ടെന്നും അസി: ഇഞ്ചിനീയർ മനസ്സിലാക്കി.

മൗനം ഭഞ്ജിക്കുകയാണു്.

ഇ—ആരാണു് ഇതെല്ലാം പറഞ്ഞുപരത്തുന്നതെന്നറിയാമോ? ആഫീസിലുള്ളവരായിരിക്കും.

കലാ—ഒരു കാര്യം നന്നായി ഒക്കേണ്ടതാണ്. സ്ത്രീകളെപ്പററി ദോഷംപറയുന്നതു് സ്ത്രീകളായിരിക്കും.

ഇ—അപ്പോൾ സുലേഖയാണ് അല്ലേ? ശരി വഴിയുണ്ടാക്കാം. ആഫീസിലുള്ളവരെ ചീത്തയാക്കാൻ തുടങ്ങിയിരിക്കുന്ന പട്ടവിസ്റ്റി. കൊള്ളാമല്ലോ. അവളെ ഒരു പാഠം പഠിപ്പിക്കാതെ വിടാമോ? തീയോടാണു കളിക്കുന്നതെന്നു അവൾ അറിയുന്നില്ല മര്യാദയ്ക്കിരുന്നില്ലെങ്കിൽ കാസർകോട്ടായിരിക്കുംവേല. നന്നായോക്കട്ടെ. ഉം. കലാവതി പോകൂ. തിങ്കളാഴ്ച ആകട്ടെ. വേണ്ടതു ചെയ്യാം. ഇനി ഒന്നുകൊണ്ടും ക്രുദ്ധാകേണ്ട.

കലാവതി കൈലേസുകൊണ്ടു കണ്ണുതുടച്ചശേഷം, സാരി നേരേ ഒതുക്കിയിട്ടു കുടയുമെടുത്തു് പുറത്തേയ്ക്കു നടന്നു. പോകുന്നപോക്കിൽ തലവെട്ടിത്തിരിച്ചു് ഇഞ്ചിനീയറുടെനേരെ ഒരു പുഞ്ചിരിപ്പൂ ഇറുത്തെറിഞ്ഞു.

"കള്ളി ചിരിക്കാതെ പോണു" ഇഞ്ചിനീയർ വെളുക്കെച്ചിരിച്ചുകൊണ്ടു കൊഞ്ചി. അവളുടെ ചെരിപ്പിൻെറ കരകരശബ്ദം ചെവിയിൽ അലച്ചുകൊണ്ടിരുന്നതു് മായുന്നതുവരെ അദ്ദേഹം വാതിലിൽതന്നെ നോക്കിക്കൊണ്ടുനിന്നു.

# 7

## ആശുപത്രിയിൽ

പലവിധമായ ചിന്തകളുടെ വേലിയേററമുണ്ടായതുകൊണ്ടു് കലാവതിയുടെ തലയ്ക്കു് മത്തുപിടിച്ചപോലായി. ആനന്ദഭവനത്തിൽ ചെന്നദിവസം അവൾക്കുറക്കംവന്നില്ല. ഗൃഹത്തിലെ അന്തച്ഛിദ്രത്തിൻെറ ഹേതു അവൾ ഏറെക്കുറെ മനസ്സിലാക്കി. ചരിഞ്ഞും മറിഞ്ഞും നീണ്ടും നിവൎന്നും കിടന്നു് ഒരുവിധം നേരംവെളുപ്പിച്ചു. കട്ടിലിൽനിന്നു് എഴുന്നേററ ഉടനെ പൂമുഖത്തിറങ്ങി. ഒരു രൂപം കമിഴ്ന്നു് വെറും സിമൻറു തറയിൽ കിടക്കുകയാണു്. ലൈററിട്ടു സൂക്ഷിച്ചുനോക്കി, കബരീഭാരം കെട്ടഴിഞ്ഞുചിതറി നാലുപാടും ഇരുട്ടു വ്യാപിച്ചിട്ടുണ്ടു്. ചൂണ്ടുപലകപോലെ, ഒരു കയ്യു് മെയ്യിൽനിന്നു നീണ്ടിരിക്കുന്നു. മറെറക്കയ്യു് മടങ്ങി മാറോടടുത്തുണ്ടു്. സ്ത്രീരൂപം. അനക്കമില്ല. വിശാലാക്ഷിയാണെന്നു കലാവതി മനസ്സിലാക്കി. ഒച്ചവയ്ക്കാതെഅടുത്തുചെന്നു ഝടുതിയിൽ കുനിഞ്ഞു കുലുക്കിവിളിച്ചു. നിശ്ചലമായി കിടക്കുകയാണു്. ശരീരം തണുത്തിരിക്കുന്നു. തറയിൽ കട്ടപിടിച്ച രക്തം. ഹൃദയമൊന്നു അമ്പരന്നു. വായിൽക്കൂടി ചോര പൊട്ടിഒലിച്ച പാടുകൾ കാണ്മാനുണ്ടു്. ഇളകാതതക്കവണ്ണം പല്ലുകൾ തമ്മിൽ കോർത്തിരിക്കുന്നു. കലാവതി വല്ലാതെവേദനിച്ചു. അവൾക്കു കരയണമെന്നുതോന്നി.

അത്യാപത്തിൽ സ്ത്രീകൾക്കു ആത്മധൈര്യം പ്രകൃതിസിദ്ധമാണല്ലോ. അവർ ഒരുവിധം ധൈര്യമവലംബിച്ചു.

"ചേച്ചി ചേച്ചി വെറുംതറയിൽകിടക്കുകയാണോ? ഇവിടെ എല്ലാം ചോരവീണിരിക്കുന്നതു കണ്ടില്ലേ?" അമ്പരന്ന ആ വിളികേട്ട് കൺട്രാക്ടർ പുറത്തുവന്നു. ഭാര്യയുടെ കിടപ്പുകണ്ടു് അയാൾ അന്ധാളിച്ചുപോയി. ഇതിനിടയിൽ കുട്ടികളും എത്തിച്ചേർന്നു. രംഗം കണ്ടു എല്ലാവരും പകച്ചുനിന്നു പരിദേവനം ചെയ്തു. എന്നിട്ടും വിശാലാക്ഷിക്കു അനക്കമില്ല.

സൂര്യൻ തുറന്നുകിടന്ന ജനൽപാളികളിൽ കൂടി വെള്ളിക്കോലുകൾ തിരുകിയിറക്കി. ഒരു ഭ്രാന്തനെപ്പോലെ കൺട്രാക്ടർ പുറത്തേക്കു പാഞ്ഞുപോയി, നിലവിളികേട്ട അയൽവാസികൾ ഓടിയെത്തി. എല്ലാവരുടേയും മുഖം മ്ലാനമായിരുന്നു. പത്തിരുപതു മിനിട്ടുകഴിഞ്ഞിരിക്കും. അപ്പോഴേക്കു ഒരു കാർ ഗേററിലെത്തിച്ചേർന്നു. കൺട്രാക്റ്റർ അതിൽനിന്നിറങ്ങി പൂമുഖത്തെത്തി. മററു ചിലരുടെ സഹായത്തോടെ വിശാലാക്ഷിയെ താങ്ങിയെടുത്തു് കാറിലേററി. കാർ ഇരമ്പിക്കൊണ്ടു മുന്നോട്ടോടി, കലാവതിയുംകുട്ടികളും കണ്ണീർകണങ്ങൾ തുളുമ്പിനിന്നനേത്രങ്ങളുമായി നിലകൊണ്ടു.

അസാധാരണമായ ഉദ്വേഗത്തോടെ ഓടിവരുന്ന കാർ കണ്ടിട്ടു ഡാക്ടരും നഴ്സുമാരും ശിപായിമാരുമെല്ലാം ഓപ്പറേഷൻമുറിയുടെ വാതില്ക്കൽ നിലയുറപ്പിച്ചു.

കൺട്രാക്ടർ കാറിൽനിന്നും പുറത്തിറങ്ങി ചിലരുടെ സഹായത്തോടെ വിശാലാക്ഷിയെ താങ്ങിയെ

ടുത്തു് കല്പടകയറി മേൽമേൽ കൊണ്ടുപോയി കിടത്തി. ഡാക്ടർ കൈപിടിച്ചു് നാഡി പരിശോധിച്ചു. അദ്ദേഹത്തിന്റെ മുഖത്തു രക്തരേഖകൾ തെളിഞ്ഞു. നഴ്സ് കുത്തിവെയ്ക്കാനുള്ള മരുന്നും മററു സാമഗ്രികളുംകൊണ്ടുവന്നു. അന്യ ആളുകൾ പ്രവേശിക്കാതെ ശിപായിമാർ വാതിലടച്ചു.

ഉൽക്കണ്ഠാകുലനായി കൺട്രാക്ടർ വാതില്ക്കൽ നില്ക്കുകയായിരുന്നു. ശസ്ത്രങ്ങൾ കൂട്ടിമുട്ടുന്നശബ്ദം പുറത്തുകേൾക്കാം. അവിടെ നിന്നിരുന്ന കൺട്രാക്ടർ ശ്വാസമടക്കി ചെവിയോർത്തു. എന്താണു സംഭവിക്കുന്നതെന്നു് അയാൾക്കറിയണം. ഡാക്ടർ വിശാലാക്ഷിയുടെ വലത്തു കൈത്തണ്ടിൽപിടിച്ചു് അല്പം ഉയർത്തി സൂക്ഷിച്ചുനോക്കി, ഞരമ്പുകൾ കണ്ടുപിടിച്ചു. നഴ്സ് പഞ്ഞിയിൽ ഏതോ ദ്രാവകംമുക്കി ആ ഞരമ്പിന്റെ സ്ഥാനത്തു പുരട്ടി. ഡാക്ടർ മരുന്നുനിറച്ച ട്യൂബിൽ സൂചിഘടിപ്പിച്ചു് സാവധാനം കുത്തിവച്ചു. മറെറാരു ശസ്ത്രം കയ്യിലെടുത്തു ഡാക്ടർ രോഗിണിയുടെ വായിൽ കടത്തി പല്ലുകൾ അകററി നഴ്സ് മരുന്നു പകൎന്നൊഴിച്ചു കൊടുത്തു.

ഡാ—ഒരു പത്തു നിമിഷം ഇങ്ങനെ കിടക്കട്ടെ. ആരും ചെന്നു് ഉപദ്രവിക്കേണ്ട.

വീണ്ടും നാഡീസ്പന്ദനം പരിശോധിച്ചു. ഡാക്ടരുടെ മുഖഭാവം മാറിയില്ല. മുഖത്തെ ഇരുളിനു കനം കൂടി. നഴ്സ്, "ഇനി എന്തു്?" എന്ന ഭാവത്തിൽ ഡാക്ടരുടെ മുഖത്തേയ്ക്കു നോക്കി. രോഗിണിയുടെ ഭർത്താവായ കൺട്രാക്ടർ മുറിയുടെ പുറത്തെ വരാന്തയിൽ അക്ഷമനായി കാത്തുനിന്നു. കൂട്ടിലടയ്ക്കപ്പെട്ട

വെരുവിനെപ്പോലെ അയാൾ അങ്ങോട്ടുമിങ്ങോട്ടും വൃഥാ നടന്നുകൊണ്ടിരുന്നു. തലകുമ്പിട്ടു് കൈകൾ പിന്നിൽ കെട്ടിയുള്ള ആ നടത്ത പലരുടേയും ശ്രദ്ധയെ ആകർഷിച്ചു. ചിലപ്പോൾ അങ്ങനെ നില്ക്കും വീണ്ടും കാലുകൾ യാന്ത്രികമായി നീങ്ങിത്തുടങ്ങും. കൂടക്കൂടെ കതകിൻെറ വിടവിൽകൂടി ഉള്ളിലേക്കുനോക്കും. ചെവിയോർക്കും, എന്താണു സംഭവിക്കുന്നതെന്നുള്ള ആകാംക്ഷയോടെ. തലേന്നു രാവിൽ ഭാര്യയെ പിടിച്ചു തള്ളിയ ആ ദുരന്തസംഭവം അയാളെ വ്യാകുലപ്പെടുത്തി. അവൾക്കെന്തെങ്കിലും സംഭവിച്ചുപോയാൽ...... ആ ഭർത്താവു വിങ്ങിപ്പൊട്ടുമട്ടായി. അയാളുടെ തല കറങ്ങി. നിലത്തു ദൃഷ്ടികളൂന്നിക്കൊണ്ടു ഒരേ നിലയിൽ നിന്നു നിമിഷങ്ങൾ പോക്കി.

അതാ കതകു തുറക്കുന്നു. അയാളങ്ങോട്ടേക്കു ആഞ്ഞുനടന്നു നഴ്സ് ധൃതിയിൽ പുറത്തുവന്നു. കതകു വീണ്ടും അടഞ്ഞു. "നഴ്സ്, നഴ്സ്" അയാൾ വീണ്ടും വീണ്ടും വിളിച്ചു. നഴ്സ് ഇമവെട്ടാതെ അയാളെ നോക്കി. പിന്നെയും നടക്കുകയാണു് കൺട്രാക്ടർ ആ അരിപ്രാവിൻെറ പിന്നാലെ കൂടി "നഴ്സ് അവൾക്കെങ്ങനെയിരിക്കുന്നു." "ഓർമ്മ വീണിട്ടില്ല;" നഴ്സ് വേഗത്തിൽ നടന്നകന്നു. അയാൾ ജീവച്ഛവം പോലെ അവിടെത്തന്നെ നിന്നു. അകത്തു കയറി ഡാക്ടരോടു ചോദിക്കാൻ അയാൾ വെമ്പൽപ്പെട്ടു. പക്ഷെ, അപരാധബോധം അയാളെ അതിനനുവദിച്ചില്ല. നഴ്സ് മടങ്ങിവന്നു.

"വിഷമമൊന്നുമില്ലല്ലോ നഴ്സ് പറയൂ."

"ഒന്നും പറയാറായിട്ടില്ല. രക്തം വളരെ വാൻ പോയി. എങ്ങനെ സംഭവിച്ചു?"

രാജൻ കൺട്രാക്ടർ അന്ധാളിച്ചു. എന്തു പറയണമെന്നു അയാൾക്കൊരു രൂപവുമില്ല. നഴ്സ് വീണ്ടും ചില മരുന്നുകുപ്പികളുമായി അകത്തുപോയി. ഉൽകണ്ഠാകുലമായ നിമിഷങ്ങൾ ചിറകടിച്ചു പറന്നുപൊയ്ക്കൊണ്ടിരുന്നു. നേരിയ സംഭാഷണത്തിൻെറ മാറെറാലികൾ. ആഭത്താവ് ആവേശത്തോടെ ശ്രദ്ധിച്ചു.

ഡാ—ഇനി ഭയക്കാനില്ല. ലേശം ഭാഗ്യമുണ്ടു്. നേഴ്സ് നോക്കൂ! കണ്ണു തുറക്കുന്നുണ്ടു്.

കാററടിച്ചു സ്വയം വിടവുണ്ടായപ്പോൾ കതകിൽ കൂടി കൺട്രാക്ടർ അകത്തേക്കു് ഉളിഞ്ഞുനോക്കി. നീണ്ടുനിവന്നു കിടക്കുകയാണു വിശാലാക്ഷി, തൊട്ടടുത്തു കസേരയിൽ ഡാക്ടർ നിന്നിമേഷനായി നോക്കിയിരിക്കുന്നു. വിശാലാക്ഷിയുടെ ദുർബലമായ കൈകൾ അനങ്ങുന്നുണ്ടു്. വേദനാപൂർണ്ണമായ ഞരക്കം.

കൺട്രാക്ടർ പിന്മാറി, ലോകചക്രം ദ്രുതഗതിയിൽ കറങ്ങുന്നതായി അയാൾക്കു തോന്നി. കൈത്തലംകൊണ്ടു തലയും താങ്ങിപ്പിടിച്ചു പിന്നോക്കം നടന്നു്, അയാൾ അവിടെ ഒരു ബെഞ്ചിന്മേലിരുന്നു. ആ ഇരുപ്പ് എത്രനേരത്തേക്കോ!

നേരം നന്നേ വെളുത്തു. കാലമാകുന്ന അലക്കുകാരൻ ഇരുൾവിഴുപ്പുകൾ അലക്കി വെളുപ്പിച്ചു് ഈറൻ വസ്ത്രങ്ങൾ വൃക്ഷത്തലകളിലും പറമ്പിലുമെല്ലാം വിരിച്ചുതുടങ്ങി. ആശുപത്രിയും പരിസരങ്ങളും സജീവമാ

യി രോഗികളെ ശുശ്രൂഷിക്കാനെത്തിയിട്ടുള്ളവർ അവരുടെ കൃത്യങ്ങളിലേർപ്പെട്ടു. ആശുപത്രിയും പരിസരവും കിളിക്കൂട്ടുകൾനിറഞ്ഞ പാദപംപോലെ വിരുതപൂരിതമായി.

വിശാലാക്ഷിയെ ഒരു പേവാർഡിലേയ്ക്കു മാററി. അവളുടെ നെററിയിലും മുഖത്തും പററിയ മുറിവുകളിൽ മരുന്നുവച്ചു കെട്ടി. ഒരിരുമ്പുകട്ടിലിൽ മെത്തയും, അതിന്മേൽ വെള്ളവസ്ത്രവും വിരിച്ചു കാല്ക്കലും തലയ്ക്കലും പതുപതുത്ത തലകണകളുംചേർത്തു നീണ്ടുനിവന്നു കിടക്കുകയാണു് വിശാലം. ചുവരിന്മേൽ പനിയളന്നുകുറിക്കാനുള്ള പലക തൂക്കിക്കഴിഞ്ഞു. തലയിൽ വെള്ളത്തൊപ്പിയും, പാലുപോലെ വെളുത്തു് മുട്ടിനുതാഴെവരെ ഇറക്കമുള്ള കുപ്പായവും ധരിച്ചു പഞ്ചാരപ്പുഞ്ചിരിയും തൂകി മാലാഖപോലെ, ഒരു നഴ്സ് വന്നു വിശാലത്തെ വിളിച്ചുണത്തി കൈയ് പിടിച്ചു നാഡി പരിശോധിച്ചു. പാക്കററിൽനിന്നു തെമ്മോമീററെടുത്തു് ഒന്നു കുടഞ്ഞു. സാവധാനം രോഗിണിയുടെ തലയ്ക്കൽ നിലയുറപ്പിച്ചുകൊണ്ടു് വാ പിളക്കാൻ സ്വന്തം ചുണ്ടുകളകററി ആംഗ്യഭാഷയിലറിയിച്ചു ചുണ്ടമത്തിപ്പിടിക്കാൻ കിളിക്കൊഞ്ചലുപോലെ കൊഞ്ചി. വിശാലാക്ഷി അനുസരണയുള്ള ഒരു കുട്ടിയെപോലെ അതെല്ലാം ചെയ്തു. അല്പസമയത്തിനുള്ളിൽ തെമ്മോമീററർ വീണ്ടെടുത്തു കണ്ണിനുനേരേ പിടിച്ചു സൂക്ഷിച്ചുനോക്കി. ചുവരിൽ തൂക്കിയിട്ടിരുന്ന പലകയിൽ പതിച്ചിട്ടുള്ള കടലാസിൽ രേഖകൊണ്ടു് അടയാളപ്പെടുത്തി. ഒരു പുഞ്ചിരി സമ്മാനിച്ചശേഷം അടുത്ത മുറിയിലേക്കു് ഒഴുകിപ്പോയി.

മുറിയുടെ മൂലയിൽ ആശ്വാസപൂർവ്വം നോക്കിയിരിക്കയാണു രാജൻ. വിവിധ വികാരങ്ങളുൾകൊണ്ടു് ഒ

നും ഉരിയാടാൻ അയാൾക്കു കഴിഞ്ഞില്ല. വിശാലം കൂടക്കൂടെ കണ്ണു തുറന്നു് അയാളെ സൂക്ഷിക്കുന്നുണ്ടായിരുന്നു. വെറുപ്പോ വിദ്വേഷമോ ആ വീക്ഷണത്തിൽ കാണാതിരുന്നപ്പോൾ രാജനു് ആശ്വാസമുളവായി. ഒരു വിധം ധൈര്യമവലംബിച്ചു് ഭാര്യയുടെ കിടക്കയെ സമീപിച്ചു. വെച്ചു വെച്ചു് നടക്കാൻ മാത്രമേ അയാൾക്കു സാധിച്ചുള്ളൂ.

"വിശാലം? നിനക്കെങ്ങനെ ഇരിക്കുന്നു" ആ സ്വരം ഇടറിയിരുന്നു. അവൾ മിഴികൾ തുറന്നു നോക്കി. ചിരിച്ചു കാണിക്കണമെന്നു് അവൾക്കാഗ്രഹം ഉണ്ടായിരുന്നു. പക്ഷെ ഫലിക്കുന്ന മട്ടല്ല.

അവൾ നേത്രസ്വരത്തിൽ ആവശ്യത്തിലധികം ശക്തി സംഭരിച്ചുകൊണ്ടു് മുരണ്ടു.

"ഇല്ല. എനിക്കു വേദനയില്ല." അവൾ സ്വന്തം ഭർത്താവിനെ ആശ്വസിപ്പിക്കാനെന്നവണ്ണം നിറുത്തി നിറുത്തിപ്പറഞ്ഞു.

ഇപ്പോൾ സുഖമുണ്ടു്.

സർവ്വാംഗം വേദനിച്ചിട്ടും, സംസാരിക്കാനുള്ള കഴിവു് ഇല്ലാതിരുന്നിട്ടും, അവൾ പറയുകയാണു്. അക്കിടപ്പിലും സ്വന്തം ഭർത്താവിൻെറ മനസ്സുഖത്തിൽ കരുതി വെക്കാൻ അവൾ ഒരുമ്പെട്ടില്ല. അഹോ! സ്ത്രീകളുടെ ഭർതൃസ്നേഹം! സ്വാർത്ഥലോലുപരായ എത്ര കണവന്മാരാണു് ഇതറിയുന്നതു്!!

അയാൾ കട്ടിലിൽ അവളോടു് ഒട്ടിയിരുന്നു. മുഖത്തു് കണ്ണിമവെട്ടാതെ സൂക്ഷിച്ചുനോക്കി. അവളുടെ ചുണ്ടുകൾ അപ്പോഴും പുഞ്ചിരിയുടെ മഞ്ജൂഷ തെരയുക

യായിരുന്നു. അവൾ അടുത്തനിമിഷം എന്തോ ചിന്തിക്കുന്നതായി അയാൾക്കു തോന്നി. വിശാലാക്ഷി സാവധാനം ഭർത്താവിൻെറ ചുമലിൽ ചൊറിഞ്ഞു. അവൾക്കെന്തോ പറയണം. വാക്കുകൾ വെളിക്കു വരാത്തതാവാം. രാജൻ കുനിഞ്ഞു് ചെവി, അവളുടെ ചുണ്ടുകളോടടുപ്പിച്ചു.

"വീട്ടിൽ കുഞ്ഞുങ്ങൾ മാത്രമല്ലേ ഉള്ളൂ"

രാ—അതെ! അതിനു്? അവരെക്കൂടി കൊണ്ടു പോരട്ടെ!

വിശാലം വേണ്ടെന്നു് ആംഗ്യം കാണിച്ചു. അവക്കു് ആഹാരം കൊടുക്കാനും മററും ആളെ ഏർപ്പാടുചെയ്തിട്ടു വരട്ടെ.

വി—ഉം...പക്ഷേ......

രാ—എന്താ പക്ഷേ...പറയൂ.

വി—ഇല്ല ഒന്നുമില്ല.

നിനക്കെന്തോ പറയാനുണ്ടു്.

"ഉണ്ടു്."

എന്നാൽ പറയൂ!

"വേഗം വരണം; എനിക്കസുഖമൊന്നു മില്ല. വേഗം വരണം" വാർഡു ചുററിക്കറങ്ങി രോഗികളെ പരിശോധിക്കാൻ പോയ ഡാക്ടരെ രാജൻ സമീപിച്ചു

എന്താ! കൺഡാക്ടർ!

വിശാലത്തിനെങ്ങനെയിരിക്കുന്നു എന്നറിവാൻ

ഇനിയൊന്നുമില്ല; അല്പം കൂടികഴിഞ്ഞു പോയെങ്കിൽ കുഴപ്പംവന്നു പോയേനെ. സാരമാക്കാനില്ല.

രാ—വീട്ടിൽ കുട്ടികൾ തനിച്ചേ ഉള്ളൂ. തിടുക്കത്തിൽ പോന്നതാണ്. ഒന്നു പോയിവരാമോ എന്നു ചോദിക്കാനാണ്.

ഡാക്ടർസമ്മതഭാവത്തിൽ തലകുലുക്കി.

കൺട്രാക്ടർ അതിവേഗം മടങ്ങിവന്നു. വിശാലം അപ്പോഴും വാതിൽക്കലേക്കു കണ്ണയച്ചുകൊണ്ടു കിടക്കുകയായിരുന്നു.

ഞാൻ അങ്ങോട്ടു പോവുകയാണ്.

ഉം...പക്ഷേ വേഗം തന്നെ......

അതിവേഗം കാറിൽ കയറി രാജൻ മടങ്ങിപ്പോയി. ക്രൂലികൊടുത്തു കാർ തിരിച്ചയച്ചശേഷം അയാൾ ഗേററുകടന്ന് സ്വഭവനത്തിൻെറ അങ്കണത്തിൽ പ്രവേശിച്ചു. ആരേയുംപുറത്തു കാണാനില്ല. പൂമുഖത്തുകയറി. സ്വന്തം ശയനമുറിയിലേക്കു നടന്നു.

പിന്നിൽനിന്നും കാൽപെരുമാററം കേട്ട് കലാവതി തിരിഞ്ഞുനോക്കി. ആകസ്മികമായി ഗൃഹനാഥനെ ആ മുറിക്കുള്ളിൽവെച്ചു കണ്ടപ്പോൾ അവൾക്കു നാണവും അമ്പരപ്പുമുണ്ടായി. സാരിത്തുമ്പിൽ സാവധാനം ദന്തക്ഷതമേല്പിച്ചുകൊണ്ട് അവൾ തലകുനിച്ചു നിന്നു; ഒരു നാണം കുണുങ്ങലോടെ.

അയാൾ കഴിഞ്ഞ സംഭവങ്ങളെല്ലാം മറന്നുവശായി. എങ്കിലും കുട്ടികളാരെങ്കിലുംവന്ന് കണ്ടാലോ എന്ന ഭീതിയാൽ കതകിനു വെളിയിലിറങ്ങി നിന്നു. വള്ളിക്കുടിലിനകത്തകപ്പെട്ട മാനിൻെറ മേൽ ചാടിവീഴാൻ കൊതിതുള്ളിനിൽക്കുന്ന കേസരിയുടെ വിജൃംഭിതത്വം അയാളിൽ അവൾ ദർശിച്ചു. നിതംബം

കുലുക്കി കിലുകിലെച്ചിരിച്ചുകൊണ്ടു് അവൾ പുറത്തിറങ്ങി. അയാൾ ആ തുടുത്ത കവിളിൽ മൃദുവായി ഒന്നു നുള്ളി.

"കള്ളീ! പോകയാണോ?"

"ചേച്ചിക്കെങ്ങനെയിരിക്കുന്നു." ആരോടെന്നില്ലാതെ അവൾ പറകയായി. അപ്പോഴേയ്ക്കും കുട്ടികൾ ഓടിക്കിതച്ചുവന്നു് "അമ്മയെവിടെ" എന്നാർത്തിയോടെ ചോദിച്ചു. "അമ്മയ്ക്കു സുഖമുണ്ടു്." വേലക്കാരി കൊച്ചുപെണ്ണു് കരഞ്ഞുവീർത്ത മുഖവുമായി മുമ്പോട്ടുവന്നു.

"കാപ്പികൊടുത്തോ ഇവർക്കെല്ലാം? ഇല്ലെങ്കിൽ വേഗമാകട്ടെ."

വേലക്കാരിബാലിക അടുക്കളയിലേയ്ക്കോടി. കുട്ടികൾ പിതാവിന്റെ കൈകളിൽ പിടിച്ചുവലിച്ചു. ചെള്ളയിലെ നുള്ളിന്റെ കഥയോർത്തു് കലാവതി അപ്പോഴും നോക്കിനിൽക്കുകയായിരുന്നു.

# 8

## കൂട്ടിൽനിന്നും ചില്ലയിലേക്കു്

വെള്ളപ്പാൻകാലത്തു പെട്ടെന്നു മഴപെയ്തുതുടങ്ങി. തുടൻ ഊററൻ കാററിൻെറ ചീററലും. മറിയും തിരിഞ്ഞും കാററു വീശിയടിച്ചു. കിഴക്കാംതൂക്കായി ആകാശത്തുനിന്നും കനത്ത നൂലുപോലെ ഊൎന്നിറങ്ങിയ ജലധാരകൾ വാതത്തിൻെറ ഗതിഭേദമനുസരിച്ചു് അങ്ങോട്ടുമിങ്ങോട്ടും ചാഞ്ഞുകൊണ്ടിരുന്നു. പകലായിരുന്നെങ്കിൽ ആ വൃഷ്ടിപാതം ഒരു പുകപ്പരപ്പുപോലെ മാത്രമേ തോന്നുകയുള്ളു. ഇരുളും മഴയും കാററും സമ്മേളിച്ചു ഹുങ്കാരം പൊഴിക്കുകയാണു്. തുറസ്സായ മോട്ടോർഷെഡ്ഡിൽ വെള്ളത്തുള്ളികൾ വശങ്ങളിൽനിന്നും വീശിയടിച്ചു. പോരെങ്കിൽ പഴകിദ്രവിച്ച മേല്പുരയുടെ സുഷിരങ്ങളിൽക്കൂടി മഴവെള്ളം വീഴുന്നുമുണ്ടു്. രവി ഉടുത്തുണിയഴിച്ചു് സർവ്വാംഗം പുതച്ചു. അവൻ കാൽമുട്ടുകൾ മടക്കി നാസികയോടടുപ്പിച്ചു. ചുരുണ്ടുകൂടി സലീമിൻെറ വയറോടൊട്ടി കിടന്നു. അവനും ഒന്നു ഞെരുങ്ങി. ഉത്തരീയവും ഉടുവസ്ത്രവുമഴിച്ചു് ആ പാദചൂഡം മറച്ചു. ആ പുതപ്പിനുള്ളിൽ അവരിരുവരുമായി.

അരനാഴികനേരത്തേക്കു ആ തകർപ്പൻ മഴതുടൎന്നുകൊണ്ടിരുന്നു. ചെണ്ടമേളംനിറുത്തിയ രംഗഭൂമിപോലെ ഇപ്പോൾ സർവ്വം ശാന്തം. കാററും നിലച്ചു. അടുത്ത

ചായപീടികകളിൽ വെട്ടംപരന്നു. ജോലിക്കാർ ഉണർന്നു. പാത്രങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദം! വെള്ളം കോരുമ്പോൾ കപ്പി കരയുന്ന കീകീനാദം. അങ്ങനെ ഹോട്ടൽ ജോലിക്കാർ തകൃതിയായി അവരവരുടെ കൃത്യങ്ങളി ലേർപ്പെട്ടു. സലിം ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ടുണർന്നു കിടക്കുകയായിരുന്നു. അവൻ സാവധാനം മുഖത്തു നിന്നും വസ്ത്രംനീക്കി കണ്ണുതുറന്നു പകലവൻ പതി വുപോലെ യാത്ര ആരംഭിച്ചു.

സലിം എഴുന്നേററിരുന്നു കണ്ണുതിരുമ്മി. അന ന്തരം പിടഞ്ഞെഴുന്നേററു് മുണ്ടുകുടഞ്ഞുടുത്തു. തോർത്തു മടക്കി തലയിൽ അന്തസ്സായി ഒന്നു ചുററിക്കെട്ടി. തലയ്ക്കൽ നിക്ഷേപിച്ചിരുന്ന ബീഡിക്കുററികൾ മടി ക്കുത്തിലിട്ടു അക്കൂട്ടത്തിലുണ്ടായിരുന്ന ഒരു തീപ്പെട്ടി ക്കോൽ ചുവരിൽ നീട്ടിഒന്നുരച്ചു. അററത്തു തീകത്തി. അതിൽനിന്നും ബീഡികൊളുത്തി സുഖമായി വലിച്ചു. ഒന്നു തീർന്നപ്പോൾ പോരെന്നുതോന്നി. ഒന്നുകൂടി കത്തിച്ചു വലിച്ചു. അപ്പോഴേക്കും ഇരമ്പിക്കൊണ്ടു ഒരു ബസ്സ് റോഡിൽവന്നുനിന്നു. അരുകിൽ കെട്ടിനിന്ന കലങ്ങിയ വെള്ളം ഷെഡ്ഡിനകത്തേക്കു തെറിച്ചുവീണു. കടലിൽനിന്നും ഉരുണ്ടുരുണ്ടുവരുന്ന തിര കരയിൽ തല്ലി ച്ചിതറുംപോലെ. അവൻ വേഗം ബസ്സിനടുത്തേക്കു് ഓടി. അന്നത്തെ കാഴ്ചഫലം നന്നായിരുന്നു. അവനു് ചെറിയ ഒരു ചുമടുകിട്ടി. അതു തൂക്കിയെടുത്തു താഴെ വെച്ചശേഷം, തിരിച്ചുവന്നു് രവിയെ തട്ടി ഉണർത്തി. അവൻ അസുഖംപ്രകടിപ്പിച്ചുകൊണ്ടു തിരിഞ്ഞും മറി ഞ്ഞും കിടന്നു ഞെരങ്ങി.

എടാ! രവീ! നീ ഇവിടത്തന്നെ ഇരുന്നോ. ഞാൻ ഈ ചുമടുകൊണ്ടുകൊടുത്തിട്ടു് ഇതാ വന്നുകഴിഞ്ഞു

എന്നുപറഞ്ഞു വിരൽ ഞൊടിച്ചുകാണിച്ചു. ചുമട്ടു തലയിൽ പേറി യാത്രക്കാരന്റെ പിന്നാലെ പോയി. രവി വീണ്ടും വളഞ്ഞു കുത്തി ഒരു ശ്വാനനെപ്പോലെ കിടന്നു. സലിം അതിവേഗം കിട്ടിയരണ്ടണയുമായി മടങ്ങി.

മാടക്കടകളെല്ലാം തുറന്നുകഴിഞ്ഞു. ചായപ്പീടികകളിലെ കണ്ണാടി അലമാരികളിൽ പലഹാരങ്ങൾ ആവിപറത്തിക്കൊണ്ടിരുന്നു. റോഡിൽ ആൾസഞ്ചാരമാരംഭിച്ചു. രവി ഉറക്കം വിട്ടെഴുന്നേററു് ഒരു മൂലയിൽ കുത്തിയിരിക്കയാണു്. കണ്ഠത്തിനുതാഴെ ഉടുതുണിയും മൂടിക്കൊണ്ടു്. ബസ്സുകൾ ധാരാളം വന്നുകൊണ്ടിരുന്നു. യാത്രക്കാർ ഇറങ്ങുകയും കേറുകയുംചെയ്യുന്നുണ്ടു്. അവരുടെ ഭാണ്ഡങ്ങൾ തുകൽസഞ്ചികൾ കിടക്കകൾ എല്ലാം എടുത്തുകൊടുക്കുന്നതിൽ സലിമിനു; എന്തൊരു ചുറുചുറുക്കാണു്. രവിയും അവനെ ചിലപ്പോഴൊക്കെ സഹായിച്ചു. അങ്ങനെ ദിവസങ്ങൾ ഇഴഞ്ഞുപോയി.

സന്ധ്യകഴിയുമ്പോൾ അവരിരുവരും ആ ചെറുനഗരത്തിന്റെ പ്രാന്തത്തിലുള്ള ഒരു വയൽക്കുളത്തിൽ പോയി കുളിക്കും. മടങ്ങിവന്നു ഹോട്ടലിൽനിന്നു ചോറുണ്ണും. കടകൾ എല്ലാം പൂട്ടിക്കഴിയുമ്പോൾ, ഷെഡിൽ കേറി കിടന്നുറങ്ങും. ആയിടയ്ക്കു ഒന്നുരണ്ടു ചാക്കിൻ കഷണം അവർസമ്പാദിച്ചു. അതു വിരിച്ചു അവർകിടക്കും.

ചിലപ്പോഴെല്ലാം രവി മധുവിനെപ്പററി ഓർക്കാറുണ്ടു്. ആ കൊച്ചനുജനെ കണ്ടില്ലല്ലോ, രവിക്കുസങ്കടം വരും അവൻ വിങ്ങിക്കരയും.

സലിം—നീയെന്താ കരയുന്നെ,

രവി—എന്റെ അനിയനെ കണ്ടില്ലല്ലോ.

സലീം—കണ്ടുപിടിക്കാം. നീ ഇത്തിരി സമാധാനപ്പെട്ടു.

രവി—എത്രനാളായി അവൻ പോയിട്ട്.

സലീം—അവനൊരു തരക്കേടും ഇല്ല. ഏതോ നല്ലൊരു വീട്ടിൽ ചോറും കറിയും തിന്നുകഴിയുകയാണു്.

രവി—എങ്ങനെ അറിയാം. എവിടുണ്ടെന്നാർക്കറിയാം. അവനെക്കണ്ടെങ്കിൽ........

സലീം—എങ്കിൽ നമ്മളെപ്പോലെ വല്ലോരുടേയും ചുമടെടുത്തു...ഇങ്ങനെ കടത്തിണ്ണയിലും......

രവി—അപ്പോൾ അവനെ തേടത്തില്ലന്നല്ലേ?

സലീം—തെരക്കാമെടേ തെരക്കാം. നേരം വെളുക്കട്ടെ.

അവർ പരസ്പരം കെട്ടിപ്പിടിച്ചു കിടന്നു. കണ്ണിൽ ഉറക്കം തൂങ്ങിനിന്നു. കൺപോളകൾ മുദ്രിതങ്ങളായി അടുത്തമൂലയിൽ ഒരു അനക്കം. സലീം ഞെട്ടിഉണർന്നു, അവൻ ചെവിയോർത്തുകൊണ്ടു പറയുകയാണു് "ച്ഛീ പട്ടി!! ശല്യം ചെയ്യാൻ വന്നിരിക്കുന്നു."

അനക്കം അവസാനിച്ചു. നിമിഷം കഴിഞ്ഞു ആവർത്തിക്കുകയാണു്.

പോ! നായേ! വേറെങ്ങുമില്ലാത്തപോലെ വന്നിരിക്കുന്നു" സലീംമുരണ്ടു

തുണികഷണം കൊണ്ടു തറതുടയ്ക്കുന്ന ഒച്ച അവൻ ശ്രദ്ധിച്ചു. കാൽപെരുമാററം. ആരോതെണ്ടികൾ കിടക്കാനായിരിക്കും. അവനു് അവരോടു അസൂയതോന്നിക്കാണും. എങ്കിലും മിണ്ടിയില്ല. അവിടം അവൻെറ പിതൃസ്വത്തല്ലല്ലോ. വീണ്ടും കാൽപെരുമാററം അവൻ

തലപൊന്തിച്ചു നോക്കി. കററാക്കററിരുട്ടു്. അവനെ പ്പോലുള്ള വല്ല ക്രൂലിക്കാരുമായിരിക്കും. സമാധാനിച്ചു. ഒരു ആമന്ത്രണം അമർത്തിയസ്വരം. വികലമായശബ്ദ ധാര. അണ എവിടെ? ഇങ്ങു താ!

ഇന്നാ പിടിച്ചോ, വെള്ളിത്തുട്ടിൻെറ കിലുക്കം. സലിം ചെവിപൊത്തി. അനങ്ങാതെ അവൻ എഴുന്നേ ററിരുന്നു. കട്ടിപിടിച്ച ക്രൂരിരുട്ടു്. ഒന്നും കാണ്മാനില്ല അവൻ കണ്ണുതുടച്ചുനോക്കി. ഇരുഠംക്രമ്പാരത്തിൽ നിന്നും ഒരു നിഴൽ സാവധാനം പോവുകയാണു്. അവൻ തല യ്ക്കൽ തപ്പി. തീപ്പെട്ടി കൈയ്യിലെടുത്തു. ഒച്ചവയ്ക്കാതെ കോലെടുത്തുരച്ചു് ആഞ്ഞുനോക്കി ഒരു പെൺകോലം. അവഠം ചരിഞ്ഞുകിടന്നു. നഗ്നമായ മാറിടം. സലിം അത്ഭുതം ക്രൂറി.

തേവിടിശ്ശി,

എന്തെടാ തേവിടിയാനെ, "അവഠം തിരിച്ചടിച്ചു. നേരം വെളുക്കട്ടെടി" സലിമും വിട്ടില്ല "നിനക്കെന്നാ." അവഠം മുരമുരത്തു. സലിം തല ചായ്ച്ചുകിടന്നു. ഇരു വശങ്ങളിലും കൈയ്‌വിലങ്ങനെ നീട്ടിമലന്നുകിടന്നു അവളും ഉറങ്ങി.

പരാപരാ വെളുക്കുംമുൻപു് സലീം ഉറക്കമുണന്നു് എഴുന്നേററിരുന്നു. കുറച്ചകലത്തിൽ എതിരേ ഒരുവഠം കിടക്കുന്ന കാഴ്ച, കണ്ടപ്പോഠം അവനു് അസുഖം തോന്നി.

"തെരുവുതെണ്ടി തേവിടിശ്ശി മല മറിഞ്ഞ പോലല്ലെ കിടക്കുന്നതു്." അവൻ കാറി തുപ്പി. രവിയെ വിളിച്ചുണത്തി അവൻ നേരെ ആററുകടവി ലേക്കു പോയി. വിശാലമായ നെല്പാടം. നെല്ലിൻ

കതിർമണികൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ആ പാട ശേഖരത്തിൽ കുളിർകാററു് ശീതോപചാരം ചെയ്യുന്നു. വയൽവരമ്പുകളിൽ മുക്കററിച്ചെടികളും തുമ്പപ്പൂക്കളും നിന്നു പുഞ്ചിരിതൂകി. താരുണ്യം വഴി മാറിക്കൊടുക്കുന്തോറും നരകൾ സ്ഥാനം പിടിക്കുന്ന യുവാവിൻെറ ശിരസ്സുപോലെ പാടത്തിൽ നെല്ലു് അവിടവിടെ പഴുത്തു നിറംമങ്ങി കാണുന്നു. അതു ചെന്നവസാനിക്കുന്നതു് ഒരു കേദാരവിതാനത്തിലാണു്. അവിടെ തെങ്ങിൻെറ പീലിയോലകൾ പുലർകാല മാരുതനിൽ പുളകംകൊള്ളുന്നു. തോട്ടരുകിലൂടെ ഒരു കൊച്ചു നദി നീലനാടപോലെ ഒഴുകുകയാണു്. വർണ്ണ കഞ്ചുകം ചാർത്തിനില്ക്കുന്ന ചെടിപ്പടർപ്പുകൾ; അമിട്ടു പൊട്ടി നീലാകാശമേലാപ്പിൽ വർണ്ണദീപങ്ങൾ തെളിയും പോലുള്ള പുഷ്പവിതാനങ്ങൾ; അവയെ അധികരിക്കുന്ന ഹൃദ്യമായ കിളിക്കൊഞ്ചലുകൾ. ഈ വശ്യാത്മകമായ പ്രകൃതിപ്പൊലിമയിലൊന്നും അവരുടെ കണ്ണും കാതും ചിരിക്കുന്നില്ല. അവർ കുളികഴിഞ്ഞു മടങ്ങി.

"രവി! നീ മേലാൽ ചുമടെടുക്കേണ്ടാ. നിന്നെക്കൊണ്ടാവില്ല." സലീം സ്നേഹം വഴിയുമാറു പറഞ്ഞു.

"എന്നാലായതു ഞാനെടുക്കാം. എന്നാലല്ലെ നമുക്കു വയററിനു കിട്ടുകയുള്ളു."

"നിനക്കു വേറെ ജോലിതരാം."

"എന്താണതു്?" രവിക്കു അതറിയാൻ തിടുക്കമായി.

"പഞ്ചാംഗം, പാട്ടുപുസ്തകങ്ങൾ. അങ്ങനെ പലതും ബസ്സുയാത്രക്കാർക്കു വില്ക്കുന്ന ജോലി."

രവി—അതെല്ലാം വിൽക്കാനാണോ? വിൽക്കണമെങ്കിൽ വാങ്ങണ്ടേ? അതിനു പണമെവിടെ?

സലിം—അതു നീ അറിയേണ്ട. ഇന്നു മുതൽ തുടങ്ങിക്കോ. എന്താ സമ്മതമാണോ?

രവി—നൂറുവട്ടം സമ്മതം.

രവിക്കു സന്തോഷകരമായ ഒരു പുതിയ ജോലി. അവനതിൽ അഭിമാനംകൊണ്ടു.

"പഞ്ചാംഗം, പാട്ടുപുസ്തകം, "കേരളകൗമുദി" "ദിനമണി" അവൻെറ കണ്ഠത്തിൽ നിന്നും അനർഗ്ഗളം പ്രവഹിച്ചു. ബസ്സ്റ്റാൻഡിലെ മാടക്കടകളിൽ നിന്നും കൊടുത്തയക്കുന്ന ബീഡി, മുറുക്കാൻ, സിഗററു്, ചായ നാരങ്ങാവെള്ളം-എല്ലാം അവൻ വാങ്ങി യാത്രക്കാർക്കു വിൽക്കും. വിലകടക്കാരനെ ഏൽപ്പിക്കും. ബസ് എത്തിക്കഴിഞ്ഞാൽ രവിസർവ്വവ്യാപിയാണു്. തിക്കും തിരക്കും അവനൊരുപ്രശ്നമല്ല. ഊളിയിട്ടു എവിടേയും നുഴഞ്ഞുകയറും. മിടുക്കനായകൊച്ചൻ. മാടക്കടക്കാർക്കു അവനെ വലിയ കാര്യമാണു്. സലിമുംനന്നേ പണിയെടുത്തു! കയലി മുണ്ടും കയ്യുള്ള ബനിയനും, തലയിൽക്കെട്ടുമായി ബസിൻെറ പിറകിലുള്ള ഏണിയിൽ കയറി കെട്ടുകൾ ഇറക്കാനും കയററാനും എന്തൊരു ചുണയാണവനു്. കൂലികൊടുക്കുന്നതുവാങ്ങും.

സന്ധ്യയ്ക്കുമുൻപു് ഇരുവരും ആററിലിറങ്ങിക്കുളിച്ചു പട്ടണത്തിൽ മടങ്ങിവരും. വെളുത്ത വസ്ത്രങ്ങൾധരിച്ചു് പാർക്കിൽ ചെന്നിരുന്നു റേഡിയോ പരിപാടികൾ ശ്രവിക്കും. മോട്ടാർ ഷെഡ്ഡിൽ നിന്നും അന്തിയുറക്കം മാററി. ഒരു മുറിവാടകയ്ക്കെടുത്തു. സുഖമായി സ്വസ്ഥമായിക്കിടന്നുറങ്ങാം.

ഒരുരാത്രിയിൽ പാർക്കിലെറേഡിയോപാട്ടും കേട്ടു്

അവർ വാടകമുറിയിൽ കിടക്കുകയായിരുന്നു.

രവീ! ഞാനീച്ചുമടെടുപ്പു വേണ്ടെന്നു വെക്കുക യാണു്.

രവി—എന്താചേട്ടനു സുഖമില്ലേ! എങ്കിൽ നാളെ എങ്ങും പോകേണ്ടാ. ഇവിടത്തന്നെ കിടന്നാൽ മതി. എനിക്കു കിട്ടുന്നതു കൊണ്ടുതന്നെ നമുക്കിരുവർക്കും ധാരാളം മതിയാവുമല്ലോ.

സലിം—നീയൊരു മണ്ടനാണെന്നു തോന്നുന്നു. നിന്നെ പണിഎടുക്കാൻവിട്ടിട്ടു ഞാൻ മടിയനായി ഇവിടെ കിടക്കുമെന്നോ?

രവി—സുഖമില്ലാതെ വേലചെയ്യാൻ? ക്കുമോ?

സലിം—എനിക്കു സുഖമില്ലെന്നാരുപറഞ്ഞു.

രവി—പിന്നെ പറഞ്ഞതോ?

സലിം—ഇല്ല. ഭാരമെടുപ്പു മതിയാക്കിയാലോ?
രവി—നമുക്കെന്നാൽ തിരിച്ചുപോകാം.

സലിം—എവിടെ തിരിച്ചുപോകാമെന്നു്? എനി ക്കിടമില്ല. നിനക്കോ?

രവി—എനിക്കുമില്ല.

സലിം—പിന്നെ?

ആ ചോദ്യം രവിയെ ചിന്തിപ്പിച്ചു. സതിച്ചേച്ചി; മധു-അനിയൻ-പിന്നെ-പിന്നെ, ആ സാർ...അവൻ തലപുകഞ്ഞാലോചിക്കുന്നു. അമ്മയെപ്പോലെ സ്നേഹ മുള്ള ആ കുഞ്ഞമ്മ.....അങ്ങനെവിളിച്ചാൽ തന്നെ എന്താണു്!

സലിം—എടാ! രവി!! നീ ഉരിയാടാത്തതെന്താ!

"ങാ ങാ!"

സലിം:—എന്തോന്നങ്ങാങ്ങാ!

രവി—തിരിച്ചുപോകാനിടമില്ല. പക്ഷെ എനിക്കു് ...ഞാൻ പറഞ്ഞിട്ടില്ലേ-ചേച്ചിയുണ്ടു്. അനിയനുണ്ടു്.

സലിം—അവരിപ്പോഠം എവിടെയാണു്?

അവൻ ഒന്നു നെടുവീർപ്പിട്ടു.

സ—"നമുക്കൊരു ഏറുമാടക്കട തുടങ്ങിയാലെന്താ!"

"അതിനു രൂപാ വേണ്ടേ?"

"വേണം"

"അതിനെന്തുപണി"

"പണിയൊന്നുമില്ലേ? നിൻെറ കയ്യിലെന്തുണ്ടു്"

എൻെറ കൈവശമോ? ഉള്ളതെല്ലാം ഞാൻ അന്നു തന്നതോ!

സലിം—എന്നാലെൻെറപക്കൽ മിച്ചമുണ്ടു്.

ആഹ്ലാദംകൊണ്ടു രോമാഞ്ചകഞ്ചുകിതനായി സലിമിനെ രവി കെട്ടിപ്പിടിച്ചു.

മററുചില പീടികക്കാരുടെ സഹായത്തോടെ അവർ ഒരു കൊച്ചു മാടക്കട ആരംഭിച്ചു. അങ്ങനെ സ്ഥിരപരിശ്രമം കൊണ്ടു് സ്വന്തമായൊരുപണിയും, രാത്രിഉറങ്ങാനൊരു വാടകമുറിയും അവക്കു ലഭിച്ചു.

---

# 9

## കർശനമായ താക്കീതു്

തന്റെ ഭ്രതകാലജീവിതമാകുന്ന പട്ടടയാടയിൽ ചില കറകൾ പററിപ്പിടിച്ചിട്ടുള്ളതു് രമാകാന്തൻ മുഖേന സുലേഖയ്ക്കല്ലാതെ മററാക്കുമറിഞ്ഞുകൂടെന്നും ആഫീസിൽ തനിക്കൊരു ചെല്ലപ്പിള്ളയായി കഴിഞ്ഞുകൂടാൻ വിലങ്ങുതടിയായിരിക്കുന്നതു് അവളാണെന്നും, അതിനാൽ അവളെ ഒററപ്പെടുത്തേണ്ടതു അത്യാവശ്യമാണെന്നും കലാവതി തീരുമാനിച്ചു. ആ തീരുമാനത്തിന്റെ പ്രതിഫലനമാണു് മുന്നൊരദ്ധ്യായത്തിൽ പ്രസ്താവിച്ച കലാവതിയുടെ പരാതിസമർപ്പണം. ആ സക്കാരാഫീസിലെ ജോലിയും, രാജൻകൺട്രാക്ടറുടെ ഭവനത്തിലെ അധിവാസവും സുരക്ഷിതമാവുകയും വേണം. ഒരു വശത്തു പണവും, മറുവശത്തു പ്രതാപവും കൈ നീട്ടിയിരിക്കുന്നു. പരിഭവവും ശൃംഗാരവും കൂട്ടിക്കലത്തി ഇഞ്ചിനീയരുടെ മുൻപിൽ പുഞ്ചിരിപ്പൊഞ്ചഷകത്തിൽ കലാവതിവിളമ്പിയ പരാതിക്കു ശേഷം സുലേഖനാലഞ്ചു ദിവസമായി ആഫീസിൽ ചെല്ലാറില്ല. അതിലെന്തോ സംഗതി അന്തർലീനമായിട്ടുണ്ടെന്നു് കലാവതിസംശയിച്ചു. ഏതായാലും താനൊരു പെണ്ണല്ലേ. അതിനൊരു പ്രത്യേകത കാണും. ചിന്തകളുടെ പഞ്ചവണ്ണക്കിളിപ്പററം, ചിറകു വിരിച്ചു പൊങ്ങിപ്പറക്കുകയാണു്.

വണ്ണനിത്തടാകത്തിൽ അന്നപ്പെണ്ണെന്നമാതിരി അവരം വീഥിയിൽ കൂടി നടന്നു. ആനടത്തയിൽ അംഗോപാംഗങ്ങളുടെ ആത്ത്യാകർഷങ്ങളായ ഒരു സംഘനൃത്തം ദർശനീയമായി. ഓളം തുള്ളുന്ന പൂഞ്ചിറയിൽ കളിയോടം തുഴയും പോലെ പാണികരം താളാത്മകമായി വീശി, അയത്നലളിതമായി മുന്നോട്ടു വഴുതുന്ന കാൽവെയ്പ്പിൽ ഒരു നടന കാലാവിലാസം കുടികൊണ്ടിരുന്നു. അപ്പോരം കടിപ്രദേശത്തിനു താഴെ അതി സൗമ്യമായിളകുന്ന ഉരുരംച്ചയും, നിതംബത്തിൻെറഅതിസൂക്ഷ്മമായ ചലനവും നിരീക്ഷണോത്സുകമാണു്. നിറപ്പകട്ടുള്ളതും അതിഃലാലവുമായ സാരികളാണു് അവരം പതിവായി ധരിക്കാറുള്ളതു്. സുരഭിലസുന്ദരമായ ഒന്നോരണ്ടോ പൂക്കരം ആവളർ കുന്തലിൽ ഒട്ടിപ്പിടിച്ചിരിക്കും. അനാഘ്രാത കുസുമത്തിൻെറ പ്രൗഢിയോടാണു് കലാവതി. ആഫീസിൽ പ്രവേശിച്ചതു്. ആക്ഃവണമെങ്കിലും എപ്പോഴും നിർല്ലോഭം ആസ്വദിക്കാവുന്ന പുഞ്ചിരിയും തൂകിത്തൂകി, അവരം സ്വന്തം മേശയ്ക്കരുകിലേക്കു് ഒഴുകിപ്പോയി. ഇഞ്ചിനീയർ ആനന്ദതുന്ദിലനായിരുന്നു. മസൃണവും വർണ്ണാഞ്ചിതവുമായ ലതാവിതാനം പ്രതിബിംബിക്കുന്ന പിടിയോടുകൂടിയ പുത്തൻ കുട മൂലയിൽ ചാരിവെച്ചു പട്ടുതുവാല മടക്കുടായാതെ എടുത്തു്, നെറുകയിൽ സൂര്യകിരണങ്ങളണിയിച്ച വേർപ്പിന്മണികരം ഒപ്പിയെടുത്തുശ്രവണസുഖമായ ഒരു ഫൂൽക്കാരം! അവരം അവിടെ ഒഴിഞ്ഞുകിടന്ന ഒരു മുറിയിലേക്കു് പോയി. ശകലസമയം അടക്കിയസ്വരത്തിൽ ഉള്ള സംഭാഷണം കേരംക്കായി. കഴുകൻെറ ദൃഷ്ടിപാതമുള്ള ക്ലാക്കന്മാർ പിറുപിറുത്തു.

"എൻെറ പൊന്നും കിളിയേയും കൊണ്ടങ്ങു പറ

ക്കട്ടോ" ഒരുവൻ മുരടനക്കി. "വല്ല ചെത്തക്കമ്പേിലും ചെന്നു പററല്ലേ" മറെറാരു രസികൻ തട്ടിമൂളിച്ചു.

"സുലേഖക്കൂടി ഉണ്ടായിരുന്നെങ്കിൽ ഒരു തമാശ ആയിരുന്നു." "കക്ഷിയെ നാലഞ്ചുനാളായി കാണുന്നില്ലല്ലോ" മറെറാരാളുടെ സൂചന.

"ഭാഗ്യവതി, ഈ പരാധീനതയൊന്നും കാണേണ്ട,"

രമാകാന്തൻ മധുവിനെ അന്വേഷിക്കാൻ തുടങ്ങിയിട്ടു നാലഞ്ചു നാളുകളായി. അയാൾ പലടത്തും അലഞ്ഞുതിരഞ്ഞു് നേരം വൈകുമ്പോൾ വെറും കയ്യോടെ വീട്ടിൽ മടങ്ങിയെത്തും. സതിയുടേയും സുലേഖയുടേയും ചോദ്യങ്ങൾക്ക കൈമലത്തി ക്കാണിക്കാനേ രമാകാന്തനു കഴിഞ്ഞുള്ളു. ഒടുവിൽ അന്വേഷണം മതിയാക്കി, മധുവിൻെറ രൂപവും തരവും നിറവും പ്രായവും മററും കാണിച്ചു് ദിനമണി പത്രത്തിൽ പരസ്യം പ്രസിദ്ധീകരിച്ചു. ഒരു കത്തു് രമാകാന്തനെ ഏല്പിച്ചു. എവിടെ നിന്നു വന്നു ആരാണീകത്തയച്ചതു്, എന്നിങ്ങനെയുള്ള ചിന്തകളോടെ കവർ പൊളിച്ചു കത്തുവായിച്ചു. സന്തോഷത്തോടെ സുലേഖയെ വിളിച്ചു രമാകാന്തൻ പറഞ്ഞു. "മധുഉണ്ടു്. എവിടെയാണെന്നറിഞ്ഞുകൂടാ അവനുവേണ്ടി അജ്ഞാതനാമാവായ ആരോ എഴുതിയിരിക്കുന്നു. അവനു സുഖമാണു്, പഠിക്കുന്നു. ചേട്ടൻ രവിയുടേയും ചേച്ചി സതിയുടേയും കുശലമന്വേഷിച്ചിരിക്കുന്നു." എന്താണിതിൻെറ പൊരുൾ എന്നു് അവക്കു ഒരു പിടിയും കിട്ടിയില്ല എങ്കിലും സമാധാനമായി.

പിറേറന്നാണു് സാഹിത്യ അക്കാഡമി ഉൽഘാടനകമ്മം. തലയെടുപ്പുള്ള സാഹിത്യകാരന്മാർ അതിൽ

സംബന്ധിക്കുന്നുണ്ട്, രമാകാന്തനും ക്ഷണപത്രിക കിട്ടി. അതനുസരിച്ച് അയാൾ ഉൽഘാടനച്ചട ങ്ങിൽ സംബന്ധിക്കുവാൻ പോയി. മദ്ധ്യേമാർഗ്ഗം ഒരു സ്നേഹിതനെ യാദൃച്ഛികമായി കണ്ടുമുട്ടി.

ഹലോ, മി. രമാകാന്തൻ; നിങ്ങളുടെ മിസ്സിസ്സ് പുതിയ ആഫീസിൽ ജോലിക്കു ഹാജരായില്ലെ?

രമാകാന്തൻ ഒന്നും മനസ്സിലാകാതെ മിഴിച്ചുനി ന്നുപോയി. സ്ഥലം മാററമോ? സുലേഖയ്ക്കോ! എവി ടേക്ക് ഞാനൊന്നുമറിഞ്ഞില്ല,

സ്നേഹി—ശരി! എന്നാൽ സ്ഥലം മാററമായിട്ടുണ്ട്

ര: കാ— നേരോ! മാററമാവശ്യപ്പെട്ടില്ലല്ലോ. പിന്നെ എന്തിനു സ്ഥലമാററണം.

സ്നേഹി—ആഫീസർ റിപ്പോർട്ടു അയച്ചിരിക്കും.

ര: കാ—അങ്ങനെ ഒരുവേള അയച്ചാൽ!!

സ്നേഹി—അതല്ലേ കീഴ്‌വഴക്കം.

ര: കാ—ആ സ്വേച്ഛാധിപത്യവും തോന്ന്യാ സവും പണ്ടായിരുന്നു.

സ്നേഹി—താൻ ചട്ടവും നീതിയും പറഞ്ഞുകൊ ണ്ടിരിക്കുക!

ര: കാ—എന്തായിരിക്കും പരാതി. അതും ഒരു ടൈപ്പിസ്റ്റിന്റെ പേരിൽ.

സ്നേഹി—ആഫീസിനെപ്പററി.................പത്ര ത്തിൽ എഴുതിയെന്നോ മറേറാ—അതു നിങ്ങളായിരി ക്കുമെന്ന്

ര: കാ—ഞാനൊന്നുമെഴുതിയില്ല. ഒരു വേള എഴുതി എന്നിരിക്കട്ടെ. അതിനെന്റെ ഭാര്യ എന്തു പിഴച്ചു? എന്നെ ഒരു സാഹിത്യകാരനെന്നു പലരും

വിളിക്കുന്നു. അതുകൊണ്ടു, ആരെങ്കിലും എന്തെങ്കിലും കോമാളിത്തരം പത്രത്തിലെഴുതിയാൽ അതു ഞാനാണെന്നു പറഞ്ഞു പരത്താൻ കുറെപാഠം നക്കികളും കാണും. അതിനു ഞാനെന്തുവേണം?

രമാകാന്തൻ വ്യഗ്രതയോടെ നടന്നുപോയി. വിവരങ്ങളെല്ലാം പത്രാധിപരെ ധരിപ്പിച്ചു.

പത്രാധിപർ ഉടൻതന്നെ ഫോൺ കയ്യിലെടുത്തു ഡയൽ കറക്കി. "ഹലോ, ഹലോ, ആരാണവിടെ!

"ചീഫ് എഞ്ചിനീയർ; എന്തുവേണം ആരാ...... പത്രാധിപർ സംസാരിക്കുകയാണു്."

ചീ: ഇ—ങാ ങാ! എന്തു വേണം?

പ—എന്റെ പത്രത്തിന്റെ കഴിഞ്ഞ ഒരു ലക്കത്തിൽ അസി: ഇഞ്ചിനീയരെപ്പററി ഒരു വാത്ത കൊടുത്തിരുന്നു.

ചീ: ഇ—അതിന്റെ കട്ടിംഗ് കിട്ടി. ഇഞ്ചിനീയരാഫീസിലെ ഒരു ലേഡീടൈപ്പിസ്റ്റിന്റെ കൊള്ളരുതായ്മ......

പ—അല്ലല്ല. അങ്ങനെ സംശയിക്കണ്ട. വേറെ കേന്ദ്രത്തിൽനിന്നാണു്. വാത്ത ഏററവും ശരിയാണു്. അതിലേക്കു നിരപരാധിയായ ഒരു വ്യക്തിയെ ശിക്ഷിക്കുന്നതു ഉചിതമല്ല.

ചീ: ഇ—തെററിദ്ധാരണയല്ല. അവളുടെ ഭർത്താവു ഒരു കുഴപ്പക്കാരനാണു്.

പ—ആയിരിക്കാം. പക്ഷെ ഈ കാര്യത്തിലല്ല.

ചീ: ഇ—എന്നാൽ ഞാൻ ഫയൽ ഒന്നുകൂടി നോക്കാം. നിറുത്തട്ടെ.

പത്രാധിപർ രമാകാന്തനോടായിട്ടു്, പോകാം

മിസ്റ്റർ ഇതിലൊന്നും വരാനില്ല.' എന്നു പറയുകയുണ്ടായി.

രമാകാന്തൻ യാത്രപറഞ്ഞിറങ്ങി. താങ്ങാനാവാത്ത അടിയേററപോലൊരു തോന്നൽ. ഇതെല്ലാം കലാവതിയും അസി: ഇഞ്ചിനീയരുംചേൻറുള്ള കൗശലപ്രയോഗമാണു്. സക്കാർജോലിയിൽ ആദർശത്തിനും സത്യത്തിനും സ്ഥാനമില്ലെന്നോ! ഇവയ്ക്കുവേണ്ടി നിലകൊള്ളുന്നവർ കുരിശ്ശു ചുമക്കേണ്ടതായി വരുമോ? സത്യസന്ധതയും മനസ്സാക്ഷിയുമുള്ളവക്കു ഉയർച്ചയില്ലേ? നോക്കണം! അവരുടെ ഒരു കാര്യത്തിലും ഞാൻ തലയിട്ടുന്നില്ല. എങ്കിലും ഞാനവരുടെ ബദ്ധവൈരിയെന്നു അവർ സങ്കല്പിക്കുന്നു. ആസങ്കല്പചിന്തയുടെ വഴിത്താരയിൽക്കൂടി കടന്നുവന്നു ഞങ്ങളെ ഉപദ്രവിക്കാമെന്നാണു്. പക്ഷെ എൻെറ പോക്കിൽനിന്നും ഞാൻ വ്യതിചലിക്കുന്നില്ല. എന്തും വരട്ടെ! ആ പതനത്തിലും ഞാനുയരും. ആ പതനം ദിവ്യമാണു്. ഫലം ഉൽക്കർഷവും: എനിക്കെൻെറ സ്വന്തംകാലിൽ നിൽക്കാനറിയാം. അഴിമതിയും അനീതിയുംകാട്ടുന്നവരുടെ ഉൽക്കർഷം മണൽകൊണ്ടുള്ള ഗോപുരമാണു്. അതിനു സ്ഥായീഭാവമില്ല.

ചിന്തകളുടെവേലിയേററത്തിനു അല്പമൊരു വിരാമം വന്നതു് സമ്മേളനസ്ഥലത്തെത്തിയശേഷമാണു്. തന്നെപ്പോലുള്ള അനവധി ബുദ്ധിജീവികളുടെ ഇടയിൽ മണിക്കൂറുകൾ കഴിച്ചുകൂട്ടിയപ്പോൾ രമാകാന്തൻെറ ഹൃദയാന്തരാളത്തിൽ അലയടിച്ചുകൊണ്ടിരുന്ന വിചാരവിപ്ലവം ശാന്തമായി.

സമ്മേളനാനന്തരം രമാകാന്തൻ സ്വഭവനത്തിലേക്കു മടങ്ങി. കുറെ ഇരുട്ടിയശേഷം മാത്രമേ അയാൾ

ക വന്നെത്തുവാൻ കഴിഞ്ഞുള്ളു. സതിയും സുലേഖയും കാലൊച്ചകേട്ട കതകുതുറന്നു് പുറത്തുവന്നു. അനിയന്മാരുടെ അന്തർദ്ധാനം സംബന്ധിച്ചു് വല്ല തുമ്പും കിട്ടിയോ എന്ന ചോദ്യം സതിയുടെ വീക്ഷണത്തിലന്തർലീനമായിരുന്നു. യാത്രാമദ്ധ്യേ ഉണ്ടായ സംഭവങ്ങളും, വാർത്തകളും രമാകാന്തൻ ഉണ്ണുന്നതിനിടയിൽ ഭാര്യയെ പറഞ്ഞുകേൾപ്പിച്ചു. സതി ഇതെല്ലാം ശ്രദ്ധയോടെ ശ്രവിക്കുന്നുണ്ടായിരുന്നു.

പിറേറന്നു ആഫീസിൽ ചെന്നു കുറേ കഴിഞ്ഞപ്പോൾ, അന്നത്തെ പോസ്റ്റിൽവന്ന ഒരു കല്പനയുടെ ശരിപ്പകർപ്പു ശിപായി സുലേഖയെ ഏല്പിച്ചു. "കർശനമായ താക്കീതു്." ഇഞ്ചിനീയരും കലാവതിയും ഒളികണ്ണാൽ സുലേഖയെ നോക്കി ഊറിച്ചിരിക്കുന്നുണ്ടായിരുന്നു.

"മൃരിശൃംഗാരം അഭിനയിക്കാത്തതിനു് കർശനമായ താക്കീതു്" സുലേഖ അല്പം ഉറക്കെപ്പറഞ്ഞു.

കാററിൽനിന്നു കൊടുങ്കാററുണ്ടാകാൻ പോകുന്നതായി പലരും വിശ്വസിച്ചു.

---

# 10

## ഒരു തലോടൽ

കൊച്ചനിയനായ മധു ലോകത്തിൻെറയേതോ മൂലയിലുണ്ടെന്നറിഞ്ഞതോടെ തെല്ലൊരാശ്വാസവും ആനന്ദവും സതിക്കുണ്ടായി. സന്തതിയില്ലാത്ത ഏതോ സമ്പന്നൻെറ സംരക്ഷണയിൽ അവൻ കഴിയുകയായിരിക്കും. അങ്ങനെ വളരട്ടെ. അവനെങ്കിലും ഒരു നല്ലകാലം വരാതിരിക്കയില്ല. ബുഷ്കോട്ടും നിക്കറും ധരിച്ച് കൊച്ചു ബാലന്മാർ പള്ളിക്കൂടത്തിലേക്കു പോകുന്നതു കാണുമ്പോൾ സതി മധുവിനെ ഓർക്കും. നീലനിക്കറും നേർത്തു വെളുത്ത ബുഷ്കോട്ടും ധരിച്ച്. "പുസ്തകസഞ്ചിയും തോളിൽ തൂക്കി മധുവും പഠിക്കാൻപോകുന്നുണ്ടാവും. അവനിപ്പോൾ വളർന്നുകാണും. പൊക്കവും വണ്ണവും വെച്ചിരിക്കും. അവനെ ഒന്നു കാണാനിടവന്നെങ്കിൽ." സതി പലപ്പോഴും ചിന്തിക്കാറുണ്ട്.

സതിക്കു വയസ്സ് 14 ആകും. അവളുടെ മുടി തഴച്ചുവളർന്നു നീലിച്ചു. നേത്രങ്ങളിൽ കലാസുഭഗമായ തിളക്കംവന്നു. നെറുകയിൽ നേർത്ത കമ്പിനൂലുപോലെ നനുനനെച്ചിന്നുന്ന അളകങ്ങൾ ചുരുണ്ടു അതിനുതാഴെ ചെറുരോമങ്ങൾ കിളിർത്തുമിനുത്തു. കവിളുകളിൽ അരുണിമപരന്നു തുടുത്തിരുന്നു. അന്തിമേഘങ്ങൾ ചെഞ്ചായംപുരട്ടിയ ചക്രവാളം മാതിരി ആ അധരങ്ങൾ വശ്യങ്ങളായി. ആ ബാലികയിൽ കാലം നവയൗവനകാന്തി

പുരട്ടിത്തുടങ്ങി. സർവാംഗീണമായ മോഹനതയ്ക്കു പൂ
ർണ്ണിമവന്നില്ലെന്നേയുള്ളു. കൈത്തണ്ടുകളും തുടകളും
കൊഴുത്തുരുണ്ടു. അരക്കെട്ടിന്റെ പിൻഭാഗം പൊട്ടിവി
രിയാനൊരുങ്ങിനിൽക്കുന്ന പുതുമകുഡ്മളം പോലെ
യായി. കണങ്കാലോളമിറക്കമുള്ള പട്ടുപാവാടയും നീല
ബ്ലൗസും അവളുടെ ലാവണ്യത്തിനു മാററുവൎദ്ധിപ്പിച്ചു.
ഇടത്തേ കൈത്തണ്ടു കാൽമുട്ടിന്മേൽ താങ്ങി കുനിഞ്ഞു
മുററം തൂത്തുകൊണ്ടുനിന്ന സതി മെല്ലെ നിവൎന്നു ചൂലി
ന്റെ ചുവടു ഒതുക്കുന്ന അവസരത്തിൽ, അല്പം അകലെ
നിന്നു സുലേഖ എന്തോ പറഞ്ഞു. അങ്ങനെ അന്നു
വൈകുന്നേരം സതിക്കൊന്നുരണ്ടു ബാഡീസ് തയ്പിച്ചു
കിട്ടി. അവളതു ധരിച്ചുതുടങ്ങി. എങ്കിലും നെഞ്ചിൽ
കിളുത്ത രണ്ടോമന മൊട്ടുകൾ ബ്ലൗസിനെ കിക്കി
ളിപ്പെടുത്തി.

ഒരു നാൾ വൈകുന്നേരം കുളികഴിഞ്ഞു് സതിയും
സുലേഖയും വീട്ടിലേക്കു മടങ്ങുകയായിരുന്നു. ഈററൻ
മുടി പിന്നിലോട്ടു നീട്ടിയിട്ടു്, ഇടത്തേകയ്യു് വില
ങ്ങനെ അല്പം മടക്കി അതിന്മേൽ ഈററൻ വസ്ത്രങ്ങൾ
ഇട്ടിരുന്നു. മറുകരം മുടിയുടെ ഉടക്കറുക്കുന്നതിൽ വ്യാപൃ
തമായി. ഒട്ടുപിറകിലായി സതി, സുലേഖയുടെ കൊച്ചു
മകൾ ഇന്ദുവിനെ മെല്ലെ മെല്ലെ നടത്തിച്ചും, കളിപ
റഞ്ഞു രസിപ്പിച്ചും വഴിയരുകിലെ കൊച്ചു പൂക്കളിറു
ത്തുകൊടുത്തും വരികയാണു്. അവൾ നനഞ്ഞ ബാഡി
ധരിച്ചു്, അംസങ്ങളിൽ വെള്ളിവരയെന്നോണം പററി
ച്ചേൎന്നുകിടന്ന ബാഡിയിലെ വള്ളിയിൽ ബ്ലൗസ്
ഉടക്കി മാറിനുമീതെ ഇട്ടിട്ടുണ്ടു്. ആററുകടവിൽനിന്നും
പുറപ്പെടുന്ന ഇടുങ്ങിയ ഇടവഴി പച്ചപ്പാടപ്പരവതാനി
യുടെ പൊന്നണിക്കസവുമാതിരിയുള്ള വരമ്പിൽ ലയി

ക്കുന്നു. ആ വരമ്പിലെത്തിയപ്പോഠം മൂന്നുനാലു വയസ്സുള്ള ഇന്ദുവ്നെ ഇളിയിലേററി ഒരുവശം ചരിഞ്ഞു സാവധാനം നടന്നു. ഊളിയിട്ടൂളിയിട്ടുവരുന്ന അന്തിക്കാററു കൂടെക്കൂടെ അവളുടെ പാവാടയെ ഒരു വീശുവലപോലെ വിതുക്കുന്നുണ്ടു്. ഇടത്തേക്കൈകൊണ്ടു ഇന്ദുവിനെച്ചുററിപ്പിടിക്കയും വലതുകരം കൊണ്ടു പാവാട നേരെപിടിച്ചിട്ടുകയും ചെയ്യുന്നതിനിടയിൽ അവളുടെ ബ്ളൗസിൽ കോടക്കാററടിച്ചു കിക്കിളിയുളവാക്കി. ആകാശത്തു കാറുകഠം അടിച്ചുകയറി. കാറുംകോളും സന്ധ്യയും ഒത്തൊരുമിച്ചു. ഇരുളിൻെറ കൊടിക്കൂറകഠംതെങ്ങിൻതലപ്പിലെ തെങ്ങോലകളിൽ തത്തിക്കളിച്ചു. എങ്കിലും ആ പാടത്തിൽ പകലിൻെറ വെളിച്ചപ്പൊലിമകഠം പാറിപ്പരന്നു.

സുലേഖ വേഗം നടക്കുകയാണു്. കൂടെക്കൂടെ പിന്തിരിഞ്ഞുനോക്കുകയും, വേഗം നടന്നുചെല്ലുവാൻ ആംഗ്യം കാണിക്കയും ചെയ്തു. പെട്ടെന്നൊരു ചോദ്യം കേട്ടു് സതി തിരിഞ്ഞുനോക്കി.

"നീ ഏതാ കൊച്ചേ?"

"ഇവിടെ അടുത്തുള്ളതാ."

"ഞാനറിയുന്നില്ലല്ലോ."

സതി ഒരു കാൽ വരമ്പിൽ നിന്നും വയലിലൂന്നി വഴിമാറിക്കൊടുത്തു. വന്നയാഠംനടക്കാതെ അവിടെ തന്നെ നിന്നു.

"നീ നടന്നാട്ടെ ഞാൻ പിന്നാലെവരാം" അവഠം വീണ്ടും നടന്നുതുടങ്ങി.

"ഈ കുഞ്ഞേതു്?"

"മുമ്പേ പോകുന്ന... ആ അമ്മേടെ...

അപ്പോൾ നിൻെറ അമ്മ അല്ല. എനിക്കമ്മ ഇല്ല.

ആരാ നിൻെറ അമ്മ?

"എൻെറ അമ്മ! അവർ...ആററിൽ മുങ്ങി മരിച്ചു പോയി."

"അപ്പോൾ നീ! നീ...ങാ! ആ ഭ്രാന്തിയുടെ മകളോ?"

സതി ഒന്നു മൂളുകമാത്രം ചെയ്തു.

"നീ എന്നെ അറികില്ലേ?" അവൾ തിരിഞ്ഞുനോക്കി. സതീ! സതീ! വേഗം വാ...ഇപ്പോൾ മഴപെയ്യും സതി ഇളിയിൽ ഇന്ദുവിനേയും വഹിച്ചുകൊണ്ടു തെറിച്ചുതെറിച്ചു നടന്നു.

"നീ എന്നെ അറികില്ലേ?" "അറിയും"

പിന്നെ മിണ്ടാത്തെന്തു്? അയാൾ ചിരിച്ചു. സതി ചിരിച്ചില്ല; കേൾക്കാത്തഭാവത്തിൽ പോവുകയാണു്. അയാളുടെ ഗതിവേഗം കൂട്ടി. സുലേഖയുടെ ശരീരം മുന്നോട്ടാണെങ്കിലും ദൃഷ്ടികൾ കൂടെക്കൂടെ പിന്നാക്കം പായിക്കുന്നു. നേരം ഇരുണ്ടു തുടങ്ങി. പിൻപേവന്ന ആൾ കാലുകൾ നീട്ടിവച്ചു, സതിയോടേററവും സമീപിക്കയാണു്.

"നീ പെട്ടെന്നിത്ര വളർന്നുകഴിഞ്ഞോ! ആ തള്ളയെപ്പോലെതന്നെ, കൊച്ചാളെന്നൊരു വ്യത്യാസം മാത്രം"

സതിയുടെമാംസളമായ തുടയിൽ ഒരു നുള്ളേററു അവൾക്കു നൊമ്പരമുണ്ടായി, തിരിഞ്ഞുനോക്കി. "അമ്മാ! അമ്മാ! സതിയുടെ അമ്പരന്നുള്ള വിളികേട്ടു സുലേഖ തിരിഞ്ഞുനോക്കി. കടുവായെപ്പേടിച്ചു് അഭയത്തിനായി പായുന്ന കലമാനിൻെറ ദൃഷ്ടിപാതവും

വെമ്പലും സതിയിൽക്കണ്ട സുലേഖയ്ക്കുതാണ്ടൊക്കെ മനസ്സിലായി. രാജൻ കൺട്രാക്ടരാണെന്നു അറിഞ്ഞപ്പോൾ അവൾക്ക് എല്ലാം വ്യക്തമാവുകയാണ്.

"എന്തിനാ കൊച്ചു കരയുന്നെ?"

"ഇയാൾ കുഞ്ഞിനെ തൊടി." അവളുടെ കണ്ണുകളിൽക്കൂടി അശ്രുക്കൾ ഉരുണ്ടുരുണ്ടു വീണുകൊണ്ടിരുന്നു.

"മനുഷ്യനായാൽപ്പോരാ, കുറെക്കെ വകതിരിവും വേണം" എന്ന പദങ്ങൾ സുലേഖയുടെ നാവിൻ തുമ്പത്തുവന്നതാണ്. അവൾക്ക് അത്രയ്ക്കരിശമുണ്ടായി. അയാൾ മറെറാരുവശത്തുകൂടെ നടന്നുകന്നു. സതിയെ മുമ്പേനടത്തി ഇന്ദുവിനെ ഒക്കത്തിട്ടുകൊണ്ടു സുലേഖയും വീട്ടിലേക്കു ശീഘ്രത്തിൽപോയി. ഇരുവരുടേയും മുഖത്തു ശോകച്ഛായപരന്നു. കരുമൊട്ടുകണ്ടാൽ കശക്കാൻ നോക്കുന്ന കശ്മലന്മാരെപ്പററി ചിന്തിച്ചുകൊണ്ടാണു സുലേഖ വീട്ടിൽ കയറിയത്. കാററടിച്ചു. വിണ്ടലം കാർകൊണ്ടിരുണ്ടു, എന്നുവരികിലും മഴപെയ്തില്ല. രമാകാന്തൻ പത്നിയേയും കുട്ടികളേയും കാത്തിരിക്കയായിരുന്നു.

"എന്താണിത്ര താമസിച്ചതു്? നേരമിരുട്ടിയതറിഞ്ഞില്ലേ?" എന്നു സൗമ്യമായി രമാകാന്തൻ ചോദിച്ചു.

"സതീ! വേഗം വിളക്കുകൊളുത്തു." സതി ഈറൻ മാറി. എളുപ്പം പൂക്കളിറുത്തു് മാലകെട്ടി വിളക്കുചമയിച്ചു. ദീപം കൊളുത്തി. ചമ്രം പടിഞ്ഞിരുന്നു് സന്ധ്യാകീർത്തനം ഉരുവിട്ടു. മിന്നിത്തെളിയുന്ന കൊച്ചുതാരകയുടെ പരിവേഷവലയത്തിനുള്ളിൽ വെണ്മേഘശകലംപോലെ സതി ഇരുന്നു.

ഇന്ദുവിനെ പിതാവിൻെറ കയ്യിൽ കൊടുത്ത

ശേഷം സുലേഖ ഈറൻ വസ്ത്രങ്ങൾവിരിച്ചു. ആ ബാലിക രമാകാന്തൻെറ ഉത്സംഗത്തിലിരുന്നു്, അച്ഛൻെറ ശ്മശ്രുക്കളിൽ സാവധാനം കളിയായി കുഞ്ഞുവിരലുകൾ ഓടിച്ചുകൊണ്ടിരുന്നു അവൾക്കു് നൂറുനൂറുകാര്യങ്ങൾ പിതാവിനെ ധരിപ്പിക്കാനുണ്ടു്. ആ കിളിക്കൊഞ്ചലിൽ അയാൾ ആനന്ദനിർവൃതിനേടി. സുലേഖ കണ്ണാടിയുടെ മുമ്പിൽചെന്നു് തലമുടി കോതിനീട്ടി അതിൻെറ തുഞ്ചം കെട്ടി. അതിൽ അപ്പോൾ വിരിഞ്ഞ ഒരു കുടമുല്ലമലർചൂടി. പൗഡറിട്ടു. നെററിയിൽ കുങ്കമക്കുറിതൊട്ടു. സന്ധ്യാംഗനപോലെ അവൾ വിലസി, സുലേഖ രമാകാന്തൻെറ അടുത്തുകിടന്ന ഒരു കസാലയിൽ ഉപവിഷ്ടയായി. മാദകമായഒരു പുഞ്ചിരിതൂകി, സന്നതാംഗികളുടെ സൗന്ദര്യം പുരുഷന്മാക്കു ആസ്വാദിക്കാനുള്ളതാണല്ലോ.

"പുലർകാല മങ്കയെപ്പോലെ പൂവുംചൂടി വന്നിരിക്കയല്ലേ?"

"ഭാനുമാൻെറ പൊൻകരങ്ങളുടെ മുമ്പിൽ...!"

"പുലരിയില്ലെങ്കിൽ പകലോനുള്ള മെച്ചം?"

"അരുണൻെറ കടാക്ഷമല്ലെ ഉഷസ്സിനെ പുളകം കൊള്ളിക്കുന്നതു്."

"ഈ അരുണൻ, ഒരു കൊതിയനാണു്"

"ഓ! പ്രഭാതം മോശക്കാരിയാണു്. ആദിത്യനെ ഒരു നോക്കുകാണാൻ രാത്രി മുഴവൻ നിന്നു തപസ്സുചെയ്യുകയല്ലെ!"

"ഉദയാക്കനും ചില്ലറക്കാരനല്ല! പുലരി പൂന്തട്ടവുമായി അച്ഛനയ്ക്കുവരുന്നുണ്ടോ എന്നു് പൂവ്വപവ്വതസാനുക്കളിൽ കേറി തലപൊന്തിച്ചു നോക്കാറില്ലേ?"

"ആരേയും പഴിപറയേണ്ടാ. രണ്ടുഃപേരുംകൈകോത്തു

പിടിക്കുവാൻ അന്ധകാരത്തിൽ തപ്പിത്തടയുന്നുണ്ടു്”

അവരിരുവരും പൊട്ടിച്ചിരിച്ചു. അവരുടെ ചിരിയിൽ ഇന്ദുവും പങ്കുകൊണ്ടു. അപ്പോഴേക്കും നേരത്തേതുടങ്ങിയ കാററു വീശിയടിക്കുന്നുണ്ടായിരുന്നു. സന്ധ്യാകീർത്തനം കഴിഞ്ഞു് സതിവന്നു് ഇന്ദുവിൻെറനേരെ കൈനീട്ടി. ആ കുഞ്ഞു് ആഞ്ഞു കുഞ്ഞിക്കൈകളും വിരിച്ചു് സതിയുടെ വയററിൽ പററിച്ചേർന്നു. കൈകൾ അവളുടെ കഴുത്തിൽ ഒരു വലയം സൃഷ്ടിച്ചു. തെരുതെരെ തണുത്തു തുടുത്ത കവിളിണകളിൽ സതി ഉമ്മവച്ചു. സതി ഇന്ദുവിനേയും പേറി മുറിയിലേയ്ക്കുപോയി.

നമ്മസംഭാഷണം ക്രമാനുഗതമായി, സന്ധ്യയ്ക്കു പാടത്തിൽ വച്ചുണ്ടായ സംഭവത്തിലേക്കു കടന്നു. ജിജ്ഞാസുവായി സുലേഖയുടെ വാഗ്ധോരണിയിൽകാതും മിഴിയും അർപ്പിച്ചിരുന്ന രമാകാന്തൻ, “എന്നിട്ടു” അവൻെറ മുഖത്തു് കാറിത്തുപ്പിക്കൊടുക്കാഞ്ഞതെന്തു് എന്നു ചോദിച്ചു.

“അയാളൊരു പാക്കററടിക്കാരനെപ്പോലെ ഒഴിഞ്ഞു മാറിക്കളഞ്ഞു.”

സംഭാഷണഗതി പല പാതകളിലൂടെ യുമായിരുന്നു. ഒടുവിൽ കലാവതിയെപ്പററിയായി.

ആ ലേഡിക്ലാക്കിനെക്കണ്ടിട്ടില്ലേ? എന്തൊരു ഗമയാണവൾക്കെന്നോ! സൗന്ദര്യറാണിയെന്നാണു ഭാവം!

“പുരുഷന്മാക്കു പുറമോടി മതിയല്ലോ.”

“ചിലക്കേന്നുക്രൂടി പറയൂ” രമാകാന്തൻ തിരിച്ചടിച്ചു.

സുലേഖ—ഞങ്ങളുടെ ആഫീസിൽ ഉണ്ടൊരു പെൺകോന്തൻ! അസി:ഇഞ്ചിനീയർ. ഇവളങ്ങുവന്നാൽ കണ്ടുകൊണ്ടിരിക്കുന്നവരുടെ തൊലി പൊളി

ഞ്ഞുപോകും.

രമാകാന്തൻ—എന്തോ ആയിക്കൊള്ളട്ടെ! വല്ല ടത്തും കിടക്കുന്ന നശിച്ചവളുടെ കാര്യം പറഞ്ഞിട്ടു നമു ക്കെന്തുവേണം? മൂവന്തിനേരത്തു്.

സു—ഇവളു കാലുകുത്തിയനേരംമുതൽ ആനന്ദഭ വനത്തു അടിയും ലഹളയും ആണുപോലും

ര:കാ—മൂധേവി കേറിയാലവിടെ എരണമെ ങ്ങനെ ഉണ്ടാകും.

സു—ആ കൺടാക്ടർ ഇതെല്ലാം മറികടന്നിട്ടാ ണു് പാലുകുടിമാറാത്ത പിള്ളരുടെ പൃഷ്ഠത്തിൽ ഞോ ടാൻ നടക്കുന്നതു്. കൊള്ളരുതായ്മയ്ക്കുമൊരവതി യില്ലേ?

"ര:കാ—കൊള്ളരുതാത്തവർ ഇതും ഇതിനപ്പു റവുംചെയ്യും.

സു:—"തള്ളയെ പിഴപ്പിച്ചു; കൊല്ലിച്ചു. ആരോ രുമില്ലാത്ത കുട്ടികൾ അനുഭവിക്കേണ്ടവക അപഹരിച്ചു. പിന്നെയും പോരാഞ്ഞു്...ങ്ങ് കളിച്ചുകളിച്ചു പള്ളിമു റ്റത്താ കേറിക്കളിക്കുന്നതു്."

"വരട്ടെ, എത്രയുണ്ടെന്നു കാണാമല്ലോ,"

കുറേനേരം ഇരുവരും മൗനമായിരുന്നു.

"ദൈവത്തിൻെറ വല്ലാത്ത പരീക്ഷണശാലയാണീ കുട്ടികൾ, അല്ലേ" എന്നു രമാകാന്തൻ പറഞ്ഞു. ഭ്രാന്തി യുടെ മക്കളെ ഉദ്ദേശിച്ചായിരുന്നു ആ ചോദ്യം.

സു—ദരിദ്രകുടുംബത്തിൽ പിറക്കുന്നതുതന്നെ ഭാ ഗ്യദോഷം.

"അപ്പനും അമ്മയും കൂടിയില്ലെങ്കിൽ കഥ പറയാ നുമില്ല."

രമാകാന്തൻ മുഴമിപ്പിച്ചു.

—००:०:००—

## 11

# തിരശ്ശീല മാറുന്നു

അറ്റൂനിച്ചൂിച്ചതും പാൽ വൈദ്യൻ കല്പിച്ചതും പാൽ എന്നമട്ടായി കലാവതിയുടെ താമസമാററം. വിശാലാക്ഷി ഒരുവിധം സുഖംപ്രാപിച്ചപ്പോൾ ആശുപത്രിയിൽനിന്നും മടങ്ങ്‌വന്നു. അതിനുമുൻപുതന്നെ രാജൻ കൺട്രാക്ടർ ഒഴിഞ്ഞുകിടന്ന ഒരു വീട്ടിലേക്കു കലാവതിയെ മാററിപ്പാർപ്പിക്കാൻ വേണ്ടതൊക്കെ ചെയ്തു. നാലഅധികം കഴിയുംമുൻപുതന്നെ കലാവതി താമസം മാററുകയുംചെയ്തു.

ഇഞ്ചിനീയരാഫീസിന്റെ മുൻവശത്തുകൂടി സാമാന്യം വീതിയുള്ള ഒരിടവഴിചെന്നവസാനിക്കുന്നത് വിശാലമായ ഒരു പുഞ്ചപ്പാടത്തിലായിരുന്നു. ആ വയലിന്റെ നട്ടെല്ലുപോലുള്ള വരമ്പ് വിലങ്ങനെ കടന്നു മറേറ അരികിലേക്കുചെല്ലുമ്പോൾ പാർശ്വഭാഗങ്ങളിൽ തലപൊന്തിച്ചുനിൽക്കുന്ന പച്ചത്തൃണരാശിയെ സദാ സേചനംചെയ്ത് കന്യകയുടെ ശാലീനതയോടെ ഒഴുകുന്ന ഒരു ചെറുകല്യ ഉണ്ട്. ആ കൈത്തോട്ട അടുത്തുള്ള കുന്നിന്റെ വെള്ളിത്തളയായി വിലസുന്നു. ആ കുന്നിന്റെ മുകൾപ്പരപ്പിൽ മകുടം മാതിരി മനോഹരമായ ഒരു ചെറുഭവനം കാണാം. മുററത്തെക്കിളിമരത്തിൽ പററിപ്പിടിച്ചു കിടക്കുന്ന മുല്ലവല്ലികളും ചെങ്കാന്തിചിന്തി പൂങ്കുലത്താലങ്ങൾ പേറിനില്ക്കുന്ന തെച്ചി

ച്ചെടികളും, മധുകരങ്ങളായ മദനന്മാക്ക് ശല്പതല്പമൊരുക്കി പുഞ്ചിരിച്ചു പുളകംപൂണ്ടു പരിമളംപരത്തിനിന്നാടിക്കുഴയുന്ന മലരുകളെ തലയിൽ വഹിക്കുന്ന പനിനീർ ചെമ്പകച്ചെടികളും അങ്കണത്തിനലങ്കാരമാണു്. വീടിനെ സംബന്ധിച്ചിടത്തോളം വഴിവരമ്പിലൂടെ പോകുന്ന വഴിപോക്കർക്ക് ഒരു തിരസ്കരണിയാണിവ ല്ലിപ്പടർപ്പുകൾ

കലാവതി ഒററയ്ക്കാണുവാസം. അടുക്കളജോലിക്കൊരു ബാലികയും. പാലൊളിപ്പൂനിലാവുപരന്ന ഒരു രാത്രി മരുപ്പുറമ്പിൽ മരീചികപോലെ നിലാവു അലയിളക്കി. ആകാശത്തു പഞ്ഞിപോലെ പരന്നുനടക്കുന്ന മേഘശകലങ്ങൾ. നീണ്ടുനിവന്നുകിടക്കുന്ന പാടത്തിലെ നടുവരമ്പിൽക്കൂടി ഒരാൾ നടന്നുപോകുന്നു. ശീഘ്രതകൂട്ടുന്നുമുണ്ടു്. സമുദ്രസാമീപ്യത്തിൽ സരിത്തിനുവേഗതവദ്ധിക്കുന്നതു സ്വാഭാവികമാണല്ലോ. കൈത്തോടിലെ ഗുളുഗുളുശബ്ദം അനുസ്യൂതം പൊഴിയുന്നു. തവളകളും ചീവീടുകളും സകലജനമനോഹരിയായനാദത്തിനു വൈകൃതം വരുത്തുന്നുമുണ്ടു്. ആ വഴിപോക്കൻ അല്പമൊന്നറച്ചുനിന്നു: ആ കുന്നിനെ ലക്ഷ്യമാക്കി നോട്ടമയയ്ക്കുന്നു. ലക്ഷ്യം സസൂക്ഷ്മം മനസ്സിലാക്കിയതുകൊണ്ടായിരിക്കാം, പിന്നെ അവിടെ നിന്നില്ല. നേരേ ആ വീടിനെ ഉന്നംവെച്ചു് അധിത്യകയിലേക്കു് ആരോഹണം ചെയ്തു. പൂക്കൈതെ പൂത്തുമലച്ചുകിടക്കും മാതിരി ദീപംകൊണ്ടു ശോഭനമായ ആ വീട്ടിനുള്ളിലേക്കു് ഒരു ചാട്ടുളിപോലെ അയാൾ പ്രവേശിച്ചു.

പകൽ പ്രകോപനം പ്രകടിപ്പിക്കുന്ന നവവധു രാത്രിയിൽ പുതുമണവാളനെ ഹൃദയലാഘവത്തോടെ

സമീപിച്ചു പുഞ്ചിരി പൊഴിക്കുംപോലെ നിലാവു ളളിൽവി.

ഒരപ്സരസിനെപ്പോലെ കലാവതി പുറത്തുവന്നു. അന്തരീക്ഷത്തിൽനിന്നും അടൎന്നുവീണു് വീടിന്റെ തട്ടു തുലാത്തിൽ തൂങ്ങിലൂന്ന കൊച്ചുനക്ഷത്രംപോലുള്ള വിള ക്കിന്നുതാഴെ അവരിരുവരും രണ്ടു ചിററാമ്പലെന്നവണ്ണം ചിരിച്ചുകൊണ്ടുനിന്നു.

കലാ—സാറാണോ! ഞാനങ്ങു പേടിച്ചരണ്ടു പോയി.

ആഗ—അല്ലെങ്കിലും പേടിക്കുന്ന ആളുംതന്നെ.

കലാ—ഇരിക്കണം സാർ.

അനുസരണയുള്ള ഒരു കുട്ടിയെപോലെ ആഗതൻ ഇരുന്നു. വാതിലിന്റെ കട്ടിളപ്പടികളിൽ പിടിച്ചു കൊണ്ടു കലാവതി നിന്നു. സ്വതസിദ്ധമെന്നു മററുള്ള വരെ തെററിദ്ധരിപ്പിക്കുന്ന ആ പുഞ്ചിരിയുടെ കലവറ തുറന്നു.

കലാ—എന്താസാർ ഇന്നുപോകാഞ്ഞതു് വീട്ടിൽ.

ആഗ—ആഫീസ് പരിശോധന അടുത്തവാര ത്തിലല്ലേ. കുടിശ്ശികജോലി തീൎക്കാനുണ്ടു്. അതു തീൎന്നി ല്ലേ തീരൂ

കലാ—എല്ലാപേരും ഒരുപോലെ പണിചെയ്താ ലല്ലേ തീരുകയുള്ളു.

ആഗ—ആരാ ജോലി ചെയ്യാത്തതു്?

കലാ—ആരാണെന്നറിഞ്ഞുകൂടെ? വൃഥാ എന്നെ ക്കൊണ്ടു പറയിക്കാൻതുടങ്ങുകയാണു്.

ആ സുലേഖ എന്തൊരു കുന്തമാണുചെയ്യുന്നതു്. ടൈപ്പുചെയ്യാനുള്ള റിപ്പോർട്ടുകളും സ്റ്റേററുമെൻറുകളും മേശപ്പുറത്തു കുന്നുകൂടിയല്ലേ കിടക്കുന്നതു്. എപ്പോഴും

നോക്കിയാലും അങ്ങനെതന്നെ.

ആഗ—ഞാനീയിടെ അത്ര ശ്രദ്ധിക്കാറില്ല.

കലാ—മേലുദ്യോഗസ്ഥന്മാർക്കു ആ നോട്ടമൊന്നുമില്ലല്ലോ.

ആഗ—ഇല്ലെന്നാരു പറഞ്ഞു. മെരിററുനോക്കിയാണു പ്രമോഷൻ.

കലാ—സുലേഖയ്ക്കു പ്രമോഷൻവരുന്നെന്നു കേട്ടു.

ആഗ—കിട്ടിക്കൂടെന്നാണോ? എങ്കിൽ!

കലാ—എങ്കിൽ എന്നുവരെ ആയി.

ആഗ—ഒന്നും ആകേണ്ട. കാൺഫിഡൻഷ്യൻ റിക്കാർഡിൽ വെച്ചിട്ടുണ്ടു് ഉളിയാപ്പു.

കലാ—ശരിയാണോ സാർ. ഞാനറിഞ്ഞില്ലല്ലോ.

ആഗ—രഹസ്യറിക്കാർഡു് മററുള്ളവരെ അറിയിക്കാനല്ല.

കലാ—അപ്പോൾ ഇപ്പറയുന്നതുതന്നെ സത്യമാണെന്നാക്കറിയാം.

ആഗ—അതെല്ലാം യഥാവസരം അറിയാം. അവളുടെ റിക്കാർഡിൽ വേണ്ടയ്ക്കാപോലെ എഴുതിവച്ചിട്ടുണ്ടു് പ്രമോഷനു അർഹതയില്ലെന്നുംമററും.

കലാ—ഒരാളെ ദോഷപ്പെടുത്തിയതുകൊണ്ടു എഴുതിയവക്കെന്തുഗുണം?

ആഗ—ഗുണമില്ലായിരിക്കാം. മററാക്കെങ്കിലും പ്രയോജനംവന്നെങ്കിൽ!

കലാ—അതാക്കായിരിക്കും?

ആഗ—ആക്കു ആയിരിക്കാം?

കലാ—അതാണു ഞാൻ ചോദിക്കുന്നതു്.

ആഗ—ഞാനും ചോദിക്കുന്നതു അതു തന്നെ.

കലാ—കളി പറയുകയാണോ?

ആഗ— ആരാ കളിപറയുന്നെ?

കലാ—ഞാനല്ല.

ആഗ—ഞാനുമല്ല.

കലാവതി ഞാൻ കാര്യമായിട്ടു ചോദിക്കയാണു്.

ആഗ—ചോദിക്കു! ഞാൻ പറയാം.

കലാ—ഹെഡ്ക്ലാർക്കായിരിക്കുമെന്നു്

ആഗ—കലാവതിക്കു്. അടുത്ത പ്രമോഷൻ കലാവതിക്കു്.

കലാ—അതെങ്ങനെ. ടൈപ്പിസ്റ്റിൻെറ പ്രമോഷൻ ക്ലാർക്കിനെങ്ങനെകിട്ടാനാണു്.

ആഗ—മെരിററിൻെറ പേരിൽ. കലാവതി വല്ലാതൊന്നിളകിച്ചിരിച്ചു. മാദകമായമന്ദഹാസം!കലാവതി തുടന്നു: കള്ളം പറയുകയാണു്.

ആഗ—ഞാൻ കള്ളനല്ല.

കലാ—ഞാൻ കള്ളിയുമല്ല.

ആഗ—കള്ളിയാണെന്നു ഞാൻ പറയും,

കലാ—ഞാനൊന്നും കട്ടില്ലല്ലോ.

ആഗ—ആരുപറഞ്ഞു കട്ടില്ലെന്നു്?

കലാ—എന്താണു കട്ടതു്. കേൾക്കട്ടെ.

ആഗ—എൻെറ ഹൃദയം.

അവൾ ഒരു പൂമ്പാററയുടെ ചാപല്യത്തോടെ അകത്തേയ്ക്കോടി മേശമേൽ കമഴന്നുകിടന്നു ചിരിച്ചു. ചിരി അടക്കാനാവാതെ കട്ടിലിലിരുന്നു ചിരിച്ചു. മറിഞ്ഞുവീണു കിടന്നു ചിരിച്ചു. പട്ടുതലയിണയിൽ ചുണ്ടമത്തി നോക്കി. നിന്നില്ല. ചിരിതന്നെ. ആനന്ദബാഷ്പംകൊണ്ടു ആ തലയണ ചിലടമെല്ലാം നനഞ്ഞു.

ആ—വരു! കലാവതി വരൂ. ചിരിച്ചതു മതിയായില്ലേ? ഉള്ളതു് പറഞ്ഞാലുറിയും ചിരിക്കും.

കലാ—(ചിരിക്കിടയിൽ) അറിയാതെ വല്ലതും കവന്നിട്ടുണ്ടെങ്കിൽ ശിക്ഷിച്ചുകൊള്ളണം.

ആഗ—പിന്നെ ഇല്ലേ ശിക്ഷ?

കലാ—എന്താണു ശിക്ഷ.

ആഗ—കുററത്തിനുതക്ക ശിക്ഷ തടവാണു്.

കലാ—ഓ! അതു ഭയങ്കരം

ആഗ—ആടിനോടുചോദിച്ചല്ല മരുന്നരയ്ക്കുന്നതു്.

കലാ—ശിക്ഷിക്കണം ഇഷ്ടംപോലെ. കഠിനതടവൊന്നുമല്ലല്ലോ.

ആഗ—മനസ്സാകുന്ന ജയിലറയിൽ ബന്ധിച്ചുവെക്കാനാണു്.

കലാ—ഒരിക്കലും വിട്ടയയ്ക്കില്ലെ?

ആഗ—ഇല്ല. ജീവപര്യന്തം കഠിനതടവു്.

കലാ—പിന്നെയും അപഹരിച്ചാലോ?

ആഗ—മുൻപു പറഞ്ഞതു്.

കലാ—കുട്ടയ്ക്കുമേൽ കുട്ടയില്ല.

ശരീരത്തിൽ സാവധാനംവ്യാപിക്കുന്ന വിഷംപോലെ വ്യഭിചാരാസക്തി അവളുടെഭാവിയെ വിഴുങ്ങുകയാണു്. ആ നർമ്മസംഭാഷണം അങ്ങനെ നടന്നുകൊണ്ടിരുന്നു. ഒച്ചവെക്കാതെ കൈത്തോട്ടം, വയൽ വരമ്പുമുറിഞ്ഞ മടവയും അനർഗ്ഗളം ജലമൊഴുക്കിയെങ്കിലും ളുളുളുശബ്ദത്തിൻെറ ചിററലകൾ കേൾക്കാമായിരുന്നു. ചീവീടുകളും നിദ്രാവിഹീനരായി ചിലച്ചു. അംഗാശ്ലേഷത്തിനായി മണ്ഡൂപിടിപ്പിക്കുന്ന മന്ദ്രധ്വാനിയാൽ ആഹ്വാനംചെയ്തിരുന്നതവളകൾ നിസ്തബ്ദരായി. ചുണ്ടുമലത്തി പുഞ്ചിരിച്ചുനിന്ന മലരുകൾ പരിസരമെങ്ങും പരിമളം പരത്തി, നീർത്തടാകത്തിൽ കളിയോടംപോലെ അമ്പിളിക്കല പ്രശോഭിച്ചു. ചിററലയിൽനിന്നു ചി

ന്നിത്തെറിച്ച പൊന്നിൻകണങ്ങൾപോലെ നക്ഷത്ര ബിന്ദുക്കൾ മിന്നി. പാർവ്വണേന്ദു പാരിടം ഒരു പാലാഴ ക്കടലാക്കി തീർത്തു. എങ്ങും നിതാന്തനിശ്ശബ്ദത. മദന ൻെറ വെൺകൊററക്കുടപോലുള്ള ആ ചെറു വെണ്മാ ളികയിൽ വിളക്കണയാൻ വീണ്ടും സമയമേറെ വേണ്ടി വന്നു.

വശീകരണത്തിന്നുവഴിപ്പെടാത്ത ചാരിത്ര്യം അപൂ ർവ്വമാണു്.

പാൽക്കാരിപ്പാറു മുററത്തു പതിവുപോലെ വന്നു നിന്നു ചുമച്ചപ്പോഴാണു് കലാവതി കതകുതുറന്നു പുറ ത്തുവന്നതു്. അപ്പോഴേയ്ക്കും ആകാശം വലിയൊരു കുങ്കു മച്ചെപ്പുപോലെസുഷമാപ്രസരംപരത്തി. കുളിച്ചീറവസ നമണിഞ്ഞുവന്ന ഉഷസ്സു് അണിഞ്ഞ സിന്ദൂരതിലകം പോലെ ഉദയാരുണൻ പൂർവ്വചക്രവാളത്തിൻെറ നെററി യിൽ പ്രശോഭിച്ചു. കൈത്തണ്ടുനിറയെ കുപ്പിവളകളും അവയുടെ പൊട്ടിച്ചിരിയുമായി നില്ക്കയാണു പാറു. ആ ഞ്ഞുലഞ്ഞുള്ള നടത്തയും മാംസളങ്ങളായ അധരങ്ങളും, ഉരസിജങ്ങളും അവളുടെ പ്രത്യേകതയാണു്.

സാർ ഉറക്കമുണർന്നില്ലേ? മണികിലുക്കംപോലുള്ള ഒച്ചകേട്ടു്, കലാവതി മുറിയിൽനിന്നു ഉമ്മറത്തും, അവി ടെനിന്നു അങ്കണത്തിലും ഇറങ്ങിവന്നു. പാറു സൂക്ഷി ച്ചുനോക്കി. വീണ്ടും ഒന്നുകൂടിനോക്കി, ആകസ്മികമായി അവിടെ ഒരു പുരുഷനെക്കണ്ടപ്പോൾ പാറു നാണിച്ചു പോയി. പാല്പാത്രവുമായി അവൾ മറുപുറത്തേക്കുപോ യി. കലാവതിയും പിന്തുടർന്നു

പാറു പതിഞ്ഞ സ്വരത്തിൽ ഒരു അപരാധിനി യുടെ മട്ടിൽ പറയുകയാണു്. "അച്ഛനാണോ? എ പ്പോൾ വന്നു?"

ക.—നിനക്കെന്തറിയണം. നേരംവെളുക്കും മുമ്പു വന്നിരിക്കുന്നു കുരുപ്പും മുളപ്പും ചോദിക്കാൻ.

പാറു—അച്ഛനല്ലേ? ഞാൻ വിചാരിച്ചു......

ക—നീ എന്തെല്ലാം വിചാരിക്കും. പ്രായം നിശ്ചയിക്കാൻ പററ്യകണ്ണു്!

പാ—അല്ലാ, പിന്നെ ആരാണു്? കാലത്തെ വഴക്കിടാനാണോ ഭാവം?

അവൾ പാൽപാത്രം തിണ്ണയിൽവെച്ചു. ജോലിക്കാരി അതെടുത്തുകൊണ്ടുപോയി. എന്തോ അബദ്ധം പിണഞ്ഞപോലെ കലാവതി ആലോചനയിൽ മുഴുകി.

എടീ പാറൂ, അദ്ദേഹം എൻെറ അച്ഛനമൊന്നുമല്ല. അച്ഛൻ പ്രായംകൂടിയ ആളല്ലേ?

ഞാൻ പറയാം. നീ ആരോടും പറയരുതു്. നിന്നോടു ശണ്ഠപിടിച്ചെന്നു നിനക്കുതോന്ന്യതാണു്.

പാ.—എനിക്കു മനസ്സിലായി കെറുവൊന്നുമില്ലെന്നു്.

ക—ഇദ്ദേഹം...നീ കൈയ്യിലടിച്ചുപറ ആരോടും മിണ്ടുകില്ലെന്നു്.

പാ—സത്യമായും പറകേല.

ക—ഇദ്ദേഹം. .ഇദ്ദേഹം ഞങ്ങളുടെ ആഫീസറാണു്. ഇന്നലെ വീട്ടിൽ പോകാൻ സാധിച്ചില്ല. അങ്ങനെ ഇവിടെ വന്നു.

പാ—അല്ലെങ്കിലും വലിയ ആളുകൾ വന്നാൽ പിന്നെ എങ്ങനെയാ ദുർമുഖം കാണിക്കുന്നതു്.

ക—അദ്ദേഹം നല്ലവനാ. നീ കരുതുംപോലുള്ള ആളല്ല.

പാ—അതെയതെ.

ക—നീയൊരുകാര്യം ചെയ്യുമോ? അല്പം ചായ

ഉണ്ടാക്കാമോ? അദ്ദേഹത്തിന്നു ബെഡ് കാഫികൊടു ക്കാൻ. പാറു അതിവേഗം ചായതയ്യാറാക്കി അതിഥി, ആവിപറക്കുന്ന ചായ കുടിക്കുന്നതും കണ്ടുകൊണ്ടാണ് കലാവതി, പാറുവിൻെറ അടുക്കലേക്കുവീണ്ടും ചെന്നതു്.

കലാ—"പാറൂ! പിന്നെ, നീപോവുകയല്ലെ. നീമാ നക്കേട്ടുണ്ടാക്കല്ലെ" അവർ സമ്മതിച്ചു. ഒഴിഞ്ഞപാത്ര വുമായി തിരിച്ചുപോയി. പോകുന്ന പോക്കിൽ മുററത്തു നിന്നു ഒന്നു തിരിഞ്ഞുനോക്കി. ഇഞ്ചിനീയർ അപ്പോഴും ചായ ഊതിക്കുടിക്കുകയായിരുന്നു.

"അമ്പടി കള്ളീ! നിൻെറ അന്തസ്സും ചന്തവും. അവളൊരു വലിയഉദ്യോഗസ്ഥ. കൈയ്യിലിരിപ്പുകണ്ടി ല്ലേ? പാവപ്പെട്ടവീട്ടിലെ പെൺകുട്ടികൾ വഴിയിൽ വെച്ചു അയൽവാസിയോടുപോലും ഒന്നുമിണ്ടിപ്പോ യാൽ എന്തൊരു ബഹളമാണ്! കിടക്കപ്പൊറുതിയി ല്ല. ഇക്കൂട്ടക്കാണെങ്കിൽ കണ്ടവരെല്ലാം കൂടപ്പിറപ്പുകൾ. അവരൊന്നിച്ചു സിനിമാകാണാൻപോകാം. ഒരിടത്തു പാക്കാം. അതിലൊന്നും ഒരു കുററവുമില്ല. എന്തൊരു ലോകനീതി! പാവപ്പെട്ടവരെ താറടിച്ചു കാണിക്കും, അല്ലാത്തവർ കാണിക്കുന്നകൊള്ളരുതായ്മകൾ മൂടി വെക്കും."

"പിന്നെന്തിന്നു തേവിടിശ്ശിത്തരം കാണിക്കുന്നു? അ വളെന്നെ ശുപാർശചെയ്യുന്നു ആരോടുംപറയരുതെന്നു്. ആരോടും പറയരുതാത്തതു് ചെയ്യാനും പോകരുതു്. അമ്പടികേമീ!" ഇങ്ങനെ പലവിധം ചിന്തകളോടെ പാറു മുറുകി നടന്നു. മാണിക്കം സൂക്ഷിക്കാനിടംതേ ടിപ്പായുന്ന അരണയെപ്പോലെ.

വറുതികൊണ്ടുവലയുമ്പോൾ, ഒരു നേരത്തെ ഭക്ഷ ണത്തിനായി വല്ലതും കിട്ടുവാൻ പുരുഷൻെറ മുമ്പിൽ

വിലപ്പെട്ട ചാരിത്ര്യം ഹോമിക്കുന്നതു വ്യഭിചാരം. സുഖത്തിലും സമ്പത്തിലും സ്ഥാനമാനങ്ങളിലും കഴിയുന്നവർ ആനന്ദത്തിനും വികാരശമനത്തിനും കാമലീലകളാടുന്നതു സാന്മാർഗ്ഗികം. ആദ്യത്തേതു് സമ്പദ് വ്യവസ്ഥിതിയുടെ വൈകല്യവും, രണ്ടാമത്തേതു് സാന്മാർഗ്ഗികത്തിൻെറ അധഃപതനവും. മാന്യതനടിച്ചു നടക്കുന്ന എത്രപേരുടെ ആന്തരികജീവിതമാണു് മലീമസമായിരിക്കുന്നതു്. പക്ഷെ, അതൊന്നും പുറത്തുവരികയില്ല.

പാലുകാരി പാറു അസ്ത്രംവിട്ടതുപോലെ ചെന്നുകേറിയതു് നേരേ ആനന്ദഭവനത്തിലായിരുന്നു.

---

# 12

## സ്വപ്നങ്ങൾ ഫലിക്കുന്നു

തളിരിലകളുടെ തലപ്പത്തു കലംപൊട്ടിപ്പൂക്കൾ വിടരുംപോലെ, ഇരുളിൻെറ പൊതിയിൽനിന്നും പുലരിയുടെ പൊൻതുടിപ്പുകൾ കിളുത്തുകൊണ്ടിരുന്നു. ആ ഭാസുരപ്രഭാതങ്ങൾ ഓരോന്നും രവിക്കും സലീമിനും ഭാവുകങ്ങൾ നേരുകയാണ്. നിർഭരമായ വേദനകളും ദാരിദ്ര്യാർത്തിയും കാർമേഘപടലങ്ങൾ കാററത്തെന്നവണ്ണം അവരുടെ ജീവിതാകാശവീഥിയിൽ നിന്നും ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു. പൂർവ്വ ജന്മവാസനയാലെന്നപോലെ, അവർ തങ്ങളുടെ ജീവിതരീതിയെ സംബന്ധിക്കുന്ന ആശയങ്ങൾക്കു് വളർച്ചയ്ക്കൊപ്പം രൂപം

നല്കി. അതു് അവരുടെ ഓരോ പ്രവൎത്തിയിലും പ്രതി ഫലിച്ചു. ഇരുവരുടേയും പൊതുഗുണത്തെ ലാക്കാക്കി സ്വകാൎയ്യസ്വത്തിൻേറയും വിനിയോഗം നിയന്ത്രിച്ചു പോന്നു. മനുഷ്യസമുദായം അതിൻെറ ആരംഭംമുതല്ക്കു തന്നെ സ്വത്തുടമാവകാശത്തിൻെറ പരിമിതി യാണു്. പക്ഷെ ഉടമയുടെ പരിധിക്കു അതിരില്ല. സമ്പാദിയ്ക്കാനുള്ള സൗഭാഗ്യംവന്നപ്പോൾ അതിനൊരു മാൎഗ്ഗവും അവൎക്കു് തുറന്നുകിട്ടി.

രവിയും സലിമും പഴയപോലെ മുഷിഞ്ഞവസ്ത്രങ്ങ ളല്ല ധരിക്കാറുള്ളതു്. അവരുടെ വേഷത്തിലും രൂപ ത്തിലും പുതുമയും പ്രത്യേകതയും വന്നു. എണ്ണതേക്കും കുളിക്കും, വെള്ളവസ്ത്രങ്ങൾ ധരിക്കും; പൂച്ചിയും പുഴവും ഉറുമ്പും നായും വേശ്യയും സൈ്വരവിഹാരം നടത്തി യിരുന്ന ഷെഡ്ഡിൽനിന്നും വൃത്തിയും വെട്ടവുമുള്ള ഒരു മുറിയിലാണു് ഉറക്കം, പണവും പണ്ടങ്ങളും സൂക്ഷി ക്കാൻ പെട്ടിയുണ്ടു്. ഉടുതുണി ഇടാൻ പെട്ടുണ്ടു്: കിടന്നുറങ്ങാൻ കട്ടിലുണ്ടു്, മേശ, കസേര, എന്നുവേണ്ട സകല സജ്ജീകരണങ്ങളും. ഒരേ മനസ്സു്, ഒരേ ജോലി എന്തൊരു ഒത്തൊരുമ.

ബസ്സുകളും കാറുകളും ഓടിക്കിതച്ചുവന്നു് കച്ച വടക്കാരെ ഉണൎത്തുമ്പോഴേക്കു് അവരിരുവരും ഏറുമാ ടക്കടയിൽ സ്ഥലംപിടിച്ചിരിക്കും. വില്പനയ്ക്കുള്ള സാധ നസാമഗ്രികളും അടുക്കും, ചിട്ടയുമനുസരിച്ചു നിരത്തി ക്കഴിഞ്ഞിരിക്കും. അവരറിയാത്ത ബസ്സു ഡ്രൈവറ ന്മാരോ, കൺടക്ടറന്മാരോ ഇല്ല. അവൎക്കെല്ലാമെന്തു കാൎയ്യമാണു് ഈ ബാലന്മാരോടു്. അങ്ങനെ എല്ലാ നല്ല ആളുകളുടെയും സഹായവും സ്നേഹവും സഹകര ണവും അവൎക്കു ലഭിച്ചുവന്നു. പണത്തിനു ബുദ്ധിമുട്ടു

വരുമ്പോഠം കൺട്രാക്ടറന്മാർ അവരെ നിർല്ലോഭം സഹായിക്കാറുണ്ടു്. ആ പണം അപ്പോഠംതന്നെ കച്ചവടസാധനങ്ങളായി രൂപം മാറും. കടയിൽ അവ സ്ഥാനംപിടിക്കും. കറാൽ പുള്ളിയാണു സലീം കൃത്യസമയത്തിനുമുമ്പുതന്നെ, കടമെടുത്ത തുക എണ്ണിത്തിട്ടപ്പെടുത്തി പ്രത്യേകം പൊതിയാക്കി സൂക്ഷിക്കും.

പല ചെറിയ സക്കാരുദ്യോഗസ്ഥന്മാരുടേയും മമത അവക്കുലഭിച്ചു. അവരുടെ പററുവരവു ഇവിടെയാണു്. ശമ്പളം കിട്ടിയാൽ ആദ്യം അവർ കുടിശിക തീക്കും. ഇങ്ങനെ ഒന്നായിത്തുകകിട്ടുമ്പോഠം സലിമിനു് എന്തൊരുസന്തോഷമെന്നോ! ആവശ്യപ്പെടാതെതന്നെ അവൻ "സാർ ഒരു സിഗററു വലിച്ചാട്ടെ" എന്നു പറയാറുണ്ടു്;

സലിം യൗവനത്തിലേക്കുകാലൂന്നി. ബാലികമാർ പുരികത്തിൽ കരി നീട്ടിവരയ്ക്കുംമാതിരിയുള്ള നേരിയ മീശ അവൻെറ വെളുത്തമുഖത്തിനു ഒരു ചന്തമാണു്. പണ്ടത്തെ ചെമ്പിച്ച കുററിമുടി നിമ്നോന്നതങ്ങളായി പിറകോട്ടു കോതിവച്ചിരിക്കയാണു്. ക്ഷൗരം ചെയ്തു് മസൃണമായ മുഖം, മാറാത്ത പൊട്ടിച്ചിരി അവനു സഹജമാണു്. ആ തിളങ്ങുന്ന കണ്ണുകളും, വശങ്ങളിലേക്കു എഴുന്നുനില്ക്കുന്ന വലിപ്പമേറിയ കാതുകളും, ഭാഗ്യലക്ഷണമാണെന്നാണു് പലരും പറയാറുള്ളതു്.

ചൊടിചൊടുപ്പനാണു രവി. അവനും അല്പം വളന്നിട്ടുണ്ടു്. മെലിഞ്ഞു് എല്ലു് എഴുന്നുള്ള കൈകാലുകളും ഒട്ടിയ കവിളും മാംസളങ്ങളായി. അവൻ ഈയിടെ വായനയും എഴുത്തുംകൂടി അഭ്യസിച്ചുവരുന്നു രാത്രിയിൽ ഒരു ട്യൂഷൻമാസ്റ്റർ അതിലേക്കു നിയോഗിക്കപ്പെട്ടിട്ടുണ്ടു്.

ഒരിക്കൽ രണ്ടു കൊച്ചുകച്ചവടക്കാരുംചേന്നു് തിരു

വനന്തപുരത്തുപോയി. അവിടത്തെ തിക്കും തിരക്കും രവിക്കു നന്നേ പിടിച്ചു. അവിടത്തെ തുണിക്കടകൾ അവനെ ഹഠാദാകർഷിച്ചു. ആ ആശാബീജം അവന്റെ കൊച്ചുഹൃദയത്തിന്റെ അടിത്തട്ടിൽ കിടന്നു മുളയ്ക്കുവാൻതുടങ്ങി. കടയടച്ചു അവർ വാടകമുറിയിൽ വന്നു് വൃഥാ സംസാരിച്ചുകൊണ്ടു കിടക്കുകയായിരുന്നു. തന്റെ അഭിലാഷം സലിമിനെ അറിയിച്ചാലെന്തെന്നു് രവി പലവുരുവിചാരിച്ചു. ജലോദരത്തിൽനിന്നും പോളകൾ പൊങ്ങിവരുംപോലെ വാക്കുകൾ നാക്കത്തു വന്നു. പക്ഷെ, അതു പറയേണ്ടതില്ലെന്നു അവനുതോന്നി. വീണ്ടും അതുതന്നെ അവനെഅലട്ടിക്കൊണ്ടിരുന്നു. പറയൂ, പറയൂ എന്നു് അന്തഃകരണം അവനെ നിർബന്ധിക്കുംപോലൊരു തോന്നൽ.

രവീ—ചേട്ടാ! ഞാനൊന്നുചോദിക്കട്ടെ.

സ—എന്താ! ചോദിക്കൂ!

ര—അല്ലെങ്കിൽ വേണ്ടാ ശണ്ഠപിടിക്കും.

സ—നിന്നോടോ രവി! നിനക്കെന്താണു പറയാനുള്ളതു്! പറയൂ.

ര—ഒന്നുമില്ലെന്നു പറഞ്ഞതതോ.

സ—എന്നാൽ കേൾക്കണ്ടാ. മിണ്ടാതെ കിടന്നുറങ്ങു. എനിക്കു വല്ലാതെ ഉറക്കംവരുന്നു.

"ഉറങ്ങുന്നില്ലെങ്കിൽ പറയാം."

"പറയാമെങ്കിൽ ഉറങ്ങുന്നില്ല."

"എത്രരൂപാവരും നമ്മുടെ കൈവശം"

"പതുക്കെപ്പറയൂ. എന്തിനാ അന്വേഷിക്കുന്നതു്"

ഉണ്ടു്. കാര്യമുണ്ടു. പറയാം.

ഇന്നാൾ നമ്മൾ തിരുവനന്തപുരത്തു പോയില്ലേ?

"പോയി."

"അവിടെക്കണ്ട തുണിക്കട; ഓർമ്മിക്കുന്നോ?

"ഉണ്ട്. അതിനെന്തുവേണം? നിനക്കു പിടിച്ച തുണി വല്ലതുമുണ്ടോ? ഇനി പോകുമ്പോൾ വാങ്ങാം.

തുണിക്കല്ല,

"നിനക്കു തുണിയേവേണ്ട; പിന്നെ ഇത്രയൊക്കെ വർണ്ണിക്കാൻ?

"പണമുണ്ടോ എന്നറിഞ്ഞാൽ?

ഉം. അറിഞ്ഞാൽ?

"നമുക്കൊരു തുണിക്കട തുടങ്ങിയാലെന്താ!"

"അതുപോലെയോ? ലക്ഷക്കണക്കിനു രൂപാ വേണം."

"എനിക്കതു അറിഞ്ഞുകൂടായിരുന്നു."

"നമ്മെക്കൊണ്ടു സാദ്ധ്യമല്ലെന്നു്"

പിന്നെ കുറെനേരത്തേക്കു ഇരുവരും ഒന്നും ഉരിയാടിയില്ല. അവർ വ്യത്യസ്തങ്ങളായ ദിക്കുകളിലേക്കു കണ്ണയച്ചു. തട്ടിന്നുതാഴെ വിളക്കു കണ്ണിമയ്ക്കാതെ കത്തിക്കൊണ്ടിരുന്നു.

"എടേ. രവി!"

"എന്തോ!"

"നീയെന്താ ഒന്നും മിണ്ടാത്തേ?"

നമുക്കുറങ്ങാം.

"അപ്പോൾ തുണിക്കടയുടെകാര്യം"

"എന്തുവേണമെന്നാ നീ പറയുന്നെ?"

"എന്നെങ്കിലും നമുക്കൊരു തുണിക്കടതുടങ്ങണം"

"എന്നാലതുടനെ വേണം" എന്നായി സലിം

ചെറിയതോതിൽ തുടങ്ങിയാൽ മതിയെങ്കിൽ?

"മതി" രവി സന്തോഷം വഴിഞ്ഞൊഴുകുമാറു പറഞ്ഞു.

സലിം:—എന്നാലൊന്നു പരിശോധിച്ചു നോക്കാം. അവർ ഉറങ്ങി.

* * * * * *

കടയുടെ കാര്യം സലിമിന്റെ മനസ്സിൽ ചില നിഴല്പാട്ടുകളുണ്ടാക്കി. പരിവരവ്യകാരരായ ചില നല്ല ആളുകളോടു ഈ സംഗതി പലപ്പോഴും അവൻ ആരാഞ്ഞുനോക്കി, ചിലർ അനുകൂലിച്ചു; ചിലർ പ്രതികൂലമായി സംസാരിച്ചു. ഈ ഏടാകൂടത്തിൽ തലയിടരുതെന്നു താക്കീതുചെയ്തവരും ഉണ്ടു്: പരിചയമുള്ളവരെ ശമ്പളത്തിനിരുത്തിയാൽമതിയെന്നു വേറൊരുകൂട്ടർ ഉപദേശിച്ചു. ഏതായാലും നല്ല നേരംനോക്കി ഒരു ചെറിയ തുണിക്കട തുടങ്ങി.

നവീന സജ്ജീകരണങ്ങളോടെ സമാരംഭിച്ചകട അന്നാട്ടുകാരുടെ നിർല്ലോഭമായ സഹായസഹകരണങ്ങൾക്കു് പാത്രമായി. ബസ്സ്റ്റാൻഡിന്റെ തൊട്ടരുകിൽ പഴയ ഏറുമാടക്കടയുടെ എതിർഭാഗത്തു്. നിശാവേളയിൽ ആ ചക്തികദീപാ പ്രഭാപ്രസരം പൊഴിക്കുമ്പോൾ കണ്ണാടി അലമാരികളുടെ അകത്തു് വർണ്ണശബളമായ തുണികൾ ആയിരമായിരം മഴവില്ലു പൊട്ടിച്ചിതറിയമാതിരി ശോഭിച്ചു. കച്ചവടം പ്രതിദിനം വദ്ധമാനമായി.

അങ്ങനെ ഓണവും സമാഗതമായി, ഓണമടുക്കുന്തോറും കച്ചവടം തിരുതകൃതിയായി. കേരളത്തെ സുഭിക്ഷതയുടെ പര്യായമാക്കിത്തീർത്ത ഒരു സുകൃതനിധിയെ അനുസ്മരിപ്പിക്കുന്ന ദേശീയാഘോഷത്തിൽ പ്രകൃതിയും മനുഷ്യരും ഒരുപോലെ ആനന്ദതുന്ദിലരായി. പട്ടിണിപ്പാവങ്ങൾപോലും വയറുനിറച്ചുണ്ണാനുള്ള വകകൾ സമ്പാദിച്ചു. അരമറയ്ക്കാൻ ഉടുതുണി ഇല്ലാത്തവർ

പോലും സർവ്വസ്വവും വിററു് പുതുവസ്ത്രങ്ങൾ വാങ്ങു വാൻ വെമ്പൽപ്പെടുന്നു. ഫാക്ടറികളിൽ പണിയെടു ക്കുന്ന പെൺകൊടിമാർ നിറപ്പകിട്ടുള്ള ബ്ളൗസുകൾ ക്കും സാരികൾക്കുംവേണ്ടി തുണിക്കടകളിലെത്തി കൊ ഞ്ചിയും കുഴഞ്ഞും വിലപേശുന്നതിൽ യാതൊരു സങ്കോ ചവും കാണിക്കുന്നില്ല. കമ്പോളങ്ങളിൽ മലക്കറികൾ മലപ്രമാണംവന്നുകഴിഞ്ഞു. കർഷകഭവനങ്ങളിൽ പുതു നെല്ലിൻെറ പരിമളം അലതല്ലി. ആളുകൾ ആക പ്പാടെ ആവേശഭരിതരാകുന്ന ഒരു കാലഘട്ടമാണല്ലോ ഓണം.

സലിമും രവിയും ഏതാണ്ടു ദിവസത്തെ ഉറക്കമി ളച്ചുള്ള കച്ചവടത്തിനുശേഷം കടയും പൂട്ടി അവരുടെ സങ്കേതംപൂകി. അപ്പോഴാണു് ഓണാഘോഷത്തിൻെറ ഉത്സാഹത്തിമിർപ്പിൽഅലിഞ്ഞുചേർന്നിരുന്ന അവരുടെ മനസ്സ് പ്രതിനിവർത്തിച്ചതു്. അവർക്കൊരുത്സാഹവു മില്ല. എല്ലാപേർക്കും ഓണമുണ്ടു്. തങ്ങൾക്കില്ല. അവ ർക്കാണെങ്കിൽ അച്ഛനില്ല; അമ്മയില്ല; മററു് ഉടയോ രുമില്ല. പക്ഷേ, പണമുണ്ടു്. എങ്കിലും ഓണം കൊ ണ്ടാടാൻ തരമില്ല. അവർ തങ്ങളുടെ ഭൂതകാലത്തേക്കു കണ്ണോടിച്ചു.

"എടേ, രവീ! സകലർക്കുമോണമുണ്ടു്. നമുക്കോ?"

ആ ചോദ്യത്തിൽ വേദനയുടെ കലർപ്പുണ്ടായി രുന്നു.

"നീ പറയാറുണ്ടല്ലോ, നിനക്കൊരു ചേച്ചിയു ണ്ടു്, അനുജനുണ്ടു്, മററാരൊക്കെയോ ഉണ്ടു്" എ ന്നെല്ലാം:

രവി—ഉണ്ടു്; പക്ഷേ അവരെല്ലാം ഇപ്പോൾ എ വിടെയാണെന്നു് ആർക്കറിയാം.?

സലിം—അവരുള്ളേടം തേടിപ്പിടിക്കാം,

രവി—എന്നാൽനമുക്കു രാവിലെ അങ്ങു പോകാം.

അവർ അന്നും ഉറങ്ങിയില്ല. പകൽപോലുള്ള നിലാവ്. എങ്ങും ഓണപ്പാട്ടും ഘോഷവും തന്നെ. മനുഷ്യർ ഒരു കൊല്ലം സഹിച്ച യാതനകൾ കാററത്തു കരയിലപോലെ പറന്നുപോകുന്ന പ്രതീതി. നേരംപുലരുന്നതിനുമുമ്പുതന്നെ അവർ കുരവയിട്ടുകൊണ്ടൊഴുകുന്ന പുഴയിലിറങ്ങിക്കുളിച്ച്, അതിവേഗം, പോകാനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി കടതുറന്നു് ഈടുള്ളതും മനോഹരവുമായ പലതരം തുണികളും സാരികളും വസ്ത്രങ്ങളും മററും തെരഞ്ഞെടുത്തു് പെട്ടിയിലാക്കി. അന്നുവരെയുള്ള പിരിവുതുക മുഴുവൻ തോൽസഞ്ചിയിൽനിക്ഷേപിച്ചു് അതു പ്രത്യേകം കയ്യിലെടുത്തു, വ്യഗ്രത അനുനിമിഷം അവരെ അലട്ടിക്കൊണ്ടിരുന്നു. ആ അനാഥക്കുട്ടികൾ യാത്ര ആരംഭിച്ചു.

ഉത്സാഹത്തിമിർപ്പോടെ അവർ ബസ്സിറങ്ങി നടക്കുകയാണു്. പെട്ടിയും സാമാനങ്ങളും തലയിലെടുത്തുകൊണ്ടു ഒരു കൂലിക്കാരൻ പിറകേയും. ചുററുപാടുമുള്ള വീടുകളിൽനിന്നു അലയടിച്ചുയരുന്ന പാട്ടും ആർപ്പുവിളിയുംശ്രദ്ധിക്കാതെ രവിയെ പിന്തുടരുകയാണു് സലിം. ഇടവഴിയും ഗേററും കടന്നു അങ്കണത്തിലെത്തിയ അവരെ ആദ്യം കാണുന്നതു് സതിയായിരുന്നു. അവൾ അത്ഭുതവും ആനന്ദവുംകൊണ്ടു സ്തബ്ധയായിപ്പോയി. രവി, "ചേച്ചീ, ചേച്ചീ" എന്നറിയാതെ വിളിച്ചു. പാലും തേനുമൂറുന്ന ആ വിളികേട്ടുകൊണ്ടു് രമാകാന്തനും പത്നിയും പാഞ്ഞു മുററത്തെത്തി. കാണിനേരം അനങ്ങാതെനിന്നു. അനന്തരം സുലേഖ ആവേശത്തോടെ രവിയെ ആഞ്ഞുപിടിച്ചു. അവൻ അവളുടെ കരവലയ

ത്തിനുള്ളലായി. സതീയും അവനെ ആശ്ലേഷിക്കുകയാണു്. സലീമിനു് സന്തോഷംകൊണ്ടു് ഉരിയാടാൻ സാധിച്ചില്ല. രമാകാന്തൻ എല്ലാപേരെയും മാറിമാറി നോക്കിനിന്നു. കൂലിക്കാരൻ കെട്ടുതാഴെയിറക്കി. സലീം അവനു കൂലികൊടുത്തു. അയാൾ തിരിച്ചുപോയി. ഇതിനിടയിൽ സതി പെട്ടിയെടുത്തു മുറിക്കകത്തുവെച്ചു. എല്ലാപേരും വീട്ടിനുള്ളിലേക്കു മടങ്ങി ഒരേ ഞെട്ടിൽ വിടൎന്ന രണ്ടാത്മാക്കളുടെ ഐക്യദാർഢ്യം അന്നാണു സലീം മനസ്സിലാക്കിയതു്.

നീലിച്ച കണ്ണുകളും, ചുരുണ്ട തലമുടിയും, എറിച്ച മൂക്കും, അധികം വിരിവില്ലാത്തമാറിലെ കൊച്ചു മുലക്കച്ചപ്പുകളും, പാദംവരെ ചുളിവീണു നീണ്ടുകിടക്കുന്ന പാവാടയും—ഇതുകപ്പാടെ സതിയിൽ ഒരു കൊച്ചു സുന്ദരിയുടെ സകലത്തും സലീം കണ്ടു. തന്നെ കണ്ണിമയ്ക്കാതെ സൂക്ഷിച്ചുനോക്കുന്ന അപരിചിതനെ അധികനേരം നോക്കിനിൽക്കാൻ സങ്കോചം അവളെ അനുവദിച്ചില്ല. ഒരു പൈങ്കിളിയെപ്പോലെ പറന്നു അവൾ മാറിക്കളഞ്ഞു. രമാകാന്തൻ രവിയേയും കൂട്ടുകാരനേയും തൻെറ മാറോടുചേർത്തു നിമിഷനേരം നിന്നു. അയാൾ അനന്തരം ഒരു കസേരയിലിരുന്നു. അവർ വണക്കമുള്ള പുത്രന്മാരെപ്പോലെ തലയും കുനിച്ചു നിന്നു. രവിയും സുലേഖയും തെല്ലകലത്തു മാറിനില്ക്കുകയാണു്. അവരുടെ മിഴികളിൽനിന്നു അശ്രുക്കൾ അടൎന്നുവീണുകൊണ്ടിരുന്നു. ഇന്ദു ഓടിനടന്നു ആഗതരുടെ കൈകളിൽ മാറിമാറിപ്പിടിച്ചു വലിച്ചു.

സൎവ്വത്ര ആർപ്പുവിളികളും പാട്ടുംതന്നെ. പക്ഷെ ആ വീട്ടിൽമാത്രം ഒരു മൂകത. ഒരു പാരവശ്യവും മ്ലാനതയും രമാകാന്തൻേറയും പത്നിയുടേയുംമുഖത്തു കാണാം.

തലേന്നാൾ തെററിപ്പൂമാലകൊണ്ടു അലങ്കരിച്ച വിളക്ക് അപ്പോഴും വെളിച്ചം വീശി. പക്ഷെ, അതിൻെറ കരിനിഴൽ അപ്പുറത്തു ആസ്ഥാനം പിടിച്ചിരുന്നു. രവി എല്ലായിടത്തും കയറി ഇറങ്ങി. ഓണോത്സവത്തിൻെറ യാതൊരു ലാഞ്ഛനയും അവിടെ കണ്ടില്ല. അവനു വല്ലാത്ത വിഷാദംതോന്നി. അവൻ സതിയോടും വളത്തമ്മയോടും, അതേപ്പററി സംസാരിച്ചശേഷം സലിമിനെ വിവരം ധരിപ്പിച്ചു.

"ഞങ്ങൾ ഇതാ വന്നേച്ചു" രവിയും സലിമും ഇറങ്ങിപ്പോയി. രമാകാന്തൻ ബാഗ് മേശയ്ക്കുള്ളിൽവെച്ചു പൂട്ടി. അരനാഴികയ്ക്കകം പോയവർ മടങ്ങിവന്നു. തലയിൽ ചുമട്ടുമായി ഒരു കൂലിക്കാരനും. അങ്ങനെ അവിടെയും ഓണംവന്നു.

സതിയും സുലേഖയും പാചകമുറിയിലേയ്ക്കാണു പോയതു്. രമാകാന്തൻ ആ കുട്ടികളെ വിളിച്ചിരുത്തി വിവരങ്ങൾ ചോദിച്ചറിയുകയാണു്. ഇന്ദു ഓടിനടന്നു കളിച്ചു. കൂടെക്കൂടെ അവരുടെ മടിയിൽ മാറിമാറി കയറി ഇരിക്കുന്നുമുണ്ടായിരുന്നു.

"ദേ, ഇങ്ങോട്ടുവന്നേ" സുലേഖ വിളിച്ചുപറഞ്ഞു. വിശേഷങ്ങൾ ഞങ്ങൾക്കും കേൾക്കണം. ഇവിടെ ഇരുന്നു സംസാരിക്കാമല്ലോ."

രവി കഥപറയാൻതുടങ്ങി. സലിം ഇടയ്ക്കിടയ്ക്കു സതിയെ കടക്കണ്ണിട്ടു നോക്കുകയും ഇടയ്ക്കു സംസാരിക്കയും ചെയ്യുന്നുണ്ടായിരുന്നു. മധു ഇല്ലാതെപോയതിൽ അവർക്കെല്ലാം വല്ലായ്മഉണ്ടായി.

---

# 13

## വൈരത്തിൻെറ കൊട്ടമുടിയിൽ

പാല്ക്കാരിപ്പാറുവിനെ അറിയാത്തവർ അന്നാട്ടിൽ ചുരുങ്ങും. പഞ്ചവർണ്ണക്കിളിക്കൊഞ്ചലുകളാകുന്ന വളകിലുക്കത്തോടുകൂടി പുലരി അടിത്തളിരുകൾ ചാഞ്ചാട് വെച്ചുതുടങ്ങുമ്പോൾ, വലിയൊരുമൊന്തയിൽ പാലും അളവുപാത്രവുമായി പാറു വീടുവിട്ടിറങ്ങും, കൈത്തണ്ടുനിറയെ കുപ്പിവളകളും, മാറിൽ ഇമിറേഷൻ മുത്തുമാലയും ധരിച്ചുമാത്രമേ അവളെ ആളുകൾ കണ്ടിട്ടുള്ളൂ. കുതിരവാൽ പോലെ നീണ്ടുതഴച്ച തിരുപ്പൻ ചേർത്തുള്ള കുന്തളബന്ധനവും, അതിൽ തിരുകിവച്ച പുഷ്പമാല്യങ്ങളും അവൾക്കുള്ള മറെറാരു പ്രത്യേകതയാണ്. കനത്തുരുപിന്നിലോട്ടു തള്ളിയ നിതംബം തുള്ളിച്ചു തുള്ളിച്ചുള്ള നടത്തയുടെ താളത്തിനൊത്തു തലവിലങ്ങനെ ആട്ടുന്നതു അവൾക്കു പ്രിയംകരമായ ചേഷ്ടയാകുന്നു. കുന്നിച്ച പോർമുലകളും തടിച്ച ചുണ്ടുകളും, അവയെ അല്പാല്പം ഉന്തി മാറുന്ന വലിയ ദന്തങ്ങളും പ്രഥമവീക്ഷണത്തിൽ തന്നെ ആരുടേയും ഹൃദയഫകലാസ്സിൽ പതിച്ചുപോകും. അന്തസ്സിൻെറയും ആഭിജാത്യത്തിൻെറയും പേരിൽ പുറത്തിറങ്ങാതിരിക്കുന്ന കുഡുംബിനികൾക്ക് പ്രത്യേകിച്ചും പാറുവിനെ വളരെ കാര്യമാണ്. പരദൂഷണം ശ്രവിക്കുവാൻ—വിശേഷിച്ചും അന്യഭവനങ്ങളിലെ പെണ്ണു

ങ്ങളെപ്പററിയുള്ളതു്—ഇക്കൂട്ടക്കു് അനന്യസുലഭമായ താല്പര്യം കാണുമല്ലോ.

അതിരാവിലെ സ്വഭവനത്തിൽ നിന്നും പാല്ക്കുടവുംപേറി വീടുതോറും നടന്നു് പാൽ അളന്നുവിററു കാശുമേടിക്കുന്നതാണു് അവളുടെ നിത്യത്തൊഴിൽ. അവരം അറിയാത്ത നാട്ടുകാര്യമില്ല ഒരിടത്തെക്കാര്യം മറെറാരിടത്തുപറയും. വളരെ രഹസ്യമായിരിക്കണെമെന്ന നിർദ്ദേശം കൊടുക്കാൻ മറക്കാറില്ല. ബാലികതിരണ്ടതും, അയൽവീട്ടിലെ യുവതി ഭർത്താവില്ലാതെ ഗർഭംധരിച്ചതും, അദ്ധ്യാപിക ആററുകടവിൽ വച്ചു് ഒരു വക്കീലുമായി സൊള്ളിയതും അണ്ടിആഫീസിലെ സ്ത്രീ തൊഴിലാളിയ്ക്കു് വാച്ചർ പണപ്പൊതി കൊടുത്തതും, ഒരു കൊച്ചു വിദ്യാർത്ഥിനി സഹപാഠിയായ കാമുകനുമായി പ്രേമകായിതങ്ങരം കൈമാറിയതും, എന്നുവേണ്ട നൂറുനൂറു കാര്യങ്ങളുണ്ടാവും അവരംക്കു് പറയുവാൻ.

പാറു പതിവുപോലെ ഒരു പ്രഭാതത്തിൽ ആനന്ദഭവനത്തെത്തി പാൽ അളന്നു കൊടുത്തശേഷം ഒരു മൂളിയിരുത്തലോടെ വടക്കേ മുററത്തുനിന്നു പറയുകയാണു്. "അറിഞ്ഞില്ലേ വിശേഷങ്ങരം"?

വിശാ— എന്താ! പാറൂ പുതിയവർത്തമാനങ്ങരം വല്ലതുമുണ്ടോ?

പാ—ഉണ്ടെന്നോ! ഹോ! അവളെന്തൊരുത്തി. ഒരു ഉദ്യോഗസ്ഥയാണെന്നുവെച്ചു്?

വി—നീ ആരുടെ കാര്യമാണു് വലിച്ചുവാരിക്കൊണ്ടു വരുന്നതു്. ഇടിമുഴക്കവും കാറും കോളും കാണും മഴപെയ്താലോ! മഞ്ഞുതുററലുംപോലെ. അത്രയ്ക്കേ ഉള്ളൂ നിൻെറ കഥപറച്ചിൽ.

പാ—അങ്ങനെയൊന്നും അല്ല. ഇതു് കള്ളനെ കയ്യോടെ പിടിച്ച കഥയാണു്.

വി—എനിക്ക വേറെ തൊഴിലുണ്ടു്. പറയുന്നെങ്കിൽ വേഗമാകട്ടെ പാറു

പാ—ഇവിടെത്താമസിച്ചിരല്ലെ? ആ ഏടാകൂടമൊക്കെ ഉണ്ടാക്കിയ പെണ്ണുംപിള്ള.

വി—വല്ല നായുടേയും പേയുടേയും കാര്യം പറയുന്ന നേരമുണ്ടെങ്കിൽ രാമനാമം ജപിച്ചൂടെ.

പാ—പിന്നെ എങ്ങിനെ പറയാതിരിക്കും? അവളുടെ എന്തോന്നുകണ്ടോണ്ടാ ഈ ആണുങ്ങള് വാലും താഴ്ത്തി അവളുടെ പിറകെപായുന്നതു്!

വി—നമുക്കെങ്ങനെ അറിയാം?

പ—ഒണ്ടേഉണ്ടു്; കുറെ കനത്ത പൃഷ്ഠം. അതും കുലുക്കി നടക്കും.

വി—നീ വല്ലകാര്യവുമുണ്ടെങ്കിൽ പറ;

ഇങ്ങനെനീട്ടിക്കൊണ്ടുപോകാതെ.

പാ—തൊലിവെളുത്തതാണെന്നും പറഞ്ഞു ഇങ്ങനെ തൊടങ്ങിയാൽ!

ഒരു മൂളിയിരുത്തലോടെ പാറു പറയാൻ തുടങ്ങി. കലാവതിയുടെ പാർപ്പിടത്തിൽ പാൽ കൊണ്ടുചെന്നപ്പോഠംകണ്ടകാഴ്ച പൊടിപ്പും തൊങ്ങലുംവെച്ചു പറഞ്ഞു കേഠംപ്പിച്ചു. ജിജ്ഞാസുവായ വിശാലാക്ഷി സകലതും സശ്രദ്ധം കേട്ടുകൊണ്ടിരുന്നുഒടുവിൽ "അപ്പോഠം അവഠം ഇവിടെനിന്നുമാറിയതു് ഈ കച്ചവടത്തിനായിരുന്നു.

നമുക്കെന്തുചേതം പാറു? ഉപ്പുതിന്നവർ വെള്ളം കുടിക്കും ഏതായാലും ഇവിടെനിന്നും ആ മാരണം ഒഴിഞ്ഞു മാറിയതു തന്നെ ഭാഗ്യം.

എന്തായാലും ശരി; പെണ്ണുങ്ങളായാൽ കുറെഒക്കെ അടക്കവും ഒതുക്കവും വേണം. "അങ്ങനെയല്ലെപാറൂ!"

പാ—പിന്നെ അല്ലെ! ഒരു കാര്യം കൂടി. വഴക്കുണ്ടാക്കാൻ വേണ്ടി പറയുന്നതല്ല. എന്തിനാണാവീട്ടിൽ ഇവിടുത്തെ മുതലാളിയുടെ പടം തൂക്കിയിരിക്കുന്നതു്. കുറെമുമ്പു് ഇതു പറയണമെന്നു വിചാരിച്ചതാണു്. പിന്നെയും വേണ്ടെന്നു വെച്ചു.

വി—നേരാണോ? എവിടെയിരിക്കുന്നുപടം? നാട്ടുകാരന്റെ പടം അവളെന്തിനു കൊണ്ടുവച്ചു പൂജിക്കുന്നു! അമ്പടീകള്ളി!

പാ—അതാണു് എനിക്കുമറിയാനുള്ളതു്.

വി—നീയതിങ്ങെടുത്തോണ്ടു പോരാഞ്ഞതെന്തു്.

പാ—അതെങ്ങനെ? നിങ്ങൾക്കാണെങ്കിൽ അവകാശം പറയാം അവളെ കുററപ്പെടുത്താം.

വി—കുററപ്പെടുത്താ മെന്നോ? എന്റെ മുററം തൂക്കുന്ന കുററിച്ചൂററപ്പാകൊണ്ടു അവളുടെ മുഖത്തെററുന്നുണ്ടു്. നീ നോക്കിക്കോ പാറൂ!

പാ—അതൊന്നും കുടുംബക്കാർക്കു് പററിയ പണിയല്ല.

വി—ആണുങ്ങളെ വലവീശിപ്പിടിക്കുന്ന ഈ വേശ്യയോടല്ലവേദാന്തം. അവളുടെ പല്ലു മുപ്പത്തിരണ്ടും അടിച്ചുതാഴത്തിടുമെന്നു പറഞ്ഞേക്കു. പാറൂ! നീകേട്ടോ എന്റെ നിറംമാറിയാലുണ്ടല്ലോ.

അന്നുവൈകുന്നേരം പാറുവുമൊന്നിച്ചു് വിശാലാക്ഷി കലാവതിയുടെ വിടുതിവീട്ടിലേക്കുപോയി. കണ്ടകാഴ്ച ബഹുഃകമമായിരുന്നു. ഒരുഗ്ലാസ്സിൽ ആവിപറക്കുന്ന ചായയുമായി കലാവതി ഉമ്മറത്തേക്കു വരുന്നു. അവിടെ കൺട്രാക്ടർ കസാല

യിലിരുന്നു സിഗററു വലിച്ചു രസിക്കുകയായിരുന്നു. സിഗററിന്റെ കുററി ഇടത്തേ കയ്യിലേക്കു മാററി. വലത്തു കരം നീട്ടി ചായവാങ്ങി. സാവധാനത്തിൽ ചുണ്ടോടു ചേർത്തു., പക്ഷെ അയാളുടെ മിഴികൾ അവളുടെ മുഖത്തുതന്നെ തറഞ്ഞിരുന്നു.

എന്തൊന്നാടീ പറപ്പെട്ടി! ഒരു ആക്രോശം. വിശാലാക്ഷി ഭർത്താവിന്റെ വലത്തുകരത്തിൽ ഊക്കോടെ തട്ടി. പാത്രത്തിലെ ചായ തുളുമ്പി അലച്ചു മൂവരുടേയും മുഖത്തും മാറിലും തെറിച്ചുവീണു. അനന്തരം ഭർത്താവിനെ പിടിച്ചു കലാവതിയുടെ പുറത്തേക്കുമറിച്ചു. തള്ളിന്റെ ശക്തിനിമിത്തം രണ്ടുപേരും തറപററി വീണു. ഉരുണ്ടുപിരണ്ടു രണ്ടുപേരും എഴുന്നേററു. ക്രോധവും സംങ്കോചവുംകൊണ്ടു കലാവതി കുഴങ്ങി, എന്തുചെയ്യണമെന്നോ എന്തു പറയണമെന്നോ അവൾക്കൊരു തുമ്പും കിട്ടിയില്ല. തലയ്ക്കുടിയേററ ഭ്രാന്തുനായെപ്പോലെ അവൾ വട്ടംകറങ്ങി. കൺട്രാക്ടറാകട്ടെ ഭാര്യയുടേയും കാമുകിയുടേയും നടുക്കു്; അയാൾ ഇതികർത്തവ്യതാമൂഢനായി ആകെത്തളന്നു. വിയർപ്പു ചാലുവച്ചു ഒഴുകാൻ തുടങ്ങി. കലാവതി ഒരു വിധം ധൈര്യമവലംബിച്ചു. വിശാലാക്ഷി കലിതുള്ളുകയാണു്. "ഹേ സ്ത്രീ നിങ്ങൾ സമാധാനപ്പെടു. ഞാൻപറയട്ടെ. മാന്യന്മാരായ ആരെങ്കിലും ഒരു വീട്ടിൽ ചെന്നാൽ അവക്കിത്ര ചായകൊടുക്കുന്നതു പതിവാണു്." കലാവതി ന്യായവാദംചെയ്തു നോക്കി, വാദിയെ പ്രതിയാക്കാമോ എന്നു്.

വി—നിന്റെ ചായസൽക്കാരം! എടീ! നിന്റെ അവനുണ്ടല്ലോ ആ ഉദ്യോഗസ്ഥപ്രമാണി; അവനു കൊണ്ടുകൊടുക്കെടീ! ഇതിയാനുകൊടുക്കാൻ വേറെ പെണ്ണുമ്പിള്ളയുണ്ടു്. മനസ്സിലായോ?

തുടൻ വാക്ശരങ്ങളുടെ ഒരു പ്രവാഹംതന്നെ ഉണ്ടായി. ഇത്രയുമായപ്പോരം ഇനി അവിടെ താൻ തങ്ങുന്നതു ശരിയല്ലെന്നു് കൺട്രാക്ടർക്കു തോന്നി. ഒച്ചയും ബഹളവുംകേട്ടു അയൽവാസികരം ഇടവഴിയിലും വയൽവരമ്പുകളിലും കൂടിത്തുടങ്ങി. വിശാലാക്ഷിയെ രൂക്ഷമായൊന്നു നോക്കിയശേഷം കൺട്രാക്ടർ തലയും കുനിച്ചു പുറത്തിറങ്ങി. നേർവഴിവിട്ടു നടന്നു. ചുവരിൽ തൂക്കിയിരുന്ന ഫോട്ടോയുമെടുത്തുകൊണ്ടു വിശാലാക്ഷി പിറകേയും.

കലാവതി അതിവേഗം അകത്തുകയറി കതകടച്ചു. അവരംക്കു മനസ്സിനു വളരെ അസുഖം തോന്നി ഒരു കട്ടിലിൽ അനങ്ങാതെ കിടന്നു. എന്തൊരു നാണക്കേടാണിതു് ആ സ്ത്രീ അതിരുകടന്നു സംസാരിക്കുമെന്നു് അവരം സ്വപ്നേപി വിചാരിച്ചില്ല ഏതായാലും ആ മനുഷ്യനുമായുള്ള സംഭാഷണങ്ങളും സന്ദർശനങ്ങളും വേണ്ടതില്ലായിരുന്നു. എങ്ങനെ പുറത്തിറങ്ങി നടക്കും പലതും ചിന്തിച്ചപ്പോരം അവളുടെ നെഞ്ചിനുള്ളിൽ ചട്ടുകം പഴുപ്പിച്ചുവെയ്ക്കുന്ന അനുഭവമുളവായി. ഉൽക്കടമായ വേദനയാൽ അവരം ഇഞ്ചിഞ്ചായി വെണ്ണീറാകുകയായിരുന്നു അസഹ്യമായ തലവേദന ശരീരം ചെമ്പുകിടാരത്തിലിട്ടു വറുക്കുംപോലെ തോന്നി. എഴുന്നേററു താടിക്കു കയ്യുംകൊടുത്തു കുനിഞ്ഞിരുന്നു നോക്കി പാടത്തിലങ്ങിങ്ങായി ആളുകരം കൂട്ടംകൂടി നിന്നു വത്തമാനം പറയുകയാണു്. വീണ്ടും കതകടച്ചു കടന്നൽ കുത്തേററ പ്രതീതി.

പിറേറന്നു പതിവിനു വിപരീതമായി കലാവതി നേരത്തെ ആഫീസിലേക്കുപോയി കുളിച്ചില്ല; കമ്പം പിടിക്കുന്ന വേഷവിധാനങ്ങളണിഞ്ഞില്ല. ഈ യാത്ര

ച്ഛികസംഭവം ആഫീസിൽ എല്ലാപേരേയും അത്ഭുതാധീനരാക്കി. വിശേഷിച്ചും അസി: ഇഞ്ചിനീയറെ. അദ്ദേഹം അമ്പരന്നിരുന്നു.

"എന്താ ശ്രീമതി ഇന്നിങ്ങനെ"

"എനിക്കു നല്ലസുഖമില്ല സാർ"

പിന്നെ വരേണ്ടതില്ലായിരുന്നല്ലോ.

"ഇല്ല; അത്രയ്യൊന്നുമില്ല ശകലം ജലദോഷം അത്രതന്നെ."

* * * * * * *

"ടൈപ്പിസ്റ്റ് നിങ്ങളെതിരക്കി അതാ രണ്ടാം വരുന്നു. എന്താവിശേഷം" ശബ്ദംകേട്ടു സുലേഖ പുറത്തിണ്ണയിലേക്കുനോക്കി. അല്പം അമ്പരപ്പ് അവളിൽ ദൃശ്യമായി കുഞ്ഞിനേയുംകൂട്ടി സതിവരുന്നുണ്ടു്. അന്നാദ്യമാണ് അങ്ങനെ വരുന്നതു്. കണ്ണിമവെട്ടാതെ അവർ നോക്കുകയാണ്. അപ്പോഴേക്കും കലാവതി ആഫീസുവിട്ടു പോവുകയായി. അസി:ഇഞ്ചിനീയർ ഇതെല്ലാം തൻെറ ഗൃദ്ധ്റദൃഷ്ടികളിലൂടെ നോക്കുകയാണ്. സുലേഖ മുററത്തിറങ്ങി മുന്നോട്ടുനടന്നു. കലാവതിയുടെ പിന്നാലെ. കുട്ടികളിൽതന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു്:

"എന്താ സതി, കുഞ്ഞിനേയും കൂട്ടിവരുന്നതു്?"

അച്ഛനു സുഖമില്ല വേഗംചെല്ലണമെന്നു പറഞ്ഞയച്ചു."

"ശരി, ഞാനിതാവന്നേച്ചു." അവർ തിരിഞ്ഞു നടന്നു.

സുലേഖ മേശപ്പുറത്തിരുന്ന ഫയലുകൾ അടുക്കി അലമാരിയിലാക്കി, ആഫീസക്കയ്യൊന്നുള്ളതു് പ്രത്യേകമെടുത്തു ശിപായിയെ ഏല്പിച്ചു. അലമാരി പൂട്ടി;

മേശ അടച്ചു. കുട എടുത്തു്, നേരത്തേ പോകാനനുവാദം ചോദിക്കുന്നഭാവത്തിൽ അസി:ഇഞ്ചിനീയരെ നോക്കി. അദ്ദേഹം കുനിഞ്ഞിരുന്നുകളഞ്ഞു.

"സാർ, എനിക്കു ശകലം നേരത്തേ പോകണം"

"സാദ്ധ്യമല്ല, നിങ്ങൾ ജോലി വളരെ കുടിശ്ശിഖ വരുത്തിയിരിക്കയാണു്. അവിടെ ഇരുന്നു ടൈപ്പുചെയ്യണം."

"അത്യാവശ്യഫയലുകളെല്ലാം ടൈപ്പുചെയ്തുവച്ചിട്ടുണ്ടു്. അല്പസ്വല്പമൊക്കെ ബാക്കികാണും. അതുടനെ തിർത്തുക്കാം."

അസി: ഇ-ശമ്പളംവാങ്ങുന്നതിനു ജോലിചെയ്യണം."

"അങ്ങനെതന്നെയാണു്"—സുലേഖ.

അ: ഇ—നിങ്ങളൊന്നും പറയേണ്ട. അവിടിരുന്നു ജോലിചെയ്യണം,

സു—സംസാരിക്കാനുള്ള അവകാശം നിഷേധിക്കാൻ ആർക്കും അധികാരമില്ല.

അതൊരു ഉഗ്രമായ വാഗ്സമരത്തിലേക്കുനീങ്ങി, ഇരുവരുടേയും ഒച്ചപൊങ്ങി. ഇഞ്ചിനീയർ ചാടി എഴുന്നേററു. അദ്ദേഹം ആലിലപോലെ വിറയ്ക്കുകയാണു്. "യൂ ബ്ളഡിഫൂൾ ഗററ് ഔട്ട്"

"പൈതൃകമായിരിക്കണം ഇവിടം" സുലേഖയും വിട്ടില്ല.ശബ്ദകോലാഹലങ്ങൾ കേട്ടു് ക്ലാക്കന്മാർ ഓടിയെത്തി. വന്നവരെല്ലാം ഇരുവരെയും ശാന്തപ്പെടുത്തുകയാണു്. പക്ഷെ ആർക്കുമൊന്നും മനസ്സിലായില്ല. എന്താണുസംഭവത്തിനു നിദാനമെന്നു്. സുലേഖ ആ ജനവലയത്തിൽനിന്നു പുറത്തിറങ്ങി വീട്ടിലേക്കു നടന്നുപോയി. മുററത്തെത്തിയപ്പോഴേയ്ക്കും ശിപായി അവൾക്കൊരു ആർഡർ കൊണ്ടുകൊടുത്തു. വായി

ച്ചുനോക്കിയ അവരം വല്ലാതെ വിളറിപ്പോ യി. ഇനിയൊരുത്തരവുണ്ടാകും വരെ സസ്പെൻഡ് ചെയ്യിരിക്കുന്നു എന്ന്. അങ്ങനെ സസ്പെൻഡിൽ നിൽക്കുന്നകാലത്താണ് മുന്നദ്ധ്യായത്തിൽ വിവരിച്ച ഓണം.

# 14

## നേരിൻെറ കഴുത്തു ഞെരിയുന്നു

പേരെടുത്ത ഒരു സാഹിത്യകാരനാണു രമാകാന്തൻ. അദ്ദേഹത്തിൻെറ കലാ പ്രവൎത്തനങ്ങൾക്കു വിലകല്പിക്കുന്ന ഒട്ടനവധിയുവാക്കന്മാർ ആ പട്ടണത്തിലുമുണ്ടു്. എത്രമോശപ്പെട്ട കലാസൃഷ്ടികളുമായി സമീപിക്കുന്നവരോടു പോലും വളരെ സൗമനസ്യമായാണ് പെരുമാററമുള്ളതു്. ആരേയും നിരാശരാക്കുന്ന പ്രകൃതക്കാരനല്ല. അഭ്യുദയകാംക്ഷികളും, സ്നേഹിതന്മാരുമെല്ലാം അദ്ദേഹത്തിൻെറ സഹധൎമ്മിണിയുടെ സസ്പെൻഷനിൽ അമൎഷമുള്ളവരായി. മേലുദ്യോഗസ്ഥന്മാർ അനവസരത്തിൽ അകാരണമായി കാണിച്ച ഈദൃശനടപടിയിൽ അവരും അത്യധികം കുണ്ഠിതപ്പെട്ടു. സദ്വൃത്തരെ കള്ളക്കാരണങ്ങളുണ്ടാക്കി ശിക്ഷയ്ക്കുവിധേയരാക്കുന്ന ഏൎപ്പാടു നിൎത്തൽ ചെയ്യിക്കണമെന്നു് അവരും മോഹിച്ചു. ചില സഹപ്രവൎത്തകരും പൊതുകാൎയ്യ പ്രസക്തരും ഈ വിവരം അദ്ദേഹത്തെ അറിയിച്ചു.

ര:കാ—സുലേഖ ചെയ്തകുററമെന്തെന്നോ, അതി

ലേക്കു എന്തെങ്കിലും സമാധാനം പറയാനുണ്ടോ എന്നോ രേഖാമൂലം ചോദിക്കാതെ ശിക്ഷിക്കുന്നതു് എന്തൊരക്രമമാണു്, നീതികേടാണു്? ഇവിടെ കോടതികൾ എന്നൊന്നില്ല എങ്കിൽ നിരപരാധികൾക്കു് യാതൊരുരക്ഷയുമില്ല.

ഏതായാലും നീതിക്കും നിയമത്തിനും സ്ഥാനമുണ്ടോ എന്നറിയണം. ഭീരുത്വം ഞാൻ വെറുക്കുന്നു. ലജ്ജയില്ലാത്ത ഭീരുക്കളുമായി എനിക്കു യാതൊരുവിധമായ ബന്ധവുമില്ല; സത്യം എപ്പോഴെങ്കിലും വിജയിക്കാതിരിക്കയില്ല.

രമാകാന്തൻെറ ശബ്ദധാര സാധാരണയിൽ കവിഞ്ഞുപൊങ്ങി. ഓരോ വാക്കിലും ദൃഢനിശ്ചയത്തിൻെറ ലാഞ്ഛനവന്നു. കൃഷ്ണമണികൾ അനസ്യൂതം ചലിച്ചുകൊണ്ടിരുന്നു. ഏതായാലും ഡിപ്പാർട്ടുമെൻറു മേധാവിയെ കണ്ടുസത്യാവസ്ഥ ധരിപ്പിക്കണമെന്നു മററുള്ളവർ നിർബന്ധിച്ചു. രമാകാന്തനും അതാണുഉത്തമമാർഗ്ഗമെന്നു് കരുതി. അങ്ങനെ എല്ലാപേരും പോയപ്പോൾ, ജീവിതപ്രവാഹത്തിലെ ശാന്തവും ആകർകഷവുമായ ഒരു നിർമ്മലതടാകംപോലെ രമാകാന്തൻനിന്നു.

പിറേറന്നുരാവിലെ തിരുവനന്തപുരത്തുപോകാനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി, വെള്ള ഖദർജൂബായും മുണ്ടും ധരിച്ചു് ദോത്തി തോളിലിട്ടു. വിശാലമായ നെററിയുടെമേൽ ചാഞ്ഞുകിടന്ന തലമുടി പിന്നിലോട്ടു കോതിഒതുക്കി. കണ്ണടധരിച്ചു. ഉടനെ അകത്തുനിന്നും കുടയുംചെരിപ്പും സുലേഖകൊണ്ടുവന്നു. ഇന്ദുപ്രയാസപ്പെട്ടു എടുത്തുകൊണ്ടുവന്ന ലെതർബാഗ് രമാകാന്തൻ വാങ്ങി ഇടത്തേ കയ്യിൽപിടിച്ചശേഷം മകളുടെ തുടുത്തകവിളിൽ കളിയായൊരുനുള്ള കൊടുത്തു. അയാൾ അതി

വേഗം ബസ്റ്റാൻഡിലേക്കു നടന്നുപോയി.

ചീഫ് ഇഞ്ചിനീയറെ വീട്ടിൽ ചെന്നുകാണാമെന്നുകരുതി നേരെഅങ്ങോട്ടാണു് ബസ്സിറങ്ങിപ്പോയതു്. ഗേററുംകടന്നു വരാന്തയിൽ കയറിയപ്പോൾഒരാൾ വന്നു വിവരംചോദിച്ചു. ആഗമനോദ്ദേശം രമാകാന്തൻ പറഞ്ഞു. അടുത്തുകിടന്ന ഒരു ബെഞ്ചു ചൂണ്ടിക്കാണിച്ചു. രമാകാന്തൻ അവിടെ ഇരുന്നു. ചിന്താശീലം സ്ഫുരിക്കുന്ന ആ നെടിയ നയനങ്ങൾ ചലിപ്പിക്കാതെ ദൂരെ എങ്ങോ നോട്ടം ഉറപ്പിച്ചിരുന്ന രമാകാന്തൻ, ഏതോ അഗാധമായ ചിന്തയിലെന്നവണ്ണം ഇരുന്നു. കതകുപാളികൾ തുറക്കുന്നതും, കസേരവലിച്ചു നീക്കുന്നതും കേട്ടുകൊണ്ടാണു് ആസമാധിയിൽനിന്നും രമാകാന്തൻ ഉണന്നതു്. രമാകാന്തൻ വേഗത്തിൽ എഴുന്നേററു് മുറിയുടെ വാതിൽക്കലേക്കു നീങ്ങി. കൈകൂപ്പി.

ചീ—ഇ-ആരാ...എന്താ-!

ര.കാ—ഞാൻ...അസി ഇഞ്ചിനീയരാഫീസിലെ ടൈപ്പിസ്റ്റ് സുലേഖയുടെ ഭത്താവാണു്. രമാകാന്തനെന്നാ പേരു്.

ചീ ഇ-ഓഹോ! ശരി, നിങ്ങളുടെ ഭാര്യയെയാണു് സസ്പെൻഡു ചെയ്തിരിക്കുന്നതു് അല്ലെ?.

ര കാ—അതെ. അവൾ യാതൊരുവീഴ്ചയും ചെയ്തിട്ടില്ല. അതു് അവിടെ അന്വേഷിച്ചാലറിയാം.

ചീ ഇ—പിന്നെ ആരിലാണു്വീഴ്ച? കുററം ചെയ്യാതെ ശിക്ഷിക്കാൻ ഭ്രാന്തുണ്ടോ?

ര കാ—അസി: ഇഞ്ചിനീയക്കു എന്തോ തെററിദ്ധാരണ ഉണ്ടായിരിക്കാം.

ചീ ഇ—എന്താ! അവരോടുമാത്രം വിരോധം? ഇ

തെല്ലാം കുരുക്കിലകപ്പെട്ടുമ്പോഠം പറയുന്നതുതന്നെ യാണു്.

ര കാ—അല്ലസാർ. അവഠം നിരപരാധിനിയാ ണു്. മാത്രമല്ല; ഒരുസമാധാനംപോലും ചോദിച്ചിട്ടില്ല.

ചീ ഇ—കുററം ബോദ്ധ്യമായാൽ ശിക്ഷിക്കാനധി കാരമുണ്ടു്. മനസ്സിലായോ?

ര കാ—ഇതിൽ പിന്നെ മനസ്സിലാകാനെന്തിരി ക്കുന്നു; പക്ഷെ.

ചീ ഇ—എന്താണുപക്ഷെ. അവർ അവിടെ കാ ട്ടിക്കൂട്ടുന്ന വിക്രിയകഠംക്കതിരില്ല. ആഫീസക്ക് പൊറു തിമുട്ടി റിപ്പോർട്ടു് ചെയ്തതാണു്. ആ സസ്പെൻഷൻ ഞാൻ ശരിവെച്ചിട്ടുമുണ്ടു്.

ര കാ—അങ്ങയെ വളരെയേറെത്തെററിദ്ധരിപ്പി ച്ചിരിക്കും.

ചീ ഇ—ഒന്നും പറയേണ്ട. വേണ്ടതു ആലോചി ച്ചുചെയ്യാം. ടൈപ്പിസ്റ്റിനെപ്പററി പല ഹർജികളും ഉണ്ടു്

ര കാ—ഈ ആരോപണങ്ങഠം എല്ലാം തെററാ ണു്. അവസരം തന്നാൽ അതെല്ലാം കളവാണെന്നു ബോദ്ധ്യപ്പെടുത്താം. പക്ഷെ അന്വേഷണം ചെയ്യുന്ന തിനുമുൻപു ശിക്ഷിച്ചതു നീതിയല്ലസാർ.

ചീ ഇ—നീതിയും നിയമവുമൊന്നും നിങ്ങഠം പറ ഞ്ഞുതരേണ്ട. ധിക്കാരിയാണുതാൻ... ഉത്തരവിനെ ചോദ്യം ചെയ്യാനാണോഭാവം. ആ ടൈപ്പിസ്റ്റിനെ ഞാൻ ഡിസ്മിസ്സ് ചെയ്യുന്നുണ്ടു്.

ര കാ—എന്തോ ചെയ്തുകൊള്ളണം സാർ. തലയി ലെഴുത്തുമാററാൻ സാദ്ധ്യമല്ലല്ലോ. പക്ഷെ അവഠംക്കു പറവാനുള്ളതുകൂടി കേട്ടിട്ടായാൽ:

ചീ ഇ—എനിക്കൊന്നും കേൾക്കേണ്ട.

ബെല്ലടിച്ചു ശിപായിവന്നു. ഇഞ്ചിനീയർ ഒരു തുണ്ടു കടലാസു വലിച്ചെടുത്തു പേനയമത്തിപ്പിടിച്ചു് എന്തോ എഴുതി.

സ്റ്റെനോ എവിടെ?

ഇവിടുണ്ടു്.

ഇതയാളെ ഏൾപ്പിക്കു! ആ തുണ്ടുകടലാസും കൊണ്ടു ശിപായി പോയി. രമാകാന്തൻ ആദ്യം ഒന്നു വിഷണ്ണനായി. എന്തുപറയേണ്ടൂ എന്തുചെയ്യേണ്ടു എന്നറിയാതെ കുഴങ്ങി. ഒടുവിൽ എല്ലാവസ്തുതകളും സമാഹരിച്ചുകൊണ്ടു് ഇത്രയും കൂടിപ്പറഞ്ഞു. സാർ, ഇത്രമാത്രം ശിക്ഷിക്കാൻ സുലേഖ ഒന്നുംചെയ്തില്ല. നീതിക്കു നിരക്കാനാവാത്ത ശിക്ഷയാണിതു്.

ചീ—നിങ്ങൾ ഒന്നും പറയേണ്ടാ, ഉം പോകാം.

ര കാ—എന്നാലൊരു കാര്യംകൂടി. ഞാൻ പോകാം. നീതി ഇരിക്കുന്നേടംവരെ. സാറിൽനിന്നും അതു കിട്ടുകയില്ലെന്നുമനസ്സിലായി. സാർ സംഗതികളുടെ ഒരു വശം മാത്രമേ അറിഞ്ഞിട്ടുള്ളൂ. പരമാത്ഥം അറിയാൻ കിടക്കുന്നതേയുള്ളൂ. സത്യത്തെ അധികനാൾ കൂട്ടിലടച്ചു മറച്ചുവെക്കാൻ കഴിയുകയില്ല. സത്യം പുറത്താകുമ്പോൾ വല്ലാത്ത പ്രത്യാഘാതങ്ങളുണ്ടാവും. രമാകാന്തൻ ഗദ്ഗദംകൊണ്ടു വിഷമിച്ചു. കണ്ണുകൾ ചുവന്നുകലങ്ങി. ചുണ്ടുകൾ വിറച്ചുതുടങ്ങി. പിന്നെ ഒരു നിമിഷം അവിടെ നിന്നില്ല. പെട്ടെന്നു് മുറിയിൽനിന്നു പുറത്തിറങ്ങി കുടയുമെടുത്തു റോഡിലിറങ്ങിനടന്നു വലിയ ആഫീസറന്മാരുടെ അടുത്തു ഏതെ

ങ്കിലും നിവേദനമോ വിശദീകരണമോ കൊടുക്കാൻ പോയാൽ അവർ, ചിലപ്പോൾ മുഴുവനും ക്ഷമയോടെ കേൾക്കയില്ലെന്നും, അങ്ങനെ കേൾക്കാതിരിക്കുന്നിടത്തോളം കാലം ആ സംരംഭം കൂടുതൽ കുഴപ്പങ്ങൾ സൃഷ്ടിക്കുകയേ ഉള്ളൂ എന്നും രമാകാന്തനു ബോദ്ധ്യമായി.

സർവ്വത്ര കുഴപ്പംവരുമ്പോൾ ആ വിപൽസന്ധിയെ നേരിടാനുള്ള ആത്മധൈര്യം ആർക്കുമുണ്ടാകുമല്ലോ, രമാകാന്തൻ ആകപ്പാടെ ചൂടുപിടിച്ചിരിക്കയാണ്. ഉലയിലൂതിപ്പഴുത്ത ഇരുമ്പിൻ കഷണം വെള്ളത്തിൽ മുക്കിയാലെന്നമാതിരി സീൽക്കാരം പുറപ്പെടുവിച്ചുകൊണ്ടു റോഡിലിറങ്ങി നടന്നു. ആരുടേയും മുഖത്തുനോക്കാതെ ഒന്നിലും ശ്രദ്ധിക്കാതെ, തറയിൽ ദൃഷ്ടികളൂന്നി പതുക്കെ കാലടിവെച്ചു നടന്നുകൊണ്ടിരുന്നു.

ഇതിന്റെ സത്യം വെളിവാക്കിയില്ലെങ്കിൽ, അതു തന്റെ ജീവിതത്തിൽ ഒരു കളങ്കമുണ്ടാക്കും. ഈ പററിയ പററു മററാർക്കും വരാതിരിക്കാൻ താനൊരു സമരത്തിൽ പങ്കെടുത്തേ പററൂ. ഏതെല്ലാം തുറകളിൽ എത്ര എത്ര സാധുക്കൾ ഇങ്ങനെ ശ്വാസംമുട്ടിക്കിടക്കുന്നുണ്ടാവും. മേലുദ്യോഗസ്ഥന്മാരുടെ കരുണാകടാക്ഷം ചെറുകിട ഉദ്യോഗസ്ഥന്മാർക്കു ലഭിച്ചേ തീരൂ. ചെയ്യാത്ത കുററങ്ങളുടെ ഒരു മാമലമറിച്ച് അതിന്നടിയിലിട്ടു ഞെരിച്ചുകൊല്ലുന്ന ഏർപ്പാടു ശരിയല്ല. രമാകാന്തൻ പല്ലിറുമ്മി, കോപകലുഷിതനായി. ഓരോരുത്തരിലും ഉറങ്ങിക്കിടക്കുന്ന ആത്മീയശക്തിയും കർമ്മശക്തിയും തക്കസമയത്തു പ്രയോജനപ്പെടുത്താത്തവൻ മന്ദബുദ്ധിയാണ്. സംശയമില്ല. അവൻനാളത്തെ തലമുറയ്ക്കു ഒരു ശാപംകൂടിയാണ്.

ചൂടുപിടിച്ച ചിന്തകളുമായി രമാകാന്തൻ വീട്ടി

ചേയ്യും മടങ്ങി. മ്ലാനവദനനായിപ്പോയ രമാകാന്തനെ തലേന്നാരം സന്ദർശിച്ച സുഹൃത്തുക്കരം മാർഗ്ഗമദ്ധ്യേ കണ്ടുമുട്ടി. അവർ ആർത്തിയോടെ വിവരങ്ങരം അന്വേഷിച്ചു. സംഭവംകേട്ടപ്പോരം അവക്ക് അത്ഭുതവും അമർഷവുമുണ്ടായി.

"ഒരു ചെകിട്ടിലടിച്ചാൽ മറേറ ചെകിട്ടു കാണിച്ചുകൊടുക്കുന്ന കാലം പോയി. ഇനി ഞങ്ങളുടെ മുറയാണ്. നിങ്ങരം സമാധാനമായി വീട്ടിലിരിക്കണം" അവരെല്ലാം ചേൻറ രമാകാന്തൻെറ വസതിയിൽ ചെന്നു കയറി വളരെനേരം അനന്തര കരണീയത്തെപ്പററി സംസാരിച്ചുകൊണ്ടിരുന്നു. അവർ പിരിഞ്ഞുപോയി. സുലേഖയും സതിയും വിഷണ്ണരായി. "സജ്ജനങ്ങളെ വളരെ ഏറെ ദൈവം പരീക്ഷിക്കും" രമാകാന്തൻ പറഞ്ഞു പുരുഷൻെറ സന്തോഷത്തെ ഇരട്ടിക്കുവാനും, കഷ്ടപ്പാടുകളെ വിഭജിക്കുവാനുമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ദേവതയാണു ഭാര്യ.

അവരംക്കാണ് ഈ വൈഷമ്യങ്ങരം വന്നിട്ടുള്ളതു്.

"എങ്കിലും ഇതൊരു നാണക്കേടായി. കൊലപാതകി രക്ഷപ്പെടുക, വഴിയേ നടന്നുപോയവനെ കൊലക്കുററം ചുമത്തി കഴുകിലേററുക എന്തൊരു നീതിയാണിതു്" എന്നു പറഞ്ഞതു കേട്ടപ്പോരം രമാകാന്തൻ ചിന്തയിൽനിന്നു മുണന്നു—സുലേഖ തുടരുകയാണു്:—

"രാജവാഴ്ച സാധുക്കരംക്കും, ജനകീയഭരണം ധനവാന്മാക്കും വേണ്ടിയുള്ളതാണെന്നു ഗോരംഡ്സ്മിത്തു പറഞ്ഞിട്ടുള്ളതു് എത്രയോ ശരിയാണു്."

പിറേറന്നാളത്തെ പത്രത്തിൽ അതിപ്രധാനമായ ഒരു വാർത്ത വന്നു. ഏററവുംവലിയ അക്ഷരങ്ങരംകൊ

ണ്ടു തലക്കെട്ടും ചാർത്തി. അസിസ്റ്റൻറ് ഇഞ്ചിനീയരാഫീസ്ലെ അഴിമതിയും മററുചില നടപടികളും വിവരിച്ചുകൊണ്ടുള്ളതായിരുന്നു അത്. ആ വാർത്ത വായിച്ചപ്പോൾ രമാകാന്തൻ ഒന്നു ഞെട്ടിപ്പോയി.

---

# 15

## ഇടിയും മിന്നലും

രണ്ടു കൊച്ചുതിഥികൾ വന്നതോടുകൂടി ആ ഭവനാന്തരീക്ഷത്തിലെ വിഷാദമൂകത ആദിത്യോദയത്തിൽ മൂടൽമഞ്ഞെന്നവണ്ണം മാറിപ്പോയി. പറന്നുപോയ പച്ചപ്പനംതത്ത തിരിച്ചുകിട്ടിയാൽ ഒരു കൈനോട്ടക്കാരന് ഉളവാകുന്നതിൽ പതിന്മടങ്ങു ആശ്വാസം രവിയെ കണ്ടെത്തുമുതൽ സതിക്കു സിദ്ധിച്ചു. പട്ടിയും പുഴുവും ജീവിക്കുന്ന എച്ചിൽക്കുഴിയിൽ കഴിയേണ്ട രണ്ടു കുട്ടികൾ സ്വന്തം പരിശ്രമംകൊണ്ടു സ്വാതന്ത്ര്യമായി ജീവിക്കുവാനുള്ള ചുററുപാടു സൃഷ്ടിച്ചതിൽ രമാകാന്തനും സുശീലയായ പത്നിയും സന്തോഷിച്ചു. പട്ടിണിയും പരിവട്ടവുമായി നല്ലോരോണത്തിൻനാൾ കഴിയേണ്ടതായ ചുററുപാടുകൾ പരിപുഷ്ക്കലമായിരുന്നു. അപ്പോഴാണ് ആകസ്മികമായി, ദൈവാനുഗ്രഹം മൂർത്തീകരിച്ചപോലെ സലീമും രവിയും കടന്നുവന്നതു്. കാറുംകോളുംനിറഞ്ഞു് അന്ധകാരാവൃതമായ അന്തരീക്ഷം നിമി

ഷംകൊണ്ടു തെളിഞ്ഞു പ്രകാശിക്കുമെന്ന് ആരും വി ചാരിച്ചിരുന്നതല്ല.

ഓണം ബഹുരമോടിയായി അവർ കൊണ്ടാടി. അല്പമൊരല്ലലുണ്ടായിരുന്നെങ്കിൽ അതു മധുവിൻെറ അ സാന്നിദ്ധ്യം മാത്രമായിരുന്നു. സുലേഖയും സതിയും ഇന്ദു,വും വർണ്ണശബളിമയോടുകൂടിയ വേഷങ്ങളണിഞ്ഞ പ്പോൾ ആ വീട്ടിൽ മൂന്നു പുത്തൻ പൂമഴവില്ലു വിരി ഞ്ഞു വിലസിയതിൻെറ പ്രതീതി ഉളവായി.

വിനോദത്തിൻെറ തിമിർപ്പുകൾ ഒട്ടൊക്കെ അവ സാനിച്ചു; പൂവിളിയും തുമ്പിതുള്ളലും പന്തുകളിയും ഊഞ്ഞാൽപ്പാട്ടും കേൾക്കാതായി. തൊഴിലാളിപ്പെണ്ണു ങ്ങൾ വ്യവസായശാലകളിലേക്കു കൂട്ടംകൂട്ടമായി പണി ക്കുപോയിത്തുടങ്ങി. സ്കൂൾകുട്ടികൾ വിദ്യാലയങ്ങളിലേ ക്കും. കർഷകർ തോളത്തു കലപ്പയും, കൈയിൽ കയ റുമായി കാളകളെ മുൻനടത്തി പാടത്തിലേക്കു പോയി. കിടാത്തിമാർ ഞാറു പിഴുതെടുക്കാനും ഞാറുനടാനും തയാറായി.

സതിയും സന്തോഷവതിയായിരുന്നു. അരങ്ങത്തി റങ്ങാനൊരുങ്ങിനില്ക്കുന്ന ചന്തവും, പൂമഴവില്ലിൻെറ കാന്തിപ്രചുരിമ വായ്ക്കുന്ന പുത്തൻപാവാടയും, ബ്ളൗസും അവളെ ഒരു ദിവ്യകന്യകയാക്കിത്തീർത്തു. പ്രഥമദർശ നത്തിൽതന്നെ അവൾക്കു സലീമിൽ അനിർവചനീയ മായ ഒരു പ്രീതി ഉളവായി. നോക്കുന്തോറും അവ്യ വസ്ഥിതമായ ആനന്ദാനുഭൂതിയിൽ അവൾ പുളകംകൊ ള്ളാറുണ്ട്.

ഓണനാളുകളിൽ ഉണ്ണാനിരിക്കുമ്പോൾ സുലേഖ ഭക്ഷ്യവിഭവങ്ങൾ പകർന്നുകൊടുക്കും. സതി അതേററു വാങ്ങി ഓരോരുത്തരുടേയും ഇലകളിൽ വിളമ്പും,

സലിമിൻെറ ഊഴംവരുമ്പോൾ അവളുടെ കുപ്പിവളകൾ പൊട്ടിച്ചിരിയ്ക്കുന്ന കൈകൾ വിറയ്ക്കാറുണ്ടു്. എന്താണഹേതു എന്നവൾക്കറിഞ്ഞുകൂടാ. നിലത്തു വിരിച്ച പായിലാണു് അവർ ഉണ്ണാൻ ചമ്രംപടിഞ്ഞിരിക്കുന്നതു്. മുൻപിൽ കിടക്കുന്ന ഇലയിൽ കറിയും ചോറും കുനിഞ്ഞുനിന്നു് ആ കൊച്ചു കന്യക വിളമ്പുമ്പോൾ, അവളുടെ മാറിൽ കമിഴ്ത്തിവെച്ചിരിക്കുന്ന കൊച്ചു മാതളച്ചെപ്പുകളിലേക്കു് അവൻ കണ്ണോടിക്കും, കുസൃതിച്ചെക്കൻ. ഓരോതവണ എല്ലാ ഇലകളിലും വിളമ്പിയ ശേഷം അവൾ നിവന്നു് ബ്ളൗസിൻെറ വികൃതിത്തരം മനസ്സിലാക്കിയിട്ടെന്നവണ്ണം നേരേ പിടിച്ചിടും. വരി തെററി നില്ക്കുന്ന കുട്ടിയെ ഡ്രിൽമാസ്റ്റർ നേരേപിടിച്ചു നിറുത്തുമ്പോലെ. ദിവസങ്ങൾ അതിവേഗം കടന്നു.

രവിക്കും സലിമിനും മടങ്ങേണ്ടദിവസമായി. ഏതോ ദിവ്യദർശനം അവനു നഷ്ടപ്പെടാൻപോകുന്നതായി ഒരു തോന്നൽ. ആരോരുമില്ലാത്ത പിഞ്ചു പൈതങ്ങളെ വാത്സല്യപൂർവ്വം വളത്താൻ തോന്നിയ രമാകാന്തൻ എന്തു നല്ലവനാണു്. അദ്ദേഹം അവക്കാരുമല്ല. എന്നിരുന്നാലും സ്വന്തം കുട്ടികളെപ്പോലെ കരുതുന്നു, നല്ലവക്കും ആപത്തു വരുന്നുണ്ടല്ലോ. ദൈവം നല്ലയാളുകളേയും കഷ്ടപ്പെടുത്തുമോ? ഇങ്ങനെപോയി അവൻെറ ചിന്താതരംഗങ്ങൾ

പിറേറന്നു പുലച്ചയിൽ കാപ്പികുടിയും കഴിഞ്ഞു് രവിയും സലിമും കച്ചവടസ്ഥലത്തേക്കുപോകാൻ തയാറായി. അലക്കിത്തേച്ച മുണ്ടും ബുഷ്കോട്ടും ധരിച്ചു് തലമുടി ചീകി. പൗഡർ ടിൻ കമിഴ്ത്തി ഇടത്തേ

കൈവെള്ളയിൽ കുറെ തട്ടിയിട്ടു. വലത്തേ കൈവിരലുകൾകൊണ്ടു് ഒപ്പിയെടുത്തു മുഖത്തും കഴുത്തിൻെറ പിൻഭാഗത്തും തടവിയശേഷം, അവൻ രവിയുടെനേരെ കൈനീട്ടിക്കാണിച്ചു. സതി ഓടിവന്നു് ടിൻ എടുത്തു കുറെ കയ്യിൽ തട്ടി കുടഞ്ഞിട്ടു. അവൾ രവിയുടെ മുഖത്തു് പൂശി കൂടുതൽ വെള്ളതോന്നിക്കുന്നേടത്തുനിന്നും അല്പാല്പം തുടച്ചുമാററി. അവൻ അൽപം ഗൗരവം നടിച്ചു. സതി കൂടുകൂടെ ചിരിച്ചുകൊണ്ടു അവൻെറ കവിളത്തൊരുനുള്ളു്. സുലേഖ ഈ സഹോദരസ്നേഹത്തിൻെറ പ്രകടനം കണ്ടു ഉള്ളൂറി ചിരിച്ചു.

"മതിയാക്കടാ രവി! നീ ഒരു സുന്ദരൻ തന്നെ സമ്മതിച്ചു" അവൻ കണ്ണാടിയുടെ മുമ്പിൽനിന്നു മാറി.

"സലിമിനു കെറുവായിരിക്കും തുമ്പച്ചെടിയുടെ തുമ്പത്തു പൂവുപോലെ ആ പൗഡർ വെളുവെളെ തിളങ്ങുന്നതു കണ്ടില്ലേ" സുലേഖ തുടന്നു. അവൻ വല്ലാതെ ചൂളിപ്പോയി, സതിക്കു നാണം തോന്നി. അവൾ രവിയുടെ അരികത്തു് അപ്പോഴും അണഞ്ഞു നിൽക്കുകയായിരുന്നു. സലിം കൈകൊണ്ടു പൗഡർ സാവധാനം തുടയ്ക്കുകയാണു്.

തോൽ ബാഗുമെടുത്തു് രമാകാന്തൻ മുൻപേ മുററത്തിറങ്ങി.

"സലിം എൻെറ കൂടക്കൂടെ എടുത്താട്ടെ മറന്നുപോയി" അവർ ഇടവഴിയിലിറങ്ങി നടക്കുകയാണു്. ഗേററുവരെ സുലേഖയും സതിയും ഇന്ദു.വും അവരെ അനുഗമിച്ചു ഇന്ദു. പിതാവിൻെറ പിന്നാലെ പോവുകയാണു്. റോഡിലിറങ്ങിയതോടെ മൂവരും വീട്ടിലേക്കു ഒന്നു തിരിഞ്ഞുനോക്കി. ആ ഗേററരുകിൽ സുലേഖയും സതിയും സ്തംഭംപോലെ നിൽക്കുന്നു. ഏററവും

പിറകേപോയ രവിയുടെ കൈവിരലിൽ തൂങ്ങി ഇന്ദു കൊച്ചു കാലുകൾവെച്ചു കൂടെ സഞ്ചരിച്ചു. അവർ മൂവരും തിരിഞ്ഞുനിന്നു. സതി വേഗം ആഞ്ഞുനടന്നുചെന്ന് ഇന്ദുവിനെ എടുത്തു ഇളിയിലണച്ച് ഇടത്തേക്കരം കൊണ്ടു ചുററിപ്പിടിച്ചിരിക്കയാണ്. അരുണിമകലന്ന കവിൾത്തടങ്ങളിൽ തെരുതെരെ ഉമ്മവച്ചു. രമാകാന്തനും ബാലന്മാരും പിന്നെ നിന്നില്ല. സതിയുടെ കരിമീന്മിഴികൾ സാകൂതം അവരെപിന്തുടരുന്നു. അവർ വളവുതിരിഞ്ഞു ദൃഷ്ടിപഥത്തിൽനിന്നും മറയുംവരെ അവൾ ഒരേ നിലയിൽ നിന്നുപോയി.

ബസ്സിൽനിന്നിറങ്ങിയശേഷം മൂവരും നേരേ പോയതു വാടകമുറിയിലേക്കായിരുന്നു. കട്ടിലും കസേരയും പെട്ടിയുമെല്ലാം രമാകാന്തൻ സൂക്ഷിച്ചുനോക്കി. അവിടത്തെ അടുക്കും ചിട്ടയും കണ്ടപ്പോൾ അയാൾക്ക് രവിയോടും സലിമിനോടുമുള്ള വാത്സല്യം ബഹുമാനമായി മാറി. അനന്തരം അവർ കടയിലേക്കുപോന്നു. കട കണ്ടപ്പോൾ, രമാകാന്തന് അവരെപ്പററി അതുവരെ ഉണ്ടായിരുന്ന ധാരണ ലഘുവായിപ്പോയല്ലോ എന്നു മനസ്താപം തോന്നി. ആനന്ദബാഷ്പം ആ കണ്ണുകളിൽ ഈർപ്പംവരുത്തി.

“ഭാഗ്യം പിറന്ന ബാലന്മാർ. ചുണക്കുട്ടികൾ. ചേറിൽ കിളിർത്ത രണ്ടു താമരമൊട്ടുകൾ” എന്നു സ്വയം പറഞ്ഞു.

ഭർത്താവിൻെറ പ്രത്യാഗമനം പാർത്തിരിക്കയാണ് സുലേഖ നേരം സന്ധ്യയായി. രണ്ടുനാലു ദിവസത്തെ തിമിർപ്പും തകൃതിയുംകൊണ്ടു് വിജൃംഭിച്ചുനിന്ന

ആ ഭവനം ഇപ്പോൾ നിശ്ശബ്ദമായിരിക്കുന്നു. സതിയും സുലേഖയും നേരിയ സ്വരത്തിൽ സംസാരിച്ചുകൊണ്ടിരിക്കയാണ്.

"സാറില്ലേ ഇവിടെ?"

"ഇല്ല" സുലേഖ ഓർക്കാതെ മറുപടികൊടുത്തു. അതു പറയേണ്ടതില്ലായിരുന്നു എന്നു പിന്നീടാണവൾ ഓർത്തത്.

"സാർ എവിടെപ്പോയി" വീണ്ടും ചോദ്യം.

അവർ നിശബ്ദതപാലിച്ചു.

"എപ്പോൾ വരുമെന്ന്..." വീണ്ടും നിശ്ശബ്ദം.

"ഇല്ലെന്നുപറഞ്ഞാൽ എപ്പോൾ വരുമെന്നു തിരക്കാനിയ്യാളാരാ!" എന്നു ചോദിച്ചാലെന്തെന്നു സുലേഖയ്ക്കു തോന്നി വാക്കുകൾ നാക്കിൻെറ തുഞ്ചത്തെത്തിയതാണ്. പക്ഷേ ഉരിയാടാൻ ധൈര്യംപോരാ. അവർ മുറിക്കുള്ളിലേക്കു മാറി പുറത്തുനിന്നും കാലടിശബ്ദം അടുത്തടുത്തുവന്നു. ചവിട്ടുമെത്തയിൽ കാൽപെരുമാററം കേട്ടു. ആഗതൻ കസേരവലിച്ചു നീക്കിയിട്ടിരിക്കയാണ്. അവരിരുവരും മുറിക്കുള്ളിൽ നിന്നുകൊണ്ടു തല പുറത്തേക്കു നീട്ടിനോക്കി. മനസ്സിലൊരു ചഞ്ചലത. ഹൃദയമിടിപ്പു അവർക്കു പരസ്പരം കേൾക്കാം. ശ്വാസോച്ഛ്വാസ ഗതി ത്വരിതത്തിലായി. എന്തു പറയണമെന്ന് അവർക്കു നിശ്ചയമില്ല. സതി മുറിയുടെ ഒരു മൂലയിലേക്കു മാറി ഒതുങ്ങിനിന്നു.

സാർ എവിടെപ്പോയെന്നു പറഞ്ഞെ, ആഗതൻ മൗനത്തിനു വിരാമമിട്ടു.

"അടുത്തുതന്നെ നേരത്തെ വരുമെന്നു പറഞ്ഞിട്ടാണു പോയത്." സുലേഖ ധൈര്യമവലംബിച്ചു.

ആഗ—ജോലികാര്യമെല്ലാമെന്തായി?

സു—അറിഞ്ഞുകൂടാ.

ആ—എന്തായാലും വളരെ കഷ്ടമായിപ്പോയി, വരാനുള്ളതു വഴിയിൽ തങ്ങൂല.

ആഗതൻ രാജൻകണ്ട്രാക്ടരാണെന്നറിഞ്ഞപ്പോൾ സുലേഖ സംഭാഷണത്തിൻെറ ഗതി മാററാൻ ശ്രമിച്ചു.

അല്ല; ഇപ്പോൾ വളരെ ക്ലേശത്തിലാണെന്നു ഭാഗ്യ പറഞ്ഞുകേട്ടു.

സു—ക്ലേശം; ഒരു ക്ലേശവുമില്ല.

രാ—പണത്തിനു വിഷമമാണെന്നു.

സു—എല്ലാവരും പണക്കാരായെന്നുവരുമോ? എങ്കിലും ഞങ്ങൾക്കു മുട്ടൊന്നുമില്ല.

രാ—അതു വൃഥാപറകയാണു്.

സു—എനിക്കു് അടുക്കളയിലല്പം ജോലിഉണ്ടു്.

ഞാൻ പോയേക്കാം. ഇതിരിക്കട്ടെ. പണത്തിനു വല്ല വൈഷമ്യവും വരികയാണെങ്കിൽ ഈ പെൺകൊച്ചിനെ അങ്ങോട്ടയച്ചാൽ മതി കടയിൽ. വേണ്ടത്തക്ക വരാകുമ്പോൾ അല്പസ്വല്പംലോഹ്യങ്ങളെല്ലാം വേണ്ടതാണല്ലോ.

സു—ഇവിടെ പണവും വേണ്ടാ നിങ്ങളുടെ ലോഹ്യവും വേണ്ടാ.

കതകു ശക്തിയായി പിടിച്ചടച്ചു കൊണ്ടു സുലേഖ മുറിക്കകത്തു തന്നെ നിന്നു. ആകതകടപ്പു കൺട്രാക്ടരുടെ കരണക്കുററിയിലേററ അടിയായി അയാൾക്കുതോന്നി, എങ്കിലും അതു ഭാവിക്കാത്തമട്ടിൽ, സുലേഖ എന്തിനാദ്വേഷ്യപ്പെട്ടന്നെ. ഒരാളുടെ ജീവിത വൈഷമ്യങ്ങളിൽ മറെറാരാൾ അനുകമ്പ കാണിച്ചാൽ അതു കുററമാകുമോ?

നിശ്ശബ്ദം!!

"ഞാൻ പോയേക്കാം ഏതായാലും ഈ രൂപ ഇവിടെ ഇരിക്കട്ടെ

അയാൾ എഴുന്നേററു മുററത്തിറങ്ങി. അവിടെ ത്തന്നെ തെല്ലുനേരംനിന്നു. സുലേഖ കതകിൻെറ പാളി ശകലം തുറന്നു പുറത്തേക്കു കണ്ണോടിച്ചു. മേശപ്പുറത്തു കറൻസി നോട്ടു. അവൾക്കു കോപവും താപവുമുണ്ടായി. സുലേഖ ആലിലപോലെ വിറച്ചു. കതകുപാളികൾ ബലമായി തുറന്നു്, മേശയ്ക്കരുകിലേക്കു പാഞ്ഞുവന്നു. മുററത്തേക്കുനോക്കി. അയാൾ അവിടെത്തന്നെ നില്ക്കു യാണു്. സുലേഖ ആ 10 രൂനോട്ടുകൾ മുഷ്ടിക്കുള്ളി ലാക്കി. ഞെരിച്ചു.

"താനിതുകൂടി കൊണ്ടുപോകൂ! ഇതിനു വേറെ ആളെ അന്വേഷിക്കണം. എന്താ ഹേ മിഴിച്ചു നില്ക്കു ന്നതു്. പിടിക്കു ഇതു്. മാനംവേണമെങ്കിൽ കടക്കു പുറത്തു്. അയാൾ വന്നിരിക്കുന്നു; കുറെ നോട്ടുകളുമായി.

രാ—പത്തുകെട്ടിപ്പെറയു, വല്ലവരും കേട്ടാൽ കുറ ച്ചിൽ!!

സു—കുറച്ചിലോ; തനിക്കൊരു കുറച്ചിലുമില്ല. മര മറിയാതെ കൊടിയിടരുതു്. പിടിക്കു രൂപാ,

രാ—ഇതിവിടെ ഇരിക്കട്ടെ.

അയാൾ കുറെ രൂപയുമായിവന്നിരിക്കുന്നു .വാങ്ങാ നുള്ളവർ കാണും. അങ്ങോട്ടുകൊണ്ടുകൊടുക്കു.

രാ — ഇല്ല; ഇല്ല ...

സു—തൻെറ വർത്തമാനം കേൾക്കേണ്ടാ. കടക്കു പുറത്തു്, അന്തിമയങ്ങിയപ്പോൾ ആണുങ്ങളില്ലാത്ത സമയത്തു് പണവും വാരിക്കൊണ്ടുവന്നിരിക്കുന്നു.

സുലേഖ ഒരു യക്ഷിയായി മാറി. അവൾ കലി കൊണ്ടുതുള്ളി. പടവാളുപോലെ നീണ്ട ചൂൽ പൊക്കി

പ്പിടിച്ചുകൊണ്ടു മുററത്തു ചാടി. കൺഡാക്ടർ പിന്നോക്കം നോക്കിപ്പതുക്കെപ്പതുക്കെ നടന്നു. ഒരു ബുൾട്ടുട്ടിയുടെ ശൗര്യത്തോടെ അവൾ മുന്നോട്ടടുത്തു. രൂപാ അയാളുടെ മുഖത്തേക്കെറിഞ്ഞുകൊടുത്തു. "എടുത്തുകൊണ്ടു കടക്കാനാണു പറഞ്ഞതു്"

സതി അലമുറയിട്ടു ഇന്ദു ഞെട്ടി ഉണൎന്നു നിലവിളിക്കൂട്ടി. കൺഡാക്ടർ അസ്ത്രംപോലെ ഓടിമറഞ്ഞു. അടുത്ത വീടുകളിൽനിന്നും ചിലർ ഓടിവന്നു. അക്കൂട്ടത്തിൽ രമാകാന്തനുമുണ്ടായിരുന്നു.

---

# 16

## വിനസ്സുമീതേ വിന

കളരിയിൽ ഒന്നു പയററിയേ മതിയാവൂ എന്ന ഘട്ടത്തിൽ സംഗതികൾ എത്തിച്ചേൎന്നു. ശാന്തിധനന്മാർ വൈരാഗ്യംപിടിച്ചാൽ അതിൻെറ പാരമ്യത്തിലേക്കു കുതിച്ചുകയറും. സുലേഖയുടെ ഔദ്യോഗികക്കുഴപ്പം ഏതുവിധേനയും ഇല്ലാതാക്കണമെന്നു് രമാകാന്തൻ ദൃഢനിശ്ചയംചെയ്തു. അകാരണമായുണ്ടായ സസ്പെൻഷനിൽനിന്നുളവായ കെടുതി തുടച്ചുമാററിയില്ലെങ്കിൽ അതൊരു തീരാക്കളങ്കമായി അവശേഷിക്കുമെന്നു അയാൾക്കു ബോദ്ധ്യമായി. തൻെറ പൂൎവ്വകാല സുഹൃത്തു് ആയ മരാമത്തു മന്ത്രിയെ നേരിട്ടുകണ്ടു നിവേദനം നടത്താൻ ധൃതിപ്പെട്ടു തീർച്ചയാക്കി.

ഒരു സുപ്രഭാതത്തിൽ മന്ത്രിയുടെ ഔദ്യോഗിക

വസതിയിൽ എത്തിച്ചേർന്നു. രമാകാന്തൻ മന്ത്രിമന്ദിരത്തിൽ പ്രവേശിക്കുന്നതു അന്നാദ്യമായിട്ടാണു്. ഹൃദയം വല്ലാതെ തുടിച്ചു. രമാകാന്തൻ അങ്കണത്തിലെത്തി. ചെടികൾ പൂത്തു മലച്ചുകിടക്കുന്നു. ആ വിശാലമായ മുററവും പ്രാന്തപ്രദേശവും ഒരു പാർക്കിന്റെ പ്രതീതി ഉളവാക്കി. കാലത്തെ കഴുകിക്കളിപ്പിച്ച ഒരു നീലക്കാർ മുററത്തു് ഒരു മൂലയിൽ യാത്രയ്ക്കു തയ്യാറെടുത്ത കുതിരയെപ്പോലെ നില്ക്കുന്നു. രമാകാന്തൻ നേരേ പോർട്ടിക്കോവിൽ കയറി. ഒരു ശിപായി വന്നു് ഒരു കസാല ചൂണ്ടിക്കാണിച്ചുകൊണ്ടു് "ഇരിക്കാം, അദ്ദേഹം കാപ്പി കഴിക്കുകയാണു്."

അയാൾ ഇരുന്നു ഉള്ളിലേക്കു കണ്ണോടിച്ചു. വിശാലവും വിസ്തൃതവുമായ എടുപ്പു്. പേർഷ്യൻ പരവതാനികൾ തറയിലും മച്ചിലും നിരത്തി മോടിയാക്കിയിട്ടുണ്ടു്. ഇടനാഴി അവസാനിക്കുന്നിടത്തു് മന്ത്രി വിലങ്ങനെയുള്ള മുറിയിൽക്കൂടി കടന്നുപോയി ഔദ്യോഗികമുറിയിലേക്കു. ശിപായി "അങ്ങോട്ടു ചെല്ലാൻ ഉത്തരവായി."

അര മണിക്കൂർകൊണ്ടു എല്ലാസംഭവങ്ങളും വളരെ വിശദമായി മന്ത്രിയെ ധരിപ്പിച്ചു.

സംഭാഷണത്തിനിടയിൽ മന്ത്രി ഫോൺ കയ്യിലെടുത്തു. ഡയൽ കറക്കി. നിമിഷംകഴിഞ്ഞു മണിശബ്ദം.

എസ്, എസ്, മിനിസ്റ്റർ...P. W. D. മിനിസ്റ്റർ...

"......................"

ആരാ! ആരാ! ങേ! ചീഫ് ഇഞ്ചിനീയരാണോ..

"..............."

"ഒരു ടൈപ്പിസ്റ്റ്...സുലേഖ...അണ്ടർ സസ്പെൻഷൻ"

എന്താ! എന്ത്; കാര്യം! എൻകചയറിയോ? എന്തായി?"

എൻകചയറി നടത്തിയിട്ടാണോ സസ്പെൻഷൻ..."

"................."

"പേഴ്സനൽ എൻകചയറി നടത്തിയോ? ഇല്ലെന്നോ...ഓഹോ! അനുസരണക്കേടോ! എന്താണത്!

"..............."

ആ ഫയൽ എനിയ്ക്കു കാണണം "ഇനുവേണം"

"..............."

"ലേഡീക്ലാക്ക്," ആരോ ആകട്ടെ! അതും ഇതുമായി ബന്ധമില്ല...ടൈപ്പിസ്റ്റിൻെറ കാര്യമാണു്.

"......... ....."

ആ ആഫീസിനെപ്പററിയുള്ള പരാതി ഇവിടെ ഒട്ടധികമുണ്ടു്.

"..............."

"എനിഫൗ ഐ വാണ്ടു് ദി ഫയൽ അററ് ഒൺസ്"

ഫോൺ യഥാസ്ഥാനത്തുവെച്ചു. പിന്നെ, വിശേഷിച്ചൊന്നുമില്ലല്ലോ. അല്പസമയത്തെ നർമ്മസംഭാഷണത്തിനുശേഷം രമാകാന്തൻ മടങ്ങി.

ഒരാഴ്ചകഴിഞ്ഞു. കാലത്തു കൃത്യം പത്തുമണിക്ക്

ഒരു കാർ അസി:ഇഞ്ചിനീയരാഫീസിൻെറ മുൻഭാഗത്തു വന്നുനിന്നു. അതിനുള്ളിൽനിന്നും പാൻറും ബുഷ്കോട്ടും ധരിച്ച ഒരാൾ നിലത്തിറങ്ങി. തലപ്പാവ് വലത്തുകയ്യിൽ കിള്ളിപ്പിടിച്ചിട്ടുണ്ടു്. ഗൗരവംവിടാതെ ക്ലാക്കന്മാരിരിക്കുന്ന വലിയ ഹാളിൽ കൂടി ആഫീസുമുറിയിലേക്കു നടന്നുപോയി. അവരിലൊരാളെ അടുത്തുചെല്ലാൻ ആഗ്യം കാണിച്ചു. ഒരു ക്ലാക്കിനോടായി! എത്ര കൊല്ലത്തെ സർവ്വീസുണ്ടു്"

"പത്തു കൊല്ലം"

"ഇവിടെവന്നിട്ട് എത്രവർഷമായി"

"മൂന്നു കൊല്ലം"

ഇവിടെ എന്താവഴക്കു്. ഇതിനിടയിൽ അസി:ഇഞ്ചിനീയർ സുലേഖയുടെ പേരിൽ പല ആരോപണങ്ങളുമുന്നയിച്ചു സംസാരിച്ചു.

"ചോദിക്കുമ്പോൾ പറഞ്ഞാൽ മതി"

ഇവിടെ എന്താവഴക്കു്? സത്യം പറയണം. കഥയൊന്നും കേൾക്കണ്ട. മനസ്സിലായോ? നിങ്ങളെല്ലാം പോകണം. ആ ക്ലാക്കുമാത്രം നിന്നാൽ മതി. അസി: ഇഞ്ചിനീയർ നിങ്ങളേയും ഞാൻ വിളിക്കാം.

നിങ്ങളുടെ പേരു്?

"ശശിധരൻ"

"പറയൂ, പറയൂ!"

അവിടെ നടന്നയഥാർത്ഥ വിവരങ്ങൾ ഒന്നും ചോന്നുപോകാതെസവിസ്തരം പറഞ്ഞു, അനന്തരം മററാരുക്ലാക്കിനെ വിളിച്ചു. അയാളും അതേഉഴവിൽ കൂടി തന്നെയാണു സഞ്ചരിച്ചതു്. ഇതിനിടയിൽ സുലേഖയും വന്നുചേന്നു, സ്ഥലത്തെ പത്രലേഖകന്മാർ, ഹർജിയിൽ ഒപ്പു വച്ചവർ, കാണികളായി. ഒട്ടനവധിപേരും.

പത്രത്തിൽ വന്ന വാർത്തകൾക്കുത്തരവാദികൾ തങ്ങളാണെന്നു പത്രപ്രതിനിധികൾ മൊഴികൊടുത്തു. ആരോപണങ്ങൾക്കാസ്പദമായതെളിവുകൾ ഹർജിക്കാർ ഹാജരാക്കി. എല്ലാപേരുടേയുംമൊഴിരേഖപ്പെടുത്തി. അസി: ഇഞ്ചിനീയർ പരുങ്ങലിലായി. ആപ്പുരിയ ചൊക്കനെപ്പോലെ ഇരുന്നു. കലാവതി ആകെ വിയർത്തു വിളറിപ്പോയി. നൂറുനൂറുനേത്രങ്ങൾ അവളുടെ മുഖത്തു കടന്നൽ കുത്തേല്പിച്ചു. അവൾ വേപഥുഗാത്രിയായി,

എല്ലാവരും കൈകൂപ്പി. പുറത്തിറങ്ങിപ്പോയി. വിവരമറിയാൻ വഴിയൊരു ജനക്കൂട്ടം ആഫീസുനടയാലുണ്ടായിരുന്നു. ഒരു ഘോഷയാത്രയെന്നവണ്ണം എല്ലാപേരും റോഡിലേക്കു നീങ്ങി. അനന്തരം ഇതികർത്തവ്യതാമൂഢനായി കുനിഞ്ഞിരുന്ന അസി:ഇഞ്ചിനീയരോട് ചീ:ഇഞ്ചിനീയർ സുദ്ദഢമായിപറകയാണ്—

നിങ്ങൾ നിരപരാധികളെ കഴുകേററാൻ തുടങ്ങി. കാപട്യവും വക്രതയുംകൊണ്ടു കാര്യം നേടാമെന്നു നിങ്ങൾ കരുതി, സത്യമേജയിക്കൂ! അതു മനസ്സിലാക്കണം. നിങ്ങൾ എന്നെയും അവതാളത്തിലാക്കുമായിരുന്നു. എവിടെ ആ ലേഡീക്ലാക്ക്? പേരെന്താ! കലാവതി.

കലാവതി വന്നു. ജോലിവേണമെന്നു നിങ്ങൾക്ക് ആഗ്രഹമില്ല. അല്ലേ?

–ഞാൻ നിരപരാധിയാണ്”

ആയിരിക്കാം. നിരപരാധികളാണല്ലോ ശിക്ഷിക്കപ്പെടുന്നതു്. സുലേഖയുടെ കാര്യം നോക്കൂ! ഏതായാലും എനിക്കിതിൽ ഒന്നും ചെയ്യാനാവില്ല. ഉം പോകാം.

ചീഫ് ഇഞ്ചിനീയർ മടങ്ങി...

മണൽ വിരിച്ച മുററത്തു് ചന്ദ്രൻെറ വെൺകൊ

ററക്കടക്കീഴിൽ, ചൂരൽക്കസേരകളിൽ ചീഫ് ഇഞ്ചിനീയരും പത്നിയും ഇരുന്നു നമ്മസല്ലാപം ചെയ്യുകയായിരുന്നു. ഉഷ്ണകാലമായിരുന്നെങ്കിലും കൂടെക്കൂടെ കുളുർമയുള്ള കററു അവക്കു ശീതോപചാരം ചെയ്തു. അങ്കണസീമയിൽ സ്ഥാനമുറപ്പിച്ചിരുന്ന പൂച്ചട്ടികളിൽ പച്ചപിടിച്ചുനിന്ന ഗുല്മങ്ങളുടെ തുമ്പത്തുനിന്നാടിയ പൂക്കൾ പരിമളം പരത്തി. റേഡിയോഗാനത്തിൻെറ കൊച്ചലകൾ അവിടമെങ്ങും പിച്ചവച്ചു. ആ ഗാനരസത്തിൽ അവർ ആമഗ്നരായിരിക്കുമ്പോഴാണ് ഗേററരികിൽ ഒരു കാർ വന്നുനിന്നത്. രണ്ടുപേരും ഒരുമിച്ച് അങ്ങോട്ടുനോക്കി. ഒരാൾ പുരുഷനാണെന്നു മനസ്സിലായപ്പോൾ ചീഫ് ഇഞ്ചിനീയരുടെ ഭാര്യ സാവധാനം എഴുന്നേററു പോർട്ടിക്കോയിലേക്കു പോയി.

ചീഫ് ഇഞ്ചിനീയർ ഗേററിലേക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. ആഗതൻ തൊഴുതു്, ഒരുവശത്തേക്കു മാറിനിന്നു.

"ആരാ? അടുത്തുവരണം എന്താകാര്യം?" ചീ ഇ.

"ഞാൻ..... അസി: ഇഞ്ചിനീയർ"

"ആഫീസിലാണുവരേണ്ടതു്. അതും ചെയ്തില്ല, രാത്രിയിലാണു വരവു്. നാളെ ആഫീസിൽ വരണം."

"വരാം! ലേഡീക്ലാക്കു് കലാവതിക്കെന്തോ പറയാനുണ്ടെന്നു്."

ആഫീസിൽ വരാൻ പറയണം.

"സങ്കടം ബോധിപ്പിക്കാൻ"

അപ്പോഴേക്കും പരിസരമെങ്ങും പരിമളം പരത്തി

ക്കൊണ്ടു കലാവതി കയറിവന്നു. രംഗനിരീക്ഷണം നട
ത്തിക്കൊണ്ടു മുറിക്കുള്ളിൽനിന്നു ചീഫ് ഇഞ്ചിനീയരുടെ
ഭാര്യ റേഡിയോ ഗാനത്തിന്റെ ശബ്ദം കുറച്ചശേഷം
പുറത്തിറങ്ങിവന്നു. കലാവതി നേത്രസാരിത്തുമ്പുകൊ
ണ്ടു കണ്ണുകൾ തുടയ്ക്കുകയാണ്. തൊണ്ട ഇടറി അവ്യ
ക്തമായെന്തോ സംസാരിച്ചുതുടങ്ങി.

ചീ: ഇ— പറയാനുള്ളതു് എഴുതിത്തന്നിട്ടു പോകു
ണം. മേലാൽ ആഫീസിലാണു വരേണ്ടതു്. പാതി
രാത്രിക്കു സങ്കടം പറയാൻ വന്നിരിക്കുന്നു. നിങ്ങളെ
രണ്ടുപേരെയും ഞാൻ സർവ്വീസിൽ വെച്ചുകൊണ്ടിരി
ക്കാൻ ഉദ്ദേശിക്കുന്നില്ല.

അദ്ദേഹം ഉടനെ എഴുന്നേററു അകത്തേക്കു പോ
യി, ഞൊടിയിട കഴിഞ്ഞു് മടങ്ങിവന്നു. കുഞ്ഞുകു
ട്ടിപരാധീനക്കാരായ സിൽബന്ധികളെ ഒരുവിധത്തിലും
ശല്യപ്പെടുത്തരുതെന്നാണ് എന്റെ ആഗ്രഹം. പക്ഷേ
അതു സമ്മതിക്കില്ലെന്നുവന്നാൽ! കിട്ടുന്നതു അനുഭവി
ക്കാൻകൂടി തയാറാവണം, നിങ്ങൾക്കുപോകാം.

കാർ തിരിച്ചുപോയി.

ചീ: ഇഞ്ചിനീയരും പത്നിയും ഒപ്പം ചിരിച്ചു. അവരിരു
വരും ടെലഫോണിന്റെ അടുത്തേക്കു നടന്നു.

അന്നുരാത്രി ഒരു പോലീസ് ജീപ്പ് ടൗണിന്റെ
പലഭാഗത്തും അതിവേഗം പാഞ്ഞുകൊണ്ടിരുന്നു.
വല്ല തീവെട്ടിക്കൊള്ളക്കാരും പട്ടണത്തിൽ വന്നിട്ടുണ്ടോ
എന്നു പലരും സംശയിച്ചു.

രാത്രി ഒരുമണിയാകും. വഴിവിളക്കുകൾ കണ്ണടച്ചു
കളഞ്ഞു. ചില കവലകളിൽമാത്രം ദീപശിഖാപ്രസരം
കാണാം. വീടുകളും വിദ്യാർത്ഥികളും ലാഡ്ജുകളും
ഉറങ്ങിക്കഴിഞ്ഞു. തെരുവുതെണ്ടിപ്പട്ടികൾമാത്രം ലക്ഷ്യ

മില്ലാതെ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരുന്നു. അനാഥപ്പിള്ളേരും യാചകരും കടത്തിണ്ണകളിൽ ക്രുക്കുംവലിച്ചുറങ്ങി. ആ ജീപ്പു പ്രസരിപ്പിച്ച പ്രകാശധോരണിയിൽ, തെരുവിലെ വെണ്മാളികകൾ ചിരിക്കയും ജീപ്പു കടന്നുപോകുമ്പോൾ മുഖം കറുപ്പിക്കയും ചെയ്തുകൊണ്ടിരുന്നു. പട്ടണത്തിന്റെ ഹൃദയഭാഗത്തുനിന്നും അകന്നു ഒരു ടീ. ബി യിലേക്കു് ജീപ്പു് അതിശീഘ്രം പാഞ്ഞുപോയി. കടൽക്കരയോടടുത്തുള്ള ഒരൊഴിഞ്ഞ മുസാവരിക്ക ഒരുഫർലാംഗ് അകലെ ജീപ്പു നിന്നു. ഇൻസ്പെക്ടരും പാർട്ടിയും പുറത്തിറങ്ങി നേരേ മുസാവരിലക്ഷ്യമാക്കിനടന്നു. ഗേററു പൂട്ടിയിരിക്കുന്നു, അകത്തുകടക്കാൻനിർവ്വാഹമില്ല. വാച്ചറെ അന്വേഷിച്ചു് ഒരാൾപോയി. വീട്ടിലെത്തി കതകിനുമുട്ടി വിളിച്ചുണർത്തി. "വാച്ചർ ഒരുമുറിവേണമല്ലോ."

"ഒരുമുറിയുമൊഴിവില്ല"

"എടോ, ഒന്നു കൂടിയേ കഴിയൂ"

"ഇല്ലാസാർ."

"പിന്നെങ്ങനെ? തനിക്കുകമ്മീഷൻതരാം. അതു കിട്ടുകില്ലെന്നു പേടിക്കാതെ"

"അതൊന്നും വേണമെന്നില്ല. എങ്കിലും മുറി വേണ്ട."

"താൻ വരണം; ഗേററു തുറക്കണം; മുറിഉണ്ടോ എന്നുനോക്കണം" അയാൾ അനുസരിച്ചു.

അടച്ചിരിക്കുന്ന കതകിന്റെ താക്കോൽ സുഷിരത്തിൽക്കൂടി ഇൻസ്പെക്ടർ മുറിക്കുള്ളിലോട്ടു സൂക്ഷിച്ചുനോക്കി. അപ്പോഴും വിളക്കണഞ്ഞിട്ടില്ലായിരുന്നു.

വാച്ചർ ആജ്ഞയ്ക്കുവശംവദനായി, കതകിനുമുട്ടിവിളിച്ചു.

"ആരാവിളിക്കുന്നെ" എന്തിനാ?"...

വാച്ചർ "അടുത്തമുറിയുടെതാക്കോൽവേണംസർ."

"തരാനൊക്കില്ല." "നിങ്ങൾക്കവാടകമതിയല്ലോ."

"അത്യാവശ്യമായിട്ട ഒരു കൂട്ടക്കുവേണം സാർ"

ഒക്കുകില്ല സാർ—വേറെ വല്ലടത്തും പോകാൻപറയണം." സാർ.

"വല്ല അത്യാവശ്യക്കാരുമായിരിക്കും. കൊടുത്താട്ടെ" ഒരു ലളിത കളഭാഷണം.

"സ്വർഗ്ഗത്തിലെ കട്ടുറുമ്പുകൾ" പരുഷമായ പുരുഷ സ്വരം. ശ്മശാനമൂകത!

കതകു തുറന്നു യുവതി ഒരു കോണിലൊതുങ്ങി നിന്നു. അവൾ അപ്പോഴും അളകങ്ങൾ ഒതുക്കിക്കൊണ്ടേ ഇരുന്നു. ഇൻസ്പെക്ടർ പുരുഷൻെറ അടുത്തുചെന്ന് വായ് മണത്തുനോക്കി.

"ഉം...മോന്തിയിട്ടില്ല." ആരാ നിങ്ങൾ? ഹേ, സ്ത്രീ നിങ്ങളോടാണു ചോദിക്കുന്നതു്.

സംഗതികൾ വഷളാകുന്ന ലക്ഷണമാണു്. അവർ രണ്ടുപേരും എന്തൊക്കെയോ പറഞ്ഞു.

അതിരാവിലെ പത്രവില്പനക്കാരായ പിള്ളേർ വിളിച്ചുപറയുന്നതു കേൾക്കായി.

തലസ്ഥാനനഗരിയിലെ വ്യഭിചാരവും അറസ്ററും—രണ്ടു സർക്കാർ ജീവനക്കാരെ കസ്റ്റഡിയിലെടുത്തു.

---

# 17

## കരിഞ്ചന്തരാജൻ

പെട്ടെന്നു ക്ഷോഭിക്കയും അതിവേഗം പ്രസാദിക്കയും ചെയ്യുന്ന പ്രകൃതമാണു് വിശാലാക്ഷിക്കുള്ളതു്. ആ സ്വഭാവവൈരുദ്ധ്യങ്ങൾ ഏറെക്കുറെ പാല്ലൂരിപ്പാറു മനസ്സിലാക്കിയിട്ടുണ്ടു്. ആരെപ്പററിയെന്നില്ല. എവിടെ നിന്നെങ്കിലും ചൂടുമാറാത്ത കുറെ വാർത്തകളുമായിട്ടാണു് നിത്യവും അവർ വിശാലാക്ഷിയെസമീപിക്കാറുള്ളതു്. ഭർത്താവിൻെറ നടപടികളിൽ ഇത്ര സംശയാലുവായ ഒരു സ്ത്രീ വേറെ ഉണ്ടാവില്ല ഭർത്താവിൻെറ നടപടികളെപ്പററി ശകലം കേട്ടാൽമതി വിശാലാക്ഷിയുടെ മുഖം, അകാലകാല സന്ധ്യാവിലാസമായ ദ്'ക്കുപോലെ ഇരുളും. സൂര്യൻെറ വെയിലും ചൂടും നിലനില്ക്കെത്തന്നെ അകാലവൃഷ്ടി ചൊരിയും വണ്ണം കയക്കുകയുംചെയ്യും. പിന്നെ ഒരു തീക്കളി'യുടെ എല്ലാ എരിച്ചിലുകളും കാണാം. പൂക്കുററിയുടെ ഫൂൽക്കാരം കുരവക്കുററിയുടെ ചീററൽ; എലിവാണത്തിൻെറ ഇരപ്പു് അമിട്ടിൻെറ പൊട്ടൽ എന്നുവേണ്ടാ കലായക്കോട്ടയുടെ ചെവിയടപ്പൻ തകർപ്പുകേൾക്കാം. പിന്നെ അവിടെ ഒരു കലാശം ചവിട്ടാണു്. ഇതെല്ലാം ഏതാനും നിമിഷങ്ങൾക്കകം അവസാനിക്കയും ചെയ്യും.

പട്ടിയെ കല്ലെറിഞ്ഞു പായിക്കുംമാതിരി രാജൻ കൺടാക്ടറെ ചൂലുകുലുക്കികാണിച്ചു് സുലേഖ തുരത്തിയ

തിനുശേഷം കഷ്ടിച്ചു് 2 മണിക്കൂർ കഴിഞ്ഞില്ല അതി നുമുൻപു് കാര്യത്തിന്റെ ഗുളികച്ചെപ്പു പാറു വിശാലാക്ഷിയെ തുറന്നുകാണിച്ചു.

എന്തിനാപാറു, പുറത്തിറങ്ങി നടക്കുന്ന ആണുങ്ങളെ പറേണു്; പെണ്ണുങ്ങളു് പെണ്ണുങ്ങാളായിരുന്നാൽ ഇങ്ങനെയൊന്നും വരത്തില്ല.

പാറു അതു ശരിവച്ചു.

വല്ലവനും വഴിയേപോയാൽ അരികിലെങ്ങാനും നിന്നൊരു കണ്ണടി, ഒരു തലവെട്ടിത്തിരിപ്പു്, ഒരു കള്ളച്ചിരി, പോരെങ്കിൽ ഒരു നാണംകുണുങ്ങൽ, പുരുഷന്മാർക്കതുമതി, മഴത്തുള്ളിയിൽ പിടികിട്ടുമെങ്കിൽ അതിൽ തൂങ്ങി ആകാശത്തുകേറാൻ മോഹിക്കുന്നവരാണു് ആണുങ്ങൾ. പാറുവിനു് അതിനും എതിരില്ല. പക്ഷേ സുലേഖയുടെ സ്വഭാവം പത്തരമാററുള്ള കനകത്തേക്കാൾ മെച്ചമെന്ന പാറുവിന്റെസൂചന കേട്ടമാത്രയിൽ തന്നെ വിശാലാക്ഷി ചൊടിച്ചു.

"അപ്പോൾ ഇവിടത്തെ മുതലാളിയാണു് അതിനു് അച്ചാരവും വാങ്ങിക്കൊണ്ടു നടക്കുന്നതു്. അല്ലേ പാറൂ!

"എന്നല്ല; അമ്പിലും വില്ലിലും കാണും കോട്ടം"

"അങ്ങനെ പറ; അവിടെയാണു് കാര്യത്തിന്റെ കിടപ്പു്"

വിശാലാക്ഷി ഇങ്ങനെ പറഞ്ഞു എങ്കിലും, അതു നെഞ്ചിനുമീതെ ആയിരുന്നു.

"ആ പെണ്ണുമ്പിള്ള ഉണ്ടല്ലോ—സുലേഖ—അവളെ ഒന്നു കാണട്ടെ രണ്ടുമൊഴി ചോദിക്കാനുണ്ടു്."

ഏതായാലും ഇവിടൊരുസംഗരമുണ്ടായിട്ടും, എന്ന ആശ്വാസത്തോടെ പാറു മടങ്ങിപ്പോയി.

വെയിൽമങ്ങി, ചൂടുപോയി. വിശാലാക്ഷി തലയിൽ എണ്ണപൊത്തി. താളിപ്പാത്രം കൈയിലെടുത്തു. അലക്കാനുള്ള മുഷിഞ്ഞമുണ്ടുകൾ ഒരു പൊതിയാക്കി വേലക്കാരിപ്പെണ്ണിനെ ഏല്പിച്ചു. കളിത്തോർത്തു മാറിലിട്ടു നേരേ ആററുകടവിലേക്കാണുപോക്കു്. പൊക്കം കുറഞ്ഞുക്രമത്തിലധികം വണ്ണിച്ചിട്ടു് ഒരു ചെക്കുററിപോലാണു് വിശാലാക്ഷി സുലേഖയുടെ വീട്ടുനടയിലെത്തിയപ്പോൾ, താനറിയാതെ ഒന്നു രണ്ടാവത്തി വീട്ടിലോട്ടുകണ്ണോടിച്ചു. ആരുമില്ലെന്നുകണ്ടു് കഴുത്തിനു ചുററും നാക്കുള്ള ആ സ്ത്രീ ആത്മഗതം ചെയ്തു

"ഈ വീട്ടിൽ ആണുങ്ങളെ തെരഞ്ഞുപിടിച്ചു കടിക്കുന്ന ഒരു പെൺപട്ടിയുണ്ടു്"

കുളിയും കഴിഞ്ഞു മടങ്ങിവരുമ്പോൾ തേടിയ വള്ളി കാലിൽ ചുററി എന്നു പറഞ്ഞമാതിരി സുലേഖയെ കണ്ടു കല്ലെറിഞ്ഞു നൊമ്പരപ്പെടുത്തിയ ആളെ തിരിച്ചറിഞ്ഞ പാമ്പിനെപ്പോലെ വിശാലാക്ഷി അവളുടെ മേൽ ചാടിവീണു.

ആണുങ്ങളെ വഴിനടക്കാൻ സമ്മതിക്കുലേ; അല്ലെ എങ്ങാണ്ടുന്നുവന്നിരിക്കുന്നു വല വീശിപ്പിടിക്കാൻ. ദേ, കേട്ടോ, ആളറിയാതെ കളിച്ചാലുണ്ടല്ലോ

വാതേ:രാത്ത വർത്തമാനം കേട്ടു സുലേഖ സൂക്ഷിച്ചുനോക്കി, ആദ്യം മററാരോടോ ആയിരിക്കുമെന്നു കരുതി അവിടെ വേറാരും ഇല്ലാത്ത സ്ഥിതിക്കു് തനോടായിരിക്കുമെന്നു തന്നെ അവൾ വിശ്വസിച്ചു. വിശാലാക്ഷി വഴിചെറുത്തു നിന്നുകൊണ്ടു വീണ്ടും പലതും വിളിച്ചുകൂവി.

സു.—ഛേ! സ്ത്രീ നിങ്ങളോടു എനിക്കൊന്നും പറയാനില്ല. നിങ്ങളെപ്പോലെ നാട്ടിലുള്ളവരോടു ശണ്ഠയ്ക്കു

പോകാൻ ഞാനാളല്ല.

വിശാലാക്ഷി ക്ഷോഭിച്ചുവശായി, സുലേഖയെ കടന്നു തലമുടിക്കുചുററിപിടിച്ചു. അവരിരുവരും അടിയിലും മീതേയുമായി വയലിൽ വീണു. സുലേഖയ്ക്കു ഉരുണ്ടുപിരണ്ടെഴുന്നേല്ക്കാനുള്ള വെമ്പൽ. വിശാലാക്ഷി അതിനനുവദിക്കാതെ മുടിക്കു ചുററിപ്പിടിച്ചു വലിക്കുന്നു. സതി ഒരു നിമിഷം പാഴാക്കാതെ ആ സ്ത്രീയുടെ ഉടുതുണി വലിച്ചിഴച്ചുകൊണ്ടു് വരമ്പത്തുടെ ഒററപ്പാച്ചിൽ. പരൽമീൻ ചുണ്ടിൽ കോരിയെടുത്തു പറന്നകലുന്ന കൊക്കിനെപ്പോലെ. ഏതവസ്ഥയിലും മാനം മറയ്ക്കാൻ സ്ത്രീകൾക്കു ആവേശം കൂടുമല്ലോ. വിശാലാക്ഷി നനച്ച തുണികൾകൊണ്ടു നഗ്നതമറച്ചു്, സതിയെ പിന്തുടന്നു, ഒരു മദ്ദളം ഉരുളുംപോലെ. വായിൽതോന്നിയതെല്ലാം വിളിച്ചുകൂവുന്നുമുണ്ടു്. അടുത്തെത്തുമെന്നു കണ്ടപ്പോൾ ഉടുവസ്ത്രംവലിച്ചെറിഞ്ഞിട്ടു സതി മറെറാരു വരമ്പുവഴി വീട്ടിലേക്കു് ഓടി. സുലേഖയും ക്ഷീണിച്ചുപോയി വയലിലെ ചെളിവെള്ളത്തിന്മേൽ തവളപ്പുതപോലെ പൊങ്ങിക്കിടന്ന മുണ്ടെടുത്തു വിശാലാക്ഷി ധരിച്ചു. ദേഹമാസകലം ചേറിൻെറ കറുപ്പുടയാളം. പാടത്തു ഞാറുനട്ടു കരക്കുകയറിയ പുലപ്പെണ്ണിൻെറ വേഷം. വിശാലാക്ഷി വീണ്ടും ആററിലേയ്ക്കുപോയി. മുണ്ടും തുണിയും കഴുകിക്കുളിക്കുവാൻ

ക്ഷിപ്രകോപം കൊണ്ടു പ്രവത്തിച്ചുപോയതിൽ വിശാലാക്ഷി പശ്ചാത്തപിച്ചു. സുലേഖയോടു മാപ്പിരന്നാൽതന്നെ എന്താണു്? പണ്ടു് കലാവതിയോടു കയത്തതുതന്നെയും ശരിയായില്ല. ഇത്തരം ചിന്തകളോടെ അവൾ വീട്ടിലെത്തിച്ചേന്നു.

പാറു ഹാജരുണ്ടു്. വിശാലാക്ഷി അല്പം ആശ്വ

സിച്ചു. അത്താണികണ്ട ചുമട്ടുകാരനെപ്പോലെ ഉള്ളിൽ തങ്ങിനില്ക്കുന്ന കദനഭാരം, മററാരാളിൽ സംഭാഷണരൂപേണ പകൎന്നുകൊടുക്കുമ്പോൾ ഹൃദയത്തിനൊരു ലാഘവം കിട്ടുന്നതു് സ്വാഭാവികമാണല്ലോ. വേദനാനിർഭരമായ ഹൃദയം കരച്ചിൽകൊണ്ടു ആശ്വാസപ്പെടുന്നു.

പെട്ടെന്നു ഈറൻ മാറി. പകരം അലക്കിയ മുണ്ടും ബ്ളൗസും ധരിച്ചു് അടുക്കളത്തളത്തിൽ ബെഞ്ചിന്മേലിരുന്നു. പാറുവും എന്തോ വിശേഷമുള്ളതു കേൾക്കാമെന്നുള്ള കൗതുകത്തോടെ അടുത്തുതന്നെ ഇരുപ്പുറപ്പിച്ചു. വെററിലത്തട്ടം മടിയിൽവച്ചു് നാലുംകൂടി ഒന്നു ചവച്ചു് ചന്തവും ചിതവും വരുത്താനുള്ള ഭാവമുണ്ടു് പാറുവിനു്. വിശാലാക്ഷി സംഭവം വിവരിക്കാൻ തുടങ്ങി. അപ്പോഴുണ്ടു് പോർട്ടിക്കോവിൽ ആരോവന്നു. കാൽപെരുമാററം കേട്ടു് വിശാലാക്ഷി അങ്ങോട്ടുപോയി. കണ്ടക്ടർ മ്ലാനമായ മുഖത്തോടും പരവശമായ നോട്ടത്തോടും കൂടി ചാരുകസാലയിൽ മലൎന്നുകിടക്കുന്നു, ഭാൎയ്യ ഒന്നമ്പരന്നു. സുഃലഘയുമായുണ്ടായ ശണ്ഠ അറിഞ്ഞുകൊണ്ടുവന്നതായിരിക്കാമെന്നു് അവൾ ഊഹിച്ചു എന്താണു് അടുത്ത പടി എന്ന ചിന്തയിൽ അവൾ മുഴുകി. ആരും ഒന്നും ഉരിയാടിയില്ല.

രണ്ടുപേരും പരസ്പരമറിയാത്ത രണ്ടു ഭചട്ടിൽ വീണിരിക്കുന്നവിവരം അവരറിയാൻ നാലുനാഴിക കഴിയേണ്ടിവന്നു, കാൎയ്യം അറിഞ്ഞപ്പോൾ ഇരുവരും ആശ്വസിക്കയും വിഷമിക്കയും ചെയ്തു. തുല്യ ദുഃഖിതർ. ആരും ആരേയും കുററപ്പെടുത്തിയില്ല.

കരിഞ്ചന്തരാജൻ എന്ന മാറാപ്പേരു സമ്പാദിച്ച ആളാണു രാജൻ കണ്ടക്ടർ. റേഷൻ അരിവന്നുകഴിഞ്ഞാൽ ഭൂരിഭാഗവും കരിഞ്ചന്തയിലേക്കാണു പോക്കു്.

ഇതിൽ നാട്ടുകാർക്കു് വളരെ അമർഷമുണ്ടു്. പൊതുജനങ്ങളുടെ സംഘടിതമായ പ്രവർത്തനവും പരാതിയും ചെവിക്കൊള്ളാതിരിക്കാൻ അധികാരിവർഗ്ഗത്തിനു് കഴിഞ്ഞില്ല. കൺട്രാക്ടരുടെ കരിഞ്ചന്തവ്യാപാരം സർവ്വജനങ്ങൾക്കുമറിയാം. പക്ഷെ തൊണ്ടിയോടുകൂടി കള്ളനെപ്പിടിക്കാൻ ആർക്കും അന്നുവരെ കഴിഞ്ഞിട്ടില്ല അന്നു് അതും സംഭവിച്ചു.

രണ്ടുചാക്കു് റേഷനരി പൂഴ്ത്തിവച്ചിരിക്കുന്നവിവരം കണ്ണാകണ്ണികയാ അറിവുകിട്ടിയതനുസരിച്ചു് രണ്ടു മൂന്നു ചെറുപ്പക്കാർ അതിന്റെ ഗതിവിഗതികൾ സൂക്ഷിച്ചു കൊണ്ടു കാവൽനിന്നു. അടുത്തൊരു കടയിൽനിന്നു പൂവമ്പഴം വാങ്ങിത്തിന്നു്, നാരങ്ങാവെള്ളവും കുടിച്ചു് ബീഡിയും കത്തിച്ചു വലിച്ചു; ശകലം രാഷ്ട്രീയവും സംസാരിച്ചു് അങ്ങനെ നില്ക്കുയാണവർ ആ കഴുകന്മാരുടെ കണ്ണുകൾ റേഷനരിയാകുന്ന കോഴിക്കുഞ്ഞിലാണു് പതിഞ്ഞിരിക്കുന്നതെന്നു് മററാരും മനസ്സിലാക്കിയില്ല. വിശേഷിച്ചു കൺട്രാക്ടർ റേഷനരിക്കുവന്നപെണ്ണുങ്ങൾ. അരിതീർന്നുപോയെന്ന പല്ലവി കേട്ടു അനങ്ങാതെ നിന്നു് പോയി.

"പട്ടാപ്പകൽ കൊള്ളയടിക്കുന്ന ഈ കാലകാലനു് കട കൊടുത്തവരെ വേണം പറയാൻ"

കല്ലുവീണ കുളത്തിൽ ചിറേറാളമിളകുംമാതിരി ആ അന്തിനേരത്തു ആളുകൾ അവിടെ പെരുകിവന്നു. അപ്പോഴുണ്ടു ഒരു പ്ലഷർകാർ പാഞ്ഞുവന്നു് കടയുടെ മുൻപിൽനിന്നു. അതിനുള്ളിൽ നിന്നു രണ്ടുപേർ വേഗത്തിലിറങ്ങി കടയ്ക്കുള്ളിൽ കയറി.

"തഹശിൽദാർ, തഹശിൽദാർ" ഒരു ഇരമ്പൽ

"ഞങ്ങൾക്കു അരികിട്ടുന്നില്ല."

"മുറവിളി കൂട്ടാതിരിക്കിൻ."

"സാർ, ഇവിടെ രണ്ടുചാക്കരി ഒളിച്ചുവെച്ചിരിക്കുന്നു, കടയുടെ പിൻവശത്തു ചാപ്പിൽ." തഹശീൽദാർ അങ്ങോട്ടുപോയി. സ്റ്റാക്കെടുപ്പിച്ചുകൊണ്ടുവന്നു.

അതു റേഷനരിയല്ല

"തന്നെയാണു, സാർ"

തഹശിൽദാർ മേശതുറന്നു. പത്തൻപതു റേഷൻ കാർഡുകൾ. തെണ്ടികളുകാവൽനിന്ന ചെറുപ്പക്കാർ രണ്ടു ജേതാക്കന്മാരായ പടയാളികളെപ്പോലെ മീശതടവിക്കൊണ്ടു തഹശിൽദാരുടെ തൊട്ടടുത്തു നില്ക്കുകയാണു്. കണ്ട്റാക്ടരുടെ പാരവശ്യം! കണ്ണുനീരിൻെറ ഉറവവററിപ്പോയതിൽ അയാൾക്കു തെല്ലൊരാശ്വാസമുണ്ടു്.

കരിഞ്ചന്തരാജൻ! ചില അപശബ്ദങ്ങൾ. റോഡിൽ കൂട്ടം വർദ്ധമാനമായി.

തഹ:—ഇവിടെ ഒരു ഭരണക്രമമുണ്ടെന്നും, ചട്ടവട്ടങ്ങളൊക്കെ പാലിക്കാൻ ഉദ്യോഗസ്ഥന്മാരുണ്ടെന്നും ഓർമ്മവേണം, അരി ആളുകൾക്കു കൊടുക്കാനാണു്. കരിഞ്ചന്തയിൽ വിററു സ്വന്തം കീശവീർപ്പിക്കാനല്ല.

ജാള്യതയും പാരവശ്യവും കൊണ്ടു് കണ്ട്റാക്ടർക്കു് ഒന്നും പറയാൻ തോന്നിയില്ല പക്ഷേ കണക്കനും കടക്കാരനും പരസ്പരം നോക്കി. "ഇനി എന്താണു നിവൃത്തിമാർഗ്ഗം" എന്നു്.

# 18

## പശ്ചാത്താപത്തിൻെറ കിരണങ്ങൾ

ആരുടെ ആജ്ഞയ്ക്കും അഭ്യത്ഥനയ്ക്കും കീഴ്വഴങ്ങാതെ എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സ്വഭാവമാണല്ലോ സൂര്യനുള്ളത്. പൂക്കാലം ചിലതുകടന്നുപോയി. ആഗ്രാമത്തിലെ പ്ലാവും, മാവും, പലവുരുതളിക്കയും, ഇല കൊഴിയുകയും ചെയ്തു. ഗ്രാമീണകന്യകയുടെ ലാളിത്യത്തോടെ ഒലിച്ചിരുന്ന ശരന്നദിവർഷഋതുവിൽ ക്രമേണ കുത്തികവിഞ്ഞൊഴുകി. കാലപ്രവാഹത്തിനും ഒരതിരില്ലല്ലോ.

മുസാവരിസംഭവത്തെ തുടന്നുള്ള പ്രാസാക്യൂഷൻകേസ് ഇനിയും അവസാനിച്ചിട്ടില്ല. കലാവതിയും അസി: ഇഞ്ചിനീയരുമാണ് പ്രതികൾ. കേസിൻെറ അന്തിമതീരുമാനമറിയുവാൻ ആളുകൾ അക്ഷമരാണെങ്കിലും, പൊതുജനമദ്ധ്യത്തു ആദ്യമാദ്യമുണ്ടായിരുന്ന ബഹളവും ഒച്ചപ്പാടുമൊന്നും ഇപ്പോൾ ഇല്ല. എത്ര ഗൗരവരമായ സംഗതിയാണെങ്കിലും കാലപ്പഴക്കം കൊണ്ടു് പൊതുജനശ്രദ്ധയിൽനിന്നും മാഞ്ഞുപോകുന്നതു് സവ്വസാധാരണമാണ്.

രാജൻ കണ്ട്രാക്ടരുടെ റേഷൻ കടയ്ക്കുള്ള ലൈസൻസ് റദ്ദുചെയ്യപ്പെട്ടു. ഡേമണിത്തുകസക്കാരിലേക്കു മുതൽ കൂട്ടിപോരാഞ്ഞിട്ടു കരിഞ്ചതന്നടത്തിയതിനു് പ്രാസിക്യൂഷൻകേസ്സും.

നീറിനീറിക്കത്തുന്ന ഒരു മെഴുകുതിരിയുടെ സഹോദര്യമാണു് കലാവതിക്കുള്ളതു്. മുൻപത്തേപ്പോലുള്ള ആർഭാടങ്ങളും ബഹളങ്ങളുംമൊന്നും ഇപ്പോൾ ഇല്ല. ചിന്തകളുടെ അപാരതയിലേയ്ക്കു അവളുടെ ചേതനനിരന്തരം പൊങ്ങിപ്പറക്കാറുണ്ടു്. വേദനനിറഞ്ഞ ഒരു മേഖലയിൽ അതുചെന്നു പററിയിരിക്കും അപ്പോഴെല്ലാം അവളുടെ മയ്യണിഞ്ഞ മിഴികളിൽനിന്നും ആവിപറന്നിട്ടുണ്ടു്. പക്ഷെ പൊയ്പ്പോയ ബുദ്ധി ആനപിടിച്ചാലും വരുകില്ലല്ലോ. സുശീലയേയും രമാകാന്തനേയും തെററിദ്ധരിച്ചുപോയതിലും താല്ക്കാലികമായ സമൃദ്ധിയാൽ വ്യാമോഹിച്ചു വിപത്തിന്റെ ചേക്കുണ്ടിൽ ചവട്ടിപ്പോയതിലും കലാവതി നന്നേ പശ്ചാത്തപിച്ചു.

സത്യത്തിലും നീതിയിലും വിശ്വസിക്കുന്ന രമാകാന്തനുമായി പൊരുത്തക്കേടുവന്നതിൽ അവൾ പരിതപിച്ചു. പൂവിനെ ചുററിപ്പറക്കുന്ന വണ്ടുപോലെ, തൻ കാര്യസാദ്ധ്യത്തിനുവേണ്ടി മുഖസ്തുതി പാടുന്ന പരിഷകളോടു് അവൾക്കു വിദ്വേഷം തോന്നി.

ഏതായാലും രമാകാന്തന്റെ സഹായഹസ്തങ്ങൾ ലഭിയ്ക്കുമെങ്കിൽ അതു തനിക്കു പ്രയോജനപ്രദമായേക്കാമെന്നു് അവൾക്കു വിചാരമുണ്ടായി. തരംഗങ്ങൾ പൊങ്ങുതടിയെ കരയ്ക്കടുപ്പിക്കും മാതിരി, ഈ ചിന്താവീചികൾ, കലാവതിയെ രമാകാന്തന്റെ വസതിയിലേക്കു നയിച്ചു.

ഒരു സായന്തനസന്ധ്യ. ആദിത്യൻ ഇരുളിന്റെ തിരശ്ശീലകൾ വലിച്ചിട്ടുകൊണ്ടു ആഴിയുടെ ചെഞ്ചുണ്ടിൽ ചുംബിക്കാൻ കുനിഞ്ഞുനിന്നു. ആ ചുംബനവർഷത്തിന്റെ സീൽക്കാരമെന്നോണം മന്ദസമീരണൻ

ഒലിപ്പാറിച്ചുകൊണ്ടിരുന്നു. പടിഞ്ഞാറെ ചക്രവാളത്തിൽ ഒരു പാടലപ്പൂവിപരന്നു. കിളികൾപററംചേൎന്നു് ചേക്കേറുവാൻ വെമ്പൽപെട്ടു പറന്നുപോയി കലാവതി ഗേററുംകടന്നു് രമാകാന്തന്റെ ഭവനാങ്കണത്തിൽ പ്രവേശിച്ചപ്പോൾ ഹൃദയത്തുടിപ്പുകൾ അവൾക്കു സ്വയം കേൾക്കാമായിരുന്നു. അവളുടെ മുഖം വിളറി. എങ്കിലും കാലിടറാതെ മുന്നോട്ടുപോയിക്കൊണ്ടിരുന്നു. മുല്ല വല്ലിപ്പടർപ്പിന്റെ കീഴിൽ നിന്നിരുന്ന സതിയും ഇന്ദുവും തിരിഞ്ഞുനോക്കി. അവർ മുല്ലമൊട്ടു ഇറുത്തെടുത്തു് മാലകോൎക്കുകയായിരുന്നു. കലാവതിയെക്കണ്ടു സതി, പരിചയഭാവത്തിലൊന്നുചിരിച്ചു. നീലാകാശത്തിൽ പൊന്താമരപ്പൂക്കൾമാതിരിശബളാഭമായി. കൊച്ചാററിലെ ചിററലപോലെ ഞൊറികളുള്ള ഒരു പട്ടുപാവാടയാണു് അവൾ ധരിച്ചിരുന്നതു്, പാടലാഭമായ ഒരു ഹാഫ് സാരിയും ചുററിയിട്ടുമുണ്ടു്. നിറപ്പകിട്ടാൎന്ന ജമ്പർ രണ്ടു ചെന്താമരമുകുളങ്ങളെ നിഗൂഹനംചെയ്തിട്ടുണ്ടെന്നുവരികിലും, മാറിടത്തിലെ ഹാഫ്സാരിയുടെ ചുളിവുകൾ അതിനെ ചൂണ്ടിക്കാട്ടുന്നുണ്ടു്. അവൾ മുല്ലച്ചുവട്ടിൽ നില്ക്കയാണു. യൗവനം വന്നെങ്കിലും ചെറുപ്പം വിട്ടുപിരിയാത്ത കളിത്തോഴനായി അപ്പോഴുമുണ്ടു്. ആ പ്രായത്തിൽ പെൺകുട്ടികൾ ആരുടെ മുമ്പിലും സങ്കോചംകാട്ടും. അവൾ നാണിച്ചുനിന്നു. രണ്ടുവശത്തും മുടിപിന്നി. തുഞ്ചത്തു പൂവും ചൂടി പുള്ളിഫ്രാക്കും ധരിച്ചു് ഒരു തങ്കപ്രതിമപോലെ നില്ക്കുകയാണു ഇന്ദു. ചന്ദ്രികച്ചാറിൽ മുങ്ങിക്കുളിച്ചു പൊട്ടിവിരിഞ്ഞ വെള്ളാമ്പലെന്നോണം ആ കൊച്ചുമുഖം പ്രസന്നമായി. ഒരു നിമിഷംകഴിഞ്ഞു് അമ്മയുടെ അടുത്തേക്കു് ഒരോട്ടം. കലാവതി ആൎത്തു് കുഞ്ഞിനെ

വാരിയെടുത്തു് മാറോത്തുചേർത്തു് കവിളത്തു തെരു തെരെ ചുംബിച്ചു.

സതി എന്നിട്ടും അനങ്ങാതെ നിന്നതേ ഉള്ളൂ.

"എന്താ! സതി അറികില്ലേ?"

"ങേ! പിന്നെ അറിയുല്ലേ?" ആ ശബ്ദതരംഗങ്ങളിൽ സംഗീതത്തിൻെറ താളലയങ്ങൾ അന്തർലീനമായിരുന്നു.

"പിന്നെ എന്താ! കണ്ടിട്ടു മിണ്ടാത്തതു്; സാറില്ലെ ഇവിടെ"

"ഉണ്ടു്, അകത്തിരിക്കയാണു്."

"കുഞ്ഞിൻെറ അമ്മയില്ലേ! സുലേഖ"

"അമ്മയും ഉണ്ടു്."

ഇന്ദുവിനേയും പേറിക്കൊണ്ടു കലാവതി വീടിനകത്തേക്കു സാവധാനം നടന്നു.

സതി പിന്നാലെയും. സംഭാഷണംകേട്ടു രമാകാന്തനും പത്നിയും പുറത്തേക്കുവന്നു അവർ പരസ്പരം നോക്കിനിന്നു അല്പസമയത്തേക്കു ആരുമൊന്നും ഉരിയാടിയില്ല. സുലേഖയാണു മൗനഭഞ്ജനം ചെയ്തതു്.

"വന്നപാടെ നില്പായാണോ! ഇരിക്കാമല്ലോ."

വികലമായ ഒരു ചിരി മാത്രമാണു് അതിനു നന്ദി പ്രകാശിപ്പിച്ചതു്. കലാവതി വല്ലാത്തപരുങ്ങലിലാണെന്നു മനസ്സിലാക്കിയ സുലേഖ, അവളെഅകത്തേക്കു് ആനയിച്ചു. അവർ അവിടെ സംസാരിച്ചുകൊണ്ടിരുന്നു. രമാകാന്തൻ മുററത്തിറങ്ങി ഉലാത്തുകയാണു്.

കലാവതി അവളുടെ ഭൂതകാലചെയ്തികളുടേയും തിക്തകാനുഭവങ്ങളുടേയും സംഗ്രഹം സുലേഖയെ കേൾപ്പിച്ചു. ഇടറിയ തൊണ്ടയിൽക്കൂടി മുറിഞ്ഞു മുറിഞ്ഞു വന്ന പദങ്ങൾ, കണ്ണീരിൽ നനഞ്ഞു് സുലേഖയുടെകാതു

കളിൽ എത്തിയപ്പോഠം അവഠംക്കിതൊന്നും കേഠംക്കേണ്ടതില്ലായിരുന്നു എന്നു തോന്നി. സ്ത്രീഹൃദയത്തിൻെറ വേദന സ്ത്രീകഠംക്കാണല്ലോ ഏററവും കൂടുതൽ ബോധിക്കുന്നതു്.

ക—സുലേഖേ! എന്നെ ഇനിയെങ്കിലും സഹായിക്കാൻ പറയൂ. ഞാൻ ആപത്തിൻെറ വക്കിലാണു്. ഒരു വീഴ്ചപററിയാൽ കരകേറാനൊക്കുകില്ല.

"വരൂ നമുക്കങ്ങോട്ടുപോകാം."

അവർ നേരേ മുററത്തിറങ്ങി. രമാകാന്തൻ അപ്പോഴും തൻെറ ചിന്താതരംഗങ്ങളുടെ ചലനത്തിനൊത്തുനടക്കുകയാണു്. അവർ കുടമുല്ലക്കുടക്കീഴിലേക്കാണു പോയതു്.

"ദേ, ഒന്നിങ്ങോട്ടു; കലാവതിക്കെന്തൊ പറയാനുണ്ടെന്നു്."

സുലേഖയുടെ ശബ്ദംകേട്ടു തല പൊന്തിച്ചുനോക്കിയതോടെ രമാകാന്തൻെറ കാലുകഠം യാന്ത്രികമായി അങ്ങോട്ടുനീങ്ങി. അവരുടെ കണ്ണുകഠംതമ്മിലിടഞ്ഞു.

നമുക്കല്പമിവിടെ ഇരിക്കാമെന്നു പറഞ്ഞുകൊണ്ടു സുലേഖ രണ്ടു കൈകളിലും കസേരകളുമായി മടങ്ങി. സതി വേറൊന്നും. മൂവരും ഇരുന്നു.

"പിന്നെ, കലാവതി വന്നകാര്യം ചോദിച്ചില്ലല്ലോ."

"നിങ്ങഠംതമ്മിൽ സംസാരിച്ചുകൊണ്ടിരുന്നു പെണ്ണുങ്ങളാകുമ്പോഠം പരസ്പരം പലതും പറവാനുണ്ടാകും. സൈ്വരമായിരുന്നു സംസാരിക്കട്ടെ എന്നുകരുതി ഞാനിങ്ങു പോന്നു"—രമാകാന്തൻ വിദഗ്ദ്ധമായി സന്ദർഭം കൈകാര്യംചെയ്തു.

കലാ—മനസ്സിലായി, മാനക്കേടൊക്കെവരുത്തി.

ഞാൻതന്നെ. മററാരേയും ഞാൻ പഴിക്കുന്നില്ല. എന്തിനു പഴിക്കണം സ്വയം നിയന്ത്രിക്കാൻ കഴിവി ല്ലാത്ത പ്രായത്തിൽ മററാരുടേയും നിയന്ത്രണമില്ലെന്നു വരികിൽ സ്ത്രീ അങ്ങേ അററം അധഃപതിക്കും. എനി ക്കിപ്പോഴാണു മനസ്സിലായതു്.

അവളുടെ മിഴികളിൽക്കൂടി അശ്രുക്കൾ ഒഴുകിയതു് ആ നീലനിലാവിൽ തെളിഞ്ഞുകാണാമായിരുന്നു.

സു—കരയുകയാണോ? കുറച്ചിലായി.

ക—ഇല്ല. ഞാൻ കരയുന്നില്ല. പക്ഷേ അവസാ നത്തുള്ളി കണ്ണീർക്കൂടി ഒഴുകിപ്പോകണം.

ശബ്ദം ഇടറി.

ക—ഞാനിപ്പോൾ അറിയുന്നു. പക്ഷെ ഈ അ മാന്തിച്ച സമയത്തു അറിഞ്ഞതുകൊണ്ടെന്തുഫലം സു ലേഖേ! നിങ്ങൾക്കറിഞ്ഞുകൂടായിരിക്കും ഞാൻ പറയാം. ഈ ഉദ്യോഗം പോയാൽപിന്നെ ജീവിക്കാനൊരു മാർ ഗ്ഗവുമില്ല ഒററക്കാശുപോലും സമ്പാദ്യമില്ല. എല്ലാം പോയെന്നുപറഞ്ഞാൽ മതിയല്ലോ. പേരുപിടിക്കാൻ ഞാനുണ്ടായി. കൈക്കൂലി, അഴിമിതി, ദുർനടത്ത എ ല്ലാററിനും ഞാൻ ആളായി. ഇല്ലെന്നു പറയുന്നില്ല. എന്നാലും ഈ ലോകത്തു ജീവിക്കാനവകാശമില്ലേ? സാർ...എന്താഒന്നും മിണ്ടാത്തെ.

ര:കാ—ഞാനെന്തു പറയാനാണു്. ആ കേസ് എന്തായി?

ക—അതും ഞാൻ പറഞ്ഞുതരണമോ?

സു—എങ്ങനെയെങ്കിലും സഹായിക്കാമോ എന്നു നോക്കണം.

ര:കാ—നോക്കാം, എന്നാൽ പക്ഷേ...

ക—എന്താ, പക്ഷേ. സാർ എന്നെ ഇപ്പോ ഴൊന്നു സഹായിച്ചേ മതിയാവൂ.

ര:കാ—സമാധാനപ്പെട്ടു. ഞാൻ നിങ്ങളുടെ ഈ കേസിലൊന്നും തല്പരനല്ല. എനിക്കതേപ്പററി ഒന്നും അറിഞ്ഞുംകൂടാ. എങ്കിലും എല്ലാററിനും കാരണക്കാരൻ ഞാനെന്നു നിങ്ങളെല്ലാം വിശ്വസിക്കുന്നു. പ്രചരണം നടത്തുന്നു. സത്യം ഒരുനാൾ തെളിയും.

ക—ആഴത്തിൽ ചിന്തിച്ചറിയുവാനുള്ള ശക്തി സ്ത്രീഹൃദയത്തിനില്ല. പ്രത്യക്ഷത്തിൽ കാണുന്നതും കേൾക്കുന്നതും വിശ്വസിക്കുന്നു. സ്ത്രീയെ മാർഗ്ഗഭ്രംശം വരുത്തുവാൻ അടുത്തുനിൽക്കുന്നവൎക്കു നിഷ്പ്രയാസം കഴിയും. ഞാനിതൊന്നും പറയാതെ സാധിന്നറിയാം. മനഃക്ലേശംകൊണ്ടു പറഞ്ഞുപോയതാണു്.

സു—കേസു് ദോഷം വരുന്നമട്ടിലാണോ?

ക—എനിക്കു അനുകൂലം പറയാൻ ഒരൊററ ആളിനെ കിട്ടുമോ? പിന്നെങ്ങനെ രക്ഷപെടാൻ. രമാകാന്തൻ കുനിഞ്ഞിരുന്നു ഒരു പൂവു് ഇറുത്തെടുത്തു അതിൻെറ ഭംഗി നോക്കിക്കൊണ്ടേയിരുന്നു. ഇളം കാററു് ആ വള്ളിക്കുടിലിനെ അപ്പോഴും ചലിപ്പിച്ചു. നീലാംബരത്തിൽ പൊന്നിൻപൊടികൾ പോലെ നക്ഷത്രങ്ങൾ മിന്നി.

ര:കാ—ഞാൻ ചോദിക്കട്ടെ നിങ്ങൾ ആരെല്ലാമാണു് അന്നു് ചീഫ് ഇഞ്ചിനീയറെ കാണാൻ പോയതു്.

ക—ഞാനും അസിസ്റ്റൻറു് ഇഞ്ചിനീയറും.

ര:കാ—എപ്പോൾ ഇവിടെനിന്നും തിരിച്ചു.

ക—നാലുനാലര മണിയാകും.

ര:കാ—എപ്പോൾ അദ്ദേഹത്തെ കണ്ടു?

ക—പത്തുമണിയാകും. ഇതുപോലെ നിലാവുള്ള രാത്രി. അദ്ദേഹത്തിൻെറ വീട്ടിൽവെച്ചു്.

ര:കാ—അത്ര അമാന്തിക്കാൻ.

ക—വഴിക്കുവെച്ചു കാറിനു തകരാറായി.

ര:കാ—അസമയത്തു അദ്ദേഹത്തെ ചെന്നു കണ്ടതു് ഉചിതമായില്ല. വിശേഷിച്ചും ബന്ധമില്ലാത്ത ആളുമായി.

ക—അസിസ്റ്റൻറു് ഇഞ്ചിനീയർ പറഞ്ഞു അന്നു തന്നെ കാണണമെന്നും വീട്ടിലായാൽ തരക്കേടില്ലെന്നും. പക്ഷെ അദ്ദേഹത്തിനു തീരെപ്പിടിച്ചില്ല

ര:കാ—പിന്നെ എങ്ങോട്ടുപോയി?

ക—മടങ്ങാമെന്നും പറഞ്ഞു കാർ വിട്ടു. ഞാനല്പം മയങ്ങിപ്പോയി. കാർ നിന്നപ്പോൾ ഞാൻ കണ്ണുതുറന്നു. അതു് മുസാവരിയായിരുന്നു. അല്പം വിശ്രമിച്ചു് ഉണ്ട ശേഷം പോകാമെന്നു നിർബ്ബന്ധിച്ചു. ഡ്റൈവർ ചോറുകൊണ്ടുവന്നു. ഊണുകഴിച്ചു. ഞാൻ വരാൻ തിടുക്കംകൂട്ടി പക്ഷെ അപ്പോഴേക്കും കാർ തിരിച്ചു കഴിഞ്ഞിരുന്നു

സു—നിങ്ങൾ നിലവിളിക്കൂട്ടാഞ്ഞതെന്തു്.

ര: കാ—കാർ തിരിച്ചയയ്ക്കുമ്പോൾ നിങ്ങളോടൊന്നും ചോദിച്ചില്ലേ?

ക—ഇല്ല; സത്യമായിട്ടും ഞാനറിഞ്ഞതേ ഇല്ല.

രാ: കാ—നിങ്ങളെ പററിക്കയായിരുന്നു എന്നു് നിങ്ങൾക്കിപ്പോഴെങ്കിലും തോന്നുന്നുണ്ടോ?

സു—എനിക്കിതു കേട്ടപ്പോൾതന്നെ പേടിയാവുന്നു. ഞാനായിരുന്നെങ്കിൽ അവിടെനിന്നു മരിച്ചു പോകുമായിരുന്നു.

ക—ഞാൻ പറഞ്ഞില്ലേ മുൻപു്, സ്വയം നിയന്ത്രിക്കാനാവാത്ത മനസ്സു് കടിഞ്ഞാണയച്ച കുതിരയെപ്പോലെയാണെന്നു്.

ര: കാ—ഞാനൊരു കാര്യംപറയാം; നിങ്ങൾ

ഇനി നോക്കേണ്ടതു് നിങ്ങളുടെ രക്ഷമാത്രമാണു്. നിങ്ങളെ അയാൾ ചതിച്ചതാണെന്നു ബോദ്ധ്യമായോ?

ക—സംശയമെന്തിനു്?

ര: കാ—നിങ്ങൾക്കൊരു പോംവഴിയുണ്ടു്. അതു പിന്നാലെ പറയാം.

രാത്രി വളരെ വൈകിയതിനാൽ കലാവതിയെ അവളുടെ വീട്ടിൽ കൊണ്ടാക്കിയതു രമാകാന്തനും പത്നിയുംകൂടിയായിരുന്നു. തിരിച്ചുവരുമ്പോൾ അയാൾ പത്നിയോടു സ്വകാര്യമായിപ്പറഞ്ഞു. "നീയെന്തുവിചാരിക്കുന്നു. അവൾ ഇപ്പോഴും നേരേയായിട്ടില്ല അവർ പറഞ്ഞതു് കുറെ നേരും കുറെ നുണകളും. ആ ഡ്രൈവറെ പിടിച്ചാൽ എല്ലാം നേരേയാകും."

"നല്ലപോലെ ആലോചിച്ചിട്ടു മതിയെന്നാണു് എനിക്കിപ്പോൾ തോന്നുന്നതു്." സുലേഖ പറഞ്ഞു. അവർ വീട്ടിൽ മടങ്ങിയെത്തി.

# 19

## ഒരു നിഴൽപ്പാട്

ഓമനത്തം കളിയാടുന്ന കൊച്ചുമുഖവും, ഇടതൂർന്നിമകറുത്ത നീലമിഴികളും, മുഖത്തിന്റെ ചലനത്തിനൊത്തു കാററത്തുപറക്കുന്ന ചുരുണ്ട അളകങ്ങളും, കലാശില്പംപോലെ കുററമററ അംഗഭംഗിയും, ശാലീനതയാന്ന ശരന്നദിയുടെ ഒഴുക്കുമാതിരിയുള്ള നടത്തയും ആ കെച്ചുടീ സതി സലീമിന്റെ ചിന്താമണ്ഡലത്തിൽ സ്ഥാനംകരസ്ഥമാക്കി. ബാല്യകാലം അവനോടു അന്ത്യ

യാത്രപറഞ്ഞു പിരിഞ്ഞുഎന്നുവരികിലും, യൗവനം മനസ്സുതെളിഞ്ഞു അനുഗ്രഹിച്ചിട്ടില്ല. വളരാനും, വണ്ണിക്കാനും തുടങ്ങിയ കൈകാലുകളിലും വിരിയാനാഞ്ഞുനില്ക്കുന്ന മാറിടത്തിലും, നേരിയ രോമാവലികൾ പുള്ളിതൊട്ടിട്ടുണ്ടു്. ശ്മശ്രുക്കൾ നിരന്നുപൊങ്ങിയതിൻെറലക്ഷണങ്ങൾ സുവ്യക്തമായി. നേരിയ കമ്പിമീശ ഒരുവിധം തെളിഞ്ഞുകാണാം. ചുരുണ്ട തലമുടി രണ്ടായി വകുന്നു് ഒരുക്കിവെക്കാൻ അവനു് വലിയ ഉത്സാഹമാണു്. രവിയോടുള്ള സ്നേഹം, സതിയെക്കണ്ടതോടെ പ്രബലപ്പെട്ടു. അതു്, സതിയെ കാണാതായപ്പോൾ അനുനിമിഷം വർദ്ധിക്കയുംചെയ്തു. എന്തിനു കാണണമെന്നു അവനറിഞ്ഞുകൂടാ. പക്ഷെ കാണാനൊരു കൊതി. ഒരു ഒഴിവുദിവസം രമാകാന്തൻ ടൗണിൽവന്നു് കുശലങ്ങളന്വേഷിച്ചു മടങ്ങുമ്പോൾ "അടുത്തതവണ എല്ലാപേരേയും കൂട്ടിക്കൊണ്ടുവരണേ! നമുക്കു സിനിമയും കാണാം" എന്നു സലിം പറഞ്ഞു. വണ്ടിയിൽ കയറിയ രമാകാന്തൻ കണ്ണിൽനിന്നു മറഞ്ഞപ്പോൾ അതു പറയേണ്ടതില്ലായിരുന്നു എന്നു സലിമിനു തോന്നി.

രവിയും ക്രമാനുഗതമായി വളർന്നു. കാലം അവൻെറ അംഗങ്ങളെ പൂർണ്ണിമയിലേക്കു നയിച്ചുകൊണ്ടിരുന്നു. കാലം ആർക്കുവേണ്ടിയും കാത്തുനില്ക്കയില്ലല്ലോ: ഇവർക്കു രണ്ടുപേർക്കും ഐകരൂപ്യമുള്ള ഒരു സ്വഭാവവിശേഷമുണ്ടായിരുന്നു. ആരോടും വളരെ മര്യാദയുള്ള പെരുമാററം. ആ പെരുമാററത്തിൽ പക്വതയും പ്രാപ്തിയും ദർശിക്കാം. ബസ്സ്സ്റ്റാൻഡിൽ ആരംഭിച്ച ആദ്യത്തെ കട അസൂയാർഹമാംവിധം പുരോഗമിച്ചു. ആ സ്ഥലത്തു പല സർക്കാരാഫീസുകളും പുതുതായി വന്നു. പുത്തൻ സ്ഥാപനങ്ങൾ തലപൊക്കി. വിദേശങ്ങളിൽനിന്നുംവന്ന ചെറുതും വലുതുമായ ഉദ്യോഗ

സ്ഥന്മാരെക്കൊണ്ടു അത്തരം സ്ഥാപനങ്ങൾ നിറഞ്ഞു. പക്ഷെ അവർക്കു താമസസൗകര്യമോ ഭക്ഷണസൗകര്യമോ ഇല്ലാത്തവിധം ലാഡ്ജുകളും ഹോസ്റ്റലുകളും നന്നേ കുറവായിരുന്നു. രവിയും സലിമും ആരംഭിച്ച മാടക്കടയ്ക്കു് ആദ്യമാദ്യം മൂന്നുംനാലും രൂപയായിരുന്ന പ്രതിമാസവാടക 20 രൂപയായി വർദ്ധിച്ചു. അതൊരു ഏറുമാടക്കടയായിരുന്നുവെന്നു വരികിലും, അവിടെ പ്രതിദിനം നൂറും നൂററിഅൻപതും രൂപാവരെ വില്പനനടക്കാറുണ്ടു്. തുണിക്കടയാണെങ്കിൽ പുരോഗതിവരുന്നില്ല. ഹോസ്റ്റലിൻെറ അഭാവം ആ പട്ടണത്തിൽ വിദേശത്തുനിന്നും വന്നുതാമസിക്കുന്നവരെ വളരെ അലട്ടാറുണ്ടു്. ആ നിലയ്ക്കു തുണിക്കട നിറുത്തി ഒരു ഹോസ്റ്റൽ ആരംഭിച്ചാലെന്തെന്നു ആലോചിച്ചു പരിതസ്ഥിതി മനസ്സിലാക്കി അതിനൊത്തവണ്ണം പ്രവർത്തിക്കുന്നതിലാണു് കച്ചവടത്തിൻെറ വിജയം കുടികൊള്ളുന്നതു്.

ആയിടയ്ക്കാണു് രവിയും സലിമും താമസിച്ചിരുന്ന വാടകമുറിയുൾപ്പെടെ നാലുമുറിക്കടയും സ്ഥലവും കടക്കാർ കോടതിവിധിമൂലം ജപ്തിചെയ്തു് ലേലത്തിൽ കൊണ്ടുവന്നതു്. ഉടമസ്ഥൻ അങ്ങിനെ ഒരു ദിവസം രാത്രി അധികമിരുട്ടിയശേഷം സലിമിനേയും രവിയേയും സമീപിച്ചു് പത്തുസെൻറു തറയും കടയും വിലയ്ക്കെടുക്കണമെന്നു് അപേക്ഷിച്ചു. നിർദ്ധനനും വയോധികനുമായ ആ ജന്മിയുടെ താല്ക്കാലിക വിഷമസ്ഥിതി ആ സ്ഥലം വിലയ്ക്കെടുക്കുവാൻ അവർക്കു പ്രേരണനൽകി.

കുട്ടികളെ! ഭാഗ്യം എന്നും ഒരുപോലെവരില്ല. ഒന്നുനോക്കിയാൽ ഐശ്വര്യദേവതയുണ്ടല്ലോ ഒരുതരം പട്ടണവേശ്യകളെപ്പോലെയാണു്. പുതിയ പുതിയ ആളുകളെ ആണു് അവർക്കിഷ്ടം. പഴയവരെ ഇൗഞ്ചെ

ത്തൊത്തുമാതിരി വലിച്ചെറിയും ഞാൻ ഒരു കാലത്തു ഇവിടത്തെ പ്രസിദ്ധിപെററ ഒരു കച്ചവടക്കാരനായിരുന്നു. കുറെഏറെ വസ്തുക്കളും സമ്പാദിച്ചു. എല്ലാം നശിച്ചുപോയി. എന്തുചെയ്യാം. മലവെള്ളംപോലെ ഇതുകൂടി തീറെഴുതുമ്പോൾ സകലത്തും തീരും. വല്ല നാട്ടു ന്പുറത്തുപോയി അല്പം മണ്ണും കൂരയും വാങ്ങിത്താമസിക്കാമെന്നാണു വിചാരം. നിങ്ങൾക്കാണെങ്കിൽ നല്ലകാലത്തിന്റെ കാററു വീശിക്കൊണ്ടിരിക്കയാണു്. ഭാഗ്യമുള്ള കുട്ടികൾ. എന്നെ ഒന്നു സഹായിച്ചാൽ അതു നമ്മൾക്കും നല്ലതാണു്. എന്റെ കൈകൊണ്ടു വാങ്ങിയിട്ടുള്ള വരാരും മോശപ്പെട്ടിട്ടില്ല" വൃദ്ധൻ കുറേനേരം പിന്നെ ഒന്നും സംസാരിച്ചില്ല.

ചേട്ടാ, നമുക്കിതു വാങ്ങിയാലെന്താ! രവിയാണു പറഞ്ഞതു്. സലിമും സമ്മതിച്ചു. വൃദ്ധൻ പോയി.

പിറേറന്നു അഭൂതപൂർവ്വമായി എല്ലാ ബസ്സുകളിലും യാത്രക്കാർ പെരുകിയിരുന്നു പഴക്കുലകെട്ടിത്തൂക്കിയമാതിരി ആളുകൾ തിങ്ങിഞെരുങ്ങി ബസ്സിന്റെ മേൽക്കമ്പിയിൽ പിടിച്ചു തൂങ്ങിനിൽക്കുകയാണു് വണ്ടി വന്നുനിന്നാൽ വെള്ളച്ചാട്ടംപോലെ യാത്രക്കാർ പുറത്തേക്കു പ്രവഹിക്കുന്നു ചൂടുപിടിച്ച വായുവിൽ നിന്നും പുറത്തിറങ്ങി ശുദ്ധവായു ഏൽക്കുന്നതിനു്. അതോടുകൂടി ബസ്സുകാത്തു കാത്തു വിഷമിച്ചുനിൽക്കുന്നവരുടെ തള്ളിക്കേററമായി. എന്തൊരു ബഹളമാണു്. അതിനിടയിൽ പത്രവില്പനക്കാരും, പൂവമ്പഴം, കാപ്പി, ചായ, ഇളന്നീർ എന്നുവിളിച്ചുകൂവുന്ന പിള്ളേരും നുഴഞ്ഞുകേറുന്നു. കുറച്ചുസമയത്തേക്കു ആ നാല്ക്കവല ഒരു സമരരംഗത്തിന്റെ പ്രതീതിവരുത്തുന്നുണ്ടു്. ഇതെല്ലാം ജീവിതസമരത്തിന്റെ കളരിയാണെന്നമട്ടിൽ ഏറുമാടക്കട

യിലിരുന്നു സലിമും രവിയും നോക്കിക്കൊണ്ടും. കാഴ്ച യുള്ള അവരിരിക്കുന്നതു് പക്ഷെ ആ ബഹളങ്ങളെ ത്തുങ്ങി ബസ്സുകടന്നുപോകുമ്പോഴേക്കു കുറഞ്ഞതു 10 രൂപ യുടെ വില്പനയെങ്കിലും നടത്തിയിരിക്കും.

ഇരച്ചുകൊണ്ടു പാഞ്ഞുവരുന്ന ബസ്സ് നിന്നുകഴി ഞ്ഞാൽ സ്വർഗ്ഗകവാടം തുറന്നപോലാണു്. പുനർജ്ജ ന്മത്തിനു കൊതിച്ചു പുറത്തുചാടുന്ന ആത്മാക്കളെന്ന വണ്ണം കുറെ യാത്രക്കാർ കുതിച്ചിറങ്ങും. ആ സ്ഥാനം ലഭിക്കാതെ ചുററിക്കറങ്ങുന്ന ആത്മാക്കൾ ഞാൻ മുമ്പെ ഞാൻ മുമ്പെ എന്ന പിടിവാശിയോടെ സ്വർഗ്ഗവാതി ലിലൂടെ അകത്തേക്കൊരു ഇരമ്പൽ. സഞ്ചാരികളുടെ ഗതിയും ഇതുതന്നെയാണല്ലോ. ബസ്സുയാത്രയുടെ ജീവന്മര ണസമരം നടത്തുന്ന ബഹളത്തിനിടയിൽ, നീണ്ടുനീ ലിച്ച വിമാനാകൃതിയിലുള്ള ഒരു പുതിയ കാർ ഏററുമാട ക്കടയുടെ മുമ്പിൽവന്നുനിന്നു. ഡ്റൈവർ പുറത്തി റങ്ങി കാറിൻെറ പിൻസീററിൻെറ അരികിലേക്കു നട ന്നു. വാതൽ തുറന്നു. മാന്യനെന്നു കാഴ്ചയിൽ തോന്നി ക്കുന്ന ഒരാൾ സാവധാനം റോഡിലിറങ്ങി, വാതിലട ഞ്ഞു. ക്ഷീണത്തിൻെറ ലക്ഷണമായി കോട്ടുവായിട്ടു. കൈയ്കുടഞ്ഞു. കടയുടെഅടുത്തേക്കു പോയി. ഡ്റൈ വറെ ഒന്നു നോക്കി. അയാൾ പൂമ്പഴവും ഓറഞ്ചും മററുംവാങ്ങി കാറിനുള്ളിലേക്കു കൊടുത്തു. അപ്പോ ഴേക്കും മുൻസീററിലിരുന്ന ഒരു ബാലൻ ചൊടിപ്പോടെ പുറത്തിറങ്ങി. "പപ്പാ എനിക്കും വേണം പഴം. വിശ ക്കുന്നു" എന്നു കൊഞ്ചിക്കൊണ്ടു കടയുടെ തൊട്ടടുത്തു് സിഗററും വലിച്ചുനിന്ന മാന്യനോടു പറഞ്ഞു. രവി ഉടനെതന്നെ അടിപ്പടലയിൽനിന്നു് നാലഞ്ചുപഴം ഇരുത്തുകൊടുത്തു. നീലപ്പാൻറും, ഇളം മഞ്ഞനിറത്തി

ലുള്ള സിൽക്കു ബുഷ്കോട്ടും ധരിച്ച ബാലൻ; പൂവൻ പഴം ഒന്നൊന്നായി എടുത്തു സാവധാനം തൊലികളഞ്ഞു ഭക്ഷിച്ചുതുടങ്ങി. അവൻെറ ആ വലിയ കണ്ണുകളും, നീണ്ട കാതുകളും, തുടുത്ത കവിളുകളും, രവിയെ അങ്ങോട്ടുനോക്കുവാൻ പ്രേരിപ്പിച്ചു. ആ കുട്ടി പഴം ഒന്നൊഴിയാതെ ഭക്ഷിച്ചശേഷം പാൻറിൻെറ പാക്കററ്റിൽ ഒരു ഡാക്ടരുടെ ഗമയോടെ കയ്യിട്ടു തൂവാല എടുത്തു മടക്കു നിവർത്താതെ ചുണ്ടുതുടച്ചു.

"പപ്പാ ഒരുകുല മുന്തിരി" കടയിലേക്കു ചൂണ്ടിക്കാട്ടി. രവി ആ ശബ്ദം ചെവിയിലോററുകൊണ്ടു ചിന്തിക്കുകയാണു്. കേട്ടിട്ടുള്ളപോലെ തോന്നുന്നു. ഓ! അതൊരു തോന്നലാണു്. അവൻ ആ മാന്യൻെറ മുഖത്തുനോക്കി.

"ഉം കൊടുത്താട്ടെ മുന്തിരി. പൗണ്ടിനെന്താണു വില?"

"പൗണ്ടിനു നാലണാ സാർ"

നല്ലതുനോക്കി 2 പൗണ്ടു്."

മുൻനിരയിൽ വിലങ്ങനെ കെട്ടിത്തൂക്കിയിരുന്ന മുന്തിരിക്കുല ചരടിൽനിന്നു പൊട്ടിച്ചെടുത്തു് ചെറിയത്രാസിലിട്ടു തൂക്കിനോക്കി അൽപം മുൻതൂക്കമുണ്ടു്. ഓ! സാരമില്ല. എന്നു മനസ്സിലോത്തുകൊണ്ടു് കടലാസിൽ പൊതിഞ്ഞു് ചരടുചുററിക്കെട്ടി ഒരുണ്ടപ്പൊതിയാക്കി ബാലൻെറ കയ്യിൽ ഏല്പിച്ചു. രവിയുടെ മുഖം പ്രസന്നമായി അവൻെറകൈയ് വിറച്ചു. മുന്തിരിപ്പൊതിയുമായി ബാലൻ തിരിച്ചു കാറിൽകയറി ഇരുന്നു. രവി അവനെത്തന്നെ സൂക്ഷിച്ചുനോക്കുന്നുണ്ടായിരുന്നു.

"ആകെ എന്തായി?" മാന്യൻ ചോദിച്ചു. എന്താ യി എല്ലാംക്കൂടി! രവിയുടെ കണ്ണുകൾ കാറിനുള്ളിൽ തത്തിക്കളിക്കയാണ്."

"എടോ, ബാക്കിതരൂ!"

ആ ശബ്ദത്തിൽ ഒരു അധികാരഗർവ്വ് അടങ്ങി യിരുന്നു.

ഇതാ! ബാക്കി. 25 N. P. മാന്യൻ കൈനീട്ടി വാങ്ങുന്നതിനുമുമ്പു ഡ്രൈവർ അതുവാങ്ങി ആദരവോടെ അദ്ദേഹത്തെ ഏല്പിച്ചു. എല്ലാപേരും കാറിലേറി. ഡ്രൈ വർ സ്വസ്ഥാനത്തിരുന്നു. രവിക്കെന്തോ ഒരു ആകാംക്ഷ. രവി അനങ്ങാതിരുന്നു. കാർ മുന്നോട്ടിളകി. രവി കട യിൽനിന്നു പുറത്തിറങ്ങി കാറിനടുത്തേക്കു അടിവച്ചു. ബാലൻെറ തൊട്ടടുത്തെത്തി.

കണ്ണുകൾ അപ്പോഴും ആ ബാലൻെറ മുഖത്തു തന്നെ. അവനാകട്ടെ, പൊതി അഴിച്ച് മുന്തിരിപ്പഴം എടുക്കുന്നതിൽ ബദ്ധ ശ്രദ്ധനാണ്. കാർ ചലിച്ചുതു ടങ്ങി.

"മാറിനിൽക്കൂ." മാന്യൻെറ ശബ്ദം.

രവി യാന്ത്രികമായി കാലൊന്നുപിന്നോക്കം വെ ച്ചു. അല്പം കുനിഞ്ഞു ദൃഷ്ടികൾ, കാറിനുള്ളിലേക്കു പാ യിച്ചു. കാർ നീങ്ങിത്തുടങ്ങി

രവി കൂടെനടന്നു. സമാന്തരമായി കാറിനുവേഗത കൂടി. രവി ഓടി

"മധു, എൻെറ മധു, നീ അല്ലെ അതു." രവി ഓടുകയാണ്. കാർ പായുകയും.

"മധു, എൻെറ മധു" കാര്യമറിയാതെ സലിം അ മ്പരന്നു അങ്ങോട്ടുതന്നെ നോക്കിനിന്നു. രവി അപ്പോ ഴും ഓടുകയാണ്. സലിം വിളിച്ചുപറഞ്ഞു "രവീ, പണം തന്നു, നീയിങ്ങു പോരേ."

ബാലൻ കാറിന്റെവെളിയിൽ തലയിട്ട് അനുധാവനംചെയ്യുന്ന രവിയെ നോക്കിക്കൊണ്ടിരുന്നു. രവി വീണ്ടും ഓടുകയാണു്. "മധു, മധു നീയൊന്നു കാണട്ടെ. ഡ്രൈവർ കാർനിറുത്തു"

"ജോണിക്കുഞ്ഞേ തലവെളിക്കിടരുതു" മാന്യന്റെ ശബ്ദമാണു് കാർ പൂർവ്വാധികം വേഗത്തിൽ പാഞ്ഞു. രവി ഓടുന്നുമുണ്ടു്.

"മധു. മധു............"

കാർ രവിയുടെ ദൃഷ്ടിപഥത്തിൽനിന്നും മറഞ്ഞു. അവൻ കിതപ്പോടെ നിന്നു.

---

# 20

## കാററുമാറിവീശുന്നു

ആനന്ദഭവനത്തിലെ വിശാലാക്ഷിയുടെ ഗമയ്ക്കുടവും, നാക്കിനു തടവും വന്നു ആ പ്രൗഢാംഗനയുടെ ശരീരപുഷ്ടിക്കു തന്നെ സാരമായ തകരാറേററു. വണ്ണം കുറഞ്ഞു. ആഹാരദൗർലഭ്യംമൂലം കവിളുകൾ കുഴിഞ്ഞു. താടിയെല്ലുകൾ ഉന്തി. മുഖച്ഛായയ്ക്കുതന്നെ വ്യത്യാസം സംഭവിച്ചു. തലമുടിയിൽ വെള്ളിക്കമ്പികണക്കെ അപൂർവ്വമായി ചിലനരകൾ കണ്ടുതുടങ്ങി. പാല്ക്കാരിപ്പാറുവുമായി അത്രയേറെ രസിക്കാറില്ല. കണ്ടാലൊട്ടു മിണ്ടും, അത്രതന്നെ ഭർത്താവിന്റെ ഗതിവിഗതികളെ കുറിച്ചുള്ള അന്വേഷണം നിറുത്തിവെച്ചു. രാജൻ ക

ണ്ട്റാക്ടർ വീട്ടിൽ ചെല്ലുന്ന ദിവസം തന്നെ വളരെ അപൂർവ്വമാണ്. ഒരു വേളചെന്നാൽ അന്നുമുഴുവൻ അടിയും വഴക്കും ബഹളവുമാണ്. അയാൾ ഇപ്പോൾ മദ്യസേവകൂടി ആരംഭിച്ചിരിക്കുന്നു. ഇതെല്ലാം കണ്ടു കണ്ടു തീതിന്നുകയാണ് വിശാലാക്ഷി. റേഷൻകട പരിശോധനകഴിഞ്ഞു് ഒരു വാരത്തിനകം കച്ചവടത്തിനുള്ള അംഗീകാരം റദ്ദുചെയ്യുകയും ഡേമണിത്തുക സർക്കാരിലേക്കു കണ്ടുകെട്ടുകയും ചെയ്തു. കണ്ട്റാക്ടു പിടിച്ചു പണിതീർത്ത ഒരു പാലം മലവെള്ളം കൊണ്ടു പോയി.

മാസങ്ങൾ ചിലതുകഴിഞ്ഞു. തനിക്കുപിണഞ്ഞ ബുദ്ധിമോശത്തിൽനിന്നും രക്ഷനേടാൻ പഠിച്ച വിദ്യ പതിനെട്ടും പയററിനോക്കി. റേഷൻ അരി കരിഞ്ചന്തയിൽ വിററതിനു് ഒരു പ്രാസിക്യൂഷൻ കേസ്സും കണ്ട്റാക്ടരുടെ പേരിൽ നടക്കുകയാണ്. മറെറാരു ക്രിമിനൽ കേസ്സും ഉണ്ടു്. അതും വാരത്തിലൊരു അവധിയെന്ന കണക്കിൽ നടന്നുകൊണ്ടിരുന്നു. പൊയ്പോയ ബുദ്ധി ആനപിടിച്ചാലും വരികയില്ലല്ലോ. വസ്തുക്കളോരോന്നായി തീറെഴുതിത്തുടങ്ങി. ആനന്ദഭവനം പട്ടിണിയും, പരിവട്ടവുമായി നീങ്ങിക്കൊണ്ടിരിക്കുമ്പോൾ രാജൻ കണ്ട്രാക്ടർ കുടിയും വ്യഭിചാരവുമായി അലഞ്ഞുതിരിയുകയാണ്.

അതൊരു ആകസ്മിക സംഭവമാണ്. ഇഞ്ചിനീയരാഫീസിൽ എല്ലാപേരും ഉണ്ടു്. ഏവരും അവരവരുടെ ജോലികളിൽ വ്യാപൃതരായി, പെട്ടെന്നു കലാവതി അസി: ഇഞ്ചിനീയരുടെ മുറിയിലേക്കു പോയി. വളരെ നേരം കഴിഞ്ഞിട്ടും മടങ്ങിവന്നില്ല. കുറെക്കഴിഞ്ഞപ്പോൾ ഒരു തേങ്ങിക്കരച്ചിലിൻെറ മാറെറാലികൾ ഹാളിൽ കേട്ടു.

കലാവതി സാരിത്തുമ്പുകൊണ്ടു മിഴിനീർത്തുടച്ചു, ഇടയ്ക്കിടയ്ക്കു സാരിയുടെ തുമ്പം കടിച്ചും ചതച്ചും നേരേ ഇരിപ്പടത്തിലേക്കു ഇടറിയ പാദങ്ങളോടെ വന്നു. എല്ലാപേരും തല പൊന്തിച്ചു അവളെത്തന്നെ നോക്കി. ആൎക്കും ഒന്നും മനസ്സിലായില്ല. അവൾ മുഖം പൊത്തി കുനിഞ്ഞിരുന്നു. അശ്രുക്കൾ കവിളിണകളിൽ കൂടി ഒഴുകി മാറിൽപതിച്ചു തകൎന്നുകൊണ്ടിരുന്നു. മേശപ്പുറത്തുവെച്ച ഒരു കഷണം കടലാസ് കാററത്തിളകിപ്പറന്നു് താഴെവീണു. അടുത്തകസേരയിലിരുന്ന ഒരാൾ അതു എടുത്തു. മററുള്ളവർ അടുത്തുകൂടി വായിക്കാനുള്ള ഒരു വെമ്പൽ.

കലാവതിയേയും അസി: ഇഞ്ചിനീയരേയും അന്നുമുതൽ സസ്പെൻഡു് ചെയ്തിരിക്കുന്നു എന്നു്. കാററത്തു പറന്നുപോകാതിരിക്കത്തക്കവണ്ണം കടലാസ് മേശപ്പുറത്തുവെച്ചശേഷം അവർ സ്വന്തം ഇരിപ്പിടങ്ങളിലേക്കു മടങ്ങി.

അസി: ഇഞ്ചിനീയർ മുറിയിൽ ലക്ഷ്യമില്ലാതെ കൂട്ടിലടച്ചവെരുകിനെപ്പോലെ നടന്നുകൊണ്ടിരുന്നു. നെററിയിൽ വിയർപ്പുതുള്ളികൾ കാണാം. പങ്കയുടെ ശീതക്കാറേററു അവ മറയുന്നുണ്ടെങ്കിലും മണൽത്തരി വീണ കുളത്തിൽനിന്നു കുമിളകൾ എന്നവണ്ണം ഉയൎന്നും തകൎന്നുംകൊണ്ടിരുന്നു. തിടുക്കത്തിൽ മേശ തുറന്നു് ചില കടലാസ്സുതുണ്ടുകൾ വെളിക്കെടുത്തു കൂടയിൽ കീറിക്കീറി ഇട്ടു.

അപ്പോഴേയ്ക്കും പകരം നിയമിതനായ ആഫീസർ എത്തിക്കഴിഞ്ഞു. ചാർജ്ജെടുപ്പുജോലി നിർവ്വഹിച്ചുകഴിഞ്ഞപ്പോൾ പഴയ ആഫീസർ ആരോടുമുരിയാടാതെ പുറത്തേയ്ക്കു തലയുംകുനിച്ചിറങ്ങിപ്പോയി. മുഖം വാടി, രക്തച്ഛവി നിശ്ശേഷം ഇല്ലാതായി, ജീവച്ഛ

വംപോലെ നടന്നുപോയ അദ്ദേഹത്തെ അനുധാവനം ചെയ്യാനോ ആശ്വസിപ്പിക്കുവാനോ ആരും മുതിൎന്നില്ല. വിയർപ്പുകൊണ്ടു ഈറനായി ചുമലുകളിലും മുതുകിലും ഒട്ടിപ്പിടിച്ചിരുന്ന ഉടുപ്പിൽ കാററുമാത്രം ചില്ലറ വികൃതിത്തരങ്ങൾ കാട്ടി. കഴുത്തിൽ ചുററി വളച്ചിട്ടിരുന്ന ഉത്തരീയത്തിൻെറ അഗ്രങ്ങൾ കാററത്തിളകി അങ്ങോട്ടുമിങ്ങോട്ടും പറന്നുകൊണ്ടിരുന്നു. കൂടെക്കൂടെ ആ നേത്യത്തു് ഒരു കയ്യുകൊണ്ടു പൊക്കി, വെയിലേററു തിളങ്ങിയ കഷണ്ടിത്തലയിൽ ഒരു ഉഷ്ണീഷം കണക്കെ ചാൎത്തി. വടിപോലെ കയ്യിൽ തൂക്കിയിട്ടിരുന്ന കുടനിവൎത്താൻ ഒരുവേള അദ്ദേഹം ചിന്താക്ലാന്തിയാൽ വിസ്മരിച്ചുതാവാം. ഏകനായി നടന്നു് അദ്ദേഹം വീഥിയിലിറങ്ങി ജനക്കൂട്ടത്തിൽ ലയിച്ചു.

വിപ്ലവാനന്തരം ശാന്തമായ ഒരു ഗ്രാമപ്രദേശം കണക്കെ ആഫീസ് നിശ്ശബ്ദമായിരുന്നു. പുതിയ ആഫീസരുടെ ആഗമനത്തോടെ എന്തോ ഒരു വലിയ വ്യതിയാനത്തിൻെറ പുലരി പരിലസിക്കുംപോലെയായിത്തീൎന്നു ആഫീസ്. കുറേനേരത്തേയ്ക്കു എല്ലാവരും നിശ്ശബ്ദതപാലിച്ചു. ശിപായിമാർ അങ്ങിങ്ങു മൂലകളിലും വരാന്തകളിലും ഉഷാറായി തത്തിനിന്നു. മണിയടിശബ്ദം കേൾക്കുമ്പോൾ അവർ ആഫീസിനുള്ളിൽ പാഞ്ഞെത്തുകയായി. എല്ലാ ക്ലാൎക്കന്മാരേയും ആഫീസർ വിളിച്ചു ഒരോരുത്തരോടും അവർ ഏതേതു നാട്ടുകാരാണെന്നും, അവിടെ ജോലിയായി വന്നിട്ടു് എത്ര കാലമായെന്നും, ഏതു സെക്ഷനിലാണു പണിയെടുക്കുന്നതെന്നും, മററും സൗമ്യമായും സന്തോഷമായും ആരാഞ്ഞു. കലാവതിയുടെ ഊഴമായി അവളുടെ മുഖം ക്രമത്തിലധികം കലുഷമായിരുന്നു. കൺപോളകൾ ഊതിവീൎത്തു. കുനിഞ്ഞുമിണ്ടാതെ നിന്ന കലാവതി

യെ ഒന്നു നോക്കിയശേഷം "ഉം എല്ലാവരും പോകാം." ആഫീസർ പറഞ്ഞു. എല്ലാവരും മടങ്ങിവന്നു് സ്വസ്ഥാനങ്ങളിൽ ഇരുപ്പുറപ്പിച്ചു. കലാവതിയും മടങ്ങിപ്പോന്നു താൻ അവിടെ ജോലിയിൽ പ്രവേശിച്ചപ്പോൾ തനിക്കു കിട്ടിയ ഹൃദ്യമായ സ്വീകരണവും, അനന്തരമുണ്ടായ കയ്പും മധുരവുമുള്ള അനുഭവങ്ങളും, ഇപ്പോൾ സംഭവിച്ച പതനവും എല്ലാം ചിത്രപടത്തിലെന്നപോലെ അവൾ തെളിഞ്ഞുകണ്ടു. അവളുടെ മനസ്സാകുന്ന ചിത്രശലഭം മഞ്ജരികളിലും മുൾപ്പടപ്പിലും, മേടിലും മണൽപ്പരപ്പിലും മാറിമാറി പറന്നു സഞ്ചരിച്ചു. സന്തോഷിക്കാനും അഭിമാനിക്കാനും വളരെ ഒന്നുമില്ലെന്നു് അവൾ വിശ്വസിച്ചു ഒരു കറുത്ത യവനികയുടെ മറവിലിരുന്നാൽ കൊള്ളാമെന്നു കലാവതിക്കു തോന്നി. സ്വപ്നമേഖലയുടെ അപാരതയിൽ അവളുടെ ചിന്തകൾ പറന്നു പൊങ്ങി. ശാന്തശീതളമായി ഒഴുകിവന്ന അവളുടെ ജീവിതനദി അത്യഗാധമായ ഒരു കുഹരത്തിൽ നിപതിച്ചു ചിതറിപ്പതഞ്ഞുടിഞ്ഞു കെട്ടിക്കിടക്കുന്ന ഒരു പ്രതീതി അവൾക്കുളവായി. ഒരു ശിപായി ഒരു കവറുമായി മുമ്പിൽ വന്നപ്പോഴാണു് ചിന്തയിൽനിന്നും അവൾ ഉണർന്നതു്. കലങ്ങി നീർനിറഞ്ഞ കണ്ണുകളോടെ, അവൾ അതിനുള്ളിൽനിന്നും പുറത്തെടുത്ത കടലാസു നിവർത്തി വായിച്ചുനോക്കി. വിറയ്ക്കുന്ന കരവിരലുകളിൽനിന്നും ആ കടലാസ്സ് ഊർന്നു് താഴെ വീണതു് അവൾ അറിഞ്ഞില്ല. തന്റെ ശരീരമാകെ വിറയ്ക്കുന്നതായും, ഇരുമ്പു ശലാകപോലെ ചുട്ടുപഴുക്കുന്നതായും കലാവതിക്കനുഭവപ്പെട്ടു. പിന്നെ അധികനേരമവിടെ ഇരിക്കാൻ അവൾക്കു മനസ്സുവന്നില്ല. താഴെവീണ കടലാസ്സുമെടുത്തു് കവറിനുള്ളിൽ അടക്കംചെയ്തശേഷം രണ്ടായി മടക്കി മുഷ്ടിക്കകെ

ത്താക്കി കുടയുമെടുത്തു് ആരെയും നോക്കാതെ പുറത്തിറങ്ങി നടന്നു. സകല ചരാചരങ്ങളും തന്നെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നതായും, സകലതും തനിക്കെതിരായി അണിനിരക്കുന്നതായും ഒരു തോന്നൽ കലാവതിക്കുളവായി. നിസ്സാരമായ സംഗതികളാൽപോലും വിരണ്ടുപോകുന്നവരാണു് സ്ത്രീകൾ.

അന്നുവൈകുന്നേരം സുലേഖ വീട്ടിൽ ചെന്ന ഉടനേ കലാവതിയെ സസ്പെൻഡുചെയ്ത വിവരം ഭർത്താവിനെ അറിയിച്ചു. "ഏതായാലും അതൊരു കഷ്ടമായിപ്പോയി. പാവപ്പെട്ട പെൺകുട്ടികളെ വ്യാമോഹിപ്പിച്ചു അപകടത്തിലാക്കുന്ന അധമന്മാരെ ശിക്ഷിക്കേണ്ടതുതന്നെ. പക്ഷെ ആട്ടിൻകുട്ടികളെപ്പോലെ ശുദ്ധഗതിക്കാരാണു് സ്ത്രീകൾ. ഒരു കൈയിൽ കത്തി ഉണ്ടെങ്കിലും മറുകൈയിലെ തീററികാണിച്ചാൽ യാതൊരു ഭയവും കൂടാതെ അടുത്തുവരുന്ന ആട്ടിൻകുട്ടികളും യുവതികളും തമ്മിൽ യാതൊരു വ്യത്യാസവും ഞാൻ കാണുന്നില്ല. അവരെ ആക്കുവേണമെങ്കിലും മാനസാന്തരപ്പെടുത്താം."

സു—ഇനി എന്താണൊരു നിവൃത്തി.

ര: കാ—അസി: ഇഞ്ചിനീയർക്കെന്താണു ശിക്ഷ?

സു—ഇപ്പോൾ സസ്പെൻഷനിൽ.

ര: കാ—അതുപോകട്ടെ! നീ ഉടനേ കലാവതിയുടെ വീടുവരെ ഒന്നു പോകണം, സ്ത്രീകളെ ആശ്വസിപ്പിക്കാൻ സ്ത്രീകൾ തന്നെ വേണം.

സുലേഖയും സതിയും ഇന്ദുവും കൂടി ചെന്നപ്പോൾ കലാവതി കട്ടിലിൽ കിടക്കുകയായിരുന്നു. അവളുടെ മുഖം ക്രമത്തിലധികം വീർത്തും, കണ്ണുകൾ മങ്ങിയും കാണപ്പെട്ടു. അവൾ പൊട്ടിക്കരയാൻ തുടങ്ങി.

"സുലേഖേ! ഇങ്ങനെയൊക്കെവരുമെന്നു് എനിക്കു്

അറിഞ്ഞുകൂടായിരുന്നു. എല്ലാം അവതാളത്തിലായി, സകലതും നശിച്ചു. ഇനി എന്തു ചെയ്യും?

സു—എല്ലാം വിധിപോലെ വരുമെന്നു സമാധാനപ്പെട്ടു.

കലാ—സമാധാനപ്പെടാതെന്തുചെയ്യും?

മുററത്തു കാൽപെരുമാററം കേട്ടു ജനാലയുടെ അഴികളിൽ കൂടി ഇരുവരും പുറത്തേക്കു നോക്കി. വന്നയാൾ കസ്റ്റഡിയിലേക്കു കാൽ വെച്ചതേ ഉള്ളൂ.

കലാ—ദ്രോഹി? വീണ്ടും വന്നിരിക്കുന്നു. നശിപ്പിച്ചതു പോരാഞ്ഞിട്ട്. "ഞാനെന്തുചെയ്തു ദ്വേഷിക്കാൻ."

"എല്ലാം സാറുതന്നെയാണു ചെയ്തതു് ഓർത്തുനോക്കണം. എന്നിട്ടും പോരാഞ്ഞു്."

"ഇതിലൊന്നിലും അത്ര കാര്യമാക്കാനില്ല."

കലാ—എനിക്കൊന്നും കേൾക്കേണ്ടാ.

കതകു ബലമായി അടഞ്ഞു.

ആഗതൻ—എന്നെ തെററിദ്ധരിക്കേണ്ടാ. ആ ടൈപ്പിസ്ററുണ്ടല്ലോ സുലേഖ—അവളാണിതൊക്കെ ചെയ്തതു്.

കലാ—ചവിട്ടിയാൽ കടിക്കാത്ത പാമ്പില്ല. ഞാനൊന്നു സ്വസ്ഥമായിരിക്കട്ടെ.

ആഗ—സ്വസ്ഥം! സ്വസ്ഥം! എടീ, നിങ്ങടെ ഒക്കെ രീതി ഇത്രതന്നെ.

കലാ—ഛീ, കടക്കു പുറത്തു്. മററാരും തുണയില്ലാത്ത ചുററുപാടിൽ എന്റെ അഭ്യുദയകാംക്ഷി എന്നു നടിച്ചു് പലതും പറഞ്ഞു പ്രലോഭിപ്പിച്ചു. ഉം. ഒരു സ്ത്രീയല്ലേ പുരുഷന്മാരുടെ പഞ്ചാരവാക്കുകളിലും കുതന്ത്രങ്ങളിലും കുടുങ്ങിപ്പോകും. പ്രമോഷൻ വാങ്ങിത്തരാമെന്നു പറഞ്ഞു. ആ മുന്തിരിപ്പഴം കാട്ടിക്കാട്ടി

ഇത്രയൊക്കെ വരുത്തിവെച്ചു. ഇപ്പോഴാണെങ്കിൽ ഒഴികിവന്നതും പോയി, ഉററാലിൽ കിടന്നതും പോയി. വേണ്ടാ! ഇനി ഈ വേദാന്തമൊന്നും കേൾക്കേണ്ടാ. പോക്കു പുറത്തു്.

ആ—ഞാനിവിടെ.... ..

കലാ—ഒന്നും കേൾക്കണ്ടാ എന്നു്. ഒരു സ്ത്രീ അവളുടെ സകലതും നശിക്കുമ്പോൾ ഒരു പിശാചായി മാറും. അവളൊരു കാട്ടുതീയായി മാറും. സർവ്വവും ചുട്ടു ചാമ്പലാക്കും. കലാവതി ഒരു ഭ്രാന്തിയെപ്പോലെ പലതും പറഞ്ഞുകൊണ്ടിരുന്നു. അസി: ഇഞ്ചിനീയർ അതിവേഗം താഴോട്ടിറങ്ങി പാടത്തു വന്നു് ഒന്നു തിരിഞ്ഞു നോക്കി.

"നീയും നിൻെറ വിലതീരാത്ത അഭിമാനവും." ഇതെല്ലാം ആ രമാകാന്തനാണു് പറഞ്ഞുതന്നതു്. അല്ലേ? കാണിച്ചുതരാം. വന്നതൊന്നുമല്ല.

"താൻ കാണിച്ചതുമതി." കലാവതി ഉറക്കെ വിളിച്ചുപറഞ്ഞു.

---

# 21

## ഒരു ഉല്ലാസയാത്ര

തെക്കൻ കാററുകണക്കെ ഇരമ്പിപ്പാഞ്ഞുവന്ന ബസ്സിലേക്കു തന്നെ രണ്ടുപേരും ഇമവെട്ടാതെ നോക്കിനിന്നു. ബസ്സ് അവരുടെ, ഏതാണ്ടു നാലഞ്ചു വാര അകലത്തുനിന്നു. രവിയും സലിമും ആകാംക്ഷയോടെ അതിനുള്ളിലേയ്ക്കു നോക്കിത്തുടങ്ങി. ആളുകൾ അതിനുള്ളിൽനിന്നും, അണ പൊട്ടിയ ചിറയിൽനിന്നു വെ

ള്ളം കണക്കെ അവിടമെങ്ങും ഒഴുകിപ്പരന്നു മറയുക യാണ്. അതിനിടയിൽ യാത്രയ്ക്കുവേണ്ടി കാത്തു അക്ഷമരായി നിന്നവർ അകത്തേക്ക് ഉന്തിത്തള്ളിക്കയറുവാൻ ശ്രമം നടത്തുന്നു.

കമ്പികളിൽ കൈപിടിച്ച് ഒരു വിധം ത്രിശങ്കു സ്വർഗ്ഗത്തിലാണു ചിലർ. മററു ചിലരാകട്ടെ, ചവിട്ടു പടിയിൽ ഒററക്കാലുറപ്പിച്ച് കിളിത്തട്ടുകളിക്കാരെപ്പോലെ ആയം കൂട്ടി നിലയുറപ്പിക്കുന്നു. ഒരു ഇരച്ചുകയററത്തിനു തയാറെടുക്കും മാതിരി. ആറാട്ട് ഉത്സവത്തിനു ആളുകൾ നീങ്ങുംവണ്ണം പുറകിൽനിന്നും തള്ളിത്തള്ളി വേറെ ചിലർ ബസ്സിൻെറ വാതില്ക്കലേക്കടുക്കുന്നു. അപ്പോഴുണ്ട് രമാകാന്തൻ, പുള്ളിപ്പാവാടയണിഞ്ഞ ഇന്ദുവിനെ കൈവിരലുകളിൽ പിടിച്ചുകൊണ്ട് മന്ദംമന്ദം ബസ്സിൽനിന്നും ഇറങ്ങിവരുന്നു. തൊട്ടുടുത്തു പട്ടുപാവാടയും അതിന്മേൽ മഞ്ഞ ഹാഫ്സാരിയും ധരിച്ച് പതുക്കെപ്പതുക്കെ കാലടികൾ പെറുക്കിവെച്ചു സതി വരുന്നു. ഏററവും ഒടുവിലായി സുലേഖയും. സലിമാണ് അവരെ ആദ്യം കണ്ടത്.

"രവീ! ദാ വന്നു അവരെല്ലാം" "എവിടെ" അമ്പരപ്പോടെ അവൻ നാലുപാടും നോക്കുന്നതിനിടയിൽ സതി അവൻെറ തോളത്തൊരു നുള്ളുകൊടുത്തു. സലിമിനെക്കണ്ടപ്പോൾ ഒരു മിന്നൽ പിണർ സതിയുടെ നെഞ്ചിൽക്കൂടി കടന്നുപോയി. ലജ്ജയും സന്തോഷവും ഒരേ നിമിഷത്തിൽ അവളുടെ മുഖത്തു് പ്രകടമായി. നീലിച്ച മിഴികൾ തിളങ്ങി. പക്ഷേ അടുത്ത നിമിഷത്തിൽ അതു മായിച്ചുകളയുവാൻ അവൾക്കു കഴിഞ്ഞു. നടക്കുന്നതിനിടയിൽ സലിം ഇന്ദുവിനെ കിക്കിളിപ്പെടുത്തി.

രവി മുമ്പേപോയി മുറിതുറന്നു. സതിയും പിന്തുടരുകയായി. ജനാലകൾ തുറന്നു മലർത്തി. അപ്പോഴേക്കും മററുള്ളവർ എത്തിച്ചേർന്നു. അവർ മേശയ്ക്കരികിലുള്ള സെററിയിലും കസേരയിലും ഇരുപ്പുറപ്പിച്ചു. സലിം ടേബിൾ ഫാനിന്റെ സ്വിച്ചിട്ടു. ചെറിയ മൂളലോടെ അതു കറങ്ങുവാനാരംഭിച്ചു. തത്സമയം രവി റേഡിയോ പ്രവർത്തിപ്പിക്കാൻ തുടങ്ങി മനോഹരമായ ഒരു സംഗീതം അവിടെ അലയടിച്ചു. ഇന്ദുവും സതിയും അത്ഭുതപ്പെട്ടു. അവർ അങ്ങിങ്ങു ഓടിനടന്നു പലതും കാണുകയാണു്. രമാകാന്തൻ സന്തോഷം തുളുമ്പിയ മിഴികളാൽ സുലേഖയെ നോക്കി. സുലേഖ സാകൂതം അങ്ങോട്ടും.

സലിമിന്റെ ഒരോ ചലനവും സതി വീക്ഷിക്കുന്നുണ്ടായിരുന്നു. എന്തെങ്കിലും സാധനം എടുക്കാനെന്ന ഭാവത്തിൽ അവൻ അവളുടെ അടുത്തുചെല്ലാറുണ്ടു്, എങ്കിലും പെട്ടെന്നു തിരിഞ്ഞുനടന്നുകളയും. സതിക്കും അങ്ങോട്ടു ചെല്ലണമെന്നു തോന്നാറുണ്ടു്. എന്നാൽ വ്രീള അവളെ പിന്നിലോട്ടു വലിക്കുന്നു. "അടക്കവുമൊതുക്കവുമാണു് പെൺകുട്ടികൾക്കു ഭൂഷണം" എന്നു താക്കീതുചെയ്യുന്ന മട്ടിൽ സുലേഖ ചിലപ്പോഴെല്ലാം സതിയുടെ നേർക്കു നോട്ടമയയ്ക്കുന്നുണ്ടു്.

രാജൻ കണ്ടു്റാക്ടരുടെ അധഃപതനെത്തക്കുറിച്ചു ചില സൂചനകൾ രമാകാന്തൻ സലിമിനു നല്കി.

ഇപ്പോൾ—ഈ കുഞ്ഞുങ്ങളുടെ-സതിയുടെയും രവിയുടെയും-വക അപഹരിച്ചെടുത്തില്ലേ. അതു വില്ക്കാൻ പോവുകയാണു്. ഇവരുടെ ആ പുരയിടമുണ്ടല്ലോ, സലിം കണ്ടിട്ടില്ലായിരിക്കും. അതിലെ തെങ്ങുകൾ എല്ലാം പനപോലാണു്. കാച്ചുമലച്ചുകിടക്കുന്നതു കണ്ടാൽ കൗതുകം തോന്നും. പണമുണ്ടെങ്കിൽ ആ വസ്തു

വാങ്ങിയാലെന്താ! രവീയും നീയുംകൂടി ആലോചിച്ചു നോക്കൂ.

സലീമിൻെറ മുഖം വികസിച്ചു. കുറേനേരത്തെ ചർച്ചയ്ക്കുശേഷം വസ്തു വാങ്ങാമെന്നു തീരുമാനപ്പെടുത്തി. ഇണിക്കടെവിററു് ഒരു ഹോസ്റ്റൽ ആരംഭിക്കണമെന്നും, ആ ലാഡ്ജും സ്ഥലവും വാങ്ങാൻ ഏർപ്പാടായി, എന്നുംകൂടി സലീം പറഞ്ഞപ്പോൾ രമാകാന്തൻെറയും പത്നിയുടേയും കണ്ണുകളിൽ ആനന്ദാശ്രുക്കൾ പൊടിഞ്ഞു. സതിയുടെ മനസ്സിൽ സന്തോഷം പൊന്തിത്തുടിച്ചു.

ഹോട്ടലിൽനിന്നും ഊണവരുത്തി അവർ ഒരുമിച്ചിരുന്നു ഭക്ഷിച്ചു. സലീമും സതിയും പരസ്പരം അവരുടെ ഓരോ ചലനങ്ങളും വീക്ഷിക്കുകയായി. അവൾക്കും എന്തെങ്കിലും സംസാരിച്ചാൽ കൊള്ളാമെന്നുണ്ടു്. നാണമെന്തെന്നറിയാത്ത പെണ്ണിൻെറ ഹൃദയം കൂട്ടിലെ കിളിയെപ്പോലെ അനങ്ങാതിരുന്നുവെന്നുവരില്ല. അതു വേലിക്കെട്ടും കടന്നുപറക്കാൻ ശ്രമിക്കും. സതിയും ഈ തത്വത്തിൽനിന്നും വ്യത്യസ്തയല്ല. ഇക്കിളിപ്പെടുത്തുന്ന ചിന്തകൾ അവളെ പുളകംകൊള്ളിക്കുമ്പോൾ സുലേഖ പലവട്ടം പറയാറുള്ള, 'എന്തെങ്കിലും പൊല്ലാതതു വന്നുപോയാൽപിന്നെ' എന്ന വാചകം ഓർമ്മയിൽ വരും. സതി അനുസരണയുള്ള ഒരാട്ടിൻകുട്ടിയെപ്പോലാണു്.

മധുവിൻെറ മുഖച്ഛായയുള്ള ഒരു ബാലൻ കാറിൽ പോയതും, രവി ഓടിപ്പോയ കാറിൻെറ പിറകേപാഞ്ഞതും, ആയ സംഭവം രവിതന്നെ വിവരിച്ചു. മധു എന്ന വാക്കു പുറപ്പെട്ടപ്പോൾതന്നെ സതി അതു ശ്രദ്ധിക്കയും മററുള്ളവരുടെ സമീപത്തു കിതപ്പോടെ വരികയുംചെയ്തു.

"രവി, നീ വിഷമിക്കാതിരിക്കൂ! മധുവിനെ നമുക്കു തിരിച്ചുകിട്ടും, അവൻ വരും! എന്നെനിക്കു പലപ്പോഴും തോന്നാറുണ്ട്." രമാകാന്തൻ ഉറപ്പിച്ചു പറഞ്ഞു.

"എനിക്കും അങ്ങനെ പലപ്പോഴും തോന്നാറുണ്ട്. ഞാനിതുവരെ പറഞ്ഞില്ലെന്നേ ഉള്ളൂ." സുലേഖയും അതിനെ പിന്താങ്ങി. ഒന്നുരണ്ടു നെടുവീർപ്പുകൾ ജലപ്പരപ്പിൽ പോളകൾപോലെ പൊങ്ങി ഉടഞ്ഞു തകർന്നു. സമയവും കാലവും ശോകത്തിന്റെ തീക്ഷ്ണത ലഘൂകരിക്കുമല്ലോ. മണി ഒന്നൊന്നരയായി. വെയിലിന്റെ കാഠിന്യം കുറഞ്ഞു. ഇടതടവില്ലാതെ ബസ്സുകളും കാറുകളും ഇരമ്പിപ്പായുന്നതും ആളുകൾ കാര്യവ്യഗ്രരായി പോകുന്നതും എല്ലാം കണ്ടപ്പോൾ, അവസാനിക്കാറായ ഒരു ലോകത്തിന്റെ വക്കത്താണോ താൻ നില്ക്കുന്നതെന്നുപോലും സതിക്കു തോന്നി. ഒരു പുതിയ ലോകം

"നിന്റെ കട ഒന്നു കാണിച്ചുതരുമോ രവീ!." സതി ചോദിക്കുകയാണ്.

"എന്നാൽ നമുക്കെല്ലാപേർക്കും കൂടിപ്പോയാലെന്താ" സുലേഖ സ്വാഭിപ്രായം പറഞ്ഞു.

ഏറുമാടക്കടയിലേക്കവർ പോയി. അനന്തരം അവരുടെ തുണിക്കടയിലേക്കു നടന്നു. കണ്ണഞ്ചിക്കുന്ന വർണ്ണങ്ങളിൽ പൂക്കളും ലതകളും ഡിസൈനുമുള്ള പല തരം തുണികൾ കണ്ണാടി അലമാരകളിൽ അട്ടിയട്ടിയായിട്ടിരിക്കുന്നു. രവി ട്യൂബ്ലൈററിനുവേണ്ടി സ്വിച്ചിട്ടു. അന്തിമാർക്കന്റെ ചെങ്കതിരുകൾ ശരന്മേഘങ്ങളിൽതട്ടി അലയാഴിയിലെ തിരമാലകളിൽ പ്രതിഫലിക്കുംമാതിരി വർണ്ണകാന്തി ഓളംതല്ലി. മാരിവില്ലിന്റെ മയിൽപീലികൾ അലമാരികളിൽ നിഗ്രഹനംചെയ്തിരിക്കുംപോലെ മനോഹരമായിരിക്കുന്നു. സതിക്കുകൊതിയൂറി. അവളുടെ മനതളിർചുണ്ടിനേക്കാൾ മൃദുലമായ ആ തുണി

കളിൽ ഒരുവേള അവൾക്ക് അസൂയതോന്നിയിരിക്കാം. അതു സ്വാഭാവികമാണ്.

സിനിമാശാലയിൽനിന്നും റേഡിയോഗാനങ്ങൾ കേട്ടുതുടങ്ങി.

അവർ കാറിലേറി സിനിമാശാലയിലേക്കു പോയി. അലൗകികാനന്ദലഹരി അലയടിക്കുകയാണവിടെ, അല്പം ഇഴിഞ്ഞുമാറിയ റാഫ്സാരി നേരെ പിടിച്ചിട്ടു. അളകങ്ങൾ സാവധാനം ഒതുക്കി, ഒരു അമർത്തിയ ചിരി അവളുടെ വികാരസാന്ദ്രമായ ചെഞ്ചുണ്ടുകളിൽ വിരിഞ്ഞു. ഇന്ദുവിനെ കുഞ്ഞിക്കൈയിൽ പിടിച്ചു വെളിക്കിറക്കി. തുടർന്നു സുലേഖയും രമാകാന്തനും പുറത്തുവന്നു. ബാൽക്കണിയിലേക്കു അവർ നടന്നുപോയി.

സതി അത്ഭുതസ്മിതയായി. ഗാനനിർഝരി അപ്പോഴും ഒഴുകി. ആളുകൾ താഴെ നിരന്നിരിക്കുന്നു വെള്ളിൽ പക്ഷികൾ ചിറകടിക്കുംമാതിരി പങ്കകൾ കറങ്ങുന്നു. അങ്ങു അപാരതയിൽ താരകപ്പൊന്നിൻകണങ്ങൾ മിന്നുംകണക്കു ആലക്തികദീപങ്ങൾതെളിഞ്ഞു. വെറും വെള്ളത്തിരശ്ശീലദൃശ്യമായി. പെട്ടെന്നു വിളക്കുകൾകണ്ണടച്ചു കട്ടിയുള്ളക്രൂരിരുട്ട്. ഗാനവും നിലച്ചു. എല്ലാവരും നിർന്നിമേഷരായി വെള്ളിത്തിരയിലേക്കു നോക്കിയിരിപ്പാണ്. അതാതെളിയുന്നു മനുഷ്യരൂപങ്ങൾ! വീണ്ടും പാട്ടുകൾ. അങ്ങനെ അമർത്തിച്ചിരിയോടും അടക്കിയ ശ്വാസത്തോടുംകൂടി ഇരുന്നു് സിനിമ കാണുകയാണു്. വെള്ളിത്തിരയിൽ കനകച്ചിലമ്പൊലി കേട്ടുതുടങ്ങി.

ജീവിതത്തിലാദ്യമായിട്ടാണ് സതി സിനിമാകാണുന്നതു് അതിനുസാധിച്ചതിൽ അവൾക്ക് അളവററ

സന്തോഷവും തൃപ്തിയുമുളവായി. തിരിച്ചുവന്നു കാറിൽ കയറിയപ്പോൾ സലിമിന്റെനേരേ തിരിഞ്ഞ ആ സുന്ദരവദനം പൂത്തുമലച്ചമുല്ലവല്ലിപോലെ ആകർഷകമായി അവനു തോന്നി മനോരഞ്ജിനിയായ ഒരു മാൻകിടാവാണവൾ. സ്വർഗ്ഗരാജ്യം ലഭിച്ച അനുഭൂതി ഇരുവർക്കുമുണ്ടായി.

---

# 22

## ഒരു ദീപശിഖ തെളിയുന്നു

മർമ്മങ്ങൾതോറും കട്ടാരമുള്ള് കുത്തിയിറക്കിയാലുള്ള വേദനയാണ് കലാവതി അനുഭവിച്ചത്. രണ്ടുമൂന്നു ദിവസത്തേക്ക് അവൾ കട്ടിലിൽനിന്നിറങ്ങിയില്ല. എപ്പോഴും ഹൃദയാന്തർഭാഗത്ത് ഒരു എരിച്ചിൽ. ഇരുമ്പുകമ്പി പഴുപ്പിച്ചു തിരുകിക്കയററിയപോലൊരു തോന്നൽ. ഇടവിട്ടിടവിട്ടു ഞെട്ടും തിരിഞ്ഞും മറിഞ്ഞും കിടക്കും. ജ്വരബാധിതയെപ്പോലെ പിച്ചും പേയും പറയും. ആകപ്പാടെ അവശതയും പാരവശ്യവും. ഒരു പൊന്നിൻശലാകപോലെ അവളുടെ ശരീരം ചുട്ടുപഴുത്തു. ആഹാരമൊന്നും കഴിച്ചില്ല വല്ലപ്പോഴുമൊരിക്കൽ വെറും ചക്കരക്കാപ്പി കുടിച്ചെന്നുവരുത്തും.

അവൾ എല്ലാം ചിന്തിച്ചുനോക്കി. സമാധാനപ്പെടാനും ആശ്വസിക്കാനുമായി ഒന്നും അവശേഷിച്ചിട്ടില്ലായിരുന്നു. തന്റെ അതിരുകവിഞ്ഞ അഹംഭാവവും

സൗന്ദര്യ ചിന്തയുമാണ് വിനവരുത്തിവെച്ചതെന്ന് അവൾ മനസ്സിലാക്കി പക്ഷെ അമാന്തിച്ചവേളയിൽ ഉദയംചെയ്ത വിവേകംകൊണ്ടു ഫലമെന്താണ്? പെൺബുദ്ധി പിൻബുദ്ധിതന്നെ.

നേരംമദ്ധ്യാഹ്നമായി. അത്യുഗ്രമായ ചൂട്. ആ പാടത്തിലെ അന്തരീക്ഷത്തിൽ കാനൽജലം അലയടിച്ചിരുന്നു, ഭൂമി ഉരുകിത്തിളച്ച് ഒരു വലിയ തീക്കട്ടയായ പ്രതീതി. ആ അസഹനീയമായ വെയിലത്ത് തലയിൽ തട്ടംമാതിരി ഉത്തരീയവുമിട്ട്, കൈവളകളും കിലുക്കി ആനയെപ്പോലെ വിലങ്ങനെ തലയുമാട്ടി പാലുകാരിപ്പാറു മുററത്തെത്തി. ഒരു ഹൂൽക്കാരം പുറപ്പെടുവിച്ചു. അവൾ മുറിക്കുള്ളിലേക്കു പോയി. കണ്ണഞ്ചിക്കുന്ന വെളിച്ചവും ചൂടും തട്ടിയ ദൃഷ്ടികൾക്ക് മുറിക്കകം ഇരുളുന്നതായിതോന്നി. തലയിൽനിന്നും ഉത്തരീയം മാററി അററം വീശറിയാക്കി കറക്കി വീശി. അപ്പോഴേയ്ക്കും കലാവതി വല്ലായ്മയോടെ കട്ടിലിൽ എഴുന്നേററിരുന്നു. കിനാവുകാണുന്നതിനു കഴിവുള്ള ആ കണ്ണുകൾ ഒന്നു മന്ദഹസിക്കാൻ ശ്രമിച്ചു. എങ്കിലും വീർപ്പുമുട്ടി അവൾ ഇരുന്നു പുകയുകയാണ്. സ്ത്രീഹൃദയം ഒരു വീണപോലാണല്ലോ. അതിൻെറ കമ്പികളിൽ കൈവയ്ക്കുന്നതനുസരിച്ച് ആനന്ദഗാനങ്ങളും ശോകഗാനങ്ങളും പുറപ്പെടാം, മുറിഞ്ഞ തന്തികളാണെങ്കിൽ അപശബ്ദമേ കേൾക്കാൻ കഴിയൂ.

പാറു കട്ടിലിന്നടുത്തിരുന്ന് ഓരോ സമാധാന വാക്കുകൾ പറകയായി. വാക്കുകളിൽ കുറെഒക്കെ കഴമ്പുള്ളതായി കലാവതിക്കു തോന്നി. അവൾ എല്ലാം ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്നു.

"പുരുഷന്മാരുടെ ആനന്ദവസ്തുവാണ്" സ്ത്രീ. പക്ഷെ അവരുടെ സ്തുതിവാക്ക് കേൾക്കുകയല്ലാതെ, അങ്ങ

ടുത്തു് അണഞ്ഞാലുണ്ടല്ലോ കാര്യം അവതാളത്തി ലാവും. കളിക്കാനായി അടുത്തുവരുന്ന ബാലൻെറ മുമ്പിൽ ആട്ടിൻകുട്ടികൾ ചാടിക്കളിക്കുന്നതു കണ്ടി ട്ടില്ലേ. പിടികൊടുക്കുകയുമില്ല; ദൂരെപ്പോകയുമില്ല. അടുക്കുമ്പോൾ അകലുകയും അകലുമ്പോൾ അടുക്കുകയും ചെയ്താൽ എന്തൊരു സന്തോഷമായിരിക്കും മുള്ളു ചെന്നു വാഴയിലയിൽ വീണാലും, വാഴയില മുള്ളിൽ വീണാലും ഛേദം വാഴയിലയ്ക്കുതന്നെ."

കലാ-ശരിയാണുപാറു ഭംഗിവാക്കുകൾ കേട്ടതി ലാണു് ഇങ്ങനെഒക്കെ വന്നതു്. ഇനി പറഞ്ഞിട്ടെന്തു കാര്യം?

പാറു- മേലിൽ വരാതെ സൂക്ഷിക്കാം. ഇതു് മായിച്ചുകളയാനാണു നോക്കേണ്ടതു്?. ഞാനൊരു സം ഭവം പറയാം ചിന്തിക്കാതെ പ്രവൎത്തിക്കുന്നതുകൊ ണ്ടുള്ളദോഷം ആ സംഭാഷണത്തിൻെറ ചുരുക്കമി താണു്.

എനിക്കൊരു കൂട്ടുകാരിഉണ്ടായിരുന്നു മീനു. കണ്ടാ ൽ അഴകുള്ളപെണ്ണു്. പതിനേഴാമത്തെ വയസ്സിൽ അവ ളെ കല്യാണം കഴിച്ചു. ഒരു കൂലിവേലക്കാരൻ. അയാ ൾ പോയിക്കഴിഞ്ഞാൽ മതിലുംചാരി റോഡിലോട്ടുക ണ്ണുംനട്ടുനില്ക്കും. ആ നില പലരേയും വെകിളിപിടി പ്പിച്ചു. കരിയെഴുതിക്കറുപ്പിച്ച കണ്ണുകളും, മുറുക്കാൻ ചവച്ചു ചുവന്ന ചുണ്ടുകളും, ആ വലിയ പൊട്ടും, ഇളം കാററിലാടുന്ന അളകങ്ങളും, അരമതിലിൻെറ മേൽത്ത ട്ടിലമൎന്നു കുട്ടിയുള്ള മുലകളും ആരേയാണു് ആകൎഷിക്കാ ത്തതു്. നാളുകൾ പോയി. മീനുവിനു ചില പരിചയ ക്കാർ ഉണ്ടായി. അവർ ചിരിക്കും. അവളും ചിരിക്കും അങ്ങനെ ക്രമേണ ചിലരെല്ലാം അവിടെ ചിട്ടപിടിച്ചു.

ഭർത്താവു അവളെ ഉപേക്ഷിച്ചു. മീനവിന്റെ പരിപാടികൾ വലിയതോതിലായി. അവളുടെശരീരം വിളറി. അവളുടെ ചുണ്ടുകൾ വെടിച്ചുകീറി. കണ്ണുകളുടെ മാദകത്വം മങ്ങി. അപ്പോഴും ആ കുങ്കമപ്പൊട്ടു മായാതെ ഇടുവാൻ മീനവിനു കൊതിയായിരുന്നു. മുടികെട്ടും മാലയണിയലും അവൾ നിറുത്തിയില്ല. മീനയുടെ ശരീരം ചുക്കിച്ചുളിയുവാനാരംഭിച്ചു. വല്ലാത്ത കണ്ണുരോഗവും ചുമയും അവളെ പിടികൂടി.

കലാവതി വല്ലാതെ നെടുവീർപ്പിട്ടു. കഥകേൾക്കുവാൻ ശ്രദ്ധപ്രകടിപ്പിച്ചു. പാറു കുനിഞ്ഞിരുന്നു കഥ പറയുകയാണു്

തേൻവററിയ പൂവിൽ വണ്ടുചെന്നെത്താറില്ലല്ലോ. മീനവിനെ ആരും ശ്രദ്ധിക്കാറില്ല, മീനു അവശയായി, എങ്കിലും ആളനക്കമില്ലാതെ ആ ഭവനം രാത്രികഴിച്ചിട്ടില്ല.

മീനു മാറാത്ത രോഗത്തിനു അടിമപ്പെട്ടു. അല്പമൊരാശ്വാസം തോന്നിയാൽ പൊട്ടുംതൊട്ടു മുറുക്കാനും ചവച്ചു മതിലരികിൽ കുനിഞ്ഞുകൂടിനില്ക്കും. ആഹാരദൗർല്ലഭ്യം അവളെ ബാധിച്ചു. കിടപ്പാടം ഇല്ലാതായി. ഹോട്ടലിലെ എച്ചിൽ കുഴിയിലേക്കു ആസ്ഥാനം മാററി.

മരം കോച്ചുന്ന മഞ്ഞത്തു വിറച്ചു വിറച്ചു വല്ല കടത്തിണ്ണകളിലും രാത്രികഴിച്ചുകൂട്ടും. മൂടിപ്പുതയ്ക്കുവാൻ ഒരു പഴന്തുണിപോലും കാണുകില്ല. തലമുടി കൊഴിഞ്ഞുപോയി. മുഖം ചുക്കിച്ചുളിഞ്ഞു. പല്ലുന്തിയിട്ടുണ്ടു് കഴുത്തുനീണ്ടു. വിണ്ടുകീറിയചുണ്ടുകൾ വയലട്ടുപോലായി. കവിളുകൾ കരുവാളിച്ചു. കൈകാലുകൾ ശക്തിഹീനങ്ങളായി. ഇരുന്നു നിരങ്ങിയാണു് ഒരിടത്തുനിന്നും മറെറാരിടത്തേക്കുമാറുന്നത്.

ചുമ, ഇടതടവില്ലാത്ത ചുമ, തുപ്പുന്നതു മഞ്ഞളിച്ച പഴുപ്പും ചോരയും. എന്തൊരുശ്വാസംമുട്ടൽ, ആഹാരം വെറുത്തു. എന്തിനു വിസ്തരിക്കുന്നു. ഒരു ദിവസം രാവിലെ ഞാൻ പാലുംകൊണ്ടു പോകുമ്പോൾ കണ്ടു വഴിവക്കത്തു അവൾ നിശ്ചലയായിക്കിടക്കുന്നു. കണ്ണുനീർപററിയ പോളകൾ അനങ്ങുന്നില്ല. കൺമണികൾ മങ്ങി വാപിളർന്നു നാക്കുനുണയ്ക്കുകയാണു് അഞ്ചാറു തുള്ളിപാൽ ഞാൻ പകർന്നു. പലരുടേയും ആസ്വാദനമേററ ആ ചുണ്ടുകൾ അടഞ്ഞു. തല ഒന്നു ചെരുതായിപൊന്തി, തറയിൽവീണു, എല്ലാം കഴിഞ്ഞു.

ദീപത്തിൻെറ അടിഭാഗം അന്ധകാരാവൃതമാണല്ലോ. കലാവതിയുടെ കണ്ണുകളിൽനിന്നും അശ്രുക്കൾ ഒഴുകി, ഒരക്ഷരം ഉരിയാടനവൾക്കുകഴിഞ്ഞില്ല.

കലാ—പാറു നീപറഞ്ഞതിൻെറസാരം എനിക്കു മനസ്സിലായി, നെഞ്ചത്തു ആഞ്ഞിറങ്ങുന്ന കഠാരിയാണതു്. സാധാരണക്കാരുടെ വേദനാജനകമായകഥകളാണിതെല്ലാം ഇതിനേക്കാൾ ഞെട്ടിക്കുന്ന സംഭവങ്ങൾ അറിവുള്ളവരിലുമുണ്ടു്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഉദ്യോഗം ഇന്നാട്ടിലൊരു വൈതരണിയാണു്.

കലാവതി എഴുന്നേററു സാരികുടഞ്ഞു് ഉടുത്തു. അഴിഞ്ഞുലഞ്ഞുകിടന്ന തലമുടികെട്ടി. ഒരു ദൃഢനിശ്ചയത്തിൻെറ നിഴൽ അവളുടെ മുഖത്തു ദൃശ്യമായി.

പാറു—ഏതായാലും വന്നതൊക്കെവന്നു. ഇങ്ങനെ പട്ടിണികിടന്നാലോ? വരാനുള്ളതു വഴിയിൽതങ്ങത്തില്ല.

അവരിരുവരും മുററത്തിറങ്ങി. സമയം വളരെ വൈകിയിരിക്കുന്നു. ആ കുന്നിൻ പുറത്തുനിന്നു നോ

ക്കിയാൽ കാണരുതാത്തവിധം ആദിത്യൻ അങ്ങകലെ പടിഞ്ഞാറുചാഞ്ഞു. ആഴിയുടെ മാറിടത്തിൽ പിടിവരെ തുളച്ചുകയറിയ കഠാരിപോലെ അസ്തമനാർക്കൻ ആണ്ടുപോയ വിവരം അപ്പോഴാണവരറിഞ്ഞത്. പടിഞ്ഞാറുഭാഗത്തു ചെന്നിണം തെറിച്ചുവീണമാതിരി രക്തച്ഛവി പരന്നു.

---

## 23

## ആശകൾ തകരുന്നു

ചിലരുടെ ജീവിതം പരിപാവനമായിരിക്കും. ആർക്കും ഒരു കറവും അതിൽ ദർശിക്കാനുണ്ടാവില്ല. അതു സുന്ദരമായിരിക്കുമെന്നതന്നെയല്ല, അനുകരണീയമായും തോന്നും; തുറന്ന പുസ്തകം പോലെ എല്ലാവർക്കും മനസ്സിലാവുമെന്നതേ ഉള്ളൂ. ചിലരുടെ ജീവിതങ്ങൾ കൊള്ളരുതായ്മയുടെ പാറക്കൂട്ടത്തിൽ തട്ടികത്തകർന്നു തരിപ്പണമാകുമ്പോഴാണ് ആ ജീവിതത്തിന്റെ കറുത്തവശങ്ങൾ എല്ലാവരും ഗ്രഹിക്കുന്നത്. പൊതുജനദൃഷ്ടികളെ ഒരു മായാവലയത്തിൽ കുരുക്കി ഇടാൻ ഇവർക്കു കഴിയുന്നു വെന്നുള്ളതാണ് ഒരു പ്രത്യേകത.

അസി: ഇഞ്ചിനീയരുടെ ജീവിതം ഇതിൽനിന്നും ഭിന്നമല്ല. ഇദ്ദേഹത്തിന്റെ രഹസ്യജീവിതം കട്ടികൂടിയ ആവരണം കൊണ്ടുമറച്ചിരുന്നു. നന്മിമിത്തം സാധാരണക്കാർക്ക് അതിനുള്ളിൽ ഒളിച്ചിരുന്നഭയങ്കരതയെ ത്തന്നെ അറിയാൻ കഴിഞ്ഞിരുന്നില്ല. പക്ഷെ ആ പൂച്ച

ചാക്കിനു പുറത്തായപ്പോൾ സകലത്തും തകരാറിലായി. ഒരെത്തുംപിടിയും കിട്ടാത്തമട്ടിൽ അയാൾ കുഴങ്ങി. ഒട്ടധികം ആരോപണങ്ങൾക്കു സമാധാനം പറയേണ്ടഭാരം അസി: ഇഞ്ചിനീയരിൽ വന്നുചേൎന്നു. ഇതിനൊന്നിനും തൃപ്തികരമായ മറുപടി കണ്ടെത്തുവാൻ ഇദ്ദേഹത്തിനു സാധിച്ചില്ല. മുസാവരി സംഭവത്തിനു ദൃക്സാക്ഷി കൂടിയായ കാർ ഡ്രൈവറുടെ മൊഴിയിൽ നിന്നും കലാവതിയെ കരുതിക്കൂട്ടി പററിച്ചതാണെന്നു കോടതിക്കു് ബോധ്യമായി.

അന്നു കോടതിവളപ്പിൽ അഭൂതപൂൎവ്വമായ ജനക്കൂട്ടം വന്നുനിരന്നു. കേസിന്റെ വിധികേൾക്കാൻ ഏവകം അക്ഷമരായി നിലകൊണ്ടു. കോടതിയുടെ കവാടങ്ങളിൽ പോലീസുകാർ കാവൽനിന്നു പരിപൂർണ്ണമായ നിയന്ത്രണം ഏൎപ്പെടുത്തി. ജനങ്ങളും അച്ചടക്കം പാലിച്ചു.

കൃത്യം പതിനൊന്നുമണിക്കു് ബഹുമാനപ്പെട്ട ജഡ്ജി കോടതിയിൽ ഹാജരായി, പ്രാഡ്വിവാകന്മാർ എഴുന്നേററു തലകുനിച്ചു വന്ദിച്ചു് സ്വസ്ഥാനത്തു ഇരുന്നു. ജഡ്ജിയുടെ തിളങ്ങുന്ന കണ്ണുകൾ ഒരു വിഹഗവീക്ഷണം നടത്തി. വല്ലാത്തൊരു ഗൗരവഛായ ആ മുഖത്തു പരന്നു. സൂചിവീണാൽ കേൾക്കാവുന്നത്ര നിശ്ശബ്ദത.

കേസ് ആരംഭിച്ചു. പേരുവിളിച്ചു. നിലത്തു ദൃഷ്ടികളൂന്നി അസി: ഇഞ്ചിനീയർ സാവധാനം അകത്തേക്കു കാലുകളൂന്നി. കോടതിയെ ഒന്നു നോക്കി. അദ്ദേഹത്തിന്റെ കണ്ണുകൾക്കു് കാഴ്ച കുറയുന്നതായി തോന്നി. വിറയ്ക്കുന്ന കൈകളോടും അറയ്ക്കുന്ന കരളോടുംകൂടി താണു തൊഴുതശേഷം പ്രതിക്കൂട്ടിലേക്കു നടന്നുചെന്നു

നിശ്ചലനായി നിന്നു. കലാവതി അതാ കോടതിമുറിയിലായി സാവധാനം തല ഉയർത്തി. മ്ലാനമായ മുഖം. അവളുടെ ഉള്ളിൽ ഒരു അല കടൽ ആർത്തിരമ്പുകയാണ്. വദനശ്രീ മാറിച്ചുവന്നു.

ജഡ്ജി പ്രതികളുടെമേൽ നോട്ടമയച്ചു. ആ നോട്ടം അതിവേഗം അഡ്വക്കേററന്മാരുടെ നേരേ തിരിച്ചു. ഒരു മൺതരിപോലും അനങ്ങുന്നില്ല. ജഡ്ജ്മെൻറു വായിച്ചുതുടങ്ങി. കേസിൻെറ നാനാവശങ്ങളും തെളിവിൻെറ വെളിച്ചത്തിൽ വിശകലനംചെയ്തുകൊണ്ടുള്ള ആ തീർപ്പു വായിച്ചുതീക്കുവാൻ ഒരു മണിക്കൂറോളം വേണ്ടിവന്നു. അത്രയും സമയം ഒററക്കാലിൽ താപസരെപ്പോലെ പ്രതികൾ നില്ക്കുകയാണ്. തങ്ങളുടെ ജീവിതത്തെ സാരമായി ബാധിക്കുന്ന കോടതി വിധി അറിയുവാൻ. വിധി ന്യായത്തിൻെറ അവസാന ഭാഗത്തേക്കു ക്രമേണ കടന്നു. ആ മുറി ചൂടുപിടിച്ച് ഒരു തീക്കുണ്ഡത്തിൻെറ പ്രതീതി ഉളവാക്കി. അസി: ഇഞ്ചിനീയരെ സർവ്വീസിൽനിന്നും ബഹിഷ്കരിക്കുവാനും കലാവതിയെ വെറുതേവിടാനുമായിരുന്നു വിധി. കാട്ടുതീപോലെ വാർത്ത കോടതി വളപ്പും കടന്ന് പട്ടണത്തിലേക്കും പ്രാന്തപ്രദേശങ്ങളിലേക്കും പടർന്നൊഴുകി. കോടതി പിരിഞ്ഞു.

കലാവതി ഉപകാരസ്മരണസൂക്തങ്ങൾ പാടുംമിഴിയാൽ നോക്കി ജഡ്ജിയെത്താണുതൊഴുതു. അദ്ദേഹം ഒരു നിമിഷം അവിടെ ഇരുന്നില്ല. അസി: ഇഞ്ചിനീയരുടെ തല പുകയുകയാണ്. ഇഞ്ചിനീയർ കോടതി മുറിവിട്ടു വെളിയിലിറങ്ങി നിശ്ചലനായി തല കുനിച്ചു നിന്നു. ആ നില എത്രനേരത്തേക്കോ!

ഒരാൾ വന്ന് തന്നെ വിളിക്കുന്നതു് കേട്ടപ്പോഴാ

ണ്ട് താൻ അവിടെ നില്ക്കുകയായിരുന്നു എന്നു് അസി: ഇഞ്ചിനീയക്കു മനസ്സിലായതു്. വക്കീലാഫീസിൽ ചെന്നപ്പോൾ രാജൻ കൺട്രാക്ടർ അവിടെ ഉണ്ടായിരുന്നു. അവർ പരസ്പരം നോക്കി. ഇനി എന്തു്? എന്ന ചോദ്യചിഹ്നം ഇരുവരുടേയും നോട്ടങ്ങളിൽ തെളിഞ്ഞു മിന്നി.

ഒരു നെടുവീർപ്പോടെ കൺട്രാക്ടർ പറഞ്ഞു:- ഒന്നിനും ഒരു നിശ്ചയമില്ല സാറേ, എന്തെല്ലാമോ നടക്കുന്നു. വിധിക്കു വിപരീതമായി മനുഷ്യനൊന്നും ചെയ്യാനാവില്ല. വെള്ളപ്പാച്ചിലിൽപ്പെട്ട ആറുവഞ്ചി പോലെ വട്ടം കറങ്ങിയും, തടഞ്ഞു നിന്നും, പാഞ്ഞൊഴുകിയും, അങ്ങുപോകുന്നു എന്നുമാത്രം. എന്നാലും എൻെറ കാര്യം കഷ്ടത്തിലായി. വന്നവെള്ളം നിന്നവെള്ളത്തേയും കൊണ്ടുപോയി. സകലതും തീൎന്നു

ഇതിനിടയിൽ വക്കീൽ വന്നുചേൎന്നു ആ സംഭാഷണത്തിൽ പങ്കുകൊണ്ടു. "ഇതു പ്രതീക്ഷിച്ചതുതന്നെ ഞാൻ ആദ്യമേ പറഞ്ഞില്ലേ? പിന്നെ ഒരു ഭാഗ്യം കിട്ടി. ജയിൽ ശിക്ഷക്കു വിധിച്ചില്ല. ആ ലേഡീക്ലാക്കു രക്ഷപ്പെട്ടു.

ഇൻ—ഒരാളെങ്കിലും രക്ഷപ്പെട്ടല്ലോ! ദൈവത്തിനു സ്തുതി.

വ—അവൾ രക്ഷപ്പെട്ടതു് നന്നുതന്നെ. അല്ലെങ്കിലും ഒരു പെൺപിള്ളയല്ലേ!

ഇൻ—കുഴക്കു ഇനിയും തീൎന്നില്ല. ഇതാ കൺട്രാക്ടർ വന്നിരിക്കുന്നു.

കൺട്രാ—ഞാൻ വന്നതു് എൻെറ കേസു സംബന്ധിച്ചു്-പാലത്തിൻെറ കാര്യം. ഇപ്പോൾ നഷ്ടപരി

ഹാരം ആവശ്യപ്പെട്ടിരിക്കുകയാണു്. എവിടെ നിന്നു കൊടുക്കും. അത്താഴപ്പട്ടിണിവരെ ആയി. കൊടുക്കാതിരിക്കാൻ വല്ല പഴുതുമുണ്ടോ എന്നറിവാനാണു്.

വ—പണ്ടത്തെ ഭരണമൊന്നുമല്ല കുറെ സൂക്ഷിക്കണം. നഷ്ടം കൊടുത്തുതന്നെ തീരണം.

ഇഞ്ചിനീയരുടെ തല പുകഞ്ഞു. കുറെ അധികനേരം തലയും താങ്ങി ഇരുന്നശേഷം യാത്രചോദിച്ചു പുറത്തിറങ്ങി. അനന്തരം ഗവണ്മെൻറിൻെറ പിടിയിൽ നിന്നു രക്ഷപെടാനുള്ളമാർഗ്ഗത്തെപ്പററി കൺട്രാക്ടർ വക്കീലിനോടു ഏറെ നേരം സംസാരിച്ചു.

---

# 24

## ഇതളുകൾ വിരിയുന്നു

രവിയുടെയും സലീമിൻേറയും താമസസ്ഥലം അവർ വിലയ്ക്കു വാങ്ങി. കിഴവിയുടെ അസ്ഥിപഞ്ജരം മാതിരിയുള്ള ആ പഴയ ഓലക്കെട്ടിടം പൊളിച്ചു മാററി. അവിടെ കാഴ്ചയ്ക്കു മനോഹരവും കാര്യത്തിനു സൗകര്യപ്രദവുമായ ഒരു റസ്റ്റാറൻറു പടുത്തുയർത്തി. റോഡിൽനിന്നു നോക്കിയാൽ അത്ര വലുതല്ലെങ്കിലും വലിയ പണച്ചിലവുകൂടാതെ വിശാലമായ ഒരു ഹാളും ഏതാനും മുറികളും അവിടെ ഉണ്ടു്. ഇന്നു് അതൊരു ഹോസ്റ്റലുംകൂടിയാണു്. മുൻ ഭാഗത്തു ഉയരത്തിൽ സാമാന്യം വലുതായ ഒരു ബോർഡു വച്ചു. അതിലെ

വർണ്ണാക്ഷരങ്ങൾ ആരെയും ആകർഷിക്കത്തക്കതായിരുന്നു. കണ്ണാടിഅലമാരികളിൽ പലതരത്തിലുള്ള മധുരപലഹാരങ്ങൾ ചൂടാറാതെ എപ്പോഴും സ്ഥാനം പിടിച്ചു. മാർബിൾപോലെ മിനുസവും കുളിർമയുമുള്ള ചെറിയ ചതുര മേശകളും അതിനു ചുററും ലോഹക്കസാലകളും നിരന്നു മേശയ്ക്കരുകിൽ രവിയോ സലീമോ ഉണ്ടായിരിക്കും. അതിനടുത്തുതന്നെ മനോഹരമായ തുണികൊണ്ടു ഘോഷാസ്ത്രീപോലെ ശിരസ്സുമൂടിയ ഒരു ടീപ്പായി ഉണ്ടു്. അന്നത്തെ പത്രങ്ങൾ അതിൽ നിക്ഷേപിച്ചിരിക്കും. ശുഭ്രവസ്ത്രധാരികളായ ജോലിക്കാർ ആഗതരെ സ്വാഗതം ചെയ്യുന്നതിനും, അവക്കിഷ്ടമുള്ള ആഹാരം വിളമ്പുന്നതിലും വ്യാപൃതരായിരുന്നു.

റസ്റ്റാറൻറിനോടനുബന്ധിച്ചു ഹോസ്റ്റലും ഉണ്ടു്. പത്തു മുറികളാണുള്ളത്. ഓരോ മുറിയിലും ഓരോ കട്ടിലും മേശയും കസേരയും സജ്ജീകരണങ്ങളായിക്കാണാം. വിദേശികളും ഒററയ്ക്കു താമസിയ്ക്കുന്നവരുമായ ഉദ്യോഗസ്ഥന്മാക്കും വിദ്യാർത്ഥികൾക്കും വേണ്ടിയാണു് ഈ മുറികൾ. ഇവ റസ്റ്റാറൻറിൽനിന്നും വേർതിരിക്കപ്പെട്ടിരുന്നു. റസ്റ്റാറൻറിലെ ശുചിത്വവും ഭക്ഷണസുഖവും ഒന്നു വേറെതന്നെ. തന്നിമിത്തം ഉദ്ദേശിച്ചതിൽ കവിഞ്ഞ വരവുണ്ടായി. നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടു എങ്കിലും രവിയും സലീമും ആരംഭിച്ച ഏർമാടക്കട മതിയാക്കുവാൻ അവർ ഇഷ്ടപ്പെട്ടില്ല.

വീട്ടിലൊരു കെടാവിളക്കുപോലെയാണു് മനുഷ്യനു് നല്ലൊരു ഹൃദയം ലഭിക്കുന്നതു്. സകല ഐശ്വര്യങ്ങളും അവിടെ നൃത്തംവെക്കും. ദൈവം പ്രസാദിച്ചവരുടെമേൽ മററുള്ളവർ അസൂയപ്പെട്ടാലും അവക്കൊന്നും വരാനില്ല.

രാഷ്ട്രീയനേതാക്കന്മാർ, ഉദ്യോഗസ്ഥപ്രമുഖന്മാർ, ബാങ്കുകാർ, കുബേരന്മാർ, കലാകാരന്മാർ, വ്യവസായികൾ എന്നു വേണ്ട എണ്ണപ്പെട്ട പല വ്യക്തികളും നിത്യവും അവിടം സന്ദർശിക്കാറുണ്ട്. അവരുടെ എല്ലാ പരിചയവും സ്നേഹവും സമ്പാദിക്കാൻ രവിക്കും സലീമിനും പ്രത്യേക നയവും തന്ത്രവും ഉണ്ട്. സംഭാഷണത്തിൽ ആദരവ്, മിതത്വം, ഔചിത്യം എന്നിവ അനുഷ്ഠിക്കാൻ അവർ മറക്കാറില്ല.

സൂര്യൻ രുധിരതടാകത്തിലേക്കിറങ്ങുന്ന ഒരു സായംസന്ധ്യ. എന്തായാലും അസ്തമയം മനോമോഹനമായ ഒരു ദൃശ്യമാണ്. തെരുവീഥികളും കടകളുമെല്ലാം വൈദ്യുതവിളക്കുകൾകൊണ്ടു കാർത്തികമാസത്തിലെ നീലാകാശംപോലെ പ്രകാശമാനമായി. റസ്റ്റാറൻറിൽ നിന്നും റേഡിയോ ഗാനങ്ങൾ ഒഴുകിക്കൊണ്ടിരുന്നു. അതിനിടയിൽ കാപ്പികുടിച്ചുകൊണ്ടിരിക്കുന്നവരും, വരുന്നവരും, പോകുന്നവരുമെല്ലാമുണ്ട്. സ്നേഹിതന്മാർ കാമുകീകാമുകന്മാർ, ഭാര്യാഭർത്താക്കന്മാർ, ഇതൊന്നുമില്ലാതെ ഒററയ്ക്കു വരുന്നവർ ഇങ്ങനെ പല തരത്തിലാണ് ആളുകൾ. അന്നു് ബില്ലിൻപടി പണം വാങ്ങാനിരുന്നതു് സലിം ആയിരുന്നു.

രവി ഏറുമാടക്കടയിലാണു്. പെട്ടെന്നു് അവൻെറ ദൃഷ്ടികൾ റസ്റ്റാറൻറിൻെറ മുമ്പിൽ വന്നുനിന്ന കാറിൽ പതിഞ്ഞു. അവനു പരിചയമുള്ള കാറാണതു്. അവൻ ഒന്നു നോക്കി. പണ്ടെങ്ങാണ്ടോ വച്ചു കണ്ട ഓർമ്മ. പക്ഷെ തിട്ടം വരുന്നില്ല. അവൻ കടയിൽനിന്നിറങ്ങി കാറിനെ സമീപിച്ചു. ഓർത്തുനോക്കി, ശകലം ചിന്താക്കുഴപ്പം മനസ്സിൻെറ അടിത്തട്ടിലുണ്ടു്. ഏതാണെന്നു് നാക്കത്തുവരുന്നില്ല, വെള്ളഷർട്ടും, കറുത്ത ട്രൌസേഴ്സും ധരിച്ച കണ്ണടക്കാരൻ മദ്ധ്യവയസ്കൻ കാറിന്

ളളിൽനിന്നും പത്തുകൊ പുറത്തിറങ്ങി പിന്നാലെ പത്തുപന്ത്രണ്ടു വയസ്സുള്ള ഒരു ബാലനും. രവിയുടെ ഹൃദയത്തിൽ ആഹ്ലാദത്തിൻെറ തിരയോട്ടം. എന്താണെന്നു വ്യക്തമാകുന്നില്ല. അവരിവരും റസ്റ്റാറൻറിലേക്കു കയറിപ്പോയി. രവി പിന്തുടർന്നു പണക്കാരൻെറ കീശയിൽ കണ്ണുവെച്ച പോക്കററടിക്കാരനെപ്പോലെ കുട്ടിയും പ്രായമായ ആ മനുഷ്യനും പലഹാരങ്ങളും കാപ്പിയും കഴിക്കുന്നതിൽ വ്യാപൃതരായി രവി അവരെ സമീപിച്ചു. എങ്കിലും സംസാരിക്കാനൊരറപ്പ്–എന്തിനറയ്ക്കുന്നു? ബാലനെ അടുത്തും അകലേയും ഒളിഞ്ഞും തെളിഞ്ഞുംനിന്നു് രവി വീക്ഷിക്കുന്നു.

രവിക്കു ഒരു വ്യഗ്രത. ഒരാവേശം. ഉടനെ റോഡിലിറങ്ങി കാറിനടുത്തുചെന്നു ഡ്രൈവറെ സമീപിച്ചു. ചിലതെല്ലാം ചോദിച്ചു മനസ്സിലാക്കി. ഒട്ടും താമസിയാതെ രവി സലീമിനെ സമീപിച്ചു് "ചേട്ടാ! ആ കൊച്ചനുണ്ടല്ലോ അവൻ എൻെറ അനുജൻ മധുവാണെന്നു തോന്നുന്നു. പണ്ടൊരിക്കൽ ഞാനൊരു കാറിൻെറ പിന്നാലെ ഓടിയില്ലേ? ആ കാറാണിതു്. ഈ കുട്ടിയെത്തന്നെയാണു് അന്നു ഞാൻ കണ്ടതു്"

"എന്നാൽ നീ ഇവിടെ ഇരിക്കു! ഞാൻ അവരോടു അകലെക്കൂട്ടി ചോദിക്കാം" സലീം പോയി. അനന്തരം സംഭാഷണത്തിൽനിന്നും സലീമിനു ഒരു കാര്യം വ്യക്തമായി. അദ്ദേഹം സ്ഥലത്തെ മെഡിക്കലാഫീസറാണു്. സ്ഥലംമാറി വന്നതേയുള്ളൂ. തോമസ് എന്നാണു പേരു്. ബാലൻേറതു ജോയിക്കുട്ടി എന്നും സ്വദേശത്തു പോയിവരാനുള്ള യാത്രയാണു്. ജോയിക്കുട്ടി എട്ടാംസ്റ്റാൻഡാർഡിൽ പഠിക്കുന്നു. ഇതെല്ലാം കേട്ടിട്ടും രവിക്കു മനസമാധാനമായില്ല. അവൻ തല പുകഞ്ഞാലോചിക്കയാണു്. അവൻ കണ്ണെടുക്കാതെ

ജോയിക്കുട്ടിയെ നോക്കുന്നു. അവന്റെ അന്തഃകരണം അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു. "നിന്റെ അനുജൻ മധു ഇതാ ഇരിക്കുന്നു" തന്നെ ഇമവെട്ടാതെ സൂക്ഷിക്കുന്ന രവിയെ ജായിക്കുട്ടി കൂടെക്കൂടെ നോക്കിക്കൊണ്ടിരുന്നു. രവിയുടെ കൺപീലികളിൽ, പൊട്ടിവിടരാനൊങ്ങിനില്ക്കുന്ന പനിനീർ ചെമ്പകമലരിൽ മഞ്ഞുനീർക്കണികകൾപോലെ, അശ്രുബിന്ദുക്കൾ തിളങ്ങി.

അപ്പോഴേക്കും ഡോക്ടരും ജോയിക്കുട്ടിയും മടങ്ങിവന്നു പണം കൊടുത്തു അപ്പോഴും രവി ആ കുമാരനെ നോക്കുകയായിരുന്നു "എടാ, നീ എന്റെ അനുജൻ മധുവല്ലെ? നിനക്കെന്നെ അറിഞ്ഞുകൂടെ? നീ ഇനിയും എവിടെ പോകുന്നു" എന്നു ചോദിച്ച് അവനെ കെട്ടിപ്പിടിക്കണമെന്നുവരെ തോന്നി. പക്ഷെ നിന്നിടത്തുനിന്നു മാറാൻ അവനു കഴിവുണ്ടായില്ല. ഒരു സിഗററും വലിച്ചുകൊണ്ടു ഡാക്കർ മുമ്പേ നടന്നു. രവി നോക്കിക്കൊണ്ടുനിന്നു. ഹൃദയത്തിനൊരു മ്ലാനതയും മനസ്സിനൊരു ധൂമാവരണവും അവനു അനുഭവപ്പെട്ടു.

സലീം-എടേ രവീ നീ എന്താ ഇത്ര ആലോചിക്കാൻ അവർ പോകട്ടെ. പോയാലും ഇങ്ങുവരും നീ കേട്ടില്ലേ അദ്ദേഹം പറഞ്ഞതു ?

രവി ഒന്നു വെളുക്കെച്ചിരിച്ചു. "അതുശരിയാണ്"

അന്നു രാത്രിയിൽ അവർ തീരുമാനപ്പെട്ടത്തി വിവരം രമകാന്തനെ അറിയിക്കണമെന്ന്. അദ്ദേഹം കൂടി കാണുമ്പോൾ മധുവാണോ എന്നു തിട്ടമാകും. ആണെങ്കിൽ പിന്നെ കുഴപ്പവുമില്ല.

എല്ലാ വിവരവും വിശദമായി കാണിച്ചുകൊണ്ടുള്ള കത്തു കിട്ടിയപ്പോൾ രമാകാന്തൻ വല്ലാതെ അത്ഭു

റ്റപ്പെട്ടു. എങ്ങനെ മധുവിനെ വീണ്ടുകിട്ടും?

കലാവതി വീണ്ടും ജോലിക്കുപോയിത്തുടങ്ങി. അവളുടെ ആർഭാടവും വെകിളിയും അവസാനിച്ചു. ആ വീടുമായി ഉററബന്ധം പുലർത്തി ഒരംഗമെന്നനിലയിൽ കഴിഞ്ഞുപോന്ന കലാവതിക്കു് ഈ വാർത്ത വളരെ സന്തോഷമുളവാക്കി. മധുവിനെ കണ്ടിട്ടില്ലെങ്കിലും അവനെ തിരിച്ചുകിട്ടിയാൽ ഉണ്ടാകാവുന്ന ആനന്ദത്തിൽ അവൾക്കും പങ്കുകൊള്ളാമല്ലോ.

പാൽക്കാരി പാറുവിൻെറ ചെവിയിലും വാർത്തയെത്തി. നാട്ടിൽ അവളറിയാത്ത കാര്യങ്ങളില്ല എല്ലാ സംഭവങ്ങളും ചൂടാറാത്തവിധത്തിൽ അവളറിയും. അറിയുന്നതു മുഴുവൻ മററുള്ളവക്കു് പകന്നുകൊടുക്കുകയും ചെയ്യും. അങ്ങനെ ആനന്ദഭവനത്തിലെ വിശാലാക്ഷി അറിയുവാനിടയായി. വിശാലാക്ഷിയാണെങ്കിൽ പണ്ടത്തെ പ്രതാപമെല്ലാം നശിച്ചു. പട്ടിണിയും പരിവട്ടവുമായി കഴിയുകയാണു്. കൺട്രാക്ടർ ഉള്ളതെല്ലാം തീറെഴുതി കടംവീട്ടുവാനെന്നുംപറഞ്ഞു് കൊണ്ടു നടന്നു തീർത്തു. മാസത്തിലൊരിക്കലോ രണ്ടു മാസം കൂടുമ്പോൾ ഒരു തവണയോ മററോ വീട്ടിലൊന്നുവന്നാലായി വിശാലാക്ഷിയുടെ വിവാഹത്തോണി ഭർത്താവാകുന്ന പാറയിൽ തട്ടി വട്ടംകറങ്ങിക്കൊണ്ടു് ഏതു നിമിഷത്തിലും തകന്നുപോകാമെന്ന നിലവരെ എത്തി.

കൺട്രാക്ടർ കാണിച്ചു കൊള്ളരുതായ്മയുടെ പ്രതിഫലനമാണല്ലോ മധു എന്നിരുന്നാലും അവനെ ദ്രോഹിച്ചു. സാധു പ്രകൃതയാണു് അവൻെറ അമ്മ. ഈ ചിന്തകൾ വിശാലാക്ഷിയെ ആശ്ലേഷിച്ചതു മുതൽ ഏതോ വലിയ ആളിൻെറ വീട്ടിൽ ഏതോ രാജകുമാരനെപ്പോലെ വളരുന്ന മധുവിനെ കണ്ടാൽ കൊള്ളാ

മെന്ന അഭ്യഗ്രഹം വിശാലാക്ഷിക്കുമുണ്ടായ്. എല്ലാ മാതൃഹൃദയങ്ങളും പുത്രവാത്സല്യ സങ്കേതമായിരിക്കുമല്ലോ. പക്ഷെ വിശാലാക്ഷിക്ക് രസിക്കാതിരുന്ന ഒരേ ഒരു സംഗതി ഭ്രാന്തിയുടെ വസ്ത്ര അവരുടെ മകൻ രവിക്ക് തിരിച്ചുവിറാതാണ്. ഞാഞ്ഞൂലുപോലിരുന്ന അവൻ അങ്ങ പണക്കാരനായതിൽ കുറെ അമർഷമുണ്ട്. അതു മററാക്കെങ്കിലും വൃഥാ എഴുതി കൊടുത്തുകൂടായിരുന്നോ എന്നായിരുന്നു ആ സ്ത്രീക്കു തോന്നിയതു്. പണ്ടത്തെ പ്രതാപങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കുന്ന തറവാടികൾക്ക് ഇങ്ങനെയല്ലാതെ തോന്നുകയില്ല. കൺട്രാക്ടർ ഒരു കാലത്തു് കൂലിക്കാരെക്കൊണ്ട് ഇടിച്ചുനിരത്തിയ കൂരയുടെ സ്ഥാനത്തു് ഇന്നു് ഒരു മനോഹരമായ മട്ടുപ്പാവുകെട്ടിടം തലപൊക്കി അന്തസ്സായി നിലകൊള്ളുന്നു. രമകാന്തനും കുടുംബവും അവിടെയാണ്. സതി ഇന്നൊരു സുന്ദരിയായി മാറി. കുററമററ ഒരു കലാശില്പംപോലെ. കലാവതി ആ ഭവനത്തിലെ ഒരു നിത്യസന്ദർശകയാണ്. സലിമിനെചൊല്ലി സതിയെ കളിയാക്കാറുണ്ട്. അപ്പോഴെല്ലാം ആ കിന്നരാംഗന അമർത്തിച്ചിരിച്ചുകൊണ്ടു മറെറങ്ങാനും ഓടി മറഞ്ഞുകളയും. സുലേഖ കലാവതിയുടെ വാ പൊത്തിപ്പിടിക്കും. നാണം മാറാത്ത പെൺകുട്ടികളോട് അങ്ങനെയൊന്നും സംസാരിക്കരുതെന്നു വിലക്കും. നമ്മുടെ വാക്കുകളും പ്രവൎത്തികളുമെല്ലാം വളരുന്ന തലമുറയ്ക്കു് മാർഗ്ഗദർശകമായിരിക്കണം. അല്ലെങ്കിൽ ദോഷമുണ്ട്. ഇതാണു സുലേഖയുടെ പ്രമാണം.

സതിയുടേയും സലിമിൻേറയും സ്നേഹകാര്യത്തെപ്പററി സുലേഖ പറയുമ്പോൾ കലാവതിയുടെ മുഖത്തു് ശരദാകാശത്തിൽ ആകസ്മികമായുണ്ടാകാവുന്ന മഴക്കാറുപോലെ ഒരു വിഷാദച്ഛായ പരക്കാറുണ്ട്.

# 25

## കണ്ടെത്തി

മിക്കവാറും എല്ലാദിവസവും വൈകിട്ട് ആറുമണിയോടുകൂടി ജായിക്കുട്ടി റസ്റ്റാറൻറിൽ വരാറുണ്ട്. ചിലപ്പോൾ ഡാക്ടറുമുണ്ടായിരിക്കും. അല്ലാത്ത ദിവസം ഡ്രൈവറും ജായിക്കുട്ടിയും മാത്രമേ ഉണ്ടായിരിക്കയുള്ളു. ജായിക്കുട്ടി വന്നാൽ രവിയും, സലീമും അയാളെ സമീപിച്ചു് വീട്ടുകാര്യങ്ങളും പഠിത്തകാര്യവും വിശദമായി അന്വേഷിക്കും. അവനെപ്പററി കൂടുതലായൊന്നും അറിവാൻ അവർക്കു സാധിച്ചില്ല. അപ്പൻ ഒരു ഡാക്ടർ തോമസ്സെന്നാണു പേരു്-മാതാവു് ഏലിയാമ്മ-ഒരേ ഒരു മകൻ അതു ജായിക്കുട്ടിയാണു്. അവരുടെ വൻപിച്ച സ്വത്തിനവകാശി അവൻമാത്രം റബ്ബർ തോട്ടമാണെങ്കിൽ നോക്കെത്താത്ത ദൂരംവരെ അങ്ങു കിടക്കുകയാണു്. പിന്നെ അവനറിയാവുന്നതു് ഏഴെട്ടുകൊല്ലങ്ങൾക്കുമുമ്പു് പിടിപെട്ട ഒരു സുഖക്കേടിനെക്കുറിച്ചായിരുന്നു. ആ സംഭവം അവൻ ഇങ്ങനെയാണു വിവരിക്കാറുള്ളതു്. ഒരു ദിവസം ആററിൽ പോയിക്കുളിച്ചു കലങ്ങിയവെള്ളത്തിലാണു കുളിച്ചതു്. അന്നു രാത്രി വല്ലാത്ത അസുഖങ്ങളുണ്ടായി. തൊട്ടാൽ പൊള്ളുന്നവിധത്തിൽ ശരീരത്തിനു് ചൂടു്, അസഹനീയമായ തലവേദന. എപ്പോഴും ദാഹം. സന്ധികൾതോറും കഴപ്പു് അപ്പൻ മരുന്നുതന്നു. ഭേദമുണ്ടായില്ല. "അമ്മ ജായിക്കുട്ടീ ജായിക്കുട്ടീ" എന്നുവിളിച്ചുകൊണ്ടു അടുത്തു നിന്നു

മാറാതെ ശുശ്രൂഷിച്ചു. തലവേദനകൊണ്ടു കണ്ണു തുറക്കുവാൻമേലായിരുന്നു. വല്ലപ്പോഴും ഒന്നുണരും. ഉണരുമ്പോൾ കണ്ണുവെട്ടിത്തുറന്നുനോക്കും. അമ്മയുടെ കണ്ണുകളിൽകൂടി കണ്ണുനീരു പടപടാന്നു ഒലിച്ചു. അതു കാണുമ്പോൾ അവനും കരയും. എത്രനാൾ അങ്ങനെകഴിഞ്ഞു എന്നു് അവനറിഞ്ഞുകൂടാ. ഒരു മാസമെങ്കിലുമായിരിക്കും. ഒരു വലിയ ആശുപത്രിയിലാണെന്നറിയാം. എഴുന്നേല്ക്കാനോ മിണ്ടാനോ അവനു കഴിഞ്ഞില്ല. ശരീരം ഒരു ഉണക്ക ഈർക്കിൽപോലെ ചുരുണ്ടുപോയി. കൈകാലുകൾ അങ്ങു ശോഷിച്ചുപോയി. രണ്ടു കണ്ണുകൾ മാത്രം തിളങ്ങിയിരുന്നുവെന്നു് അമ്മ പറഞ്ഞറിയാം പിന്നെ വളരെനാൾ കഴിഞ്ഞാണു് വീട്ടിലേക്കു മടങ്ങിയതു്.

രവി ചോദിക്കും—ജായിക്കുട്ടിക്കു് അന്നു് എത്ര വയസ്സുവരും?

ജായി—അഞ്ചാറുകാണും

അതിനുമുമ്പു വല്ല സുഖക്കേടും വന്നിട്ടുണ്ടോ?

ജാ—അറിഞ്ഞുകൂടാ.

ര—ആ ആററിൽ മുമ്പു കുളിച്ചിട്ടില്ലേ? അവിടെ അല്ലേ സ്വന്തം സ്ഥലം.

ജാ—അതൊന്നും എനിക്കറിവാൻമേലാ. അപ്പച്ചനോടു ചോദിച്ചു പറയാം.

രവിക്കു ഒരെത്തും പിടിയും കിട്ടിയില്ല.

ഒരു ഞായറാഴ്ചദിവസം രമാകാന്തൻ റസ്റ്റാൻറിൽ വന്നു. ഡക്ടരുമായി സകലസംഗതികളും തുറന്നുസംസാരിക്കണമെന്നു തീർച്ചപ്പെടുത്തി. രവിയും സലിമും കേൾക്കാനായി രമാകാന്തൻ പറഞ്ഞു. "ഒരു വേള ജായിക്കുട്ടി മധുവാണെന്നിരിക്കട്ടെ, പക്ഷെ ഡാക്ടരും ഭാര്യയും അതു നിഷേധിക്കുന്നു. അവനാണെങ്കിൽ ഒരു

കാര്യവും ഓർമ്മയില്ല പിന്നെ എങ്ങനെ അവനെ തിരിച്ചറിഞ്ഞു.

ഏതായാലും ഞാൻ ഡാക്ടരെക്കാണാം.

ഡാക്ടരുടെ വീട്ടിൽ ചെന്നപ്പോൾ അന്നത്തെ ദിനപ്പത്രം വായിക്കയായിരുന്നു. രമാകാന്തനെ കണ്ട മാത്രയിൽ:—"വരണം ഇരിക്കണം, എന്താ വിശേഷങ്ങൾ. ഓ, ഇന്നു ഒഴിവുദിവസമാണല്ലോ."

അപ്പോഴേക്കു ജായിക്കുട്ടിയും വന്നുചേർന്നു.

"ജായിക്കുട്ടീ! നീ ഇദ്ദേഹത്തെ അറിയുമോ?"

"അറിവാൻമേല."

ര:കാ—സൂക്ഷിച്ചുനോക്കൂ! എന്നെ എവിടെവെച്ചെങ്കിലും കണ്ടറിവുണ്ടോ?

ജാ—ഇല്ല; ഇല്ല.

ഡാക്ടർ അപ്പോഴും ചിരിച്ചുകൊണ്ടിരുന്നു. രമാകാന്തൻ മധുവിൻെറ ജീവചരിത്രകഥ മുഴുവനും വിവരിച്ചു രവി, സതി, കൺട്രാക്ടർ തുടങ്ങിയ എല്ലാപേരും പരാമർശിക്കപ്പെട്ടു ഡാക്ടർ വളരെ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. മുഖത്തു വിവിധ വികാരങ്ങൾ സംഭാഷണഗതിക്കനുസരണമായി മാറി മാറി വന്നു മാഞ്ഞു പോയി. ജോയിക്കുട്ടിയും കേൾക്കുകയാണ്. അവനൊന്നും മനസ്സിലായില്ല. മനസ്സിലാക്കാൻ മിനക്കെട്ടതുമില്ല. ആ സംഭാഷണം വളരെനേരത്തേക്കു നീണ്ടുനിന്നു. ഡാക്ടർ ഒന്നും ഉരിയാടിയില്ല. അദ്ദേഹം സ്തബ്ധനായിരുന്നു.

"അപ്പച്ചനെന്തിയേ ഒന്നും മിണ്ടാത്തെ" ജായാക്കുട്ടി പിടിച്ചു കുലുക്കിക്കൊണ്ടു ചോദിച്ചു. "അപ്പച്ചീ ഇതാരുടെ കഥയാ"

ഡാ—നിനക്കൊന്നുമറിഞ്ഞുകൂടാ കുട്ടീ! അമ്മ പള്ളിയിൽനിന്നു വന്നോഎന്നു നോക്കു.

ഡാക്ടർ പത്രത്തിൽനിന്നു കണ്ണെടുത്തില്ല. രമാകാന്തന്റെ ഉള്ളിൽ ഒരു ഗർഭോത്സവം തന്നെ. അദ്ദേഹം തീർച്ചയാക്കി. ഈ മൗനം അർത്ഥവത്താണ്.

ഏലിയാമ്മയും വന്നുചേന്നു. ഡാക്ടർ വിവരമെല്ലാം ഏലിയാമ്മയോടായി പറഞ്ഞു. അവരുടെ കണ്ണുകളിൽനിന്നും അശ്രുക്കൾ പൊഴിഞ്ഞു. കൈകൾ വിറച്ചു. ആകപ്പാടെ ഒരു പാരവശ്യം!

ശ്മശാനമൂകത!!

സന്താനഭാഗ്യമില്ലാതിരുന്ന ആ ഭവനത്തിലെ കെടാവിളക്കാണ ജായിക്കുട്ടി വളർത്തുമകൻ! പക്ഷെ ജായിക്കുട്ടിക്ക് അതറിഞ്ഞുകൂടാ. അതറിയുമ്പോൾ അവനുണ്ടാകുന്ന മനോക്ഷോഭമാണ് അവക്ക് അസഹനീയം. യഥാർത്ഥബന്ധുക്കളെ അവൻ തിരിച്ചറിയുന്നുമില്ല മാത്രം അറിഞ്ഞിട്ടില്ലാത്ത ഏലിയാമ്മയുടെ ആശാകേന്ദ്രമാണ് ജായിക്കുട്ടി അവർ ഏങ്ങലടിച്ചുകൊണ്ടു അകത്തേക്കു പോയി. ഡാക്ടരുടെ മിഴികളിൽനിന്നും അശ്രുക്കൾ അടന്നുവീണു. ജായിക്കുട്ടിക്ക് ഒന്നും മനസ്സിലായില്ല. അവൻ നന്നേ വിഷമിച്ചു. രമാകാന്തനും ചിന്താധീനനായി. എന്തൊരു വൈരുദ്ധ്യങ്ങൾ!!

ര:കാ—ഡാക്ടർ! ഈ കുട്ടിക്കു എങ്ങനെയാണ് പഴയ ഓർമ്മകൾ ഇല്ലാതായത്?

ഡാ—അവനൊരു സുഖക്കേടുവന്ന കാര്യം മുൻപു പറഞ്ഞിട്ടുണ്ടല്ലോ. അതിനുശേഷം അതുവരെയുള്ള യാതൊന്നും അവനു ഓർമ്മയില്ല. അങ്ങനെ ചിലപ്പോൾ സംഭവിക്കാറുണ്ടു് ചിലക്കെല്ലാം.

ര:കാ—അങ്ങു ഒരു കാര്യംകൂടി പറയുമോ? ജായിക്കുട്ടിയെ എവിടെനിന്നു എങ്ങനെ കിട്ടി?

ഡാക്ടർ സംഭവം വിവരിച്ചു. കേട്ടപ്പോൾ ഇഷ്ട

കാര്യസിദ്ധിവന്ന സംതൃപ്തിയോടെ രമാകാന്തൻ പറഞ്ഞു.

അങ്ങു പണ്ടു എനിക്കയച്ച കത്തു ഞാൻ സൂക്ഷിച്ചിട്ടുണ്ടു്. മധു അങ്ങയുടെ അധീനതയിലുള്ള കാര്യം അതു വായിച്ചുകേട്ടാൽ ഒരുവേള അവനു് എല്ലാം ഓമ്മ വന്നേയ്ക്കും. പോരെങ്കിൽ ഞങ്ങളെ എല്ലാപേരെയും ആ പഴയ സ്ഥലത്തുവച്ചു കണ്ടാൽ പൂവ്വകഥകൾ ഓർമ്മിച്ചേക്കാനുമിടയുണ്ടു്.

ഡാ—ശരിയാണു രമാകാന്തൻ!!

നേരത്തെയുള്ള സംഭാഷണങ്ങൾ കേട്ടു കുറെയൊക്കെ ഓർമ്മിക്കാൻ ശ്രമിച്ച ജായിക്കുട്ടിയ്ക്കു് എഴുത്തു വായിച്ചുകേട്ടപ്പോൾ ഒരു ഞെട്ടലുണ്ടായി. സ്പഷ്ടമായിട്ടല്ലെങ്കിലും ചിലതെല്ലാം സ്മരണമണ്ഡലത്തിൽക്കൂടി കടന്നുപോയി.

ഡാ—മി. രമാകാന്തൻ! നിങ്ങൾ ഇപ്പോൾ പോകണം. അടുത്ത ഞായറാഴ്ച ഞങ്ങൾ അവിടെ വരാം. രവിയേയും സലിമിനേയും ഏർപ്പാടു ചെയ്തിരുന്നാൽ മതി. അതിനിടയിൽ ഞാൻ ഏലിയാമ്മയേയും ജായിക്കുട്ടിയേയും മാനസാന്തരപ്പെടുത്താൻ ശ്രമിക്കാം ശപിക്കപ്പെട്ട എന്റെ കുടുംബം വേദന അനുഭവിച്ചാലുംവേണ്ടില്ല. ഭാഗ്യംപിറന്ന ആ രവിയുടെ ഭാവി ജീവിതമെങ്കിലും സന്തോഷമായിരിക്കട്ടെ * * *

"അവരെല്ലാം എപ്പോൾ വരും. കണ്ടില്ലല്ലോ." സുലേഖ ഭത്താവിനോടാരാഞ്ഞു.

ഇവിടെ വല്ല കല്യാണവുമാണോ? ഒരുക്കങ്ങൾ കണ്ടിട്ടു അങ്ങനെ തോന്നുന്നു." എന്നായി രമാകാന്തൻ ഫലിതം പറഞ്ഞു തിരിഞ്ഞുനോക്കിയതു കലാവതിയുടെ മുഖത്തായിരുന്നു. മൂന്നുപേരും പൊട്ടിച്ചിരിച്ചു.

ഗേററിൽ കാറിൻെറ ഹോൺ മുഴങ്ങി. എല്ലാവരും കൂടി മുററത്തിറങ്ങി. "ഡാക്ടർ, ഭാര്യ, മധു, രവി, സലിം." രമാകാന്തൻ സ്വയം പറഞ്ഞു. സന്തോഷംകൊണ്ടു എല്ലാവരും നിശ്ശബ്ദരായി.

ഡാക്ടരും രമാകാന്തനും പോർട്ടിക്കോവിൽ ഇരിപ്പുറപ്പിച്ചു. ഏലിയാമ്മയും നിഴലെന്നവണ്ണം ജായിക്കുട്ടിയും അകത്തേക്കു പോയി. സുലേഖയും കലാവതിയും പിറകേയും. സതി ഓടിവന്നു തെല്ലുനേരം ബാലനെ സൂക്ഷിച്ചുനോക്കി. അവളുടെ കണ്ണുകൾ നിറഞ്ഞു. "എടാ മധു എന്താണു മിണ്ടാത്തെ" സതി അവൻെറ കഴുത്തിൽ കൈകൾകൊണ്ടു ഒരു മേഖല സൃഷ്ടിച്ചുകഴിഞ്ഞു. സുലേഖ അവനെ വാരിക്കോരി എടുത്തു. എന്തൊരു വാത്സല്യം എന്തൊരു ആഹ്ളാദപ്രകടനം. രവിയും അവരുടെ ഇടയിൽ ചെന്നെത്തി അവാച്യമായ ആമോദരംഗം. ജായിക്കുട്ടി അമ്പരന്നു നിൽക്കുകയാണ്. അവനു് ആരേയും ഒരു പിടിയുംകിട്ടുന്നില്ല. ചിലർ മധു എന്നു വിളിക്കുന്നു; ഏലിയാമ്മ ജായിക്കുട്ടി എന്നു വിളിക്കുന്നു. വിഭ്രാന്തികൊണ്ടു അവൻ ഇതികർത്തവ്യതാ മൂഢനായി. കുറച്ചിടംകഴിഞ്ഞു് സതിയും രവിയും കൂടി അവൻെറ കൈകളിൽ കോർത്തുപിടിച്ചു പരിസരങ്ങൾ കാണിച്ചുകൊടുത്തു. മാഞ്ഞുപോയ ഏതോ സ്വപ്നം സാക്ഷാത്ക്കരിക്കുംപോലെ അവനു തോന്നി. സ്ഥലങ്ങളും സംഭവങ്ങളും ക്രമേണ ഓർമ്മ വരുന്നു. എനിക്കു ഒരു ചേച്ചി ഉണ്ടായിരുന്നു ഒരു ചേട്ടനുണ്ടായിരുന്നു. ഇതെല്ലാം ഓർമ്മിക്കുകയാണു്. ആ ഓർമ്മകളും അപ്പച്ചൻ പറഞ്ഞ വിവരങ്ങളും അവൻ തട്ടിച്ചുനോക്കി. സൂര്യോദയത്തിൽ ഇരുട്ടാകുന്ന വെള്ളപ്പൊക്കം മാറി പ്രകൃതിവസ്തുക്കൾ കാണാറാകുംപോലെ അവനു എല്ലാം വ്യക്തമാകുന്നു.

അവിസ്മരണീയമായ സുദിനം ഡാക്ടരുടെ ഭാര്യയും രമാകാന്തനും, പത്നിയും കലാവതിയും ചേൎന്നിരുന്നു. തകൎന്നു താറുമാറായ ഒരു ജീവിതം പടൎന്നു പന്തലിച്ച തെങ്ങനെയെന്നു സംസാരിക്കുകയായിരുന്നു. ഒരു കുടുംബാംഗങ്ങളെപ്പോലെ അവരുടെയെല്ലാം മനഃസ്ഥിതി ഒന്നായിത്തീൎന്നു ഇനിയും ഒന്നായിച്ചേൎന്നൊഴുകാനുള്ള സന്മനസ്സും അവൎക്കുളവായി.

ആ രണ്ടു കുടുംബാംഗങ്ങളും ഒന്നായിത്തീൎന്ന ഒരു പ്രതീതി ഏവരിലും ദൃശ്യമായി. ജാതിയും മതവും ഒന്നും സ്നേഹത്തിൻെറ ഉറവ വററിക്കാൻ പൎയ്യാപ്തമല്ലല്ലോ. ക്രമേണ ഇന്ദുവും മധുവും കളിത്തോഴരായി ത്തീൎന്നു.

---

# 26

## സ്വന്തവാളാൽ സ്വയം വെട്ടി

ഒരാൾ വാതില്പടിയിൽ ചവുട്ടിനിന്നു. ശ്വാസമടക്കി തൊണ്ട തെളിച്ചു. സാവധാനം കതകിൽ മുട്ടി. ഉള്ളിൽ അനക്കമില്ല. പലവുരു ആവൎത്തിച്ചു. കട്ടിൽ ഒന്നു ഞെരങ്ങി. ചലനം, ചലനം!! പടിവാതിലിൽ നില്ക്കുന്ന ആൾ ശ്വാസമമൎത്തി. പുറവും ഏകാന്തഭീകരതയും, അന്ധകാരവും.

അകത്തുനിന്നും, "ആരാ അത്" കലാവതി ചോദിച്ചു. കഴിവതും ശബ്ദം വികലമാക്കിക്കൊണ്ടു പുറത്ത് നിന്നയാൾ:—ഞാൻ തന്നെ രമാകാന്തൻ! "കലാവതി പിന്നെ ഒന്നും ചിന്തിച്ചില്ല. ജിജ്ഞാസയും മനക്ഷോ

ഭവും അവളുടെ ചിന്താശക്തിയേയും പരിസരത്തേയും വിസ്മരിപ്പിച്ചുകളഞ്ഞു. മുറിയിൽ പ്രകാശം പരന്നു. വീണ്ടും കതകിൽ മുട്ടുന്ന ശബ്ദം. കലാവതി അകത്തു നിന്നും കതകിന്റെ സാക്ഷാ നീക്കി. നിമിഷത്തിനകം ആഗതൻ ആഞ്ഞു അകത്തുകയറി. മനോജ്ഞയായ മാൻകലയുടെമേൽ കടുവാ ചാടിവീഴുംപോലെ അയാൾ കലാവതിയുടെ കണ്ഠത്തിൽ കടന്നുപിടിച്ചു അമർത്തി. അതോടുകൂടി വേറെ രണ്ടു മൂന്നുപേരും മുറിക്കുള്ളിൽ പാഞ്ഞുകയറി. അവർ നിലവിളിച്ചു. ശബ്ദം പുറത്തു വരാതിരിക്കാൻ അവളുടെ വായിൽ അവർ തുണിക്കഷണം ചെലുത്തി, വേലക്കാരിപ്പെണ്ണു രംഗം കണ്ടു പകച്ചുനിന്നുപോയി. അവൾക്കു ഒരു രൂപവുമില്ല; എന്തു ചെയ്യണമെന്നും എങ്ങോട്ടുപോകണമെന്നും. പൂച്ചയുടെ മുൻപിലകപ്പെട്ട എലിക്കുഞ്ഞുപോലെ അവൾ അമ്പരന്നു അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുനടന്നു. അവളുടേയും വായ് മൂടിക്കെട്ടി. ദീപം അണഞ്ഞു.

വലുതും യഥാർത്ഥവുമായ അപകടങ്ങളെ അഭിമുഖീകരിക്കുമ്പോൾ ഗംഭീരമായി മഹൽ കാര്യങ്ങൾ നിർവ്വഹിക്കുവാൻ സ്ത്രീ ജാതിക്കേ സാധിക്കയുള്ളൂ. വേലക്കാരി ബാലിക മുറിക്കുള്ളിൽനിന്നുംപുറത്തായി. വായ് മൂടിക്കെട്ടിയിരുന്ന തുണിക്കഷണങ്ങൾ വലിച്ചുകീറി ദൂരത്തെറിഞ്ഞു കുഴിയും കുന്നും കല്ലും മുള്ളും വകവയ്ക്കാതെ അവൾ ഓടുകയാണു്. മരണപ്പാച്ചിൽ, അഞ്ചുനിമിഷത്തിനകം രമാകാന്തന്റെ വീട്ടുമുററത്തെത്തി. ശക്തിയോടെ കതകിലിടിച്ചു. ബഹളം കേട്ടു വീടുണർന്നു. രമാകാന്തൻ കതകു തുറന്നു ലൈററിട്ടു. അവളിൽനിന്നും ഒരു വിധം കാര്യം ഗ്രഹിച്ചു. ആപത്തിന്റെ ബീഭത്സരൂപം അയാളിൽ പ്രതിഫലിച്ചു. ടാർച്ചുലൈററുമായി

രമാകാന്തൻ അയൽവീട്ടിലേക്കോടി ടോർച്ചുലൈററുകൾ ഇടതടവില്ലാതെ പ്രകാശിച്ചു. മിന്നൽപ്പിണരെന്ന മാതിരി. രമാകാന്തനും കൂട്ടരും ആ വീടിനെ സമീപിക്കയാണു്. ബഹളം അവരുടെ ചെവിയിൽപ്പെട്ടു. "ആരെടാതെമ്മാടികളേ!"

"ആണത്തമുള്ളവർ നില്ക്കിനെടാ" അവർവിളിച്ചു കൂവി. ഘാതകന്മാർ ഓടാൻ വട്ടംകൂട്ടി. നാട്ടുകാർ ചൂട്ടും വെട്ടവുമായി പാഞ്ഞെത്തുന്നു. ജഡിലാന്ധകാരത്തെപ്പിളന്നുകൊണ്ടുള്ള ആ ചെന്തീപ്പന്തങ്ങൾ അനീതിയുടേയും അക്രമത്തിൻേറയും പട്ടടത്തീപോലെ ഉയന്നു.

ആളുകൾ അക്രമികളെ ബന്ധിച്ചുകഴിഞ്ഞു. അവിടം ഒരു മനുഷ്യമഹാസമുദ്രമായി രൂപാന്തരപ്പെട്ടു. സക്കാർസർവ്വീസിൽനിന്നും ഡിസ്‌മിസ്സ് ചെയ്യപ്പെട്ട അസി: ഇഞ്ചിനീയർ, കരിഞ്ചന്തക്കാരനായ കൺട്രാക്ടർ കൂലിക്കെടുത്ത രണ്ടു വിദേശികൾ. രമാകാന്തൻ നിശ്ചലനായി നിലകൊണ്ടു.

സ്ത്രീയോടു കടുത്ത പരാക്രമം കാണിച്ച ആ വീരന്മാരെ കാണുവാൻ അപ്പോഴും ആളുകൾ ആർത്തിരമ്പി വന്നുകൊണ്ടിരുന്നു.

ശുഭം!!



# ണ്ടു
# തണ്ടികൾ

മാന്തൂർ.എൻ.കേശവൻ

Indic Digital Archive Foundation
gpura.org